X ധനകാര്യം

വോട്ട് ഓൺ അക്കൗണ്ട്–ചർച്ചയും വോട്ടെടുപ്പും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, 1996-ലെ കേരള ധനവിനിയോഗ വോട്ട് ഓൺ അക്കൗണ്ട് ബിൽ ഞാൻ അവതരിപ്പിക്കുന്നു.

1996-ലെ കേരള ധനവിനിയോഗബിൽ പരിഗണനയ്ക്കെടുക്കണം എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, ഈ ഉപക്ഷേപത്തോടനുബന്ധിച്ച പട്ടികയിലെ 3-ാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുക പ്രസ്തുത പട്ടികയിലെ രണ്ടാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാൻഡ് ഹെഡ്ഡുകളും സംബന്ധിച്ച് 1996–97 സാമ്പത്തിക വർഷത്തിൽ ആദ്യത്തെ നാലുമാസത്തേക്കുള്ള ചെലവുകളും നിർവ്വഹിക്കുന്നതിനു വേണ്ടിയോ, ചെലവ് ചെയ്യുന്നതിനുവേണ്ടിയോ ഉള്ള ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VIII

ശ്രീ. പിണറായി വിജയൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,78,14,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XII

ശ്രീ. പിണറായി വിജയൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 89,20,10,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XIV

ശ്രീ. എം. വിജയകുമാർ: സർ, സ്റ്റേഷനറിയും, അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 16,90,36,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XVIII

ശ്രീ. പിണറായി വിജയൻ: സർ, വൈദ്യസഹായ രംഗവും പൊതു ജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകയാക്കിയിട്ടുള്ള 1,50,25,09,000 ക..യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXIV

ശ്രീ. പിണറായി വിജയൻ: സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,84,99,000 ക..യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXXI

ശ്രീ. എം. വിജയകുമാർ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,20,08,000 ക.. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXXVII

ശ്രീ. പിണറായി വിജയൻ: സർ, വ്യവസായങ്ങളും എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,13,96,33,000 ക.. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXXIX

ശ്രീ. സി. ദിവാകരൻ ബാലൻ വൈദ്യർ: സർ, വൈദ്യുത പദ്ധതികളും എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 27,01,67,000 ക..യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XLI

ശ്രീ. എം. വിജയകുമാർ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,45,45,000 ക..യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷ്യവേദിയിൽ മി. ഡെ. സ്പീക്കർ)

ശ്രീ. സി. പി. ബാലൻ വൈദ്യർ: സർ, ഇവിടെ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ശക്തിയായി ഞാൻ എതിർക്കുന്നു. വളരെ ധൃതിപിടിച്ചാണ് നിയമസഭാ നടപടികളും ഇന്ന് അവസാനിപ്പിക്കുന്നത്. ചർച്ച ചെയ്തു പാസ്സാക്കേണ്ട ബില്ലുകളുണ്ട് ചർച്ചയ്ക്ക് സമയമില്ല. ഇത്തരമൊരു സാഹചര്യത്തിലെത്തിച്ചത് ശ്രീമാൻ ആൻറണിയുടേയും ഈ സർക്കാരിൻറേയും ജനാധിപത്യ ബോധമാണ്. കരുണാകരൻറെ കാലത്ത് ഒരു സമ്മേളനം കഴിഞ്ഞ് ആറുമാസം തികയുന്ന സമയമടുത്താണ് അടുത്ത നിയമസഭാ സമ്മേളനം ചേരുന്നത്. ശ്രീമാൻ ആൻറണിയും ആ പാത തുടരുന്നു. ഇവർ തമ്മിൽ ഒരു വ്യത്യാസവുമില്ല എന്നു മാത്രമല്ല വസ്തുതകളും എടുത്തു പരിശോധിക്കുമ്പോൾ ആൻറണിയേക്കാളും കരുണാകരനാണ് ഭേദമെന്നു പറയിപ്പിക്കുന്ന നിലയിലുള്ള സമീപനമാണ് ഉണ്ടാകുന്നത്. വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിക്കുന്നതിൽത്തന്നെ മന്ത്രിക്ക് തെറ്റുപറ്റി. ധൃതിപിടിച്ച് കാര്യങ്ങൾ ചെയ്യുന്നതുകൊണ്ട് സംഭവിച്ചതാണ് ഇത്. ബഡ്ജറ്റ് ചർച്ച ഉപസംഹരിച്ചുകൊണ്ട് ധനകാര്യമന്ത്രി നടത്തിയ പ്രസംഗം തെരഞ്ഞെടുപ്പ് യുദ്ധത്തിലേക്കുള്ള ഒരു പ്രസംഗമായിരുന്നു. അദ്ദേഹത്തിൻറെ പ്രസംഗം ശ്രദ്ധിച്ചപ്പോൾ 1991-ലെ തെരഞ്ഞെടുപ്പിലെ അനുഭവങ്ങൾ ഓർത്തുപോയി. 1991 മേയ് മാസം നടത്തേണ്ട തെരഞ്ഞെടുപ്പ് രാജീവ്ഗാന്ധിയുടെ ദാരുണമായ കൊലപാതകവുമായി ബന്ധപ്പെട്ടുകൊണ്ട് ഇടയ്ക്ക് നിർത്തിവയ്ക്കാൻ നിർബന്ധിതമായി. ഈ ഗവൺമെൻറ് രാജീവ്ഗാന്ധിയുടെ ചിതാഭസ്മത്തിൽ നിന്നും ഉയർന്നു വന്നിട്ടുള്ള ഗവൺമെൻറാണ്. മേയ് മാസത്തിൽ നടന്ന ആദ്യഘട്ട പോളിംഗിൽ കോൺഗ്രസ് (ഐ)-ക്ക് സീറ്റ് കുറവായിരുന്നു. ജൂൺമാസം തെരഞ്ഞെടുപ്പു നടന്ന സ്ഥലങ്ങളിൽ കോൺഗ്രസിനു കൂടുതൽ സീറ്റ് കിട്ടി. ഇവിടെ നിർഭാഗ്യത്തിനു രണ്ടാംഘട്ട തെരഞ്ഞെടുപ്പ് ആയതുകൊണ്ട് രാജീവ്ഗാന്ധിയുടെ ചിതാഭസ്മം ഉപയോഗപ്പെടുത്തിക്കൊണ്ട് വോട്ട് നേടാൻ ഐക്യജനാധിപത്യ മുന്നണിക്ക് കഴിഞ്ഞു. രാജീവ് ഗാന്ധിയുടെ കൊലപാതകം കഴിഞ്ഞിട്ട് 5 കൊല്ലം പൂർത്തിയാകാൻ പോകുന്നു; അതിൻറെ അഞ്ചാം വാർഷികം ആചരിക്കുകയാണ്. ആ കൊലപാതക കേസ് അന്വേഷണം എവിടെയെങ്കിലും എത്തിക്കാൻ കഴിഞ്ഞോ? കോൺഗ്രസ്സിനും രാജീവ്ഗാന്ധിയുടെ ദാരുണമായ കൊലപാതകത്തിൽ മുതലക്കണ്ണീർ ഒഴുക്കിയവർക്കും ഈ സംഭവവുമായി ബന്ധപ്പെട്ട മുഴുവൻ വിവരവും പുറത്തുകൊണ്ടുവന്ന് കുറ്റവാളികളെ ശിക്ഷിക്കാൻ തക്കവിധത്തിൽ ആത്മാർത്ഥതയുണ്ടായിരുന്നോ? ഇല്ല എന്നതാണ് ഇതുവരെയുള്ള സംഭവങ്ങൾ കാണിക്കുന്നത്. രാജീവ്ഗാന്ധിയുടെ ചിതാഭസ്മത്തേയും രക്തസാക്ഷിത്വത്തേയും വോട്ടുപിടിക്കാൻ ഉപയോഗിച്ചു എന്നതല്ലാതെ അതിനുത്തരവാദികളായവരെ ശിക്ഷിക്കുന്നതിനു കോൺഗ്രസ് (ഐ)-ക്ക് ആത്മാർത്ഥതയില്ല എന്നതാണ് കഴിഞ്ഞ 5 കൊല്ലത്തെ അനുഭവത്തിൽനിന്നും വ്യക്തമാകുന്നത്. അതുകൊണ്ടല്ലേ സോണിയാ ഗാന്ധിക്ക് ഈ കാര്യത്തിൽ പരസ്യമായ പ്രസ്താവന ഇറക്കേണ്ടിവന്നത്? എന്തുകൊണ്ടാണ് ഈ സംഭവം പുറത്തുകൊണ്ടുവരുന്നതിൽ കോൺഗ്രസ് (ഐ) മുൻകൈ എടുക്കാത്തത്? ഇതുമായി ബന്ധപ്പെട്ട ചില വാർത്തകളെല്ലാം പത്രങ്ങളിൽ വന്നിട്ടുണ്ട്. ചന്ദ്രസ്വാമിക്ക് ഇതുമായിട്ടുള്ള ബന്ധത്തെപ്പറ്റിയും വാർത്ത വന്നിട്ടുണ്ട്. ചന്ദ്രസ്വാമിയുടെ ഒന്നാമത്തെ ശിക്ഷ്യനാണ് നരസിംഹറാവു എന്ന കാര്യവും നമ്മൾ ഓർക്കണം. സെക്യൂരിറ്റി പരിശോധനയില്ലാതെ പ്രധാനമന്ത്രിയുടെ വീട്ടിൽ എപ്പോഴും കയറി ചെല്ലാൻ അദ്ദേഹത്തിനുള്ള,

LIBRARY ARCHIVES Kerala Legislative Assembly

അവകാശമുള്ള ഒരേയൊരാൾ ചന്ദ്രസ്വാമിയാണ്. ചന്ദ്രസ്വാമിയെ പിടികൂടി അന്വേഷണം നടത്താൻ അന്വേഷണ ഏജൻസികൾ മടിക്കുന്നതിന്റെ കാരണവും വ്യക്തമാണ്. പ്രധാനമന്ത്രിയുടെ വ്യക്തിപരമായ താൽപ്പര്യംമൂലമാണ് ചന്ദ്രസ്വാമിക്കെതിരെ നടപടിയെടുക്കാൻ കഴിയാത്തത്.

ശ്രീ. ഇ. പി. ജയരാജൻ: രാജീവ്ഗാന്ധി വധക്കേസിലെ പ്രതികളെ പിടികൂടാൻ ഗവൺമെന്റ് ശ്രമിക്കുന്നില്ല എന്നുമാത്രമല്ല രാജീവ്ഗാന്ധിയെ വധിക്കാൻ ശ്രമിച്ചിട്ടുള്ള എൽ. ടി. ടി. ഇ.-ക്കാരായ ഒറക്കണ്ണൻ ശിവരശൻ, തനു എന്നിവർ ചന്ദ്രസ്വാമിയുടെ ആശ്രമത്തിൽ വച്ചാണ് പരിശീലനം നേടിയത് എന്നും അവർ ചന്ദ്രസ്വാമിയുടെ ആശ്രമത്തിൽ ഉണ്ടായിരുന്നുവെന്നുമുള്ള വസ്തുത ഇൻഡ്യാഗവൺമെന്റ് നിയോഗിച്ചിട്ടുള്ള ജയിൻ കമ്മീഷന്റെ മുൻപാകെ കോൺഗ്രസ് (ഐ)-യുടെ ഉന്നതരായ നേതാക്കൾ തെളിവുകൊടുത്ത കാര്യം ബഹുമാനപ്പെട്ട അംഗത്തിനറിയാമോ?

ശ്രീ. സി. പി. ബാലൻ വൈദ്യർ: അതാണ് ഞാൻ സൂചിപ്പിച്ചത്. സമയപരിമിതികൊണ്ട് വിശദാംശത്തിലേക്ക് പോയില്ല എന്നുമാത്രം. ചന്ദ്രസ്വാമി ചില ആളുകളുടെ പ്രേരണപ്രകാരം പ്ലാൻ ചെയ്തു നടത്തിയിട്ടുള്ള ഗൂഢപദ്ധതിയുടെ ഭാഗമായിട്ടാണ് രാജീവ്ഗാന്ധി കൊലചെയ്യപ്പെട്ടത്. ഹവാലക്കേസ് അന്വേഷിക്കുന്ന സി. ബി. ഐ.-യുടെ ചുമതല പ്രധാനമന്ത്രിയിൽനിന്നും എടുത്തുമാറ്റാൻ സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുള്ളതും നമ്മൾ ഈ അവസരത്തിൽ ഓർക്കണം. നരസിംഹറാവുകൂടി ആലോചിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ഗുരുനാഥനായ ചന്ദ്രസ്വാമി നടത്തിയിട്ടുള്ള ഒരു ഗൂഢാലോചനയുടെ ഭാഗമാണ് രാജീവ്ഗാന്ധിയുടെ ദാരുണമായ കൊലപാതകം. ഇതുപറയുമ്പോൾ അപ്പുറത്തു വിഷമം കാണും. രാജീവ്ഗാന്ധിയുടെ ചിതാഭസ്മം ഉയർത്തി വോട്ടുനേടി ജയിച്ചുവന്ന ആളുകളാണ് അപ്പുറത്തിരിക്കുന്നത്.

ശ്രീ. പാലോട് രവി: രാജീവ്ഗാന്ധിയുടെ വധവുമായി പ്രധാനമന്ത്രി നരസിംഹറാവുവിന് ബന്ധമുണ്ടെന്ന് നിരുത്തരവാദപരമായി സഭയിൽ പറയുന്നത് സഭാരേഖയിൽനിന്നും നീക്കം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡെപ്യൂട്ടി സ്പീക്കർ: അക്കാര്യം പരിശോധിക്കാം. *

ശ്രീ. പി. രാജു: ചന്ദ്രസ്വാമി കോൺഗ്രസ്സിലെ ഉന്നതൻമാരേക്കാൾ പ്രമുഖരാണ് എന്നുള്ളതിന് തെളിവാണ് ചന്ദ്രസ്വാമിയെ അറസ്റ്റ് ചെയ്യണമെന്ന് പറഞ്ഞ കേന്ദ്രമന്ത്രി രാജേഷ് പൈലറ്റിനെ മന്ത്രിസഭയിൽ നിന്നും റാവു പുറത്താക്കിയ നടപടി. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

സർ, കേന്ദ്രമന്ത്രി ശ്രീ. പി. ജെ. കുര്യനെ പരിശോധിക്കുന്ന ഫോട്ടോ നമ്മുടെ ഇവിടുത്തെ പത്രങ്ങളിലൊക്കെ വന്നതല്ലേ? അങ്ങനെ സൂക്ഷ്മമായി കേന്ദ്രമന്ത്രിമാരെപ്പോലും പരിശോധിച്ചേ പ്രധാനമന്ത്രിയുടെ വീട്ടിലേയ്ക്ക് കയറ്റുകയുള്ളൂ എന്നതാണ് വസ്തുത. ചന്ദ്രസ്വാമിയെന്ന ഈ മനുഷ്യനെ ഒരു പരിശോധനയുമില്ല! ഏതുസമയത്തും ഏതു

* നീക്കം ചെയ്യേണ്ടതില്ലെന്നു തീരുമാനിച്ചു.
ഫയൽ നമ്പർ 1039/ED/96/Leg.

LIBRARY ARCHIVES Kerala Legislative Assembly

നട്ടപ്പാതിരാ നേരത്തും നമ്മുടെ പ്രധാനമന്ത്രിയുടെ വസതിയിലും ആസ്ഥാനത്തും അദ്ദേഹത്തിന് കടന്നുചെല്ലാമെന്നു പറഞ്ഞാൽ ..... ? ശ്രീ. ചന്ദ്രസ്വാമിയും ശ്രീ. പി. വി. നരസിംഹറാവുവും തമ്മിലുള്ള കൂട്ടുകെട്ട് നമ്മുടെ രാജ്യത്തിന് അപമാനമാണ്. ശ്രീ. രാജീവ് ഗാന്ധിയുടെ കൊലയാളികളെ വെളിച്ചത്തു കൊണ്ടുവരാനും ആ കേസിന് തുമ്പുണ്ടാക്കാനും ശ്രമിച്ചില്ല എന്നതുതന്നെ ഇതിന്റെ യഥാർത്ഥ വസ്തുത നമ്മുടെ മുമ്പാകെ വ്യക്തമാക്കുന്നു. ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടും ബഡ്ജറ്റ് പ്രസംഗവും പ്രസിദ്ധനായ നമ്മുടെ മാണിസാറിന്റെ ഭാഷയിൽ പറഞ്ഞാൽ ഗവർണർ ഇവിടെ നടത്തിയ പ്രസംഗത്തിന്റെ ഒരു 'അഡീഷണാലിറ്റി' ആയിരുന്നു. ഒരു വ്യത്യാസവുമില്ല. സത്യസന്ധമായ കണക്ക് ഹാജരാക്കാൻ മടിക്കുന്ന, പിശുക്കരായ, കള്ളക്കണക്ക് തയ്യാറാക്കുന്ന വ്യാപാരികളും അവരുടെ കണക്ക് ഇൻകംടാക്സുകാർക്കും സെയിൽസ് ടാക്സുകാർക്കും തയ്യാറാക്കിക്കൊടുക്കുന്നതുപോലെയുള്ള ഒരു കണക്കാണ് നമ്മുടെ ധനകാര്യവകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. ഖജനാവിന്റെ നേട്ടത്തെപ്പറ്റി നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി വളരെ അഭിമാനത്തോടുകൂടി ഇവിടെ സംസാരിച്ചു. കൊടുക്കേണ്ടവർക്ക് പൈസ കൊടുത്തിട്ടില്ലെങ്കിൽ മിച്ചമുണ്ടാവില്ലേ? രാമചന്ദ്രൻ മാസ്റ്ററുടെ മാവേലി സ്റ്റോറും, നമ്മുടെ ധനകാര്യമന്ത്രിയുടെ ട്രഷറിയും ഏതാണ്ട് ഒരുപോലെതന്നെയാണ്; രണ്ടും ഒഴിഞ്ഞതാണ്. മാവേലി സ്റ്റോർ എലികളുടെ സങ്കേതമാണ്; ട്രഷറിയിൽ നിന്ന് ആർക്കും പൈസ കൊടുക്കുന്നില്ല. പൈസ കൊടുക്കാനുണ്ട്, ആ കണക്കെല്ലാം ഇവിടെ വ്യക്തമായി വന്നതാണ്. അതിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ശ്രീ. എ. വി. അബ്ദുറഹിമാൻഹാജിക്കും ശ്രീ. എം. കെ. മുനീറിനുമെല്ലാം പരിചയമുണ്ടാവും കോഴിക്കോട്ടുനിന്നും നമ്മുടെ വണ്ടി കയറിവരുമ്പോൾ എത്ര കരാറുകാരാണ് ഓരോ ദിവസവും വണ്ടിയിൽ വരുന്നത്? പൈസ വാങ്ങാനല്ലേ അവർ വരുന്നത്? ഇറിഗേഷന്റെ കരാറുകാർ 1994 ഡിസംബറിലെ ബില്ലെങ്കിലും കിട്ടണമെന്ന നിവേദനവുമായിട്ടാണ് വരുന്നത്. നമുക്കെല്ലാം പരിചയമുള്ള ആളുകളും വരുന്നുണ്ട്. ഇതാണ് വസ്തുത, ഒരാളിനും പൈസ കൊടുക്കുന്നില്ല. പണം കിട്ടാത്തവരുടെ പട്ടിക എത്രയുണ്ട്? ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് സമയപരിമിതി മൂലം കടക്കുന്നില്ല. മന്ത്രിമാർക്ക് എസ്കോർട്ടിന് വിളിച്ച ടാക്സി കാറിന് കൊടുക്കാനുള്ളത് 46 ലക്ഷം രൂപയാണ്. എസ്കോർട്ടിനു വിളിച്ച ടാക്സിക്കാറിന് രൂപ കൊടുക്കാൻ മടിക്കുന്ന മന്ത്രിമാർ ബാർബർഷാപ്പിൽ പോയാലും കടം പറയില്ലേ? അത്രത്തോളം അധഃപതിച്ചില്ലേ? ഇതുപോലുള്ള സ്ഥിതി ഇതിനുമുമ്പ് നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുണ്ടോ? ഏതാണ്ട് 700 കോടി ഉറുപ്പിക കൊടുക്കാനുള്ള കുടിശ്ശിക നമ്മുടെ സംസ്ഥാനത്തിനുണ്ട്. അതാണ് നമ്മുടെ സംസ്ഥാനത്തിന്റെ പൊതുവായിട്ടുള്ള സ്ഥിതി. മറ്റൊന്ന് നിയമനത്തെ സംബന്ധിച്ചാണ്. ചെലവു ചുരുക്കാൻവേണ്ടി, സർക്കാർ ഓഫീസുകളിൽ കസേരകളും ഒഴിഞ്ഞുകിടക്കുകയാണ്. 19,952 എൽ. ഡി. ക്ലാർക്കുമാരുടെ റാങ്ക് ലിസ്റ്റുണ്ട്, നിയമനം നടക്കുന്നില്ല. പട്ടികജാതി–പട്ടികവർഗ്ഗക്കാരുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് ലിസ്റ്റുണ്ട്. അതിലുള്ള നിയമനവും നടക്കുന്നില്ല. രണ്ടോ മൂന്നോ നിവേദനങ്ങളും എനിക്കുകിട്ടിയതുമായി ബന്ധപ്പെടുത്തി കവറിംഗ് ലറ്ററോടുകൂടി ഞാൻ ബന്ധപ്പെട്ട മന്ത്രിക്ക് അയച്ചു, ഒരു നടപടിയുമില്ല. ഇതിന്റെ ഭാഗമായി സർവ്വീസിലിരിക്കെ മരിച്ചവരുടെ ആശ്രിതരായ ആയിരക്കണക്കിന് കുട്ടികളും നിയമപ്രകാരം കിട്ടേണ്ട ജോലിക്കായി അവർ കാത്തു നിൽക്കുകയാണ്, നിയമനം

LIBRARY ARCHIVES Kerala Legislative Assembly

കിട്ടുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ധനകാര്യമന്ത്രിയോടും എനിക്ക് പറയാനുള്ളത് സർക്കാരിനുവേണ്ടി സേവനമനുഷ്ഠിച്ചിട്ടുള്ളവർ സർവ്വീസിലിരുന്ന് മരിച്ചപ്പോൾ അവരുടെ കുടുംബത്തെ രക്ഷിക്കാൻ ആശ്രിതരുടെ കുട്ടികൾക്ക് ജോലി കൊടുക്കേണ്ടത് സർക്കാരിന്റെ ബാദ്ധ്യതയാണ് എന്നാണ്. ആ ജോലി കൊടുക്കുന്നില്ല. മുഖ്യമന്ത്രിയോടും ധനകാര്യമന്ത്രിയോടും ഞാൻ പറയട്ടെ, മരിച്ചവരുടെ പ്രേതം നിങ്ങളുടെ കൊങ്ങയ്ക്കു വന്നു പിടിക്കും. അത്ര ക്രൂരമാണ് നിങ്ങളെടുത്തുകൊണ്ടിരിക്കുന്ന നടപടികൾ. പോലീസിലുള്ള ഒഴിവുകൾ മുതൽ ഓരോന്നും അങ്ങനെയാണ്. ഈ ഗവൺമെന്റ് വന്നിട്ട് നമ്മുടെ സംസ്ഥാനത്തിന് എന്തു നേട്ടമുണ്ടായി? കുടിവെള്ള പ്രശ്നം ഇവിടെ രൂക്ഷമാണ്. മുഖ്യമന്ത്രി ഈ കഴിഞ്ഞ ദിവസമല്ലേ ഡൽഹിയിൽ പോയി വന്നത്? നേരത്തെ വരൾച്ച നേരിടുന്നതിനുള്ള ഫണ്ട് ഇനത്തിൽ നൂറഞ്ചിലധികം കോടി ഉറുപ്പിക ആവശ്യപ്പെട്ടു, വല്ലതും കിട്ടിയോ? ധനകാര്യമന്ത്രിക്ക് പറയാൻ കഴിയുമോ വല്ലതും കിട്ടിയെന്ന്? രണ്ടാംഘട്ടം മുഖ്യമന്ത്രി പോയി കേന്ദ്ര ഗവൺമെന്റിനോട് 30 കോടി രൂപ ആവശ്യപ്പെട്ടു. വല്ലതും കിട്ടിയോ? ഇലക്ട്രിസിറ്റി രംഗത്ത് ഇത്ര രൂക്ഷമായ പ്രതിസന്ധിയുണ്ടായിട്ടും കേന്ദ്രപൂളിൽ നിന്നും അർഹതപ്പെട്ട വിദ്യുച്ഛക്തി വാങ്ങാൻ കഴിഞ്ഞോ? നമുക്ക് അനുവാദം തരേണ്ട പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽനിന്നും അനുവാദം വാങ്ങാൻ കഴിഞ്ഞോ? ഷൊർണ്ണൂർ, മംഗലാപുരം റെയിൽവേലൈൻ ഇരട്ടിപ്പിക്കൽ തൊട്ടുള്ള റെയിൽവേ രംഗത്തെ അവഗണനയ്ക്ക് എന്തെങ്കിലും പരിഹാരം കാണാൻ കഴിഞ്ഞോ? പദ്ധതികൾക്ക് കൂടുതൽ വിഹിതം നേടിയെടുക്കാൻ കഴിഞ്ഞോ? ശ്രീ. പി. വി. നരസിംഹറാവുവിനെ പ്രധാനമന്ത്രിയാക്കിയ ആളാണ് ഞാൻ എന്നാണ് നമ്മുടെ മുൻമുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ പറഞ്ഞിരുന്നത്. ചില്ലറക്കാരനൊന്നുമല്ല, കേന്ദ്രം എന്റെ വിരൽത്തുമ്പിലാണ്— അങ്ങനെയല്ലേ ഇവിടെ പ്രസംഗിച്ചിരുന്നത്? അദ്ദേഹം 4 കൊല്ലം മുഖ്യമന്ത്രി സ്ഥാനത്തിരുന്നിട്ട് കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും നേടിയെടുക്കാൻ കഴിഞ്ഞോ? അദ്ദേഹത്തെ പാരവച്ച് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിക്കസേരയിലേയ്ക്ക് വന്നു. എന്നിട്ട് എന്തെങ്കിലും നേടിയെടുക്കാൻ കഴിഞ്ഞതായി പറയാൻ കഴിയുമോ? ഇപ്പോൾ മുഖ്യമന്ത്രി, ശ്രീ. കെ. കരുണാകരനെ പാരവയ്ക്കാനും നുണപറയാനുമായി ഇടയ്ക്കിടയ്ക്ക് ഡൽഹിയിൽ പോകുന്നുണ്ട്. അതുപോലെ ശ്രീ. എ. കെ. ആന്റണിയെ പാരവയ്ക്കാനുള്ള ഏർപ്പാടുമായി ശ്രീ. കെ. കരുണാകരനും ഇടയ്ക്കിടക്ക് ഇവിടെ വരുന്നുണ്ട്. ഇതല്ലേ ഇവിടെ നടക്കുന്നത്? കഴിഞ്ഞ 5 കൊല്ലം കൊണ്ട് ഈ സംസ്ഥാനത്തിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും ഒന്നും നേടിയെടുക്കാൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല, നമുക്കർഹതപ്പെട്ട കായംകുളം പദ്ധതിയുൾപ്പെടെ പല പദ്ധതികളും നഷ്ടപ്പെടുകയും ചെയ്തു. ഇതാണ് നമ്മുടെ ഇപ്പോഴത്തെ സ്ഥിതി, അത്തരത്തിലുള്ള ഒരു സ്ഥിതിയിലേയ്ക്കാണ് നമ്മുടെ സംസ്ഥാനം നീങ്ങിക്കൊണ്ടിരിക്കുന്നത്. അതേപോലെ ഇപ്പോൾ എന്തുപറഞ്ഞാലും നടക്കുന്ന മദ്ധ്യസ്ഥതയെക്കുറിച്ചൊന്നും ഞാൻ കൂടുതൽ പറയുന്നില്ല. കോൺഗ്രസ്സിനോട് എനിക്ക് ചെറിയൊരു അപേക്ഷയേയുള്ളൂ. മുഖ്യമന്ത്രിയെ ഒരു ഗുസ്തിക്കാരനായി അവതരിപ്പിച്ചുകൊണ്ട് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ് ഇപ്പോൾ ഒരു പുതിയ പോസ്റ്റർ ഇറക്കിയിട്ടുണ്ട്. മുഖ്യമന്ത്രി ഒരു ഷഡ്ഡിയൊക്കെയിട്ട്, അദ്ദേഹത്തിന്റെ മെലിഞ്ഞ ശരീരവും കുറച്ചു കഷണ്ടിയുമായി ഒരു ഗുസ്തിക്കാരനെപ്പോലെ പ്ലാറ്റ്ഫോമിൽ നിൽക്കുകയാണ്. കുറച്ച് ആളുകൾ ആ പ്ലാറ്റ്ഫോമിന്റെ താഴെയുണ്ട്. 4 കുപ്പി ചാരായം

LIBRARY ARCHIVES Kerala Legislative Assembly

സമീപത്ത് വച്ചിട്ടുണ്ട്. എന്നിട്ട് ഈ ചോരായം വീണ്ടെടുക്കാൻ ധൈര്യമുള്ള വനുണ്ടെങ്കിൽ കയറിവരട്ടെ എന്ന് മുഖ്യമന്ത്രി ഒരു ഗുസ്തിക്കാരനായി നിന്ന് വെല്ലുവിളിക്കുന്നതാണ് ചിത്രം. അങ്ങനെയൊരു ചിത്രം പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെൻറ് പ്രദർശിപ്പിക്കാൻ പോകുന്നുണ്ട്. ഞാൻ അതിനു മറുപടി പറയുന്നില്ല. ഞാൻ ചോദിക്കുന്നത് വരുന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ് നിർത്തുന്ന സ്ഥാനാർത്ഥികളിൽ കുടിക്കുന്നവരാരും ഉണ്ടാവില്ലെന്ന് ഈ സഭയിൽ പറയാൻ കഴിയുമോ എന്നാണ്. കോൺഗ്രസ്സിന്റെ ഭാരവാഹികളും പ്രധാനപ്പെട്ട കമ്മിറ്റി യിലുള്ളവരുമായ മദ്യപൻമാരായ ആളുകളെ പുറത്താക്കുമെന്ന് പറയാൻ കോൺഗ്രസ് നേതൃത്വത്തിനു കഴിയുമോ? നമ്മുടെ മുഖ്യമന്ത്രിക്ക് പറയാൻ കഴിയുമോ? ഇതൊന്നും പറയാതെ മദ്യത്തിന്റെ ബഡായി പറഞ്ഞിട്ട് ഒരു പ്രയോജനവുമില്ല. ഞാൻ അതിന്റെ മറ്റു വിശദാംശ ങ്ങളിലേയ്ക്ക് പോകുന്നില്ല. അതു പോലെതന്നെ പണം ലാപ്സാക്കുന്ന കാര്യത്തിൽ ഈ ഗവൺമെൻറ് മറ്റെല്ലാറ്റിലും മുൻപന്തിയിൽ നിൽക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ 52 കോടി ഉറുപ്പിക ലാപ്സാക്കി എന്ന് ഒരു ചോദ്യത്തിനുത്തരമായി ഈ നിയമസഭയിൽ വന്നതാണ്. വിദ്യാഭ്യാസ വകുപ്പിൽ ഓരോ ഇനത്തിലും 21 കോടി രൂപ ലാപ്സാക്കിയ തിനെക്കുറിച്ച് മാതൃഭൂമി ദിനപ്പത്രം മുഖപ്രസംഗമെഴുതിയില്ലേ? വ്യവസായ കാര്യത്തിനുപോലും പണം തികയാതെ ബുദ്ധിമുട്ടിക്കൊണ്ടി രിക്കുന്ന ഈ ഘട്ടത്തിൽ ചെലവാക്കേണ്ട പണം ലാപ്സാക്കുന്നതിൽ റെക്കാർഡ് ഭേദിച്ചിട്ടുള്ള ഒരു ഗവൺമെൻറാണിത്. അതുപോലെതന്നെ യാണ് ഐക്യത്തെക്കുറിച്ച് സംസാരിക്കുന്നത്. ഇവർക്ക് യോജിച്ചു പോകാൻ കഴിയുമോ? ഇപ്പോഴും ഈ തെരഞ്ഞെടുപ്പിൽ ഞങ്ങൾ വെല്ലുവിളിക്കുന്നു, എന്താണ് ഐക്യജനാധിപത്യമുന്നണിയ്ക്കകത്തുള്ള ഐക്യം? ഞങ്ങളുടെ നാട്ടിൽ പണ്ട് വെള്ളിക്കോലെന്ന് പറയാറുണ്ട്; വെള്ളിയും ആ കോലും തമ്മിൽ യാതൊരു ബന്ധവുമില്ല. അതുപോലെ യാണ് 'ഐക്യജനാധിപത്യ മുന്നണി'-യിലെ 'ഐക്യ'വും.

ഞാൻ ചില പഴയ സംഭവങ്ങളെക്കുറിച്ച് പറയാം. 12-1-1991-ൽ മാതൃഭൂമി പത്രത്തിൽ 'പോലീസ് നിഷ്ക്രിയം' എന്ന് വയലാർ രവി പറയുന്നു. 'പോലീസ് വകുപ്പിൽ പിൻസീറ്റ് ഡ്രൈവിംഗ് വേണ്ട' എന്ന് 15-11-1991-ലെ പത്രത്തിൽ മുഖ്യമന്ത്രി മറുപടി കൊടുക്കുന്നു. 'ഇന്നത്തെ പോലീസ് നയം അപമാനകരം' എന്ന് വയലാർ രവി, പോലീസ് നിഷ്ക്രിയം എന്ന വയലാർ രവിയുടെ അഭിപ്രായത്തോട് ശ്രീ. കരുണാകരനും യോജിപ്പ് എന്നാണ് 14-1-1991-ലെ കേരള കൗമുദിയിൽ പറയുന്നത്. 'പ്രശ്നത്തിൽ നിന്നും ആൻറണി ഒളിച്ചോടുന്നു' എന്ന് ശ്രീ. ശരത്ചന്ദ്രപ്രസാദ്, 'ആൻറണിയുടെ തനിഷ്ടത്തിനു കടിഞ്ഞാണിടണം' എന്ന് മുരളീധരൻ, എം. പി. 'ആൻറണിയുടെ സ്വരത്തിൽ ഏകാധിപത്യത്തിന്റെ ചുവ' എന്ന് മുസ്തഫ 17-1-1996-ൽ പറയുന്നു. 'ജനങ്ങളുമായി ചർച്ച നടത്തിയല്ല പോലീസിനെ ഭരിക്കേണ്ടത്' എന്ന് വയലാർ രവി. കോൺഗ്രസ് (ഐ)-യുടെ ഭരണ ശൈലിയോടുള്ള വിയോജിപ്പാണിത് കാണിക്കുന്നത്. ഐക്യ ജനാധിപത്യ മുന്നണി തെരഞ്ഞെടുപ്പ് ഗോദയിൽ ഞങ്ങളെ വെല്ലുവിളിച്ചല്ലോ. തെരഞ്ഞെടുപ്പു നടക്കുന്ന ഘട്ടത്തിൽ നിങ്ങൾ എല്ലാംകൂടി തട്ടിക്കൂട്ടും. കഴിഞ്ഞ അഞ്ചുകൊല്ലക്കാലം ഇവിടെയൊരു ഭരണം ഉണ്ടായിട്ടുണ്ടോ? തമ്മിലടിയല്ലേയുള്ളൂ? മന്ത്രിസഭാ രൂപീകരണം മുതൽ, ശ്രീ. സുധീരനെ മന്ത്രിയാക്കാത്തതു മുതൽ തുടങ്ങിയതല്ലേ ഈ അഭിപ്രായവ്യത്യാസം? നിങ്ങൾ തമ്മിലുള്ള പോരുകൊണ്ട് സംസ്ഥാനത്ത് ഒരു ഭരണം ഉണ്ടെന്നേ

LIBRARY ARCHIVES Kerala Legislative Assembly

തോന്നലുണ്ടാക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല; കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല. കോൺഗ്രസ് ഗ്രൂപ്പുകൾ തമ്മിലുള്ള അഭിപ്രായവ്യത്യാസം, കേരളാ കോൺഗ്രസ് ഗ്രൂപ്പുകൾ തമ്മിലുള്ള അഭിപ്രായവ്യത്യാസം, ലീഗ് തമ്മിലുള്ള അഭിപ്രായവ്യത്യാസം, ഇങ്ങനെ ഓരോ പാർട്ടി പ്രവർത്തകരും തമ്മിലുള്ള അഭിപ്രായവ്യത്യാസമാണ് കഴിഞ്ഞ നാലേമുക്കാൽ കൊല്ലക്കാലം നാം കണ്ടിട്ടുള്ളത്. ഇത്തരത്തിലുള്ള തമ്മിലടികൊണ്ട് ഈ സംസ്ഥാനത്തെ ഒരു പ്രശ്നത്തിനും പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. കെടുകാര്യസ്ഥത മാത്രമാണ് ഈ സംസ്ഥാനത്ത് കഴിഞ്ഞ നാലേമുക്കാൽ കൊല്ലക്കാലം കാണാൻ കഴിഞ്ഞിട്ടുള്ളത്. എനിക്ക് സൂചിപ്പിക്കാനുള്ളത്, അടുത്ത തെരഞ്ഞെടുപ്പിലും ജയിച്ച് അധികാരത്തിൽ വരുമെന്ന് സ്വപ്നം കാണുന്ന ഐക്യജനാധിപത്യ മുന്നണിയോടും അതിലെ മന്ത്രിമാരോടും നേതാക്കൻമാരോടും വളരെ വിനയപൂർവ്വം എനിക്ക് പറയാനുള്ളത്, ഒരു പഴയ നാടകത്തിലെ രണ്ടുവരി പാട്ടാണ്. എനിക്ക് പാടാനറിയില്ല. ശ്രീ. ശിവദാസമേനോൻ കഥയെഴുതാൻ തുടങ്ങിയെന്നു പറയുന്നതുപോലെ ഞാൻ ഒരു പാട്ടുപാടാം. ധനകാര്യവകുപ്പ് മന്ത്രിയുടെ പ്രസംഗത്തിന് മറുപടിയായിട്ട് ഒറ്റവാക്കേ പറയാനുള്ളൂ. പണ്ടത്തെ ഒരു നാടകത്തിലെ പ്രസിദ്ധമായ വരികളാണ് ഇത്.

'ആശിച്ച പോലെ നടക്കൂല
ഇമ്പ പൂമധു വണ്ടു കുടിക്കൂല
കീരിയും പാമ്പുമിണങ്ങൂല
തളിരാഴ കൽപ്പ നിറയൂല.'

ശ്രീ. മാണിയും ജേക്കബും തമ്മിൽ, കോൺഗ്രസ് (എ) യും കോൺഗ്രസ് (ഐ) യും തമ്മിൽ ഐക്യമുണ്ടാക്കാൻ കഴിയുമോ? ശ്രീ. ആൻറണി അധികാരത്തിൽ വന്നത് ലീഡറെ പാരവച്ചിട്ടാണ്; ചില ആളുകൾ ഫാക്സ്. അയച്ചിട്ടാണ്. (ഐ) ഗ്രൂപ്പുകാരുടെ അടങ്ങാത്ത പ്രതികാര ബുദ്ധി ഈ തെരഞ്ഞെടുപ്പിൽ പ്രതിഫലിക്കില്ലേ? ഇപ്പോൾ മുഖ്യമന്ത്രിക്ക് കേന്ദ്രത്തിൽനിന്നും എന്തോ ചില അധികാരങ്ങൾ കൂടി കിട്ടിയെന്നാണ് പറയുന്നത്. സീറോ മോഹികളായ ലീഗിനെയും (ഐ) ക്കാരെയും ഒതുക്കാൻവേണ്ടി തെരഞ്ഞെടുപ്പിന്റെ എല്ലാ അധികാരങ്ങളും എനിക്ക് തന്നിരിക്കുന്നു എന്ന് പറയുന്ന ഒരു തട്ടിപ്പുമായി മുഖ്യമന്ത്രി രംഗത്തിറങ്ങിയിരിക്കുകയാണ്. ലീഡറിൽ ഫ്ളവർ ഹൈസ്ക്കൂളിലെ വിദ്യാർത്ഥിനിയായ രഞ്ജിതയെ 40 ദിവസത്തിലധികം കൊണ്ടുനടന്ന് ബലാൽസംഗത്തിന് വിധേയയാക്കിയ കാര്യത്തെ സംബന്ധിച്ച് ഇന്നലെ സഭയിൽ പറഞ്ഞതാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. അതു സംബന്ധിച്ച് ഈ ലക്കം കലാകൗമുദിയിൽ വിശദമായ ഒരു ലേഖനം വന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കണ്ടക്ടർ രാജനെ പോലീസ് പിടിച്ചപ്പോൾ ഡി.സി.സി. സെക്രട്ടറി സോമരാജൻ ഇടപെട്ടതുപ്പെടെ ആരെല്ലാം എവിടെയെല്ലാം ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ളത് പേര് സഹിതം കലാകൗമുദിയിൽ വന്നിട്ടുണ്ട്. കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഉന്നതമായ ഇടപെടലിന്റെ ഭാഗമായിട്ട് അദ്ദേഹത്തെ ഇന്ന് അന്യ സംസ്ഥാനത്തേയ്ക്ക് രക്ഷപ്പെടുത്തിയിരിക്കുന്നു; ഇടുക്കി ജില്ലയിലെ കോൺഗ്രസ് നേതൃത്വം ഒളിപ്പിച്ചു എന്നുപോലും സംശയിക്കുന്നു. കാരണം പോലീസ് അയാളെ പിടിച്ചപ്പോൾ അവിടത്തെ കോൺഗ്രസ് നേതൃത്വമാണ് വിടുവിച്ചത്. കാര്യങ്ങൾ അതുവരെ എത്തിച്ചിരിക്കുന്നു. ഇവിടെ ഇതുപോലുള്ള സംവേങ്ങൾ ഉണ്ടാകുന്നു എന്നാണ് കലാകൗമുദി സൂചിപ്പിച്ചിട്ടുള്ളത്. സമയപരിധികൊണ്ട് ഞാൻ വിശദാംശങ്ങളിലേയ്ക്ക

LIBRARY ARCHIVES Kerala Legislative Assembly

കടക്കുന്നില്ല. ഇവിടെ ഇതുപോലുള്ള സംഭവങ്ങൾ നടക്കുന്നു, ഡൽഹിയിൽ തന്തൂരിപ്പോലുള്ള സംഭവങ്ങൾ നടക്കുന്നു. ഇതുപോലുള്ള ഒരു സംസ്കാരത്തിലേയ്ക്ക് കോൺഗ്രസ് അധഃപതിച്ചിരിക്കുകയാണ്. നിയമസഭയിൽ പ്രതിപക്ഷം ഇക്കാര്യം ഉന്നയിച്ചില്ലെന്ന് പറഞ്ഞു. ഇന്നത്തെ കേരള കൗമുദി അതിന് മറുപടി പറഞ്ഞിട്ടുണ്ട്. ഞാൻ ആ റിപ്പോർട്ട് വായിക്കുന്നില്ല. നിയമസഭയിൽ പ്രതിപക്ഷത്തെ രണ്ട് മെമ്പർമാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഇക്കാര്യം സൂചിപ്പിച്ചു. മുഖ്യമന്ത്രി അന്ന് ഇടപെട്ടില്ല. ഈ കുട്ടിയുടെ അച്ഛൻ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള എല്ലാവർക്കും നിവേദനങ്ങൾ കൊടുത്തു. അതിന്റെ തീയതിയും വിശദാംശങ്ങളുമൊക്കെ ഈ ലേഖനത്തിലുണ്ട്. എന്നിട്ടും മുഖ്യമന്ത്രി അനങ്ങിയില്ല. അവസാനം ഡി.വൈ.എഫ്.ഐ. പ്രദേശത്ത് ഒരു പ്രക്ഷോഭണം ഇളക്കിക്കൊണ്ടുവന്നു. ഇത്തരത്തിൽ വളരെ ശക്തിമത്തായ ഒരു പ്രക്ഷോഭണം വന്നപ്പോൾ മാത്രമാണ് അതിൽ നടപടി ഉണ്ടായത്. പോലീസ് അനങ്ങാതിരിക്കാനുള്ള കാരണമെന്താണ്? ഇന്നലെ അവിടത്തെ എം.എൽ.എ. ആയ ശ്രീ. എ. കെ. മണി വളരെ വികാരപരമായി സംസാരിച്ചു. ഉത്തരവാദിത്വബോധത്തോടുകൂടി എനിക്ക് കിട്ടിയ ഒരു വിവരം ഈ സഭയിൽ ഉന്നയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ കേസ്സുമായി ബന്ധപ്പെട്ട രാജൻ ഉൾപ്പെടെയുള്ളവരെ പോലീസ് കസ്റ്റഡിയിലെടുത്തപ്പോൾ ശ്രീ. എ. കെ. മണി. എം.എൽ.എ. ഉന്നതരായ പോലീസ് ഉദ്യോഗസ്ഥൻമാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഭാഗമായിട്ടാണ് രാജനെ വിട്ടതും ഈ കേസ്സിനു തുമ്പുണ്ടാക്കാൻ കഴിയാതിരുന്നതും. നമ്മുടെ സംസ്ഥാനത്തെ ഞെട്ടിപ്പിക്കുന്ന, വളരെ പ്രമാദമായ ഒരു കേസ്സുമായി ബന്ധപ്പെട്ടവരെ അറസ്റ്റ് ചെയ്തപ്പോൾ രക്ഷിക്കാൻവേണ്ടി ഡി.സി.സി. സെക്രട്ടറിയും എം.എൽ.എ.-യും ഇടപെട്ടിരിക്കുന്നു. ഈ സംഭവം എത്രത്തോളം എത്തി? അതുകൊണ്ട് അതിനെക്കുറിച്ച് പ്രത്യേകം പരിശോധിക്കണം.

സർ, ധനകാര്യവകുപ്പിന്റെ കാര്യക്ഷമതയെക്കുറിച്ച് ഒരു കാര്യം മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. 27-12-1990-ൽ സെയിൽസ്ടാക്സ് ഉദ്യോഗസ്ഥൻമാർ കൊല്ലത്തെ ഒരു വ്യവസായ സ്ഥാപനത്തിൽ ഒരു പ്രാഥമിക പരിശോധന നടത്തി; 38561-ാം നമ്പറായി ഒരു റിപ്പോർട്ട് കൊടുത്തതാണ്. ആ റിപ്പോർട്ടിൽ പറയുന്നത്, അന്നത്തെ സ്റ്റോക്കിൽ 500 ടിൻ കശുവണ്ടി ഉണ്ടായിരുന്നു എന്നാണ്. 'യൂനസ് ഇൻഡസ്ട്രീസ്' എന്നാണ് ആ സ്ഥാപനത്തിന്റെ പേര്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അവിടത്തെ ഉദ്യോഗസ്ഥൻമാരെ മാറ്റി, വെട്ടിപ്പിന് സഹായകരമായ വിധത്തിൽ ഒരു ഉദ്യോഗസ്ഥനെ ആ സ്ഥാനത്തേയ്ക്ക് നിയമനം നടത്തി. ഇതിന്റെ ഭാഗമായിട്ട് സർക്കാരിന്റെ ഖജനാവിലേയ്ക്ക് കിട്ടേണ്ട 23 കോടി രൂപ ചോർന്നു പോയി. ഇതുപോലെ നികുതി വെട്ടിക്കുന്നതിന് ഉദ്യോഗസ്ഥൻമാരെ ഉപയോഗിക്കുന്ന നിരവധി സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. ഇത്തരം നികുതി വെട്ടിപ്പുകാർക്കും നികുതി ചോർച്ചക്കാർക്കും അവസരം ഉണ്ടാക്കിക്കൊടുത്തിട്ടാണ് ഖജനാവ് സമ്പുഷ്ടമാണെന്ന് മേൻമ പറഞ്ഞ് ധനകാര്യമന്ത്രി ഇവിടെ പ്രസംഗിച്ചത്. കോടിക്കണക്കിന് രൂപയുടെ നികുതി വെട്ടിപ്പിന്റെ ഫയലുകളും കണക്കുകളും ഉൾപ്പെടെ സ്റ്റോക്ക് ചെയ്തതിന്റെ റിപ്പോർട്ട് സംബന്ധിച്ച് രണ്ടുകൊല്ലങ്ങൾക്കുമുമ്പ് ഞാൻ സഭയിൽ ഉന്നയിച്ചിട്ടുള്ളതാണ്. കഴിഞ്ഞ നാലേമുക്കാൽ കൊല്ലക്കാലം ഇതുപോലുള്ള നികുതി വെട്ടിപ്പ് നടത്താനുള്ള അവസരം ഉണ്ടാക്കിക്കൊടുത്തിട്ടുള്ള കെടുകാര്യസ്ഥത നിറഞ്ഞ ഗവൺമെന്റാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇത് എന്നുള്ള വസ്തുത കാണേണ്ടതുണ്ടെന്നേ സൂചിപ്പിച്ചുകൊണ്ട്, വോട്ട് ഓൺ അക്കൗണ്ടിനെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷപീഠത്തിൽ ശ്രീ. ഇ. എം. അഗസ്തി)

വ്യക്തിപരമായ വിശദീകരണം

ശ്രീ. എ. യൂനസ് കുഞ്ഞ്: സർ, ബഹുമാനപ്പെട്ട ബാലൻ വൈദ്യർ പ്രസംഗിച്ചപ്പോൾ 500 ടൺ കശുവണ്ടിയുടെ കാര്യം പറഞ്ഞു. 500 ടൺ കശുവണ്ടിക്ക് ആകെ വിലവരുന്നത് അഞ്ചുലക്ഷത്തിൽ താഴെ രൂപയാണ്. അഞ്ചുലക്ഷം രൂപയിൽ താഴെ വിലവരുന്ന സാധനത്തിന് എങ്ങനെയാണ് 23 കോടി രൂപ ടാക്സ് വരുന്നത്? ഇങ്ങനെ നടക്കാത്ത ഒരു കാര്യത്തെക്കുറിച്ച്*** ഇവിടെ പറഞ്ഞത്. അതാണ് അതിനെക്കുറിച്ച് എനിക്ക് പറയാനുള്ളത്. ഇത് നടക്കാത്ത ഒരു കാര്യമാണ്.

ശ്രീമതി കെ. സി. റോസക്കുട്ടി: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്താങ്ങുന്നു. യാതൊരു തരത്തിലും ഉള്ള പൊള്ളയായ വാഗ്ദാനങ്ങളോ കാപട്യമോ ഇല്ലാതെ അടുത്ത 4 മാസത്തേക്കുള്ള, ഈ സംസ്ഥാനത്തിന്റെ അനുദിന ചെലവുകൾ വഹിക്കുന്നതിനുള്ള വോട്ട് ഓൺ അക്കൗണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രീ. പത്മരാജൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ബഹുമാന്യനായ ബാലൻ വൈദ്യർ, അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽത്തന്നെ പറഞ്ഞു, ഈ വോട്ട് ഓൺ അക്കൗണ്ട് ചർച്ചയിൽ പങ്കെടുക്കാൻ സമയം ലഭിച്ചില്ല എന്ന്. പക്ഷെ അദ്ദേഹത്തിന്റെ പ്രസംഗം മുഴുവൻ, ഇതിനെക്കുറിച്ച് ഒരക്ഷരംപോലും പരാമർശിക്കാതെയാതൊരു തെറ്റും ഈ വോട്ട് ഓൺ അക്കൗണ്ടിൽ കാണാതെ, കോൺഗ്രസ്സിന്റെ ആഭ്യന്തര കാര്യങ്ങളെക്കുറിച്ച് പരാമർശിക്കാനും, അതുപോലെതന്നെ മുഖ്യമന്ത്രിയെ താറടിച്ചു കാണിക്കുന്നതിനുള്ള ഒരു ശ്രമം നടത്താനുമാണ് തുനിഞ്ഞത്. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽ, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രസിഡന്റും, ഇന്ത്യയുടെ പ്രധാനമന്ത്രിയുമായിരുന്ന ബഹുമാന്യനായ രാജീവ്ഗാന്ധി മരണപ്പെടാനുണ്ടായ സാഹചര്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ശ്രീ. രാജീവ് ഗാന്ധി ജീവിച്ചിരുന്ന കാലഘട്ടത്തിൽ, അദ്ദേഹത്തെ കള്ളനായി മുദ്രകുത്തുകയും, വളരെയേറെ മനഃപ്രയാസങ്ങൾ ഉണ്ടാക്കുകയും ചെയ്ത പ്രതിപക്ഷം, അദ്ദേഹം മരണപ്പെട്ടപ്പോൾ, അദ്ദേഹത്തിനനുകൂലമായി മുതലക്കണ്ണീർ ഒഴുക്കുന്നതു കാണുമ്പോൾ അനേഷണത്തിലിരിക്കുന്ന ഒരു കേസിനെക്കുറിച്ച് പരാമർശങ്ങൾ നടത്തുമ്പോൾ ഞങ്ങൾക്കു പറയാനുള്ളത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനു നഷ്ടമായത് ബഹുമാന്യനായ രാജീവ് ഗാന്ധിയെ ആണ് എന്നതാണ്. അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ച് അനേഷിക്കുവാൻ ഞങ്ങളെക്കൊണ്ടാകും, അതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ ചിതാഭസ്മം ഇവിടെ കൊണ്ടുവന്ന്, ആ ചിതാഭസ്മത്തോട് ആദരവു കാണിച്ചപ്പോൾ, ആ ചിതാഭസ്മത്തെപ്പോലും പുച്ഛിച്ചു കണ്ടുകൊണ്ട്, നാടുനീളെ ചിതാഭസ്മം കൊണ്ടുനടന്ന് വോട്ടു പിടിക്കുന്നു എന്ന്, ഇവർ അന്ന് ആക്ഷേപിക്കുകയുണ്ടായി. പടക്കളത്തിൽ പടനായകൻ നഷ്ടപ്പെട്ട ഒരു അവസ്ഥയിലാണ് ഇന്ത്യൻ

***സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

നാഷണൽ കോൺഗ്രസ്സ് കേന്ദ്രത്തിൽ ഈ തെരഞ്ഞെടുപ്പിനെ നേരിട്ടത്. അന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നായകൻ ശ്രീമാൻ രാജീവ് ഗാന്ധി മരണപ്പെട്ടു എന്നും, ചാരത്തിന് നിങ്ങൾ വോട്ടു കൊടുക്കരുത് എന്നും പറഞ്ഞ് പുച്ഛിച്ചവരാണ് ഇന്ന് ഘോരമായ ഈ പ്രസംഗം നടത്തുന്നതെന്ന യാഥാർത്ഥ്യം മനസ്സിലാക്കണം. ശ്രീ. നരസിംഹറാവുവിനെ ആക്ഷേപിക്കുന്നവരോട് എനിക്കു ചോദിക്കാനുള്ളത് ഏതു രാഷ്ട്രീയ സാഹചര്യത്തിലാണ് അദ്ദേഹം ഇവിടെ അധികാരത്തിൽ വന്നത് എന്നാണ്. നിങ്ങളുടെ സപ്പോർട്ടോടുകൂടി രണ്ടരവർഷക്കാലം ശ്രീ. വി. പി. സിംഗും, ശ്രീ. ചന്ദ്രശേഖരനുമടക്കം അധികാരത്തിൽ വരികയുണ്ടായി. രണ്ടര വർഷംകൊണ്ട് രണ്ടു പ്രധാനമന്ത്രിമാർക്ക് എന്തു ചെയ്യാൻ കഴിഞ്ഞു എന്നുള്ളത് നിങ്ങൾ ചിന്തിക്കണം. ഇന്ത്യയുടെ 60 ടൺ സ്വർണ്ണം കൊണ്ടുപോയി തൂക്കിവിറ്റവരാണ് ഇന്ന് പ്രതിപക്ഷത്തുള്ളവർ എന്നു നിങ്ങൾ മനസ്സിലാക്കണം. നിങ്ങളുടെ പിന്തുണ ഉണ്ടായിരുന്നവർ കെട്ടുതാലി പണയം വച്ച് കഞ്ഞിക്ക് അരി വാങ്ങിക്കൊണ്ടിരുന്ന സാഹചര്യത്തിലാണ് ശ്രീ. നരസിംഹറാവു അധികാരത്തിൽ വന്നത്. ഇന്ത്യയുടെ അന്നത്തെ ആഭ്യന്തര അവസ്ഥയും, സാമ്പത്തിക അവസ്ഥയും എന്തായിരുന്നു! പഞ്ചാബിലും ആസ്സാമിലും വളരെ രാഷ്ട്രീയ കലുഷിതമായ അന്തരീക്ഷം, ആഭ്യന്തര പ്രശ്നങ്ങൾ, തീവ്രവാദം ഇതൊക്കെ നേരിടേണ്ട ഒരു സാഹചര്യത്തിൽ, പടനായകൻ നഷ്ടപ്പെട്ട ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഒരു പ്രധാനമന്ത്രിയെ കണ്ടെത്തുകയുണ്ടായി. അന്നിവർ പറഞ്ഞു, ഇവർ അധികാരത്തിൽ വന്നാൽ അധികാരക്കസേരയ്ക്കു വേണ്ടി അടിപിടി കൂടും എന്ന്. നിഷ്പ്രയാസം കോൺഗ്രസ്സിന്റെ എം. പി.-മാരും, നേതാക്കൻമാരും ഒരു നേതാവിനെ കണ്ടെത്തി, ശ്രീ. നരസിംഹറാവുവിനെ. അദ്ദേഹം അധികാരത്തിൽ വന്നയുടനെ നിങ്ങൾ നശിപ്പിച്ച ഇന്ത്യയുടെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിനു വേണ്ടി പടിപടിയായുള്ള ശ്രമങ്ങൾ കൈക്കൊള്ളുകയുണ്ടായി. പഞ്ചാബിലും, ആസ്സാമിലും തെരഞ്ഞെടുപ്പ് നടത്തുമെന്ന് നിങ്ങളോ, ഞങ്ങളോ സ്വപ്നം കണ്ടിട്ടില്ല. പക്ഷേ പഞ്ചാബിലും, ആസ്സാമിലും തെരഞ്ഞെടുപ്പു നടത്തുവാൻ മാത്രമുള്ള ആഭ്യന്തരമായ ശാന്തത കൈവരിക്കുവാൻ ശ്രീ. നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള ഭരണത്തിനു കഴിഞ്ഞു എന്നത് ചൊറുതായി കാണുവാൻ പാടില്ല. പോളിംഗ് ബൂത്തിൽ പോകാൻ ധൈര്യമില്ലാതെ ഇരുന്ന ജനങ്ങൾ ഇന്ന് യാതൊരു തരത്തിലും ഉള്ള ഭീതിയും ഇല്ലാതെ കഴിയുന്നു. കാശ്മീർ പ്രശ്നം നമ്മുടെ രാഷ്ട്രത്തിന്റെ പ്രശ്നമാണ്. ആ പ്രശ്നം പരിഹരിക്കുന്നതിന് പ്രധാനമന്ത്രിക്കു കഴിഞ്ഞു. തീവ്രവാദികൾക്കു വരെ മാനസാന്തരം വരുത്തത്തക്ക രീതിയിലുള്ള മൗനത്തെ ഇവിടെ പുച്ഛിക്കാറുണ്ട്. വാചാലമായ മൗനം, ഒരു പക്ഷെ അത് വളരെ വലിയ ഫലങ്ങൾ ഉളവാക്കും എന്നുള്ളതിനു തെളിവാണ് തീവ്രവാദികൾക്കുപോലും മാനസാന്തരം വന്നിരിക്കുന്നു എന്നത്. അവിടേയും തെരഞ്ഞെടുപ്പു നടത്തുന്നതിനെക്കുറിച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ആലോചിക്കുന്നു; പക്ഷെ പ്രതിപക്ഷ കക്ഷികൾ അതിനു വഴങ്ങുന്നില്ല. കാരണമെന്താണ്? പഞ്ചാബിലും, ആസ്സാമിലും ഉണ്ടായിട്ടുള്ള രാഷ്ട്രീയ വ്യത്യാസങ്ങളെ അവർ ഭയപ്പെടുന്നു. കാശ്മീരിലും തെരഞ്ഞെടുപ്പു നടന്നാൽ അവിടേയും വിജയിക്കുക ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ആയിരിക്കും എന്നതുകൊണ്ടാണ് ഇവർ അവരെ ഭയപ്പെടുന്നത്. 60 ടൺ സ്വർണ്ണം കൊണ്ടുപോയി വിറ്റതിനെക്കുറിച്ചു ഞാൻ സൂചിപ്പിച്ചു. എന്തായിരുന്നു അന്നത്തെ നമ്മുടെ വിദേശനാണയ ശേഖരം? 1991-92 സാമ്പത്തിക വർഷത്തിൽ ഒരു ബില്യൻ ഡോളറായിരുന്നു

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ വിദേശനാണയ ശേഖരം വെറും 15 ദിവസത്തേയ്ക്കു സാധനം വാങ്ങിക്കുന്നതിനുള്ള, ഇമ്പോർട്ടു ചെയ്യുന്നതിനുള്ള വിദേശനാണയ ശേഖരം മാത്രമാണ് അന്നുണ്ടായിരുന്നത്. എന്നാൽ ഇന്നെന്താണ് നമ്മുടെ സാമ്പത്തിക പൊസിഷൻ? ഇവിടെ വിതരണം ചെയ്യപ്പെട്ട എക്കണോമിക് റവ്യൂവിൽ കാണാൻ സാധിച്ചത്, ഇന്ന് നമ്മുടെ വിദേശ നാണയ ശേഖരം 16·2 ബില്യൻ ഡോളർ ആയി മാറിയിരിക്കുന്നു എന്നതാണ്. നമ്മുടെ രാജ്യത്ത് പ്രതിസന്ധി ഉണ്ടായാൽ, ഈ വിദേശ നാണയ ശേഖരംകൊണ്ട് 5 മാസത്തേയ്ക്ക് സാധനങ്ങൾ ഇമ്പോർട്ടു ചെയ്യാൻ പറ്റുന്ന സാമ്പത്തിക ഭദ്രത കൈവരിക്കുവാൻ കഴിഞ്ഞു എന്നത് ഒരു ചെറിയ നേട്ടമായി കാണരുത്. എന്തായിരുന്നു നമ്മുടെ ഇൻഫ്ലേഷൻ റേറ്റ്! 16·9 ആയിരുന്നു അന്നു നമ്മുടെ നാണയപ്പെരുപ്പം എങ്കിൽ, അത് ഇപ്പോൾ 5 ശതമാനത്തിനു താഴേയ്ക്കു കൊണ്ടുവരുവാൻ കഴിഞ്ഞു, വിദഗ്ദ്ധമായ സാമ്പത്തിക മാനേജ്മെന്റ് നടപ്പിലാക്കിയ ഒരു ഗവൺമെന്റാണ് കേന്ദ്രത്തിൽ ഇന്നു ഭരിക്കുന്നത് എന്നു നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ എപ്പോഴും കോട്ടു ചെയ്യാറുള്ള രാഷ്ട്രമാണല്ലോ ചൈന. ചൈനയുടെ നാണയപ്പെരുപ്പത്തിന്റെ തോത് വായിച്ചു നോക്കണം. അത് 26 ശതമാനത്തിൽ കൂടുതലാണെന്നാണ് എനിക്കു കിട്ടിയ കണക്ക്. ഇന്ത്യയിലെ ദാരിദ്ര്യ രേഖയ്ക്കു താഴെ നിന്നിരുന്ന ആളുകളുടെ ശതമാനം 19 ശതമാനത്തിലേയ്ക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞത്, ദാരിദ്ര്യ രേഖയ്ക്ക് താഴെ നിൽക്കുന്ന ഗ്രാമീണജനങ്ങൾക്കുവേണ്ടിയുള്ള തൊഴിൽ ദാന പദ്ധതികൾ വളരെ ആസൂത്രിതമായി നടപ്പിലാക്കിയതുകൊണ്ടു മാത്രമാണ്. 7-ാം പദ്ധതിയിൽ ഗ്രാമവികസനത്തിനുവേണ്ടി വകയിരുത്തിയിരുന്നത് 11,000 കോടി രൂപയായിരുന്നു എങ്കിൽ 8-ാം പദ്ധതിയിൽ 33,000 കോടി രൂപയാണ് ഗ്രാമവികസനത്തിനു വേണ്ടി വകയിരുത്തിയിരിക്കുന്നത് എന്നു മനസ്സിലാക്കണം. വില വർദ്ധനവിനെക്കുറിച്ചുവിടെ പറഞ്ഞു. വില വർദ്ധനവ് ആഗോള വ്യാപകമായി ഉണ്ടാകുന്ന ഒന്നാണ്. വിലയെ പിടിച്ചു നിറുത്തുക എന്നതാണ് ഒരു ഗവൺമെന്റിന്റെ ഉത്തരവാദിത്വം. ഈ വില വർദ്ധനവിന്റെ നിരക്കു കുറച്ചുകൊണ്ടുവരുന്നതിനു വളരെയേറെ പരിശ്രമങ്ങൾ ഈ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. 1994-95-ൽ വില വർദ്ധനവിന്റെ റേറ്റ് 8·6 ശതമാനമായിരുന്നത് 1995-96-ൽ 4·3 ശതമാനമാക്കി കുറയ്ക്കുവാൻ ശ്രീ. മൻമോഹൻസിംഗിന്റെ വൈദഗ്ദ്ധ്യത്തോടുകൂടിയുള്ള സാമ്പത്തിക മാനേജുമെന്റുവഴി കഴിഞ്ഞു എന്നത് ഒരു വലിയ നേട്ടമായി. ഈ തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന സമയത്ത് നിങ്ങൾ മനസ്സിലാക്കിയില്ലെങ്കിൽക്കൂടി, നിങ്ങൾ ഇത് അംഗീകരിക്കും എന്നതിൽ എനിക്ക് യാതൊരു സംശയവുമില്ല. നിങ്ങൾ പെരിസ്ട്രോയിക്കയും ഗ്ലാസ്നോസ്തും പരീക്ഷിച്ചു നോക്കിയവരാണ്. അതുകൊണ്ടുതന്നെ നിങ്ങൾ ശ്രീ. നരസിംഹറാവു കൊണ്ടുവന്ന ഉദാരവൽക്കരണ നയത്തെ എതിർത്തു. ആ ഉദാരവൽക്കരണ നയത്തെ എതിർക്കുവാൻ കാരണമായത് ഗ്ലാസ്നോസ്തും പെരിസ്ട്രോയിക്കയും തകർന്ന് ആ രാജ്യം തന്നെ തകർന്ന് തരിപ്പണമായതുകൊണ്ടാണ്. ബഹുമാനപ്പെട്ട നരസിംഹ റാവുവിന്റെ വൈദഗ്ദ്ധ്യത്തോടുകൂടിയുള്ള ധനകാര്യമാനേജുമെന്റും ഉദാരവൽക്കരണവും ഈ രാജ്യത്തിനു നൻമ ചെയ്തു എന്ന് നിങ്ങളേവരും സമ്മതിക്കും. അധികാരം വിട്ടൊഴിയുമ്പോൾ കേരളത്തിന്റെ സാമ്പത്തിക രംഗത്തെ അവസ്ഥ എന്തായിരുന്നു!

LIBRARY ARCHIVES Kerala Legislative Assembly

അഞ്ചു വർഷത്തേക്ക് തരിക്കുവാൻ ഉത്തരവാദപ്പെട്ടവർ നാലു വർഷം കഴിഞ്ഞപ്പോഴേ, 'ഞങ്ങളും വിട്ടൊഴിയുന്നു' എന്നു പറഞ്ഞ് പോകുവാനുള്ള കാരണം നിങ്ങൾക്ക് ട്രഷറി തുറക്കുവാൻ സാധിക്കുമായി
2 p. m. രുന്നില്ല എന്നതാണ്; ഒരു വർഷം ട്രഷറി തുറന്നു പ്രവർത്തിക്കുവാൻ നായനാർ ഗവൺമെൻറിന് കഴിയുക യില്ലായിരുന്നു എന്നതാണ്. ഒരു വർഷം മുമ്പ് നിയമസഭ പിരിച്ചുവിട്ട് തെരഞ്ഞെടുപ്പിനെ നേരിടുകയുണ്ടായി. താറുമാറാക്കിയ ഒരു സമ്പദ്ഘടനയോടെ തരണ സ്തംഭനമുണ്ടായിരുന്ന ഒരു സാഹചര്യത്തിൽ നൂറു കോടി രൂപ കമ്മിയോടുകൂടിയ ഒരു ബഡ്ജറാണ് നിങ്ങൾ ഈ ഗവൺമെൻറിനെ ഏൽപ്പിച്ചുകൊടുത്തത്. നൂറു കോടി രൂപ കമ്മിയോടുകൂടിയ ബഡ്ജറ് അന്നത്തെ ധനകാര്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ഏറെടുത്ത് ഇപ്പോഴത്തെ ധനകാര്യമന്ത്രിയായ ശ്രീ. സി. വി. പത്മരാജനെ ഏൽപ്പിച്ചുകൊടുക്കുമ്പോൾ പതിനാറുകോടി രൂപയുടെ മിച്ചമായിരുന്നു. ഈ സംസ്ഥാനത്തിൻെറ സാമ്പത്തികസ്ഥിതി ഇങ്ങനെയൊരു അവസ്ഥയിൽ എത്തിക്കുവാൻ കഴിഞ്ഞു എന്നത് വലിയ കാര്യമാണ്. ബഹുമാനപ്പെട്ട സി. വി. പത്മരാജൻ 1995-96-ൽ ഇവിടെ 200 കോടി രൂപയുടെ മിച്ച ബഡ്ജറാണ് അവതരിപ്പിച്ചിട്ടുള്ളത് . എന്നത് യാഥാർത്ഥ്യബോധത്തോടുകൂടി നിങ്ങൾ കാണണം. ഇതൊന്നുംതന്നെ കണക്കുകൾ കൊണ്ടുള്ള കളിയല്ല. ഇത് യാഥാർത്ഥ്യബോധത്തോടുകൂടി ഉള്ള കണക്കുകളുടെ വെളിച്ചത്തിൽ നൽകുന്ന വിശദീകരണങ്ങളാണ്. ട്രഷറി പൂട്ടിയിടാതെ വികസന രംഗത്ത് ഏതു മേഖലയിലും നേട്ടങ്ങൾ കൈവരിച്ചുകൊണ്ട് മുന്നോട്ടുപോയ ഐക്യജനാധിപത്യമുന്നണി 1991-ൽ വച്ച പ്രകടന പത്രികയാണ് ഇത്. 1991-ൽ ഞങ്ങൾ വച്ച പ്രകടന പത്രികയിൽ പൂർത്തിയാക്കാത്ത വാഗ്ദാനങ്ങൾ വിരളമാണ് എന്നു നിങ്ങൾ മനസ്സിലാക്കണം. 90 ശതമാനത്തിലേറെ വാഗ്ദാനങ്ങളും പൂർത്തിയാക്കി ക്കൊണ്ട് ഈ ഗവൺമെൻറ് അതിൻെറ കാലാവധി പൂർത്തിയാക്കുന്ന ഈ സാഹചര്യത്തിൽ ട്രഷറി പൂട്ടിയിടുന്ന അവസ്ഥ ഉണ്ടാകുന്നതേയില്ല. എല്ലാ മേഖലയിലും നേട്ടങ്ങൾ കൈവരിച്ചു. ഈ സംസ്ഥാനത്ത് ആദ്യമായി ഒരു കൃഷിനയം കൊണ്ടുവന്ന ഗവൺമെൻറ്, ഒരു ജലനയം കൊണ്ടുവന്ന ഗവൺമെൻറ്, ഒരു വ്യവസായനയം കൊണ്ടുവന്ന ഗവൺമെൻറ്, വനിതാനയം കൊണ്ടുവന്ന ഗവൺമെൻറ്, വനിതാ വികസന കോർപ്പറേഷൻ രൂപീകരിച്ച ഗവൺമെൻറ്, പിന്നോക്ക വിഭാഗങ്ങൾക്ക് കമ്മീഷൻ രൂപീകരിച്ച ഗവൺമെൻറാണ് ഇത്. പ്രത്യുൽപ്പാദനരംഗത്ത് കൃഷിക്കും വൈദ്യുതി ഉൽപ്പാദനത്തിനും ജലസേചനത്തിനും ഊന്നൽ കൊടുത്തു കൊണ്ട് നിർമ്മാണമേഖലയ്ക്ക് ഊന്നൽ കൊടുക്കുന്ന ഒരു ഗവൺമെൻറ് ആയിരുന്നു ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് എന്നു നമ്മുടെ സാമ്പത്തിക വളർച്ചാ നിരക്കിൻെറ ഉയർച്ചയിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. വ്യവസായ മേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളെ ക്കുറിച്ച് ഞാൻ പറയുന്നില്ല. നഷ്ടത്തിലോടിക്കൊണ്ടിരുന്ന പതിമൂന്നിലേറെ കമ്പനികൾ ലാഭത്തിലാക്കാൻ കഴിഞ്ഞു. പ്രൈവറ് ഇൻവെസ്റ്റ്മെൻറിന് ധാരാളം ആളുകൾ നമ്മുടെ സംസ്ഥാനത്തേക്ക് എത്തിക്കൊണ്ടിരിക്കുന്നു. മൺസൂൺ നമ്മെ ചതിച്ചതുകൊണ്ടാണ് പവർകട്ട് ഏർപ്പെടുത്തേണ്ടി വന്നത്. മഴയില്ലാത്തതുകൊണ്ട് ഇങ്ങനെയുള്ള ഒരു സാഹചര്യമുണ്ടായതിൽ കേരളത്തിലെ ജനങ്ങൾ ഈ ഗവൺമെൻറിനു മാപ്പ് നൽകും. മഴയെ നിയന്ത്രിക്കുന്നത് ഈ ഗവൺമെൻറല്ലാത്തതുകൊണ്ട്, മഴ ആവശ്യത്തിന് ഉണ്ടാകാത്തതുകൊണ്ട് റിസർവോയറുകളിലെ ജലനിരപ്പ് താഴ്ന്നു പോവുകയും നമ്മുടെ വൈദ്യുതിയുൽപ്പാദനം കുറഞ്ഞു പോവുകയും ചെയ്തത് സാന്ദർഭികമായി ഉണ്ടായ സാഹചര്യം

LIBRARY ARCHIVES Kerala Legislative Assembly

കാരണമാണ്. നമ്മുടെ സംസ്ഥാനത്തെ റോഡുകളിലെ മെയിന്റനൻസ് ശ്രദ്ധിച്ചിട്ടില്ലേ? ഏറ്റവും കൂടുതൽ റോഡുകളും ടൂറിസം മേഖലയിലും വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലും പിന്നോക്ക ജില്ലയായ വയനാട്, ഇടുക്കി, കാസർകോട് തുടങ്ങിയ പ്രദേശങ്ങൾക്ക് മുൻഗണന കൊടുത്ത് നിർമ്മിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പഞ്ചിനഞ്ചിന പരിപാടിയിൽപ്പെടുത്തി രണ്ടരക്കോടി രൂപ ഇതിനകം വിനിയോഗിച്ചിരിക്കുകയാണ്. ഏതു മേഖലയിലും അഴിമതി ഇല്ലായ്മ ചെയ്യുന്നതിനു വേണ്ടിയുള്ള മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി ജനങ്ങളിലുണ്ടാക്കിയിട്ടുള്ള ആവേശവും രാഷ്ട്രീയമായിട്ടുള്ള ഇടപെടലുകളും പോലീസ് സ്റ്റേഷനുകളിൽ ഉണ്ടാവുകയില്ല എന്നുള്ള ഉറച്ച തീരുമാനവും കേരളത്തിലെ ജനങ്ങളിൽ ആശയും പ്രതീക്ഷയും ഉണ്ടാക്കിയിരിക്കുന്ന ഒരു സാഹചര്യത്തിലാണ് ഈ വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിച്ചിരിക്കുന്നത്.

ഇവിടെ ആഭ്യന്തര രംഗത്തെക്കുറിച്ച് ബഹുമാനപ്പെട്ട സി. പി. ബാലൻ വൈദ്യർ പറഞ്ഞു. ഒരു പെൺകുട്ടിയുടെ ചാരിത്ര്യത്തെ ചോദ്യം ചെയ്യപ്പെട്ട ഒരു സംഭവം ഈ കേരളത്തിൽ ഇനി ഉണ്ടാകാൻ പാടില്ല, ആ സംഭവമുണ്ടാക്കിയത് ആരായിരുന്നാലും ശരി, എത്ര വലിയവനായാലും ശരി, അയാളെ ഈ ഗവൺമെൻറ് അറസ്റ്റു ചെയ്യുന്നതാണ് എന്ന് കാണിച്ചു കഴിഞ്ഞിരിക്കുന്നു. ഇന്നത്തെ പത്രങ്ങളിലും അറസ്റ്റുകളുടെ ഒരു നിരതന്നെ കൊണ്ടിരിക്കുന്നു. ഈ പെൺകുട്ടിയെ ഉപദ്രവിക്കാൻ ഇടയായ, ചാരിത്ര്യം വിൽക്കാൻ ഇടയായ സാഹചര്യം ഒരു കാരണവശാലും പൊറുപ്പിക്കുകയില്ല എന്നു കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആൻറണി ഈ ഫ്ളോറിൽവച്ചുതന്നെ ഈ വിഷയം അവതരിപ്പിച്ച ശ്രീമതി എൻ. കെ. രാധയെ അറിയിച്ചിട്ടുണ്ട്. അതിന്റെ പ്രതികരണമെന്നോണം ഓരോ ദിവസവും അറസ്റ്റുകളും നടക്കുമ്പോൾ എനിക്ക് ബഹുമാനപ്പെട്ട സി.പി. ബാലൻ വൈദ്യരോട് പറയുവാനുള്ളത്, ഇതിനെ ഒരു രാഷ്ട്രീയ സാഹചര്യമായി കാണരുത് എന്നാണ്. 1987-ലെ ഗവൺമെൻറ് അധികാരത്തിൽ വന്നത് ഇടുക്കിയിലെ തങ്കമണിയിൽ നടന്ന സംഭവം ഉയർത്തിപ്പിടിച്ചാണ്. 1987-ൽ കേരളത്തിലെ ജനങ്ങളും നങ്ങളുടെ കണ്ണീർ പൊഴിച്ചിൽ കേട്ട് വിശ്വസിച്ച് നിങ്ങൾക്ക് വോട്ടു തന്നു. എന്നാൽ ആദ്യമായി നിങ്ങൾ ചെയ്തത് എന്താണ്? അതിൽ ഇൻവോൾവ്ഡാണെന്നു കണ്ടുകൊണ്ട്, ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് മാറ്റി നിർത്തിയിരുന്ന പോലീസ് ഉദ്യോഗസ്ഥൻമാരെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കുകയും അവർക്ക് പ്രൊമോഷൻ കൊടുക്കുകയും ചെയ്തു. അങ്ങനെയുള്ള സംഭവം ഇനി ഒരു കാരണവശാലും ഇവിടെ വരികയില്ല. കുറ്റക്കാരെ ശിക്ഷിക്കും. നിങ്ങൾ മദ്യനിരോധനത്തെ ഇവിടെ പുച്ഛിച്ചു പറഞ്ഞു. കേരളത്തിലെ സ്ത്രീകൾ വളരെ പ്രതീക്ഷയോടെ നോക്കിയിരിക്കുന്ന മദ്യനിരോധനം നടപ്പാക്കാനുള്ള ഒരു സാഹചര്യം ഉണ്ടാകണം. ഇവിടെ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കുന്ന ഈ സന്ദർഭത്തിൽ നമ്മുടെ പ്ലാൻ ഔട്ട്ലേയെക്കുറിച്ച് നാം മനസ്സിലാക്കണം. 1995-96 വർഷത്തിലെ നമ്മുടെ പ്ലാൻ ഔട്ട്ലേ 1,550 കോടി രൂപ ആയിരുന്നു. അതു നൂറു ശതമാനവും പ്ലാൻ എക്സ്പെൻറിച്ചർ വരുത്തിയ ഒരു ഗവൺമെൻറാണ് ഐക്യജനാധിപത്യമുന്നണിയുടെ, കാലാവധികഴിയുന്ന, ഈ ഗവൺമെൻറ്. 1996-97 വർഷത്തിലേക്ക് പ്ലാൻ ഔട്ട്ലേയായിട്ട് ഈ ഗവൺമെൻറ് സമർപ്പിച്ചിട്ടുള്ളത് 2,100 കോടി രൂപയാണ്. 35.5 ശതമാനത്തിന്റെ വർദ്ധനവോടുകൂടിയാണ് അത് നാം കൊടുത്തിട്ടുള്ളത്. ഇത്രയും കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പ്രകാശ്ബാബു: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ഈ ഗവൺമെൻറ് അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ട് യാതൊരു കാരണവശാലും ഈ സംസ്ഥാനത്തിൻെറ താല്പര്യങ്ങളെ പരിരക്ഷിക്കാൻ പര്യാപ്തമല്ലാത്തതുകൊണ്ടുതന്നെ ഞാൻ ഇതിനെ എതിർക്കുകയാണ്. ഇത് ഈ ഗവൺമെൻറിന് നൽകുന്ന ഒരു യാത്രയയപ്പ് സമ്മേളനമാണ് എന്നാണ് എനിക്ക് തോന്നുന്നത്. ഒരു ഫെയർവെൽ സമ്മേളനം നടത്തുന്ന പ്രതീതിയാണ്. എനിക്ക് തോന്നുന്നു, 'Farewell to the U.D.F. Government' ഇതിൽ ഒരു സംശയവും വേണ്ട. അങ്ങനെയൊരു യാത്രയയപ്പുസമ്മേളനം ആയതുകൊണ്ട് കൂടുതൽ കാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല.

ശ്രീ. പി. എം. മാത്യു: ഞങ്ങളുടെ അഭിമാനകരമായ തിരിച്ചുവരവിനുള്ള ഒരു യാത്രയയപ്പാണ് ഇത് എന്ന് അങ്ങേക്കറിയാമോ?

ശ്രീ. പി. രാജു: ശ്രീ. പി. എം. മാത്യുവിൻെറ തുണിപോലും ശ്രീ. കെ. എം. മാണി കട്ടുകൊണ്ടുപോയി എന്ന കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. കെ. പ്രകാശ് ബാബു: തുണിയില്ലാത്തതുകൊണ്ട് ഇപ്പോൾ രണ്ടിലെ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്, നഗ്നത മറയ്ക്കാൻ. അതിന് ഇപ്പോൾ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.

സർ, നമ്മുടെ ധനകാര്യമന്ത്രി അവതരിപ്പിച്ച ആ ബഡ്ജറും അതിലെ വോട്ട് ഓൺ അക്കൗണ്ടും സംബന്ധിച്ച് ഇന്നലെ ഞങ്ങൾ ഉന്നയിച്ച ചില സംശയങ്ങളെ ഖണ്ഡിച്ചുകൊണ്ട് അദ്ദേഹം ചില മറുപടികൾ ഇവിടെ പറഞ്ഞുവെങ്കിലും ഞാൻ അദ്ദേഹത്തിൻെറ ശ്രദ്ധ, ഈ സംസ്ഥാനത്തിൻെറ വികസന പ്രവർത്തനങ്ങളിൽ ഈ ഗവൺമെൻറ് ആവശ്യമായിട്ടുള്ളത്ര മുതൽമുടക്കുന്നില്ല എന്നതിലേക്ക് ക്ഷണിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ആ ബഡ്ജറിലെ റവന്യൂ എക്സ്പെൻറിച്ചറിൽ വരുത്തിയിട്ടുള്ള കുറവ് ഈ സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾക്ക് മുതൽമുടക്കുന്നതിൽ ഈ ഗവൺമെൻറ് കാണിക്കുന്ന വൈമുഖ്യം വിളിച്ചറിയിക്കുന്നതാണ്. 1990-91-ൽ ആകെയുള്ള റവന്യൂ എക്സ്പെൻറിച്ചറിൻെറ 63.81 ശതമാനം ഡെവലപ്മെൻറ് എക്സ്പെൻറിച്ചറിനാണ് വേണ്ടിയായിരുന്നു. 1994-95-ൽ ഈ ഗവൺമെൻറ് ബഡ്ജറ് അവതരിപ്പിച്ചപ്പോൾ ഡെവലപ്മെൻറ് എക്സ്പെൻറിച്ചർ 61.13 ശതമാനം ആയി. ഇപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറിൽ അത് 60.94 ശതമാനം മാത്രമായി. ഇതിൽ വളരെ കടമായ ഒരു വ്യത്യാസമുണ്ട്. അത് ഡെറ് സർവ്വീസിനെ സംബന്ധിച്ചാണ്. സംസ്ഥാനം കടക്കെണിയിലേയ്ക്ക് പോകുന്നുവെന്ന് ഇന്നലെ ഞങ്ങൾ ഇവിടെ പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വളരെ വിദഗ്ദ്ധമായി ഞങ്ങളുടെ വാദഗതിയെ ഖണ്ഡിച്ചുകൊണ്ട് കടക്കെണിയിലേയ്ക്ക് പോകുകയല്ല എന്ന് സമർത്ഥിച്ചു. പക്ഷെ കണക്കുകൾ വ്യക്തമാക്കുന്നത് 1990-91-ൽ ഡെറ് സർവ്വീസിനുവേണ്ടി 13.47 ശതമാനമേ ആകെയുള്ള എക്സ്പെൻറിച്ചറിൽ മാറ്റിവെച്ചിട്ടുള്ളൂ എന്നാണ്. 1994-95-ൽ യു.ഡി.എഫ്. ഗവൺമെൻറിൻെറ കാലത്ത് 14.82 ശതമാനം ആയി; ഇപ്പോൾ അത് 15.64 ശതമാനമായി വർദ്ധിച്ചു. ഈ സംസ്ഥാനം ഭീകരമായ കടത്തെ അഭിമുഖീകരിക്കുന്നുവെന്നുള്ളതുകൊണ്ടാണ് ഡെറ് സർവ്വീസ് ഇവിടെ വർദ്ധിച്ചുവരുന്നത്. നമ്മുടെ സംസ്ഥാനം ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

നേരിടുന്ന പ്രതിസന്ധികളിൽ ഊർജ്ജ പ്രതിസന്ധി ഏറ്റവും വലിയ പ്രതിസന്ധിയായി നിലനിൽക്കുന്നു. പൂയംകുട്ടി പദ്ധതിക്ക് അനുമതിനേടി കേന്ദ്രത്തിൽനിന്ന് എത്തിയ ശ്രീ. ജി. കാർത്തികേയന് ഈ നിയമസഭ അഭിനന്ദനങ്ങൾ അർപ്പിച്ചു. ആ പൂയംകുട്ടി പദ്ധതി നടപ്പാക്കുകയില്ലെന്ന് ഇപ്പോൾ ഏറെക്കുറെ ഉറപ്പായില്ലേ? ഊർജ്ജ പ്രതിസന്ധി നേരിടുന്നതിനുവേണ്ടി പല പ്രദേശങ്ങളിലും നടക്കുന്ന ഭീകരമായ കൊള്ളകൾ, അഴിമതികൾ എന്നിവ സംബന്ധിച്ച് ഞങ്ങൾ ഇവിടെ പരാമർശിച്ചിട്ടുള്ളതാണ്; അതൊന്നും ആവർത്തിക്കുന്നില്ല. മുഖ്യമന്ത്രിയുടെ പ്രധാനപ്പെട്ട പതിനഞ്ചിനപരിപാടിയിൽ ആദ്യത്തെ ഇനമായിരുന്നല്ലോ അഴിമതി നിർമ്മാർജ്ജനം. അഴിമതി നിർമ്മാർജ്ജനം ഉൾപ്പെടെയുള്ള പതിനഞ്ചിനപരിപാടി നടപ്പിലാക്കിയപ്പോൾ ആ പതിഞ്ചിന പരിപാടി നടപ്പാക്കിയതിൽ നടന്ന അഴിമതിയെ സംബന്ധിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 15 എം. എൽ. എ.-മാർ ചേർന്ന് ഒരു മെമ്മോറാണ്ടം തയ്യാറാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൊടുത്തു, അന്വേഷണം നടത്തുന്നതിനുവേണ്ടി. ശ്രീ. കെ. ഇ. ഇസ്മയിൽ കഴിഞ്ഞ നിയമസഭയിൽ ഇക്കാര്യം ഉന്നയിക്കുകയും ചെയ്തു. പതിനഞ്ചിനപരിപാടിയിൽ ഉൾപ്പെടുത്തിയ ലക്ഷ്യം വീടുകളുടെ വൈദ്യുതീകരണത്തിനുവേണ്ടി പോസ്റ്റുനിർമ്മാണം നടത്തിയതിൽ ഉണ്ടായിട്ടുള്ള ഭീകരമായ അഴിമതി ഞങ്ങൾ ചൂണ്ടിക്കാണിച്ചതാണ്. 1,400 രൂപയ്ക്ക് ഇലക്ട്രിക് പോസ്റ്റുകൾ നിർമ്മിക്കുന്നതിനുള്ള കോൺട്രാക്ട് കൊടുത്തതിൽ വളരെ ഭീതിജനകമായ അഴിമതി നടന്നതായി ഞങ്ങൾ കണക്കുകൾ സഹിതം വ്യക്തമാക്കി. നമ്മുടെ ഗവൺമെൻറ് പതിനഞ്ചിനപരിപാടിയിൽ നടന്ന അഴിമതിയെ സംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് വരുത്തിക്കൊണ്ട് തല്ക്കാലം പോസ്റ്റ് നിർമ്മാണം നിർത്തിവച്ചു. പതിനഞ്ചിനപരിപാടിയിലെ അഴിമതി ഞങ്ങൾ ചൂണ്ടിക്കാണിച്ചപ്പോൾ ഇലക്ട്രിസിറ്റി വകുപ്പിലെ ഉദ്യോഗസ്ഥൻമാർ കൊടുത്ത റിപ്പോർട്ട് സത്യസന്ധമായതുകൊണ്ട് അത് നിർത്തിവയ്ക്കാൻ ഈ ഗവൺമെൻറ് ഉത്തരവുകൊടുത്തു. അതിൽ അഴിമതി നടന്നതുകൊണ്ടല്ലേ നിങ്ങൾ നിർത്തിവച്ചത്? 1,400 രൂപയ്ക്ക് പോസ്റ്റ് നിർമ്മിക്കുന്നതിനുള്ള ആ പദ്ധതി ഇപ്പോൾ എന്തുകൊണ്ട് നിർത്തിവച്ചു? അഴിമതി നടന്നില്ലായിരുന്നെങ്കിൽ നിങ്ങൾ അത് നിർത്തിവയ്ക്കുമായിരുന്നോ? ഒരു ചൊല്ലുണ്ട്, 'ഗണപതിയ്ക്ക് വച്ചത് നായ് കൊണ്ടുപോയി' എന്ന് മുഖ്യമന്ത്രിയുടെ ആദ്യത്തെ പരിപാടിയായ പതിനഞ്ചിനപരിപാടിയിൽ തന്നെ കോടിക്കണക്കിന് രൂപയുടെ അഴിമതി സംബന്ധിച്ച് ഗവൺമെൻറ് ഉത്തരവായിട്ടാണ് പോസ്റ്റ് നിർമ്മാണം നിർത്തിവച്ചത്. വൈദ്യുതി രംഗത്ത് ഇതുപോലെ എത്രയെത്ര ഞെട്ടിപ്പിക്കുന്ന അഴിമതികഥകൾ വരുന്നു. കക്കാട് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിൽ നടന്നിട്ടുള്ള ഭീകരമായ അഴിമതിയെ സംബന്ധിച്ച് ഇപ്പോൾ അക്കൗണ്ടൻറ് ജനറലിൻെറ റിപ്പോർട്ടിൽ വളരെ വ്യക്തമാക്കിയിരിക്കുന്നു. അക്കൗണ്ടൻറ് ജനറലിൻെറ റിപ്പോർട്ടിലെ ഒന്ന്-രണ്ട് കാര്യങ്ങൾ ഞാൻ വായിക്കാം. "The award of the work to the contractors at higher rates without inviting fresh tenders lacked justification." മറൊന്ന്, "The undue benefit extended to the contractor on account of treating the work as extra item and paying at higher rates amounted to Rs. 42·89 lakhs." 18 കോടി രൂപയ്ക്കുള്ള ചെറിയ ഈ കക്കാട് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്, കേവലം 50 മെഗാവാട്ട് മാത്രം വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി തുടങ്ങിവച്ച ഒരു പദ്ധതിയാണ്. ഇന്ന് 100 കോടിയിൽ അധികം രൂപ ചിലവഴിച്ചപ്പോഴും അക്കൗണ്ടൻറ് ജനറൽ നടത്തിയ പരിശോധനയിൽ

LIBRARY ARCHIVES Kerala Legislative Assembly

അക്കൗണ്ടൻറ് ജനറലിൻറെ റിപ്പോർട്ടിൽനിന്നും വ്യക്തമായത് ആകെയുള്ള വർക്കിൻറെ ഏഴുശതമാനം മാത്രമേ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നാണ്. ഏഴുശതമാനം വർക്ക് പൂർത്തിയായപ്പോൾ 50 മെഗാവാട്ടിൻറെ പദ്ധതിയിൽ 100 കോടി രൂപ ഇതിനകം ചെലവായിക്കഴിഞ്ഞു. അതിൽ ഒറിജിനൽ എഗ്രിമെൻറിലുള്ള വർക്ക്തന്നെ എക്സ്ട്രാ ഐറ്റമായി കൊടുത്ത് അതിനുപകരം സപ്ലിമെൻററി എഗ്രിമെൻറ് ഉണ്ടാക്കിക്കൊണ്ട്, എക്സ്ട്രാ ഐറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ട്, കോടിക്കണക്കിനു രൂപ കോൺട്രാക്ടേഴ്സും കുറെ ആളുകളുംകൂടി ചേർന്ന് കൊള്ള ചെയ്തതിൻറെ കഥകളാണ് അക്കൗണ്ടൻറ് ജനറലിൻറെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. അതിൽ അക്കൗണ്ടൻറ് ജനറൽ എല്ലാഭാഗവും കണ്ടില്ലാ എന്നാണ് എനിക്ക് തോന്നുന്നത്. അദ്ദേഹത്തിൻറെ കൺക്ലൂഷനിൽ അക്കൗണ്ടൻറ് ജനറൽ പറഞ്ഞിരിക്കുന്നത്, "The concessions granted to the contractors beyond the scope of the agreement and waiver of interest and penalties aggregated to about Rs. 8 crores" എന്നാണ്. ഞാൻ അത് മുഴുവനും കൂട്ടിനോക്കി. യഥാർത്ഥത്തിൽ 12 കോടിയിലധികം രൂപ ഓവർ പേമെൻറായി, എഗ്രിമെൻറിന് വിരുദ്ധമായി, നിയമത്തിനു വിരുദ്ധമായി ആ കോൺട്രാക്ടർക്ക് കൊടുത്തിട്ടുണ്ട്. ഈ വിഷയം അക്കൗണ്ടൻറ് ജനറൽ പറഞ്ഞിരിക്കുന്നത് The matter was reported to the Governmnet in June 1995, their replies had not been received (September 1995) എന്നാണ്. അക്കൗണ്ടൻറ് ജനറൽ ഈ വിവരം ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെടുത്തിയിട്ട് ഗവൺമെൻറ് അതിന് ഒരു മറുപടിയും 1995 സെപ്തംബർവരെ കൊടുത്തിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. എൻറെ കയ്യിലിരിക്കുന്ന ഈ രേഖകൾ ഇതൊരു യാത്രയയപ്പുസമ്മേളനം ആയതുകൊണ്ട് ഞാൻ മേശപ്പുറത്തു വയ്ക്കുന്നില്ല. ഞാനിത് ജനങ്ങളുടെ മേശപ്പുറത്ത് വയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. ഇനി ഇപ്പോൾ ഇതൊന്നും ഇവിടെ പറഞ്ഞിട്ട് കാര്യമില്ലെന്ന് അറിയാം. ഇലക്ട്രിസിറ്റി ബോർഡിൻറെ ഈ രേഖയിൽ മുഴുവൻ പറയുന്നത് എക്സ്ട്രാ ഐറംസ് കൊടുത്തതിനെ സംബന്ധിച്ചുള്ള എഗ്രിമെൻറിന് വിരുദ്ധമായ കണക്കുകളാണ്. ഈ മുഴുവൻ രേഖകളും പരിശോധിച്ചാൽ അതിലൊരു റഫറൻസ് ഉണ്ട്, ആ റഫറൻസ് പറയുന്നത് Financial Adviser and Chief Accounts Officer, of the Electricity Board-ൻറെ കത്തുകളാണ്. കോടിക്കണക്കിന് രൂപയുടെ ഓവർ പേമെൻറ്, എഗ്രിമെൻറിന് വിരുദ്ധമായിട്ടുള്ള മുഴുവൻ തുക കൊടുത്തതിലും ഒരു റഫറൻസ് ഉള്ളത് F.A. & C.A.O.-യുടെ റിപ്പോർട്ടുകളും അദ്ദേഹത്തിൻറെ ശുപാർശകളുമാണ്. ഈ ഗവൺമെൻറിലേയ്ക്ക് C. & A.G. റിപ്പോർട്ടു കൊടുത്തു മാസങ്ങളായിട്ടും ഒരു മറുപടിപോലും കൊടുക്കാതിരിക്കുമ്പോൾ ഈ കോടിക്കണക്കിന് രൂപ അനധികൃതമായി കോൺട്രാക്ടേഴ്സിന് കൊടുക്കുന്നതിനുവേണ്ടി ശുപാർശ ചെയ്ത ആ Financial Adviser and Chief Accounts Officer-നെ ഈ ഗവൺമെൻറ് ഇലക്ട്രിസിറ്റി ബോർഡിലെ മെമ്പർ (അക്കൗണ്ട്സ്) ആയി നിയമിച്ചു. കോടിക്കണക്കിന് രൂപയുടെ ബാദ്ധ്യത ഇലക്ട്രിസിറ്റി ബോർഡിന് ഉണ്ടാക്കിയ, കോടിക്കണക്കിന് നഷ്ടം ഈ സംസ്ഥാനത്തിന് ഉണ്ടാക്കിയ, ആ ഓഫീസറെ മെമ്പർ (അക്കൗണ്ട്സ്) ആയി ഇലക്ട്രിസിറ്റി ബോർഡിലേയ്ക്ക് നിയമിച്ചത് എന്തുകൊണ്ട്? കൊള്ളമുതൽ പങ്കുവയ്ക്കുന്നതിൻറെ പാരിതോഷികം എന്നല്ലാതെ അതിൽ വേറൊന്നും പറയാനില്ല. ഇപ്പോൾ കാലാവധി കഴിയുന്ന ഈ ഗവൺമെൻറ് ആ ബോർഡിനെ re-consititute ചെയ്തു. അക്കൗണ്ടൻറ് ജനറലിൻറെ റിപ്പോർട്ട് കിട്ടിയതിനുശേഷവും, കോടിക്കണക്കിന് രൂപ നഷ്ടമുണ്ടെന്ന് വ്യക്തമായതിനുശേഷവും അയാൾക്ക് പാരിതോഷികമായി ഒരു സ്ഥാനം കൊടുത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഇരുത്തിയിരിക്കുകയാണ്. അക്കൗണ്ടന്റ് ജനറൽ കൊടുത്ത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ? കോടിക്കണക്കിന് രൂപയുടെ അഴിമതി നടന്നിട്ടുള്ള സംഭവങ്ങളെ സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം കക്കാട് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിൽ ഉണ്ടാകണമെന്ന് ഗവൺമെന്റിനോടും ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി വകുപ്പുമന്ത്രിയോടും അഭ്യർത്ഥിക്കുന്നു. ഒന്നു രണ്ടു കാര്യങ്ങൾകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണ്. കക്കാട് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിനെക്കുറിച്ചുള്ള ജുഡീഷ്യൽ അന്വേഷണം വേണം, അതോടൊപ്പം ഇന്നു നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൽഘാടനം ചെയ്ത, ഈ ജനാധിപത്യ സംവിധാനത്തിൽ ജനാധിപത്യ കീഴ്വഴക്കങ്ങളെ ലംഘിക്കുന്ന, ജനാധിപത്യ മര്യാദകളെ ലംഘിക്കുന്ന, നിരവധി സംഭവങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടക്കുന്നുണ്ട്. 16-ാം തീയതി മാതൃഭൂമി പത്രത്തിൽവന്ന ഒരു വാർത്തയാണ് ഇത്. 'ലൈംഗിക പീഡനം—മന്ത്രി അംഗീകരിച്ച ഉത്തരവ് കമ്മീഷണർ റദ്ദാക്കി'. ലൈംഗിക പീഡനം നടത്തിയ ഉദ്യോഗസ്ഥനെ പിരിച്ചുവിടാനുള്ള മന്ത്രി അംഗീകരിച്ച ഉത്തരവ് കമ്മീഷണർ ആൻഡ് സെക്രട്ടറി റദ്ദാക്കി. ജനാധിപത്യത്തെക്കുറിച്ച് കൂടുതൽ പറയുന്ന നമ്മുടെ സംസ്ഥാനത്തുമാത്രം നിലനിൽക്കുന്ന ഒരു പ്രതിഭാസമാണിത്.

കഴിഞ്ഞ ഒരു ദിവസം ഇവിടെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യുന്ന ബില്ലുമായി ബന്ധപ്പെട്ട് ചർച്ച നടക്കുമ്പോൾ കാസർകോട് എസ്.പി.-യെ സംബന്ധിച്ച് ഒരു കാര്യം ഇവിടെ പറഞ്ഞു. അതിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രി ഫയൽ കാണുകയും അദ്ദേഹം അതിൽ നടപടി എടുക്കണ്ടതിനുവേണ്ടി എഴുതുകയും ചെയ്തിട്ടും ആ ഫയൽ ചീഫ് സെക്രട്ടറി ഇപ്പോൾ എടുത്ത് പൂഴ്ത്തിവച്ചിരിക്കുന്നു. നടപടി നടത്താൻ കഴിയുകയില്ല. ഇവിടെ സാംസ്കാരിക വകുപ്പുമന്ത്രി ഇട്ട ഉത്തരവിനെ സംബന്ധിച്ചാണ് ഈ പത്രം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. മന്ത്രി ഇട്ട ഉത്തരവ് സെക്രട്ടറി മാറ്റിവച്ചു എന്നു മാത്രമല്ല; സെക്രട്ടറി അതിൽ എഴുതിയ ഒരു സെൻറൻസ് ബഹുമാനപ്പെട്ട ചെയറിന്റെ ശ്രദ്ധയിൽ ഞാൻ കൊടുത്തു: കമ്മീഷണർ ആൻഡ് സെക്രട്ടറി ഡോ. ബാബുപോൾ ഫയലിൽ എഴുതി, 'ഒരു പോലീസുകാരിയുടെ പിറകടലാസിൻമേൽ തീരുമാനമെടുക്കേണ്ട വിഷയമല്ല ഇതെ'ന്ന്. മന്ത്രിയുടെ ഉത്തരവിനു എന്താണ് വില? നമ്മുടെ ചീഫ് സെക്രട്ടറിയാണല്ലോ ഇവരുടെ എല്ലാവരുടെയും തലപ്പത്തിരുന്നുകൊണ്ട് ഇതിനെയൊക്കെ നിയന്ത്രിക്കുന്നത്. ഇവിടെ ജനാധിപത്യത്തിനെപ്പറ്റിയെല്ലാം പ്രസംഗിക്കുമ്പോഴും അതിനെയൊക്കെ അടിച്ചമർത്തുന്നതിന്റെ ഒരു ഉദാഹരണം ഞാൻ പറയാം. ചീഫ് സെക്രട്ടറി ഉള്ളപ്പോൾ മുഖ്യമന്ത്രിയുടെ അടുത്തപോലും മറ്റ് മന്ത്രിമാർക്ക് ഇരിക്കാൻ കഴിയുന്നില്ല. അവരൊക്കെ ദൂരെ പോയി ഇരിക്കുകയാണ്. മുഖ്യമന്ത്രി കഴിഞ്ഞാൽ ചീഫ് സെക്രട്ടറിക്കാണ് ഏറ്റവും വലിയ പദവി. ചീഫ് സെക്രട്ടറിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് മാത്രം പ്രവർത്തിക്കുന്ന ഒരു മുഖ്യമന്ത്രിയായി നമ്മുടെ മുഖ്യമന്ത്രി അധഃപതിക്കുന്നു എന്നാണ് എന്റെ ആക്ഷേപം. അദ്ദേഹത്തിന്റെ നടപടികൾ നമ്മുടെ ജനാധിപത്യപരമായിട്ടുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത നിലയിലേക്ക് പോകുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊടുക്കുന്ന കാര്യം തന്നെ എടുക്കാം. ആറെണ്ണം കൊടുത്താൽ നാലെണ്ണം ചീഫ് സെക്രട്ടറിക്ക്. ഇങ്ങനെ ഒരു ചീഫ് സെക്രട്ടറി ഈ സംസ്ഥാനത്ത് ഒരിക്കലും ഉണ്ടായിട്ടില്ല. കോളേജുകൾ കൊടുത്താൽ ഒരെണ്ണം ചീഫ്

LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടറിക്ക്. ഏത് മന്ത്രി പങ്കുവച്ചാലും ശരി അതിൽ ഒരെണ്ണം ചീഫ് സെക്രട്ടറിക്ക്. സംസ്ഥാനത്തിലെ ഏതു നടപടി എടുത്താലും അതിന്റെ എല്ലാത്തിന്റേയും വിഹിതം ചീഫ് സെക്രട്ടറിക്കുണ്ട്. എന്റെ കയ്യിൽ അഷ്വറൻസ് കമ്മിറ്റിയുടെയും മേശപ്പുറത്ത് വച്ച കടലാസ്സുകളും സംബന്ധിച്ച സമിതിയുടെയും ഓരോ റിപ്പോർട്ടുകളും ഉണ്ട്. ആ റിപ്പോർട്ടുകളിലും ഒരു കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയിരുന്നു. നിരവധി വർഷങ്ങളായി വനം വകുപ്പിന്റെ സെക്രട്ടറി ചെയർമാനായിട്ടുള്ളതാണ് കേരളാ ഫോറസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ. ഞങ്ങളതു പരിശോധിക്കുന്ന സമയത്ത് വർഷങ്ങളായി ചീഫ് സെക്രട്ടറിയാണ് അതിന്റെ ചെയർമാനായിട്ട് ഇരിക്കുന്നത്. ആ ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള കോർപ്പറേഷന്റെ അക്കൗണ്ടുകളും നിരവധി വർഷങ്ങളായി ആഡിറ്റ് ചെയ്യുന്നില്ല. അദ്ദേഹത്തെ മാറ്റണമെന്നു പറഞ്ഞുകൊണ്ട് എഴുതി. ഞാൻ മനസ്സിലാക്കുന്നത് വനം വകുപ്പുമന്ത്രിയും ഈ റിപ്പോർട്ട് കണ്ടതിന്റെ അടിസ്ഥാനത്തിൽ കെ.എഫ്.ഡി.സി.-യുടെ ചെയർമാൻ സ്ഥാനത്തുനിന്നും ചീഫ് സെക്രട്ടറിയെ മാറ്റണമെന്ന് എഴുതി. പക്ഷേ നമ്മുടെ മുഖ്യമന്ത്രിയുടെ ഓഫീസിൽ അത് ഇപ്പോഴും കിടപ്പാണ്; ആ ഫയൽ ഉറങ്ങിക്കിടക്കുന്നു. ഒരു നടപടിയും നടത്താൻ കഴിയുന്നില്ല. ഇങ്ങനെ ഉദ്യോഗസ്ഥ ഭരണം നിലനിർത്തിക്കൊണ്ട് ജനാധിപത്യ പ്രസ്ഥാനങ്ങളേയും ജനാധിപത്യത്തേയും ചവിട്ടിമെതിക്കുന്ന ഒരു സമീപനമാണ് ഈ ഗവൺമെന്റും അതിന്റെ തലവനായിട്ടുള്ള മുഖ്യമന്ത്രിയും എടുക്കുന്നത്. ഞാൻ മറ്റ് കാര്യങ്ങളിലേക്കൊന്നും പോകുന്നില്ല. ആരും പിൻസീറ്റ് ഡ്രൈവിംഗ് നടത്തണ്ട എന്നാണല്ലോ അദ്ദേഹം പറയുന്നത്. എന്നാൽ പിൻസീറ്റ് ഡ്രൈവിംഗ് മാത്രം നടത്തി എത്തിയിട്ടുള്ള ആളാണ് നമ്മുടെ മുഖ്യമന്ത്രി. പദവിയില്ലാത്ത എല്ലാ സമയത്തും പിൻസീറ്റ് ഡ്രൈവിംഗ് നടത്തി നല്ല പരിചയമുള്ള ആളാണ് നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി. ആ മുഖ്യമന്ത്രി ഇപ്പോഴും പിൻസീറ്റ് ഡ്രൈവിംഗിനെ സംബന്ധിച്ച് നാട്ടിൽ പറയുന്ന പരാതി, പാർട്ടിക്കാരോട് പറയുന്ന പരാതി കേൾക്കുമ്പോഴും ഞങ്ങൾക്ക് വളരെ കൗതുകമുണ്ട്. മി. പാലോട് രവി, അദ്ദേഹം ഇപ്പോഴാണല്ലോ അതിനെക്കുറിച്ച് പരാതി പറയുന്നത്. അങ്ങനെ ആ പിൻസീറ്റ് ഡ്രൈവിംഗ് മാത്രം നടത്തി ഇവിടെ അധികാരത്തിൽ വന്ന നമ്മുടെ മുഖ്യമന്ത്രിക്ക്.....

ശ്രീ. പാലോട് രവി: അങ്ങയുടെ നേതാവ് സഖാവ് എം. എൻ. ഗോവിന്ദൻ നായർ, അധികാരമൊന്നും ശ്രീ. എ. കെ. ആന്റണിക്ക് കിട്ടാതിരുന്നത് പിൻസീറ്റ് ഡ്രൈവിംഗ് അറിഞ്ഞുകൂടാത്തതു കൊണ്ടാണെന്ന് പറഞ്ഞത് അങ്ങേക്ക് അറിയാമോ?

ശ്രീ. കെ. പ്രകാശ് ബാബു: ശ്രീ. എം. എൻ ഗോവിന്ദൻ നായർ വ്യക്തിപരമായി ശ്രീ. ആന്റണിയെക്കുറിച്ച് മുമ്പ് നല്ലതു പറഞ്ഞിട്ടുണ്ട്. ഞാൻ വ്യക്തിപരമായി ശ്രീ. എ. കെ. ആന്റണിയെക്കുറിച്ചല്ല പറയുന്നത്. അധികാരമില്ലാത്ത ശ്രീ. എ. കെ. ആന്റണി എന്നും പിൻസീറ്റ് ഡ്രൈവിംഗേ നടത്തിയിട്ടുള്ളൂ. ശ്രീ. ചെറിയാൻ ഫിലിപ്പിനെക്കൊണ്ടും ശ്രീ. ഉമ്മൻചാണ്ടിയെക്കൊണ്ടും ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററെക്കൊണ്ടും ശ്രീ. കെ. പി. നൂറുദ്ദീനെക്കൊണ്ടും ശ്രീ. പാലോട് രവിയെക്കൊണ്ടുമെല്ലാം നാടകങ്ങൾ നിരവധി നടത്തിച്ചിട്ടുള്ള ആളാണ് ശ്രീ. എ. കെ. ആന്റണി. ഇങ്ങനെ നിരവധി നാടകങ്ങൾ അഭിനയിച്ചാണ് അദ്ദേഹം പിൻസീറ്റിൽക്കൂടി ഇവിടെ കടന്നുവന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ പിൻസീറ്റ് ഡ്രൈവിംഗ് നടത്തി ഇവിടെ വന്ന് ജനാധിപത്യ പരമായി പ്രവർത്തിക്കുന്ന സംഘടനകളെ മാനിക്കാതെ നമ്മുടെ നാട്ടിലെ ജനങ്ങളെ ബാധിക്കുന്ന വിഷയങ്ങളിൽ പ്രതികരിക്കാതെ നിത്യോപയോഗ സാധനങ്ങളുടെ വില ഓരോ വർഷവും കുതിച്ചുകയറുമ്പോൾ അതൊന്നും കണ്ടില്ലെന്നു നടിച്ച് ഇവിടെ വനിതാനയവും മറ്റുമൊക്കെ കൊണ്ടുവരിക മാത്രമാണ് ചെയ്തിട്ടുള്ളത്. വനിതാ നയമൊക്കെ നല്ല കാര്യം തന്നെയാണ്, അല്ലെന്നല്ല ഞാൻ പറഞ്ഞത്. എന്നാൽ സ്ത്രീകളെ പീഡിപ്പിക്കുമ്പോൾ അവിടേക്ക് സർക്കാരിന്റെ മുഖം തിരിയുന്നില്ല. ജനുവരി മാസം 16-ാം തീയതി നടന്നസംഭവത്തിൽ ഇത്രയും നാളുകളായിട്ട് നടപടി എടുക്കാതിരുന്നതുകൊണ്ടാണ് ഇന്നലെ അത് അടിയന്തിരപ്രമേയ മായിട്ട് വന്നത്. ജനങ്ങളെ ബാധിക്കുന്ന വിഷയങ്ങളിൽ മുഖം തിരിഞ്ഞി രിക്കുന്ന മുഖ്യമന്ത്രി എ. കെ. ആന്റണിക്ക് കേരളത്തിന്റെ ചരിത്രം മാപ്പുതരികയില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ കാര്യത്തിൽ ഒരു തർക്കവും വേണ്ട. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ സീറ്റിൽ ഇല്ല. ഞാൻ അദ്ദേഹത്തോട് ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതത്തിൽ ആദ്യമായി ഈ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ ഒരു പ്രതിപക്ഷ മെമ്പറായി ഇരിക്കേണ്ടിവരുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ടെന്നുകൂടി പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ ഗവൺമെന്റ് അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. കെ. എം. സൂപ്പി:</u> സർ, ബഹുമാന്യനായ ധനകാര്യ വകുപ്പു മന്ത്രി അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്താങ്ങുന്നു. ഒമ്പതാം കേരള നിയമസഭയുടെ അവസാനത്തെ ഈ ദിവസത്തിൽ വളരെയേറെ അഭിമാനത്തോടും വളരെയേറെ സന്തോഷത്തോടുംകൂടിയാണ് ഐക്യജനാധിപത്യ മുന്നണിയിലെ അംഗങ്ങൾ സഭയിൽനിന്നും ഇറങ്ങി പ്പോകുന്നത്. അഞ്ച് കൊല്ലം കാലാവധി പൂർത്തീകരിച്ചു എന്നുമാത്രമല്ല പരിമിതമായ കഴിവുകളുടെ പരിധിക്കകത്തുനിന്നുകൊണ്ട് സംസ്ഥാന ത്തിലെ ജനങ്ങളോട് നിർവ്വഹിക്കാനുള്ള കടപ്പാടുകൾ എല്ലാ അർത്ഥത്തിലും ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് നിർവഹിച്ചുവെന്ന് ഞാൻ അവ കാശപ്പെടുന്നു. ഈ ദിവസം പരിഭവിച്ച് ഇറങ്ങിപ്പോകാനുള്ള ദിവസമല്ല; വളരെ സൗഹൃദമായി, സന്തോഷകരമായി ഇറങ്ങിപ്പോകാനുള്ള ദിവസമാണ്. പ്രതിപക്ഷ ഭാഗത്തേക്ക് അത്ര മൂർച്ചയുള്ള വാക്കുകൾ ഇന്ന് ഞങ്ങൾക്ക് ഉപയോഗിക്കേണ്ട ആവശ്യമില്ല. പക്ഷേ ഒരു കാര്യം ഞാൻ ഓർമ്മ പ്പെടുത്തുന്നു. നീതിയും സത്യവും, അതുപോലെ സംസ്ഥാനത്തിന്റെ വികസനത്തിന് എന്തൊക്കെ ആവശ്യമാണോ അതെല്ലാം പാർട്ടി താൽപ്പര്യത്തിന് അതീതമായി പ്രത്യയശാസ്ത്രത്തിന്റെ തടവറകൾക്ക തീതമായി കാണാനുള്ള വിശാലമായ മനസ്ഥിതി ഈ ഗവൺമെന്റിനു ണ്ടായി എന്ന് ഞങ്ങൾ അവകാശപ്പെടുന്നു. അതുകൊണ്ടുതന്നെ ജനഹൃദയ ങ്ങളിൽ പൂർണ്ണമായ അംഗീകാരം വാങ്ങിച്ചുകൊണ്ട് അഞ്ചുകൊല്ലത്തേയ്ക്ക് വന്ന ഞങ്ങൾ അഞ്ചു കൊല്ലവും അഞ്ചു ദിവസവും അഞ്ച് നാഴികയും പൂർത്തീകരിച്ചിട്ട് മാത്രമാണ് ഇറങ്ങുന്നത്. മറിച്ച് നാലു കൊല്ലം പൂർത്തീകരിച്ചപ്പോൾ ശ്വാസംമുട്ടി ഇറങ്ങിപ്പോകാനുള്ള ഗതികേട് ഐക്യജനാധിപത്യ മുന്നണിയ്ക്കില്ലെന്ന ചരിത്രം ഞാൻ ഓർമ്മപ്പെടുത്തു കയാണ്. നമ്മുടെ ബഹുമാനപ്പെട്ട പ്രതിപക്ഷം നിഷേധാത്മകമായ സമീപനമാണ് കഴിഞ്ഞ അഞ്ചുവർഷവും സഭയിൽ സ്വീകരിച്ചതെന്ന് ഞാൻ കുറ്റപ്പെടുത്തുകയാണ്. ഇതിന് ഒരുപാട് ഉദാഹരണങ്ങളുണ്ട്. ഏറ്റവും അടുത്ത് ഗവൺമെന്റ് പ്രഖ്യാപിച്ച ചാരായനിരോധനം. ഇത്

LIBRARY ARCHIVES Kerala Legislative Assembly

ഒരു വലിയ കാര്യമാണെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. മദ്യം പൂർണ്ണമായും നിരോധിക്കണമെന്ന ജനഹൃദയങ്ങളുടെ പരമോന്നതമായ ആഗ്രഹത്തിലേക്കുള്ള ഒരു ചവിട്ടുപടിയാണ് ചാരായനിരോധനം. ഈ നാട്ടിലെ പാവപ്പെട്ടവരും കൂലിപ്പണിക്കാരും ദിവസവും കിട്ടുന്ന മുഴുവൻ കൂലിയും ചാരായത്തിനുവേണ്ടി ചെലവഴിച്ച് വീടിനെ നരകമാക്കുന്നതിൽനിന്ന് വിമുക്തമാക്കാൻ ഈ ഗവൺമെൻറ് തയ്യാറായപ്പോൾ അതിനേപ്പോലും എതിർക്കുന്ന സമീപനമാണ് സഭയിലെ പ്രതിപക്ഷം സ്വീകരിച്ചതെന്ന് ഞാൻ കുറ്റപ്പെടുത്തുകയാണ്.

സർ, വിദ്യാഭ്യാസ സ്ഥാപനങ്ങളനുവദിച്ച കാര്യത്തിൽ എതിർപ്പ് ഉണ്ടായി. ഇന്നോളമുള്ള ചരിത്രം പരിശോധിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എണ്ണിനോക്കിയാൽ പല ന്യൂനപക്ഷ സമുദായങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങൾ കിട്ടുന്നതിലും വിദ്യാഭ്യാസത്തിൻറെ പുരോഗതിയിലും പിന്നിലായിരുന്നു എന്നു കാണാം. അത് സമതുലീകരിക്കാൻ ഇക്കാര്യത്തിൽ വിശാലമായ ഒരു നയം സ്വീകരിച്ചപ്പോൾ അതിനെതിരെ സമരവും സത്യാഗ്രഹവും നടത്തിയവരാണ് ഈ സഭയിലെ പ്രതിപക്ഷങ്ങൾ എന്ന് ഞാൻ ആരോപിക്കുകയാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ന്യൂനപക്ഷത്തിൻറെ മറവിൽ നിങ്ങളെപ്പോലുള്ള പ്രമാണിമാർ കോളേജുകളും സ്കൂളുകളും അനുവദിപ്പിച്ച്, അവിടെ പണം വാങ്ങി നിയമനം നടത്തുകയാണെന്നുള്ള കാര്യം അങ്ങേക്ക് നിഷേധിക്കാൻ സാധിക്കുമോ?

ശ്രീ. കെ. എം. സൂപ്പി: സർ, അങ്ങനെ പറഞ്ഞ നിങ്ങൾക്ക് ഇതിനെ എതിർക്കാൻ സാധിക്കൂ. പട്ടി പുല്ല് തിന്നുകയുമില്ല; പുല്ല് തിന്നാൻ പശുവിനെ അനുവദിക്കുകയുമില്ല എന്നതല്ല ഞങ്ങളുടെ വിദ്യാഭ്യാസനയം. നിങ്ങളുടെ കാലത്തെ ഗവൺമെൻറിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊടുക്കാൻ സാധിച്ചില്ല. സ്വകാര്യ ഏജൻസികളെ പ്രോൽസാഹിപ്പിക്കാൻ സാധിച്ചില്ല. ഗവൺമെൻറിൻറെ സാമ്പത്തിക പരാധീനത കൊണ്ട് ഗവൺമെൻറ് തുടങ്ങേണ്ട സ്ഥാപനങ്ങൾ തുടങ്ങിയില്ല. അതിന് പകരം ഞങ്ങൾ അതിനുവേണ്ടി മുന്നോട്ടുവന്ന സ്വകാര്യ ഏജൻസികളെ പ്രോൽസാഹിപ്പിച്ചു. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊടുത്തപ്പോൾ നിങ്ങൾ നിഷേധാത്മകമായ നിലപാടാണ് സ്വീകരിച്ചത്.

സർ, വ്യവസായ മേഖലയുടെ കാര്യം ഇവിടെ പറഞ്ഞു. പ്രഗൽഭനായ ശ്രീ. ടി. വി. തോമസ് അടക്കമുള്ളവർ കൈകാര്യം ചെയ്തിരുന്ന വ്യവസായരംഗത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭമുണ്ടാക്കി; കോടിക്കണക്കിന് രൂപ ഗവൺമെൻറിന് കൊടുക്കാൻ സാധിച്ചത് ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി വ്യവസായ വകുപ്പുമന്ത്രിയായപ്പോൾ മാത്രമാണ്. അത് ചരിത്രത്തിലാദ്യമായിട്ടാണ് എന്ന് ഞാൻ അവകാശപ്പെടുന്നു. അതിനെങ്കിലും സന്തോഷത്തോടുകൂടി ഒരു വാക്ക് പറഞ്ഞിരുന്നെങ്കിൽ ഞങ്ങൾക്ക് അഭിമാനിക്കാമായിരുന്നു.

സർ, പോലീസ് നയത്തിൻറെ കാര്യം. പോലീസിനെ നിർവീര്യമാക്കുക, നാട് ഭരിക്കുന്ന പാർട്ടിക്കാരുടെ ആളുകൾ പോലീസ് സ്റ്റേഷൻ ഭരിക്കുക, ഇതൊക്കെയായിരുന്നില്ലേ നിങ്ങളുടെ കാലത്ത് നടന്നത്? ഇന്ന് അത് മാറിയിട്ടുണ്ട്. - എൻറെ പാർട്ടി ഓഫീസായ കെ.പി.സി.സി. ഓഫീസിൽപോലും പോലീസ് ഇടപെടരുതെന്ന് തുറന്ന

LIBRARY ARCHIVES Kerala Legislative Assembly

മനസ്സോടുകൂടി പറയാൻ സാധിച്ച ഒരു മുഖ്യമന്ത്രിയാണ് ഈ സംസ്ഥാനത്തെ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്നത്. അതും യു.ഡി.എഫ്.-ന്റെ തൊപ്പിയിലെ ഒരു തൂവലാണ്.

സർ, സാമ്പത്തിക നയത്തിന്റെ കാര്യമെടുക്കാം. ട്രഷറി പൂട്ടൽ ഒരു പഴങ്കഥയാണെന്ന് ഞങ്ങളുടെ ധനകാര്യവകുപ്പ് മന്ത്രിയുടെ അവകാശവാദം കേട്ടപ്പോഴേ നിങ്ങളേ ചൂളിപ്പോയിട്ടുണ്ട്, ആല്ലേ? നിങ്ങളേ ധൂർത്തടിച്ച് കാലിയാക്കിയ ഖജനാവും പേറി അഞ്ചുകൊല്ലം സഞ്ചരിച്ച് അതിനെ സമ്പന്നമാക്കി. ട്രഷറി പൂട്ടുന്നത് പഴക്കഥയാക്കി മാറ്റിയ ഈ ഗവൺമെൻറിനെ നിങ്ങളേംകൂടി അഭിനന്ദിക്കേണ്ടതാണ്.

സർ, എനിക്ക് ചില പ്രധാനപ്പെട്ട കാര്യങ്ങൾകൂടി പറയാനുണ്ട്. ആരോഗ്യവകുപ്പിന്റെ കാര്യം പറയുകയാണെങ്കിൽ അഴിമതി എത്ര വേഗത്തിലാണ് നിർമ്മാർജ്ജനം ചെയ്യാൻ സാധിച്ചത്! ഇപ്പോഴേ ശ്രീ. സുധീരന്റെ സുധീരവിപ്ലവം ആരോഗ്യവകുപ്പിനെ എത്രമാത്രം സമ്പൂർണ്ണവും സംശുദ്ധവുമാക്കിയിട്ടുണ്ട്! ആയുർവേദ ശാസ്ത്രത്തിന് പുതിയതായി ഡിപ്പാർട്ടുമെൻറൽ സിസ്റ്റം നടപ്പിലാക്കാൻ സാധിച്ചത് ഈ ഗവൺമെൻറിനാണ്. ബഡ്ജറ്റ് വരുന്നതിനുമുമ്പ് പുതിയ നയം വരുന്നു, പുതിയ പദ്ധതി വരുന്നു എന്നായിരുന്നു ശ്രീ. വർക്കലയുടെ സ്റ്റേറ്റുമെൻറ്. ബഡ്ജറ്റ് വന്നപ്പോഴേ ശ്രീ. വർക്കലയുടെ സ്റ്റേറ്റുമെൻറ് അനുസരിച്ച് നയവുമില്ല പുതിയ പദ്ധതിയുമില്ല.

സർ, ഒരു പ്രത്യേകകാര്യം ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. റൂൾ 62-ൽ കൂടി ഞാൻ അത് സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നതാണ്. സഭയുടെ എല്ലാഭാഗത്തുനിന്നും അത് ഒരുപോലെ ആവശ്യപ്പെട്ടതുമാണ്. കുടിയേറ്റ കൃഷിക്കാരുടെ സ്ഥിരാവകാശത്തിനുവേണ്ടി കർഷകർ സെക്രട്ടേറിയറ്റ് പടിക്കൽ കഴിഞ്ഞ 6-ാം തീയതി സമരം നടത്തി. അന്ന് ഞാൻ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ ആ കാര്യങ്ങളെക്കുറിച്ച് സംസാരിച്ചിരുന്നു. അന്ന് റവന്യൂ വകുപ്പുമന്ത്രി തന്ന ഉറപ്പ് കുടിയേറ്റ കൃഷിക്കാർക്ക് ഭൂമിയുടെ സ്ഥിരാവകാശം കൊടുക്കാനുള്ള നിയമ നിർമ്മാണം വരുന്നുവെന്നാണ്. അത് പബ്ലിഷ് ചെയ്യുകയും ചെയ്തിരുന്നു. പക്ഷേ, കാര്യോപദേശക സമിതിയുടെ അജണ്ടയിൽ അത് കാണാത്തതിൽ ഞാൻ ഉൽക്കണ്ഠാകുലനാണ്. ബഹുമാനപ്പെട്ട ഗവൺമെൻറുതന്നെ ഒരു ഓർഡിനൻസിലൂടെ അടിയന്തിരമായി കുടിയേറ്റ മേഖലയിലെ കൃഷിക്കാർക്ക് സ്ഥിരാവകാശം കൊടുക്കണം; അതുപോലെ അവരെ ഒഴിപ്പിക്കുന്നത് തടയണമെന്നും ഞാൻ വിനയപൂർവ്വം അപേക്ഷിക്കുകയാണ്.

സർ, സി. എച്ച്. ഫൗണ്ടേഷന്റെ കാര്യത്തെക്കുറിച്ച് പറയുമ്പോഴേ ശ്രീ. ലോനപ്പൻ നമ്പാടൻ ഈ സഭയിൽ ഉണ്ടാകേണ്ടതായിരുന്നു. മഹാനായ സി. എച്ച്. മുഹമ്മദ്കോയ ഈ സംസ്ഥാനത്തിന് മാത്രമല്ല, ദേശീയധാരയിലെ മുഴുവൻ ചരിത്ര വിദ്യാർത്ഥികൾക്കും ബഹുമാനിതനാണ്. അദ്ദേഹം മനുഷ്യമനസ്സിൽ ജീവിക്കുന്ന അനശ്വരനായ പ്രതിഭാശാലിയാണ്. ഭരണകർത്താവ് എന്ന നിലയിൽ മാത്രമല്ല, വിദ്യാഭ്യാസ വിചക്ഷണൻ, വലിയൊരു വാഗ്മി, വലിയൊരു പത്ര പ്രവർത്തകൻ എന്നീ നിലകളിൽക്കൂടി അദ്ദേഹം അറിയപ്പെട്ടിരുന്നു. പലർക്കും ഒരു മേഖലയിൽ മാത്രമാണ് പ്രതിഭ നൈസർഗ്ഗികമായി ലഭിക്കുന്നത്. എല്ലാ മേഖലയിലും ഒരുപോലെ പ്രതിഭ തെളിയിച്ച ആളായിരുന്നു ബഹുമാന്യനായ സി. എച്ച്. മുഹമ്മദ് കോയ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. വി. രാഘവൻ: സർ, പ്രതിഭാസമ്പന്നനായ ശ്രീ. സി. എച്ച്. മുഹമ്മദ് കോയ സജീവമായി പ്രവർത്തനരംഗത്തുള്ളപ്പോൾ അങ്ങ് അദ്ദേഹത്തെ എതിർക്കുകയായിരുന്നല്ലോ. അത് എന്തുകൊണ്ടാണ്?

ശ്രീ. കെ. എം. സൂപ്പി: സർ, ബഹുമാന്യനായ ഒരു നേതാവിൽ നിന്ന് കേൾക്കാൻ പറ്റുന്നതല്ല ഇത്തരമൊരഭിപ്രായം. അതൊക്കെ സാധാരണയാണല്ലോ. അടിയന്തിരാവസ്ഥയിൽ ശ്രീ. കരുണാകരനോടൊപ്പം ചേർന്ന് സി. പി. എം.-നെ എതിർക്കുകയും അടിയന്തിരാവസ്ഥയെ പുകഴ്ത്തുകയും ചെയ്ത നിങ്ങൾ ഇന്ന് എത്ര വിപ്ലവകാരികളാണ്! മാറ്റം ആരിലും സംഭവിക്കും. അത് ശ്രീ. വി. വി. രാഘവനിലും ഉണ്ടായിട്ടുണ്ട്; എന്നിലും ഉണ്ടായിട്ടുണ്ട്. അന്ന് ഞാൻ ശ്രീ. സി. എച്ച്. മുഹമ്മദ് കോയയെ പുഴിച്ചെങ്കിൽ ഇന്ന് അതിൽ ദുഃഖിക്കുന്നു. അതുപോലെ ശ്രീ. വി. വി. രാഘവൻ അടിയന്തിരാവസ്ഥക്കാലത്ത് പറഞ്ഞതിൽ ഇന്ന് ദുഃഖിക്കുന്നുണ്ടായിരിക്കും. അഭിവന്ദ്യനായ ഉപരാഷ്ട്രപതിയാണ് സി. എച്ച്. ഫൗണ്ടേഷൻ ഉൽഘാടനം ചെയ്തത്. വലിയൊരു സാംസ്ക്കാരിക നിലയമാണ് അവിടെ നിർമ്മിക്കാൻ ആഗ്രഹിക്കുന്നത്. ഒരു സമുദായത്തിനേറെയും വികാരത്തെ വ്രണപ്പെടുത്തിക്കൊണ്ട് ബഹുമാന്യനായ സി. എച്ച്.-ന്റെ നാമധേയത്തിൽ ഏതെങ്കിലും ഒരു സ്ഥാപനം ഇവിടെ പടുത്തുയർത്തിക്കൊണ്ടുവരണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല ഏതെങ്കിലും ഒരു സമുദായത്തിന് അതിൽ സംശയമുണ്ടെങ്കിൽ ആ സംശയം തീർക്കാനുള്ള ഗവൺമെന്റിന്റെ സന്നദ്ധതയിൽ ഞങ്ങൾ സന്തുഷ്ടരാണ്. ഇന്ന് മഞ്ഞക്കൊടിയും പിടിച്ച് ആർ. എസ്. എസ്.-നേയും വിശ്വഹിന്ദു പരിഷത്തിനേയും ബി. ജെ. പി.-യുടേയും ഫാസിസ്റ്റ് സെക്രട്ടേറിയറ്റിന് മുന്നിൽ അതിനെതിരായി കള്ളപ്രചാരവേലകളുടെ മുദ്രാവാക്യങ്ങളുമായി വർഗ്ഗീയവികാരങ്ങൾ ആളിക്കത്തുന്ന പ്രസംഗങ്ങളും മുദ്രാവാക്യങ്ങളുമായി കൂടിയിരിക്കുന്നു. ഞങ്ങൾ അത് പ്രതീക്ഷിച്ചതാണ്. പക്ഷേ, സി. പി. എം.-ന്റെ ഒരു സ്വതന്ത്രനിൽനിന്ന് ഞങ്ങൾ അത് പ്രതീക്ഷിച്ചില്ല. അഭിനവ ദേവരശ് ആണ് ശ്രീ. നമ്പാടൻ. അഭിനവ ആർ. എസ്. എസ്.-ന്റെ വലിയൊരു കാപാലികനാണ് ശ്രീ. ലോനപ്പൻ നമ്പാടൻ എന്ന് ഞാൻ ആരോപിക്കുകയാണ് ഇത് സി. പി. എം.-ൽ നിന്ന് ഞങ്ങൾ പ്രതീക്ഷിച്ചതല്ല. സി. പി. എം.-ൽ നിന്ന് ഞങ്ങൾ പ്രതീക്ഷിച്ചത് ആ മഞ്ഞപ്പടയ്ക്ക് എതിരായ പ്രസംഗമാണ്. ഫാസിസത്തിന്റെയും മാർക്സിസത്തിന്റേയും ഭാഷ ഒന്നാണ്; സമീപനം ഒന്നാണ്; നിങ്ങളുടെ പ്രവർത്തനത്തിന്റെ ഫലം ഒന്നാണെന്ന് ഞങ്ങൾ ആരോപിക്കുന്നു. നിങ്ങൾ എത്ര വിപ്ലവകാരികളായി ചമഞ്ഞാലും ഫലത്തിൽ ഫാസിസത്തിന്റെ വക്താക്കളായി മാറുകയാണ്. നിങ്ങൾ ഏറ്റവും അവസാനമായി ചെയ്യുന്നത് അതാണ്. നിങ്ങളുടെ സ്വതന്ത്രൻ ശ്രീ. ലോനപ്പൻ നമ്പാടൻ ഇവിടെ നിർവ്വഹിച്ചിരിക്കുന്നത് അതാണ്. അതുകൊണ്ടാണ് ഞാൻ അദ്ദേഹത്തെ അഭിനവ ദേവരശ് എന്ന് വിശേഷിപ്പിച്ചത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, അങ്ങയെ കണ്ണൂരിലെല്ലാം ബി.ജെ.പി. സൂപ്പി എന്ന് അറിയപ്പെടുന്നത് എന്തുകൊണ്ടാണ്? അതൊന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എം. സൂപ്പി: സർ, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജയരാജന്റെ ശക്തികേന്ദ്രമായ പാട്യത്തെ സുഗന്ധമേഖലയിൽനിന്ന് കമ്മ്യൂണിസ്റ്റുകാരുടെ വോട്ടും വാങ്ങിച്ചിട്ടാണ് പി. ആർ. കുറുപ്പിനെ എതിരായി

LIBRARY ARCHIVES Kerala Legislative Assembly

വിജയിച്ച് അദ്ദേഹമിവിടെ വന്നത്. അതിനെ മങ്ങിക്കാണിക്കാനുള്ള കള്ളപ്രചാരവേലകളാണ് ചൂണ്ടിക്കാണിച്ച് അത് എന്റെ തലയിൽ വച്ചുകെട്ടുന്നതെന്ന് ഞാൻ പറയുകയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഇവിടെ ആർ. എസ്. എസ്.-കാരെക്കുറിച്ച് നമ്പാടൻ മാസ്റ്റർ പറഞ്ഞല്ലോ, അധികാരമെല്ലാം നമ്മുടെ മുഖ്യമന്ത്രിയുടെ കയ്യിലാണ്. ശങ്കരാചാര്യരുടെ കാൽക്കൽ തൊട്ടു വന്ദിച്ച് മടങ്ങിയിട്ടുള്ള മുഖ്യമന്ത്രിയിൽനിന്ന് അനുവാദം വാങ്ങി അവിടെ ലീഗിന് സ്മാരകം പണിയാൻ മതിൽകെട്ടുന്ന നിങ്ങളുടെ രാഷ്ട്രീയ ലക്ഷ്യം എന്താണെന്ന് പറയാമോ?

ശ്രീ. കെ. എം. സൂപ്പി: സർ, ഞങ്ങളുടെ മുഖ്യമന്ത്രി മൗലവികളെയും സ്വാമിയെയും ശങ്കരാചാര്യരെയും അതുപോലെതന്നെ ജയപ്രകാശിനെയും ഡോ. ലോഹ്യയെയും—എല്ലാവരെയും ബഹുമാനിക്കുന്ന നല്ലൊരു മുഖ്യമന്ത്രിയാണ്. അതിൽ ഒരു കുറവുമില്ല. ഇവിടെ അതല്ല പ്രശ്നം. അങ്ങ് ഇതൊന്നു നിയന്ത്രിക്കണം, കൃഷ്ണൻകുട്ടിയെ അങ്ങ് നിയന്ത്രിക്കണം. വെറുതെ എന്റെ പ്രസംഗത്തിനിടയ്ക്ക് ഇങ്ങനെ ഇടപെട്ട് ശല്യപ്പെടുത്തുന്നത് ശരിയല്ല.

ശ്രീ. പി. എം. മാത്യു: ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടിയുടെ ശല്യം ഇന്നുകൂടി അങ്ങ് സഹിച്ചാൽമതി. ദൈവത്തെ ഓർത്ത് ഇന്നുകൂടി അത് അങ്ങ് സഹിക്കുക, ഇന്നുകൊണ്ട് നമ്മൾ പിരിയാൻ പോവുകയല്ലേ?

ശ്രീ. കെ. എം. സൂപ്പി: ബഹുമാനപ്പെട്ട മാത്യുവിന്റെ അഭ്യർത്ഥന മാനിച്ച് ഞാൻ ഇന്നത്തേക്കുകൂടി ശ്രീ. കൃഷ്ണൻകുട്ടിയുടെ ശല്യം സഹിക്കുന്നു. എന്നാലും അങ്ങ് എന്റെ നേരെ ദയവായി നോക്കണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. ഇവിടെ ബാലൻ വൈദ്യർ പറഞ്ഞു, രാജീവ്ഗാന്ധിയുടെ ചിതയിൽനിന്ന് ഊറ്റം കൊണ്ടുകൊണ്ടാണ് ഞങ്ങൾ അധികാരത്തിൽ വന്നതെന്ന്. എന്നാൽ ഞാൻ പറയുന്നു, അങ്ങിനെയല്ല, ഇടതുപക്ഷമുന്നണിയുടെ ഭരണത്തിന്റെ ചിത ഒരുക്കിയിട്ടാണ് ഞങ്ങൾക്ക് ഈ നിയമസഭയിലേക്ക് വരാൻ കഴിഞ്ഞതെന്ന്. അത് ഒന്നുകൂടി ഉറപ്പിച്ചുകൊണ്ടാണ് ഞങ്ങൾ ഇന്ന് ഈ നിയമസഭയിൽനിന്നും പിരിയുന്നത്. ഇവിടെ കോൺഗ്രസ് എ.-യുടെയും ഐ.-യുടെയും മുസ്ലീംലീഗിന്റെയും ഭീന്നിപ്പ് പറഞ്ഞുകൊണ്ട് നിങ്ങൾ ഇവിടെ യാതൊന്നും സ്വപ്നം കാണണ്ട, പണ്ട് ആടിന്റെ പിറകേ പോയ അനുഭവം മാത്രമേ ഉണ്ടാവൂ എന്ന് ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തുന്നു. ശ്രീ. പ്രകാശ് ബാബുവിനോട് എനിക്കൊരു കാര്യം പറയാനുണ്ടായിരുന്നു, എന്നാൽ പ്രകാശ് ബാബു ഇപ്പോൾ ഈ സഭയിലില്ല. ഇവിടെ ശ്രീ. അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ ശ്രീ. പ്രകാശ് ബാബു ഒരുപക്ഷേ ഹൈസ്കൂളിലോ കോളേജിലോ വിദ്യാർത്ഥിയായിരുന്നിരിക്കണം. എന്നാൽ ഞാൻ അന്നും ഈ നിയമസഭയിലുണ്ടായിരുന്നു, ഞാൻ അന്നും ഈ നിയമസഭയിൽ അംഗമായിരുന്നു. ഇവിടെ രാജീവ്ഗാന്ധിയെക്കുറിച്ച് പ്രകാശ് ബാബു പറഞ്ഞു, പിൻസീറ്റ് ഡ്രൈവിംഗ് എന്നാണ് ശ്രീ. ആൻറണിയെക്കുറിച്ച് അദ്ദേഹമിവിടെ പരാമർശിച്ചത്. സി.പി.ഐ.-യിലെ ഒരംഗമായ ശ്രീ. പ്രകാശ് ബാബു പറയുന്നു, പിൻസീറ്റ് ഡ്രൈവിംഗ് മുഖേനയാണ് ശ്രീ. ആൻറണി ഇവിടെ വന്നതെന്ന്. എന്നാൽ പിൻസീറ്റ് ഡ്രൈവിംഗിന് ഞാൻ മറ്റൊരുദാഹരണം പറയാം. അതിന് തെളിവ് നൽകുന്നത് എന്താണെന്നറിയാമോ? ശ്രീ. പ്രകാശ് ബാബു പറഞ്ഞത് രാജ്യസഭാംഗ

LIBRARY ARCHIVES Kerala Legislative Assembly

മായിരുന്ന ശ്രീ. ആൻറണിയെ പിൻസീറ്റ് ഡ്രൈവിംഗിലൂടെ ഇവിടെ കൊണ്ടുവന്ന് മുഖ്യമന്ത്രിയാക്കി എന്നാണ്. ഞാൻ നിങ്ങളെ ഒരുകാര്യം ഓർമ്മിപ്പിക്കട്ടെ, ചരിത്രം മറക്കാനുള്ളതല്ല, ചരിത്രം പഠിക്കാനുള്ളതാണ്. ഇവിടെ ഒരു ഭരണപ്രതിസന്ധി വന്നപ്പോൾ രാജ്യസഭാംഗമായിരുന്ന ശ്രീ. അച്യുതമേനോനെ കൂട്ടിവന്ന് ഇവിടത്തെ ഭരണസ്തംഭനം തീർത്ത ആ പാർട്ടിയിലെ ഒരംഗമായ ശ്രീ. പ്രകാശ് ബാബു അന്നൊരു എൽ. പി. സ്ക്കൂൾ വിദ്യാർത്ഥിയോ അല്ലെങ്കിൽ ഒരു ഹൈസ്ക്കൂൾ വിദ്യാർത്ഥിയോ ആയിരുന്നിരിക്കണം, അതുകൊണ്ടാണ് ശ്രീ. പ്രകാശ് ബാബു അക്കാര്യം ഓർക്കാത്തതെന്നാണ് ഞാൻ കരുതുന്നത്. അതുകൊണ്ട് ശ്രീ. പ്രകാശ് ബാബുവിനെ ചരിത്രം ഒന്നുകൂടി ഓർമ്മിപ്പിക്കുവാനാണ് ഞാനിത് പറയുന്നത്. അതേ ചരിത്രമാണ് ആൻറണിയിലൂടെ ഇവിടെ ആവർത്തിച്ചിട്ടുള്ളതെന്ന കാര്യം നിങ്ങളോർക്കണം. അന്ന് ശ്രീ. അച്യുതമേനോനിലൂടെ പരിഹരിക്കപ്പെട്ട ഭരണപ്രതിസന്ധി ഇന്ന് ശ്രീ. ആൻറണിയിലൂടെ അനസ്യൂതമായി നിശ്ചിത വ്യവസ്ഥയിലൂടെ പരിഹരിക്കപ്പെട്ടു. ആ ചരിത്രം ഇവിടെ ആവർത്തിക്കപ്പെട്ടുവെന്ന് മാത്രമേ എനിക്ക് അതേക്കുറിച്ച് പറയാനുള്ളൂ. ശ്രീ. കൃഷ്ണൻകുട്ടി നല്ലവനാ, ജയരാജൻ നല്ലവനാ, മമ്മുമാസ്റ്റർ നല്ലവനാ, എല്ലാവരും നല്ലവരാണ്. പക്ഷേ അടുത്ത നിയമസഭയിൽ ഞങ്ങൾക്ക് ഇവരിൽ പലരേയും കാണാൻ സാധിക്കില്ലല്ലോ എന്ന ദുഃഖംകൂടി ഞാനിവിടെ രേഖപ്പെടുത്തിക്കൊണ്ട് ഒരാവർത്തികൂടി ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിൻതാങ്ങിക്കൊണ്ട് എൻറെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ടി. നാണുമാസ്റ്റർ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. ഇപ്പോഴത്തെ ഗവൺമെൻറിൻറെ മുഖമുദ്ര വികസനമാണെന്നാണ് പറയുന്നത്. ഇവിടെ കഴിഞ്ഞ നാലഞ്ചുദിവസമായിട്ട് പറഞ്ഞുകേൾക്കുന്നത് ഇപ്പോഴത്തെ നിയമസഭാ സമ്മേളനം കഴിഞ്ഞാലുടനെ തന്നെ കുരുക്ഷേത്രത്തിലേക്ക് പോവുകയാണ്, ആ കുരുക്ഷേത്രത്തിൽ നിന്നും ഇവിടുത്തെ ജനങ്ങളെ ഞങ്ങളെ വീണ്ടും അധികാരത്തിൽ കൊണ്ടുവരാൻ പോവുകയാണ്, അതായ്ക്ക് വികസനം ഇവിടെ മുന്നോട്ടുപോയിരിക്കുന്നു എന്നൊക്കെയാണ്. യഥാർത്ഥത്തിൽ ജനങ്ങളുടെ അനുഭവവും ഈ ഗവൺമെൻറിൻറെ പ്രഖ്യാപനവും തമ്മിൽ യാതൊരു പൊരുത്തവുമില്ല എന്നതാണ് വസ്തുത. ഈ ഗവൺമെൻറ് വന്നതുതന്നെ എങ്ങിനെയാണ്? ഇവിടെ അഴിമതി അഴിമതി തന്നെയാണ് എല്ലാ രംഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്നത്. അഴിമതിയാണ് മുഖമുദ്രയെന്ന് ഭരണകക്ഷിയിലെ ആളുകൾ തന്നെ പറഞ്ഞിട്ടുള്ള അനുഭവങ്ങളുണ്ടല്ലോ. പ്രസ്താവനകൾ ഒന്നും ഇതിനായി കൊടുക്കേണ്ടതില്ലല്ലോ; പത്രക്കട്ടിംഗുകളൊന്നും ഇപ്പോൾ കാണിക്കേണ്ട കാര്യമില്ല, ഇതൊക്കെത്തന്നെ ഇന്നാട്ടിലെ ജനങ്ങൾക്കെല്ലാവർക്കും അറിയാവുന്ന കാര്യങ്ങളാണ്. ഏതെല്ലാം രംഗങ്ങളിൽ എവിടെ എവിടെയെല്ലാമാണ് അഴിമതികൾ നടക്കുന്നതെന്ന് ഞാൻ പ്രത്യേകിച്ച് പറയേണ്ടതില്ല. പരസ്പരം അഴിമതി. അഴിമതിയുടെ അടിസ്ഥാനത്തിൽ കരുണാകരനെ മുഖ്യമന്ത്രി സ്ഥാനത്തുനിന്നും നീക്കി, എന്നിട്ട് അഴിമതിയില്ലാഭരണം കൊണ്ടുവരുന്നതിനായിട്ടാണല്ലോ ഇവിടെ ശ്രീമാൻ ആൻറണിയുടെ നേതൃത്വത്തിൽ പുതിയൊരു ഗവൺമെൻറിനെ കഴിഞ്ഞ എട്ടൊൻപതു മാസക്കാലമായിട്ടിവിടെ ഭരണമേൽപ്പിച്ചിരിക്കുന്നത്. എന്നിട്ടിവിടെ എന്താണ് സർ നടക്കുന്നത്? അഴിമതിയെ സംബന്ധിച്ചു പറയുമ്പോൾ അഴിമതി നടത്തുന്നതിൽ സമ്മാനാർഹരായിട്ടുള്ള മല്ലൻമാരെ തോളിലേറ്റി ചുമന്നുകൊണ്ടുപോവുകയാണ് ശ്രീ. ആൻറണി ചെയ്തുകൊണ്ടിരിക്കുന്നത്. അതിൻറെ അടിസ്ഥാനത്തിൽ അഴിമതിക്കാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടുനിൽക്കുന്നുവെന്ന ആരോപണവിധേയനായി, ശരശയ്യയിലാണ് കേരളത്തിലെ ആദർശധീരനായ മുഖ്യമന്ത്രിയെന്ന് വിശേഷിപ്പിക്കപ്പെടുന്ന ശ്രീ. ആൻറണി ഇപ്പോൾ കിടക്കുന്നത്. ഭരണകക്ഷിക്കാർക്ക് അക്കാര്യം നിഷേധിക്കാനാവുമോ? അഴിമതി കാണിച്ചിട്ടുള്ള മന്ത്രിമാരെ പുറത്താക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ആൻറണിയുടെ ഗവൺമെൻറിൻറെ നയത്തിനെതിരായി ഈ നിയമസഭയ്ക്കുതന്നെ കവാടത്തിൽ അംഗങ്ങൾ സമരം നടത്തിയിട്ടുള്ള ചരിത്രം ഇതിനുമുമ്പുണ്ടായിട്ടുണ്ടോ സർ? അഴിമതി നടത്തിയ മന്ത്രിയെ പുറത്താക്കണമെന്നാവശ്യപ്പെട്ടുകൊണ്ട്, കോടതി വിധിയെ മാനിച്ചുകൊണ്ട് പുറത്താക്കണമെന്നാവശ്യപ്പെട്ട്, അംഗങ്ങൾ സത്യാഗ്രഹം നടത്തിയിട്ടുള്ള ചരിത്രംവരെ ഉണ്ടായിട്ടില്ലേ? അത്തരത്തിൽ അഴിമതിയിൽ മുങ്ങിക്കുളിച്ചിരിക്കുന്ന ഒരു ഗവൺമെൻറല്ലേ നിങ്ങളുടെ ഗവൺമെൻറ്? എന്നിട്ട് പ്രസംഗിക്കുന്നത് അഴിമതി നിർമ്മാർജ്ജനത്തെക്കുറിച്ചും. പ്രസ്താവനയും പ്രവൃത്തിയും തമ്മിൽ എന്തൊരന്തരമാണ്! എന്നിട്ടല്ലേ സുഹൃത്തുക്കളേ, നിങ്ങൾ ഇവിടത്തെ കുരുക്ഷേത്രത്തിൽ മൽസരിക്കാൻ പോകുന്നത്. ശ്രീ. കരുണാകരൻ ഇവിടെ ഉണ്ടായിരുന്നപ്പോൾ ഇവിടത്തെ ഭരണകക്ഷിയിലെതന്നെ ആംഗങ്ങൾ പറഞ്ഞിരുന്നത് സർവ്വത്ര അഴിമതിയാണ് നടക്കുന്നതെന്നാണ്. എന്നാൽ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് നിങ്ങൾക്കെല്ലാവർക്കുമറിഞ്ഞുകൂടേ? ഇപ്പോഴോ? അദ്ദേഹത്തിൻറെ സ്പീഡ് പ്രോഗ്രാമിൻറെ പേര് പുതിയ മുഖ്യമന്ത്രി മാറ്റി, എന്നിട്ട് അതിനിപ്പോൾ ഇട്ടിരിക്കുന്ന പുതിയ പേരാണ് ജനസമ്പർക്കപരിപാടിയെന്ന്. ആ പരിപാടി വന്നിട്ടും ജനങ്ങൾ കൊടുത്തിട്ടുള്ള പരാതികൾക്ക് പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞില്ലാ എന്നുള്ളതാണ് വസ്തുത. അതിന് ഉദാഹരണങ്ങൾ വരെ പറയാൻ എനിക്കുണ്ട്. ഇന്നലെ ഇതുസംബന്ധിച്ചുള്ള ഒരുപരാതി ശ്രീ. ബേബി ജോൺ പറഞ്ഞതിന് ധനകാര്യമന്ത്രി ഇതേവരെ മറുപടി പറഞ്ഞിട്ടില്ല. ഇതാണ് നിങ്ങളുടെ ജനസമ്പർക്ക പരിപാടിയുടെ വിജയം. എന്തായാലും ഞാൻ അതിൻറെ കൂടുതൽ വിശദാംശങ്ങളിലേക്ക് സമയക്കുറവുകൊണ്ട് കടക്കാനാഗ്രഹിക്കുന്നില്ല. ജനസമ്പർക്ക പരിപാടിയിലെ അഴിമതിയുടെ കഥ അങ്ങിനെതന്നെ നിലനിൽക്കുന്നു. പിന്നെ മറ്റൊരു കാര്യം എനിക്ക് ചോദിക്കാനുള്ളത് ഈ ഗവൺമെൻറ് അധികാരത്തിൽ വന്ന അവസരത്തിൽ നടപ്പാക്കുമെന്ന് പറഞ്ഞ ഏതെങ്കിലും കാര്യങ്ങൾ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ നടപ്പാക്കിയിട്ടുണ്ടോ? അടിസ്ഥാനപരമായിട്ട് പറഞ്ഞാൽ കുട്ടനാട്ടിലെ നെല്ലിൻറെ ഉല്പാദനവുമായി ബന്ധപ്പെട്ട കാര്യങ്ങൾതന്നെ എടുക്കാം. അവിടെയുള്ള കൃഷി ഏറെറടുക്കാനുള്ള വികസനപദ്ധതിയുടെ കാര്യം എന്തായി എന്ന് അങ്ങേയ്ക്കുതന്നെ അറിയാമല്ലോ? അങ്ങ് പറഞ്ഞ കാര്യം അവിടെ നടപ്പാക്കിയിട്ടുണ്ടോ? അടിസ്ഥാനപരമായി നെൽക്കൃഷിക്കാരെ സഹായിക്കാനായി അവർക്കുവേണ്ട വല്ല നടപടിയും എടുത്തോ നിങ്ങൾ? പിന്നെ എന്തു വികസനമാണ് കാർഷികമേഖലയിൽ നിങ്ങൾക്ക് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളത്? അതുപോലെതന്നെ പറഞ്ഞ കാര്യങ്ങൾ എന്തെങ്കിലും നിങ്ങൾ നടപ്പാക്കിയോ? വിലക്കയറ്റം തടയും, 1990 ജൂലായ് മാസത്തിലെ വിലനിലവാരത്തിലേക്ക് കൊണ്ടുവരുമെന്ന് പറഞ്ഞില്ലേ, എന്നിട്ടെന്തായി? വിലനിലവാരം 1990 ജൂലായിലേതുപോലെ ആക്കിക്കൊണ്ടുവരാൻ നിങ്ങൾക്ക് കഴിഞ്ഞോ? വില നിയന്ത്രിക്കും, നിയന്ത്രിക്കുമെന്ന് ഈ ഗവൺമെൻറ് എല്ലാ നയപ്രഖ്യാപനങ്ങളിലും പറയാറുണ്ട്. എന്നിട്ട് അതിനുവേണ്ടി എന്തെങ്കിലും നടപടികൾ നിങ്ങൾ സ്വീകരിച്ചിട്ടുണ്ടോ? ഇവിടെ റേഷൻ സാധനങ്ങളുടെ കാര്യത്തെപ്പറ്റി ഇന്നുരാവിലെ ഭക്ഷ്യമന്ത്രി ഒരു കണക്ക് പറഞ്ഞിട്ടുണ്ടല്ലോ, 50 ശതമാനത്തിൽ താഴെയാണ് റേഷൻ സാധനങ്ങൾ ഇവിടെ ചെലവാകുന്നതെന്ന്, സ്റ്റോക്ക്

LIBRARY ARCHIVES Kerala Legislative Assembly

വളരെയേറെയുണ്ട്. പക്ഷേ ആ റേഷനരിയുടെ വിലതന്നെ കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ അഞ്ചുപ്രാവശ്യം നിങ്ങൾ വർദ്ധിപ്പിച്ചില്ലേ? അന്ന് ആ വർദ്ധനവുണ്ടായ കാലഘട്ടത്തിൽ കേന്ദ്രത്തിൽ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയായിരുന്നത് ഇപ്പോഴത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആൻറണിയായിരുന്നില്ലേ? എന്നിട്ട് അദ്ദേഹം ഈ കേരളത്തിലെ പാവപ്പെട്ട ജനങ്ങൾക്ക് വിതരണം ചെയ്യുന്ന റേഷനരിയുടെ വില കുറയ്ക്കാനായി എന്തെങ്കിലും നടപടി എടുത്തോ? അദ്ദേഹം അന്ന് മന്ത്രിയായിരിക്കുമ്പോഴല്ലേ കേരളത്തിലെ എല്ലാ നിയമങ്ങളെയും ലംഘിച്ചുകൊണ്ട് സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സിസ്റ്റത്തെ തകിടം മറിച്ചുകൊണ്ട് അഞ്ചുപ്രാവശ്യം റേഷനരിയുടെ വിലകൂട്ടി ഈ കേരളത്തിലെ പാവപ്പെട്ട ജനങ്ങളെ, പട്ടിണിപ്പാവങ്ങളെ, കടുത്ത സാമ്പത്തിക പരാധീനതയിലേക്ക് തള്ളിവിട്ടത്? ഇവിടത്തെ റേഷനിംഗ് സമ്പ്രദായം തകരാറിലാക്കിയില്ലേ? മാവേലി സ്റ്റോറുകളും ഇവിടെ അടച്ചുപൂട്ടിക്കൊണ്ടിരിക്കുകയല്ലേ ചെയ്യുന്നത്? ഇവിടെ പാലോട് രവിയുടെ മണ്ഡലത്തിലെ മാവേലി സ്റ്റോറും അടച്ചുപൂട്ടപ്പെട്ടവയിൽ പെടുന്നില്ലേ? എൻറെ നിയോജകമണ്ഡലത്തിലെ ശാസ്താംകോട്ട പഞ്ചായത്തിലെ മാവേലി സ്റ്റോർ അടച്ചുപൂട്ടി. ഇനിയും കൂടുതൽ സ്റ്റോറുകളും പൂട്ടണമെന്നാണ് ഭരണകക്ഷിക്കാർതന്നെ പറയുന്നത്. ശരിയാണ്, ഇങ്ങനെ പൂട്ടിപ്പൂട്ടി ഈ ഭരണകക്ഷിക്കാരുടെ ആപ്പീസ് വരെ ഇനി വരാൻപോകുന്ന തെരഞ്ഞെടുപ്പിൽ പൂട്ടാൻ പോവുകയാണ്. ഭരണകക്ഷിയുടെ ഓഫീസ് ഈ തെരഞ്ഞെടുപ്പിൽ ഇവിടത്തെ ജനങ്ങൾതന്നെ പൂട്ടിക്കും. ഇവിടെ ട്രഷറി തുറന്നിട്ടിരിക്കുകയാണെന്നാണ് പറയുന്നത്. എന്തായാലും അവിടെ ചെന്നാലുള്ള അനുഭവത്തെക്കുറിച്ച് ഞാനൊന്നും പറയുന്നില്ല. തുറന്നാലും അടച്ചാലും ഗതി ഒന്നുതന്നെ, അതാണ് ട്രഷറിയുടെ സ്ഥിതി. അതുകൊണ്ട് ഈ ഗവൺമെൻറ് വരാൻ പോകുന്ന തെരഞ്ഞെടുപ്പിലും ശക്തിയായി തിരിച്ചുവരുമെന്ന് പറയുന്നത് എത്രത്തോളം ഫലവത്താകുമെന്ന കാര്യം കണ്ടുതന്നെ അറിയണം. നിങ്ങൾ തിരിച്ചുവരും, തിരിച്ചുവരുമെന്ന് പറയുന്നത് എന്തു കണ്ടിട്ടാണ്? എന്നാൽ ഞാൻ പറയുന്നു, നിങ്ങൾ ഈ നിയമസഭയ്ക്കകത്ത് കടക്കുകയില്ല. അതാണ് നിങ്ങളുടെ ഇന്നത്തെ സ്ഥിതി. എന്തായാലും ഞാൻ അക്കാര്യത്തിലേക്ക് കൂടുതൽ പോകുന്നില്ല. ഈ സർക്കാരിൻറെ ധൂർത്തും അതുപോലെതന്നെ ചിലവുകളും സംബന്ധിച്ച് ഒന്നുരണ്ടു കാര്യങ്ങൾകൂടി പറയണമെന്നുണ്ട്. . . . . .

ശ്രീ. പാലോട് രവി: അല്ല, നാണുമാസ്റ്ററേ, നമ്മൾ രണ്ടുപേരും അടങ്ങുന്ന സബ്ജക്ട് കമ്മിറ്റിയിൽവച്ച്, ഇവിടെയുള്ള ഒരു മാവേലി സ്റ്റോറും പൂട്ടരുതെന്നുള്ള നിർദ്ദേശം നമ്മൾ ചർച്ചചെയ്യുകയും നമ്മുടെ ആ നിർദ്ദേശം ഗവൺമെൻറ് അംഗീകരിക്കുകയും ഗ്രാമപഞ്ചായത്തുകൾ മുൻകൈയെടുത്ത് മാവേലി സ്റ്റോറുകളുടെ പ്രവർത്തനം പുനഃസംവിധാനം ചെയ്യുന്നതിനുവേണ്ടി യോഗംവരെ നടന്നുകൊണ്ടിരിക്കുകയുമല്ലേ? പിന്നെ ഇവിടെ നിന്നുകൊണ്ട് മാവേലി സ്റ്റോറുകൾ പൂട്ടി, പൂട്ടി എന്നു വിളിച്ചുപറയുന്നത് സഭയെ തെറ്റിദ്ധരിപ്പിക്കാനല്ലേ?

ശ്രീ. ടി. നാണുമാസ്റ്റർ: സർ, ഞാനും അങ്ങും ഉൾക്കൊള്ളുന്ന ആ നിയമസഭാ കമ്മിറ്റിയുണ്ടല്ലോ, ആ കമ്മിറ്റി അന്ന് ശുപാർശ ചെയ്ത കാര്യങ്ങളൊന്നുംതന്നെ നടപ്പാക്കിയിട്ടില്ലെന്ന് ഞാൻ പറയുന്നു. ഇന്നലെയും അക്കാര്യം ഞാൻ ഭക്ഷ്യ വകുപ്പുമന്ത്രിയോട് സൂചിപ്പിച്ചതാണ്. നാല് ഉദ്യോഗസ്ഥൻമാർ പറഞ്ഞാൽകേട്ടില്ലെങ്കിൽപ്പിന്നെ അവരെ എന്തിനാണ് അവിടെ വച്ചുകൊണ്ടിരിക്കുന്നത്? പറഞ്ഞാൽ അനുസ

LIBRARY ARCHIVES Kerala Legislative Assembly

രിക്കുത്ത ഉദ്യോഗസ്ഥൻമാരെ പറഞ്ഞുവിടുകയല്ലേ വേണ്ടത്? എന്നാൽ അവരെ പറഞ്ഞുവിടുന്നതിന് നിങ്ങൾക്ക് കഴിയില്ലയെന്നതല്ലേ വസ്തുത? അഴിമതി കാണിക്കുന്ന ഉദ്യോഗസ്ഥൻമാരിൽനിന്നും അതിന്റെ പങ്ക് നിങ്ങളുംകൂടി പറ്റുന്നതുകൊണ്ടല്ലേ നിങ്ങൾ പറഞ്ഞാൽ അവർ അനുസരിക്കാത്തത്? അതുകൊണ്ടല്ലേ അഴിമതി നടത്തുന്ന ഉദ്യോഗസ്ഥൻമാരെ നിങ്ങൾക്ക് താക്കീത് ചെയ്യാനല്ലാതെ അവരുടെമേൽ നടപടിയെടുക്കാൻ കഴിയാത്തത്? അപ്പോൾ സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥൻമാർ കാണിക്കുന്ന അഴിമതിയുടെ പങ്ക് നിങ്ങളും പറ്റുന്നുണ്ടെന്നുള്ളതാണ് വസ്തുത. അതുകൊണ്ടാണ് അവർ നിങ്ങൾ പറഞ്ഞാൽ അനുസരിക്കാത്തത്. എന്നാൽ കേന്ദ്രഗവൺമെന്റ് തന്നെ പറയുന്നുണ്ട്, അഴിമതിയുമായി ബന്ധപ്പെടുന്ന ഉദ്യോഗസ്ഥൻമാർ അവർ ഐ.എ.എസ്.-കാരായാലും ഐ.പി.എസ്.-കാരായാലും ശരി അവരെ പരാമർശിക്കാൻ പാടില്ല എന്ന്. അത് അഴിമതി നടത്തുന്നതിന് അവർക്ക് വളംവച്ചുകൊടുക്കുകയല്ലേ ചെയ്യുന്നത്? പക്ഷേ മിസ്റ്റർ രവി, ഈ ഗവൺമെന്റ് പറയുന്നത് അഴിമതിക്കാർക്കെതിരെ നടപടി എടുക്കുമെന്നാണ്. ഞാൻ ചോദിക്കട്ടെ, ഈ സംസ്ഥാനത്തിലെ എത്ര ഉദ്യോഗസ്ഥൻമാർക്കെതിരെ നിങ്ങൾക്ക് നടപടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നെ ഒന്നുപറയാമോ? നിങ്ങൾ എത്രപേരുടെ പേരിലാണ് അഴിമതിയ്ക്കെതിരെ നടപടി എടുത്തിട്ടുള്ളത്? എന്തായാലും നിങ്ങൾക്ക് അതിന് കഴിയില്ലാ എന്ന് ഞങ്ങൾക്കറിയാം. അതുകൊണ്ട് ഞാൻ അക്കാര്യത്തിലേയ്ക്ക് കൂടുതലായിട്ട് പോകുന്നില്ല. അഴിമതി ഇവിടെ നിർബാധം തുടരുകയാണ്. കെ.ഐ.പി. തന്നെ ഉദാഹരണത്തിനായി എടുക്കാം. ബഡ്ജറ്റിൽ കെ.ഐ.പി.-ക്ക് വേണ്ടി 18 കോടി ഉടനടിക പ്രൊവൈഡ് ചെയ്തിട്ടുണ്ട്. എന്നാൽ അതിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് 15 കോടി രൂപയാണ്. മൂന്നുകോടി രൂപക്കുവേണ്ടിയുള്ള വർക്കാണ് നടത്താൻപോകുന്നത്. ആ മൂന്നുകോടി രൂപയുടെ വർക്ക് നടത്തിക്കുന്നതിന് 15 കോടി രൂപയുടെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജസാണ് ഉണ്ടാവാൻ സാദ്ധ്യത. എങ്ങിനെയുണ്ട് ആ കഥ? അതിനെ സംബന്ധിച്ചൊന്നും ഇവിടെ രേണുകക്ഷിക്കാർക്ക് അഭിപ്രായമില്ല. ഇവിടെ വികസനം വന്നിരിക്കുന്നു എന്നാണ് പറയുന്നത്. ആർക്കൊക്കെയാണ് വികസനം വന്നിരിക്കുന്നതെന്ന് നോക്കണം. ഇവിടെ വികസനം വന്നിരിക്കുന്നത് മന്ത്രിമാർക്കാണ്. അവരുടെ സ്വത്തുക്കളിൽ വികസനം. അതുപോലെ വികസനം വൻകിട ഉദ്യോഗസ്ഥൻമാർക്ക് അവരുടെ വസ്തുവകകളിലുണ്ടായിട്ടുണ്ട്. വികസനം. പദ്ധതിപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള കാശ് കൊള്ളയടിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഒരു സ്ഥിതിയല്ലേ ഇവിടെ വികസനത്തിന്റെ പേരിൽ മന്ത്രിമാരും ഉദ്യോഗസ്ഥൻമാരും നടത്തിക്കൊണ്ടിരിക്കുന്നത്? സർക്കാരിന്റെ പണം മുഴുവൻ കൊള്ളയടിച്ച് വമ്പൻമാരുടെ സമ്പത്തുക്കളിൽ വികസനവും വർദ്ധനയുമാണ് ഇവിടെ ഉണ്ടാക്കിയിട്ടുള്ളത്. അതിനൊരുദാഹരണം മാത്രമാണ് കെ.ഐ.പി. മൂന്നുകോടി രൂപയുടെ വർക്ക് ചെയ്യിക്കാൻവേണ്ടി 15 കോടി രൂപയുടെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജസ് എന്നുള്ള കാര്യം നിങ്ങൾക്ക് നിഷേധിക്കാനാവുമോ? കഴിഞ്ഞകാലങ്ങളിലും സ്ഥിതി ഇത്തരത്തിലായിരുന്നു എന്നതിൽ യാതൊരു സംശയവുമില്ല. ഏതു വകുപ്പിന്റെ കാര്യം എടുത്താലും ഇത തന്നെയാണ് സ്ഥിതി. മറ്റൊരു കാര്യം പറയാം. ഇവിടെ എസ്.സി./എസ്.ടി. ഡിപ്പാർട്ടുമെന്റുണ്ട്. ആ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം കൊള്ളയടിക്കലാണ്. ഹരിജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല; ആദിവാസികളുടെ ഭൂമികൈയേറ്റ നിയമം പ്രാബല്യത്തിൽ വരുത്തുന്നില്ല. അത് കൊടുക്കണമെന്ന് നിയമം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിട്ടും അതു ലംഘിക്കാൻവേണ്ടി പുതിയ ഭേദഗതിനിയമം കൊണ്ടു വരാൻ പോവുകയാണ്. ഈ നിയമസഭയുടെ മുമ്പിൽത്തന്നെ ഒരു സമരം നടക്കുന്നുണ്ട്. സമരത്തിന് ആധാരമായ വസ്തുതകൾ ഈ ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. തച്ചടി പ്രഭാകരൻ: അങ്ങ് ഇതെയും ആവേശകരമായി പ്രസംഗിക്കുന്നുണ്ടല്ലോ. നിങ്ങൾ 9 പേർ ഇവിടെ ആർ.എസ്.പി.-ക്കാരുണ്ടായിരുന്നു. ഇപ്പോൾ ബേബിജോൺ സാറും നാണുമാസ്റ്ററും മാത്രമായി. രണ്ടുപേരും അടുത്ത തെരഞ്ഞെടുപ്പിൽ ജയിക്കുകയില്ല; ഞാൻ ഉറപ്പുതരുന്നു.

ശ്രീ. ടി. നാണുമാസ്റ്റർ: അങ്ങയുടെ ചോദ്യം ശരിയാണ്. അഞ്ചെട്ടുപത്തുകൊല്ലം മുമ്പ് ഇൻഡ്യയിലെ 25 സംസ്ഥാനങ്ങളിലും കോൺഗ്രസ് കൊടികുത്തിവാണു. ഇപ്പോൾ ആന്ധ്രയിലുണ്ടോ? തമിഴ്നാട്ടിലുണ്ടോ? കർണ്ണാടകയിലുണ്ടോ? മഹാരാഷ്ട്രയിലുണ്ടോ? ഗുജറാത്തിലുണ്ടോ? ബീഹാറിലുണ്ടോ? യു.പി.യിലുണ്ടോ? എവിടെ ഉണ്ട് നിങ്ങളുടെ പാർട്ടി? തച്ചടിയും വേറെ കുറേ ആളുകളും മാത്രമായിരിക്കുന്നു. ആലിബാബയും 40 കള്ളൻമാരും എന്നതുപോലെ കോൺഗ്രസ് അധഃപതിച്ചില്ലേ?

ശ്രീ. തച്ചടി പ്രഭാകരൻ: ഒരു സംശയവും വേണ്ട; ഈ സംസ്ഥാനങ്ങളിലെല്ലാം കോൺഗ്രസ് അധികാരത്തിൽ വരാൻ പോവുകയാണ്. കേന്ദ്രത്തിലും കോൺഗ്രസ് അധികാരത്തിൽ വരും.

ശ്രീ. ടി. നാണുമാസ്റ്റർ: ആ പൂതി മാറ്റിവയ്ക്കണമെന്നാണ് ബി.ജെ.പി. പറഞ്ഞത്. നമ്മളെല്ലാം വിചാരിച്ചിരുന്നത് ബി.ജെ.പി.-ക്കാർ കാശു വാങ്ങിക്കുകയില്ല എന്നാണ്. ഇപ്പോൾ എൽ. കെ. അദ്വാനി ഹാജരുണ്ടോ എന്ന് കോടതിയിൽ ചോദിക്കുമ്പോൾ ഉണ്ട് എന്നു പറയേണ്ട സ്ഥിതി വന്നിരിക്കുന്നു. അവർ ഇപ്പോൾ പറഞ്ഞിരിക്കുന്നത് മുമ്പ് കോൺഗ്രസ്സിനെ താങ്ങി നിറുത്തിയതുപോലെ ബി.ജെ.പി.-യെ അതിനു കിട്ടുകയില്ല എന്നാണ്. ഞാൻ പറഞ്ഞുവന്നത് പട്ടികജാതി-പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നില്ല എന്നുള്ളതാണ്. 1995-96-ൽ 39.64 കോടി രൂപ ലാപ്സാക്കി. സെൻട്രൽ അസിസ്റ്റൻസും സ്പെഷ്യൽ ഫണ്ടുകളുമൊക്കെ പരമാവധി ചെലവു ചെയ്തിരിക്കുന്നു എന്നുള്ളതാണ് സത്യം. ഇപ്പോൾ ഇവിടെ നാടൻകലാ അക്കാഡമി എന്നു പറഞ്ഞൊരു അക്കാഡമി രൂപീകരിച്ചിരിക്കുകയാണ്. ഹരിജന വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന അടിസ്ഥാന വർഗ്ഗങ്ങളെ ഒരാളിനെപ്പോലും ഉൾപ്പെടുത്താതെയാണ് നാടൻകലാ അക്കാഡമി രൂപീകരിച്ചിരിക്കുന്നത്. മണ്ണിന്റെ, മനുഷ്യന്റെ, കലയുടെ തുടിപ്പും മണവും ഉള്ള നാടൻ കലാ അക്കാഡമിയിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരെ ഉൾപ്പെടുത്തിയിട്ടില്ല. അവരെ ഒഴിവാക്കിയാൽ അതു നാടൻ കലാ അക്കാഡമിയാകുകയില്ല; അത് കാടൻ കലയാകും. നാലഞ്ചു മെഡിക്കൽ കോളേജുകളിലേക്ക് എൻട്രൻസ് പരീക്ഷ നടത്തി. 700 സീറ്റുകളുണ്ട്; അതിൽ 70 ആളുകൾ എസ്.സി./എസ്.ടി. ആയിരിക്കണമെന്ന് തീരുമാനിച്ചിരുന്നതാണ്. മെരിറ്റിൽ വന്നിട്ടും അങ്ങനെയുള്ള ആളുകളെ ആബ്സന്റ് മാർക്ക് ചെയ്തിട്ട് പകരം നാലു സീറ്റ് കൃത്രിമമായി ക്രിയേറ്റ് ചെയ്ത് 4 നാടാർ വിഭാഗക്കാരെ നിയമിച്ചിരിക്കുകയാണ് അതു സംബന്ധിച്ച് ഹൈക്കോടതിയിൽ ഒരു കേസ് ഉണ്ട്. ആ വിധി മാനിക്കുവാൻ ഗവൺമെന്റുപോലും തയ്യാറായില്ല. സമയക്കുറവു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ഞാൻ വിശദാംശങ്ങളിലേക്കു കടക്കുന്നില്ല. ഏതു രംഗത്തും അവരെ പീഡിപ്പിക്കുകയാണ്; ബുദ്ധിമുട്ടിക്കുകയാണ്. കെ.എ.പി.-യിലെ ഒരുദ്യോഗസ്ഥനു നാലഞ്ചു മാസത്തിനിടയിൽ 3 സ്ഥലത്ത് സ്ഥലം മാറ്റം നൽകി. നാലാമത്തെ സ്ഥലം മാറ്റത്തിനു ആലോചന നടന്നുകൊണ്ടിരിക്കുകയാണ്. ഹരിജൻ വിഭാഗങ്ങളിലുള്ള ഉദ്യോഗസ്ഥൻമാർക്ക് പ്രൊമോഷൻ നൽകാതിരിക്കുന്നതിനുവേണ്ടി ഡെപ്യൂട്ടേഷൻ നൽകിയിരിക്കുകയാണ്. ഇങ്ങനെ പല രീതിയിലും അവരുടെ അവകാശങ്ങൾ നിഷേധിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള ഈ ഗവൺമെൻറിനെ എങ്ങനെ എതിർക്കാതിരിക്കും സർ? കേരള ഫിനാൻസ് കോർപ്പറേഷൻ വ്യവസായികൾക്ക് വായ്പ നൽകി. വ്യവസായ യൂണിറ്റുകൾ ഉണ്ടാക്കുവാൻ പരിശ്രമിച്ചിട്ടുള്ള ആയിരക്കണക്കിന് വ്യവസായ സംരംഭകർ വെള്ളയമ്പലത്ത് നിരാഹാര സത്യാഗ്രഹം നടത്തുകയാണ്. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ പുനഃസംഘടിപ്പിക്കണം; അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. ഇപ്പോൾ വ്യവസായമേഖലയാകെ മുരടിച്ചിരിക്കുകയാണ്; എല്ലാം പീഡിത വ്യവസായങ്ങളായിരിക്കുകയാണ്. ഏതു രംഗം എടുത്താലും, വ്യവസായം എടുത്താലും, കൃഷി എടുത്താലും തൊഴിൽരംഗം എടുത്താലും ഈ ഗവൺമെൻറ് 5 കൊല്ലത്തിനിടയ്ക്ക് ഈജിയൻ തൊഴുത്തിനു തുല്യമായ രീതിയിലേക്ക് അവയെ മാറ്റിയിരിക്കുകയാണ്. കശുവണ്ടി മേഖലയിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഇനി എല്ലാവരും കുരുക്ഷേത്രത്തിലിറങ്ങുകയാണ്. ഈ ഗവൺമെൻറിൻെറ പിടിപ്പുകേടും അഴിമതിയും മറ്റു വെട്ടിപ്പുകളും എല്ലാം ജനങ്ങൾ വളരെ ശ്രദ്ധയോടുകൂടി വീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഈ കുരുക്ഷേത്രം കഴിഞ്ഞാൽ എല്ലാവർക്കും ഈ നാട്ടിൽ അലഞ്ഞുതിരിയേണ്ടിവരും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്.

ശ്രീ. ടി. ശരത്ചന്ദ്രപ്രസാദ്: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു. വിജയകരമായ 5 കൊല്ലക്കാലം കേരളത്തിലെ ജനങ്ങൾക്ക് നേതൃത്വം നൽകിയ ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറ്, ശ്രീ. നായനാർ ഇവിടെ പ്രസംഗിച്ചപ്പോൾ സൂചിപ്പിച്ച കുരുക്ഷേത്രത്തിലേക്ക് ഇറങ്ങിത്തിരിക്കുകയാണ്. ഞങ്ങൾ ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നത് കഴിഞ്ഞ 5 വർഷക്കാലത്തെ ഭരണ നേട്ടങ്ങളുടെ പട്ടികയാണ്. ഇവിടെ പ്രസംഗിച്ച നായനാരുടെ മുന്നണി കഴിഞ്ഞ 5 വർഷക്കാലം പ്രതിപക്ഷത്തിരുന്ന കൊണ്ട് എന്തു ചെയ്തു എന്ന് പറഞ്ഞുകൊണ്ടാണ് കുരുക്ഷേത്ര യുദ്ധത്തിനിറങ്ങുന്നത് എന്നു പറയുകയുണ്ടായി. അതിനെക്കുറിച്ച് സംസാരിക്കാൻ നിങ്ങൾക്ക് കഴിയുമോ എന്നു ഞാൻ ചോദിക്കുകയാണ്. 5 വർഷക്കാലത്തെ ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറിൻെറ പ്രവർത്തനങ്ങൾ എല്ലാ രംഗത്തും അക്കമിട്ട് അക്കമിട്ട് ഞാൻ എടുത്തു പറയുന്നില്ല. ജീവിതത്തിൻെറ എല്ലാ തുറകളിലും ഈ മുന്നണി ഗവൺമെൻറിൻെറ ഭരണംകൊണ്ട് നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അത് വളരെ അഭിമാനത്തോടുകൂടി ഞങ്ങൾക്ക് പറയുവാൻ സാധിക്കും. കഴിഞ്ഞ 5 വർഷക്കാലം പ്രതിപക്ഷം ഒരുപാട് സംഭവങ്ങളൊക്കെ ഉരുട്ടി മലയുടെ മുകളിൽ കൊണ്ടുവന്നു. പക്ഷേ അതെല്ലാം പൊട്ടിപ്പോയ അല്ലെങ്കിൽ ചീറിപ്പോയ അമിട്ടുകൾ പോലെയായി. പ്രതിപക്ഷത്തിൻെറ പരിശ്രമങ്ങളെല്ലാം വഴിയിലിട്ടുപേക്ഷിക്കേണ്ട സ്ഥിതിയിലായിരിക്കുകയാണ്. കേന്ദ്രസംസ്ഥാന ഗവൺമെൻറുകളുടെ സാമ്പത്തിക നയത്തെക്കുറിച്ച് ഇവിടെ പലരും സൂചിപ്പിക്കുക ഉണ്ടായി. മാർക്സിസ്റ്റു പാർട്ടിയുടെ നേതാക്കൻമാർ ഒരു കാര്യം

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കിയിരിക്കുന്നതു കൊള്ളാം. കേന്ദ്രത്തിലെ പ്രിയങ്കരനായ ധനകാര്യമന്ത്രി ശ്രീ. മൻമോഹൻസിംഗിന്റെ തലയിലെ തൊപ്പിയും മാർക്സിസ്റ്റ് പാർട്ടിയുടെ നേതാവ് ശ്രീ. സുർജിത് സിംഗിന്റെ തലയിലെ തൊപ്പിയും തമ്മിൽ ഒരുപാട് വ്യത്യാസമുണ്ട്. ശ്രീ. മൻമോഹൻസിംഗിന്റെ തൊപ്പിയും താടിയും നിങ്ങൾ അംഗീകരിച്ചു കൊണ്ട് ശ്രീ. സുർജിത് സിംഗിന്റെ തൊപ്പിയും താടിയും വെസ്റ്റ് ബംഗാൾ ചീഫ് മിനിസ്റ്റർ ശ്രീ. ജ്യോതി ബാസുവിന്റെ തലയിൽ വച്ചുകൊണ്ട് യാഥാർത്ഥ്യ ബോധത്തോടുകൂടി മുന്നോട്ടുപോകുന്ന കാലം അതി വിദൂരമല്ല എന്നു സൂചിപ്പിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇന്ത്യാ മഹാരാജ്യത്തിന്റെ ഒരു കൊച്ചു ഭാഗമാണ് കേരളം. കാശ്മീർ മുതൽ കന്യാകുമാരിവരെയുള്ള ജനതയെ ഒരുപോലെ നയിക്കാൻ കഴിഞ്ഞ ഒരു രാഷ്ട്രീയ പ്രസ്ഥാനമാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്. 1975, 1976, 1977 കാലഘട്ടങ്ങളിൽ പ്രതിപക്ഷത്തിരുന്ന ആളുകൾ അടിയന്തിരാവസ്ഥയുടെ കറുത്ത രാത്രികൾ എന്നൊക്കെ പറഞ്ഞ ആ ദിവസങ്ങളെ സംബന്ധിച്ച് വളരെ ആവേശത്തോടുകൂടിയാണ് കേരളത്തിലെ ജനങ്ങൾ ഓർമ്മിക്കുന്നത്. അന്ന് ശ്രീമതി ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോൾ അമ്മയുടെ ഇരുപതും മകന്റെ അഞ്ചും എന്നു പറഞ്ഞുകൊണ്ട് കോൺഗ്രസ്സിനെ ആക്ഷേപിച്ചവർ അന്നത്തെ ജനതാപാർട്ടി ഭരണകൂടത്തിലെ ചന്ദ്രശേഖറിനേയും അടൽ ബിഹാരി വാജ്പേയിയേയും എൽ. കെ. അദ്വാനിയേയും ഒക്കെ ഉദ്ദേശിച്ച്, അന്ന് ഭരണത്തിൽ ഉണ്ടായിരുന്ന കരുണാകരൻ അടക്കമുള്ള നേതാക്കൻമാരെ നോക്കി പറഞ്ഞത് വടക്കുദിച്ച സൂര്യനെ നിങ്ങൾ കണ്ണുതുറന്നു കാണണമെന്നാണ്. ആ വടക്കുദിച്ച സൂര്യൻമാർ ആരൊക്കെയായിരുന്നു എന്നുള്ളത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ആ വടക്കുദിച്ച സൂര്യൻമാരെ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് പാർലമെന്ററിൽ ഒരു മൂലയിൽ ഒതുക്കി. 1989-ലും 1991-ലും കോൺഗ്രസ്സിനെ പരാജയപ്പെടുത്തുവാൻ ഏകീകൃത സ്ഥാനാർത്ഥി എന്നു പറഞ്ഞുകൊണ്ട് ബി. ജെ. പി. സ്ഥാനാർത്ഥികളും ഉള്ള സ്ഥലങ്ങളിൽ അവരെക്കൊണ്ട് സ്ഥാനാർത്ഥിത്വം പിൻവലിപ്പിച്ചു. അന്ന് ഇ. എം. എസ്സിനു ഡൽഹിയിൽ പോട്ടുണ്ടായിരുന്നു. കോൺഗ്രസ് സ്ഥാനാർത്ഥിയ്ക്കെതിരെ ബി. ജെ. പി. സ്ഥാനാർത്ഥി താമര അടയാളത്തിൽ മൽസരിച്ചപ്പോൾ കോൺഗ്രസ് വിരോധത്തിന്റെ പേരിൽ കൈപ്പത്തി ചിഹ്നത്തിന് എതിരെ മൽസരിച്ച താമരയ്ക്കുതന്നെ നിങ്ങൾ വോട്ടു ചെയ്തു എന്നുള്ള കാര്യം ഇൻഡ്യയിലെ ജനങ്ങൾ മറന്നിട്ടില്ല.

സർ, ബ്രിട്ടീഷുകാർ ഇൻഡ്യ വിടുമ്പോൾ, അവർ കരിമ്പിൻ ചണ്ടിപോലെ ഇൻഡ്യാ മഹാരാജ്യത്തെ ചവച്ചരച്ച് പോകുമ്പോൾ, ഇൻഡ്യാ മഹാരാജ്യത്ത് ഒരു മൊട്ടുസൂചിപോലും സ്വന്തമായി ഉണ്ടാക്കാൻ
3 p.m.] കഴിയുന്ന സാഹചര്യം ഉണ്ടായിരുന്നില്ല. ആ സ്ഥാനത്ത്, കാളവണ്ടി യുഗത്തിൽനിന്നും ആറാം യുഗത്തിലേയ്ക്ക് ഇൻഡ്യാ മഹാരാജ്യത്തെ പിടിച്ചുയർത്തിക്കൊണ്ട് മുന്നോട്ടുപോകാൻ കഴിഞ്ഞ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് എന്ന രാഷ്ട്രീയ കക്ഷിയോടുള്ള അനാവശ്യമായ, അനവസരത്തിലുള്ള, രാഷ്ട്രീയ വൈരാഗ്യത്തിന്റെ പേരിൽ ഈ രാജ്യത്തെ തകർക്കാൻ ശ്രമിക്കുന്ന, ഈ രാജ്യത്തെ കൂട്ടിച്ചോറാക്കാൻ ശ്രമിക്കുന്ന വിധ്വംസകവർഗ്ഗീയ സംഘടനകളുമായി കൂട്ടുചേർന്നുകൊണ്ട് മാർക്സിസ്റ്റുപാർട്ടിയടക്കമുള്ള ആളുകൾ കഴിഞ്ഞ എത്രയോ വർഷങ്ങളായി മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുന്നു. ഈ രാജ്യത്തെ ഐക്യവും അഖണ്ഡതയും ഭദ്രതയും കാത്തുസൂക്ഷിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുന്ന ഏക രാഷ്ട്രീയ പ്രസ്ഥാനമെന്നുള്ള നിലയിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനല്ലാതെ മറൊരു രാഷ്ട്രീയ പ്രസ്ഥാനത്തിനും ഈ രാജ്യത്തെ നയിക്കാൻ കഴിയുകയില്ലെന്നുള്ള കാര്യം ജനങ്ങൾ അംഗീകരിക്കുന്നു. ഹൈന്ദവനും മുസൽമാനും ക്രൈസ്തവനും സിക്കുകാരനും ജൈനമതക്കാരനും ബുദ്ധമതക്കാരനും ഹരിജനും ഗിരിജനും എല്ലാം ഒരു അമ്മപെറവരെപ്പോലെ, ഏകോദരസഹോദരങ്ങളെപ്പോലെ ജീവിക്കുന്ന ഇൻഡ്യാ മഹാരാജ്യത്തെ ജാതിയുടെയും മതത്തിന്റെയും വർണ്ണത്തിന്റെയും വർഗ്ഗത്തിന്റെയും പേരിൽ വെട്ടി മുറിക്കാൻ ശ്രമിക്കുന്ന ശക്തികൾക്കെതിരെ ആഞ്ഞടിക്കാൻ കഴിയുന്ന ഏറ്റവും വലിയ ജനാധിപത്യ സംഘടന ഇൻഡ്യൻ നാഷണൽ കോൺഗ്രസ് മാത്രമാണെന്ന് എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും അംഗീകരിക്കുമ്പോഴും ഈ സഭയ്ക്കകത്തിരുന്നുകൊണ്ട് പ്രതിപക്ഷത്തിരിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഈ രാജ്യത്തെ ജനങ്ങളോടുള്ള വെല്ലുവിളിയെന്നോണം കോൺഗ്രസ്സിനെ മനഃപൂർവ്വമായി ആക്ഷേപിക്കാൻ ശ്രമങ്ങൾ നടത്തുമ്പോൾ ഞങ്ങൾക്ക് ദുഃഖം തോന്നുകയാണ്. ഞാൻ കേരളത്തിലെ കഴിഞ്ഞകാല ചരിത്രത്തിലേയ്ക്ക് പോകാൻ ആഗ്രഹിക്കുകയാണ്. ഇന്നലെകളിൽ കോൺഗ്രസ് ഇൻഡ്യാ മഹാരാജ്യം ഭരിച്ചിരുന്നപ്പോൾ, ശ്രീമതി ഇന്ദിരാഗാന്ധി ഇവിടെ പ്രധാനമന്ത്രിയായിരുന്നപ്പോൾ മാർക്സിസ്റ്റുപാർട്ടി വിളിച്ച് മുദ്രാവാക്യം ഞാൻ ഓർക്കുകയാണ്. ഈ ഒൻപതാം നിയമസഭയുടെ ആദ്യസമ്മേളനത്തിൽ എന്നെപ്പോലെ പുതിയതായി വന്ന അംഗങ്ങളെല്ലാം കഴിഞ്ഞകാല കമ്മ്യൂണിസ്റ്റ് ചരിത്രത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അതിലെ ഒന്നു രണ്ട് കാര്യങ്ങൾ ഈ ഒൻപതാം നിയമസഭ അവസാനിക്കുന്ന അവസാന സമ്മേളനത്തിൽ അവസാന സന്ദർഭത്തിൽ ഓർമ്മിപ്പിക്കുകയാണ്. 1965-67 കാലഘട്ടത്തിൽ കേരളത്തിൽ മാർക്സിസ്റ്റുപാർട്ടി വിളിച്ച ഒരു മുദ്രാവാക്യമുണ്ട്: ''ഇന്ദിരേ, നീയൊരു പെണ്ണല്ലേ, നിനക്ക് മക്കൾ രണ്ടില്ലേ, ഈ അരി എങ്ങനെ വച്ചു വിളമ്പും''. ഇൻഡ്യാ രാജ്യത്ത് ഭക്ഷ്യക്ഷാമമുണ്ടായപ്പോൾ ഉള്ളത് പച്ചരിയാണെങ്കിലും ഇൻഡ്യയൊട്ടുക്ക് കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചപ്പോൾ ഇവിടെ ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള മാർക്സിസ്റ്റുപാർട്ടി ഇന്ന് ഇന്ദിരാഗാന്ധിയുടെ മുഖത്തുനോക്കി വീരൽചൂണ്ടിക്കൊണ്ട് പ്രസംഗിച്ചു, ''ഇന്ദിരേ, നീയൊരു പെണ്ണല്ലേ, നിനക്ക് മക്കൾ രണ്ടില്ലേ, ഈ അരി എങ്ങനെ വച്ചുവിളമ്പും'' എന്ന്. ആ ഇൻഡ്യാ രാജ്യത്തെ ഇന്നത്തെ സ്ഥിതി നമ്മൾ പരിശോധിക്കണം. മാർക്സിസ്റ്റുപാർട്ടിക്ക് ഇന്ന് ആ മുദ്രാവാക്യം വിളിക്കാൻ കഴിയുന്നില്ല. മാർക്സിസ്റ്റുപാർട്ടി ഇന്നലെകളിൽ പ്രതിപക്ഷത്തിരുന്നാലും ഭരണപക്ഷത്തിരുന്നാലും അവർക്ക് വിഭിന്നങ്ങളായ മുദ്രാവാക്യങ്ങളുണ്ട്. മാർക്സിസ്റ്റുപാർട്ടി അധികാരത്തിൽനിന്ന് പുറത്തുപോയപ്പോൾ മാർക്സിസ്റ്റുപാർട്ടി വിളിച്ച ഒരു മുദ്രാവാക്യമുണ്ട്. ''അരി തരാത്ത, തുണി തരാത്ത, പണി തരാത്തവരുടെ കൊടിമരങ്ങൾ തകരട്ടെ'' എന്ന്. ആ മുദ്രാവാക്യം ഇന്ന് മാർക്സിസ്റ്റുപാർട്ടിക്ക് ഇവിടെ വിളിക്കാൻ കഴിയുന്നില്ല. ആ മാർക്സിസ്റ്റുപാർട്ടി രണ്ടിൽ വന്നപ്പോൾ പോലീസ് അതിക്രമം കാണിച്ചപ്പോൾ സഭയ്ക്കകത്ത് അന്നത്തെ പ്രതിപക്ഷ നേതാക്കൻമാർ, ശ്രീ. കരുണാകരനടക്കമുള്ള ആളുകൾ ശബ്ദിച്ചപ്പോൾ അന്ന് മാർക്സിസ്റ്റുപാർട്ടി നേതാക്കൻമാർ ഭരണത്തിലിരുന്നുകൊണ്ട് വിളിച്ച ഒരു മുദ്രാവാക്യമുണ്ട്. ''ഞങ്ങളുടെ പോലീസ് ഞങ്ങളെ തല്ലിയാൽ നിങ്ങൾക്ക് എന്തേ കോൺഗ്രസ്സേ'' എന്ന്. കേരളത്തിൽ ഭക്ഷ്യ പ്രശ്നമുണ്ടായപ്പോൾ, വിദ്യാർത്ഥി സമരം ആഞ്ഞടിച്ചപ്പോൾ അന്ന് മാർക്സിസ്റ്റുപാർട്ടി

LIBRARY ARCHIVES Kerala Legislative Assembly

വിളിച്ച മുദ്രാവാക്യമുണ്ട്: ''ഞങ്ങളുടെ കാർഡിന് അരിയില്ലെങ്കിൽ നിങ്ങൾക്കെന്തേ കോൺഗ്രസ്സേ'' എന്ന്. ആ മുദ്രാവാക്യം കേരളത്തിലെ ജനങ്ങൾ മറന്നിട്ടില്ല. ആ മുദ്രാവാക്യത്തിന് ഇന്ന് ഇൻഡ്യയിലും കേരളത്തിലും പ്രസക്തിയുണ്ടോയെന്ന് നമ്മൾ പരിശോധിക്കണം. ഈ മുദ്രാവാക്യങ്ങൾക്കൊന്നും ഇന്ന് കേരളത്തിലും ഇൻഡ്യാ മഹാരാജ്യത്തും പ്രസക്തിയില്ലാതെ മാറിയിരിക്കുന്നു. എന്തുകൊണ്ടാണ്? അതാണ് കോൺഗ്രസ്സിന്റെ ഭരണം, ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണം. ആ ഭരണം കൊണ്ട് ഇന്നലെകളിൽ മാർക്സിസ്റ്റുപാർട്ടി വിളിച്ച മുദ്രാവാക്യത്തിന് ഇന്ന് പ്രസക്തി നഷ്ടപ്പെട്ടു പോയിരിക്കുന്നുവെന്നുള്ള കാര്യത്തിൽ സംശയമില്ല. അതാണ് ഞാൻ സൂചിപ്പിച്ചത്. കോൺഗ്രസ്സിന്റെ നേട്ടം, ഐക്യജനാധിപത്യ മുന്നണിയുടെ നേട്ടം എന്താണെന്ന് ചോദിച്ചാൽ മാർക്സിസ്റ്റു പാർട്ടിയുടെ ഇടതുപക്ഷമുന്നണിയുടെ മുദ്രാവാക്യത്തിൽ വന്ന മാറ്റം തന്നെയാണെന്നുള്ള കാര്യത്തിൽ സംശയമില്ല. ആ നേട്ടത്തിന്റെ പട്ടിക നിരത്തിവച്ചുകൊണ്ടാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത്. 1991-ൽ ഞങ്ങൾ കേരളത്തിലെ ജനങ്ങളുടെ മുൻപിൽ അവതരിപ്പിച്ച പ്രകടന പത്രികയിലെ 95 ശതമാനം കാര്യങ്ങളും പാലിച്ചുവെന്ന വിശ്വാസത്തോടു കൂടിത്തന്നെയാണ് ഐക്യജനാധിപത്യ മുന്നണി തെരഞ്ഞെടുപ്പിനെ നേരിടാൻ മുന്നോട്ടുപോകുന്നത്. അങ്ങനെ തെരഞ്ഞെടുപ്പിനെ നേരിടാൻ മുന്നോട്ടുപോകുമ്പോൾ അപ്പുറത്തിരിക്കുന്ന മാർക്സിസ്റ്റുപാർട്ടിയോട് ഞങ്ങൾ വിനയത്തോടുകൂടി ചോദിക്കുന്നു, ഇടതുപക്ഷജനാധിപത്യ മുന്നണിക്ക് ജനങ്ങൾക്കുവേണ്ടി കഴിഞ്ഞ അഞ്ചു വർഷം എന്താണ് ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്? കഴിഞ്ഞ 5 കൊല്ലക്കാലത്തിനിടയിൽ ഐക്യജനാധിപത്യ മുന്നണിക്കകത്ത് കലഹമാണ്, കോൺഗ്രസ്സിൽ കലഹമാണ്, മുസ്ലീംലീഗിൽ കലഹമാണ് എന്നൊക്കെ നിങ്ങൾ പറഞ്ഞു. നിങ്ങൾ അങ്ങനെ പറഞ്ഞതുകൊണ്ടുതന്നെ ഞങ്ങൾക്കിടയിൽ അൽപസ്വൽപം കലഹങ്ങളും വിണക്കങ്ങളും ഉണ്ടായിരുന്നത് മാറി. കേരളത്തിലെ ജനങ്ങളുടെ പ്രശ്നം വന്നപ്പോൾ, കേരളത്തിലെ ഐക്യജനാധിപത്യ മുന്നണിയെ സ്നേഹിക്കുന്ന ജനങ്ങൾ ആഗ്രഹിച്ചപ്പോൾ ഞങ്ങൾ ഒറ്റക്കെട്ടായി മുന്നോട്ടുവന്നു. പ്രതിപക്ഷത്തിരിക്കുന്ന ആളുകൾക്ക് ഭരണപക്ഷത്തെ നേരിടാൻ കഴിഞ്ഞ അഞ്ചു കൊല്ലക്കാലവും ഒരുമിച്ച് മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. സി. പി. എം. ഒരു തീരുമാനമെടുക്കുമ്പോൾ സി. പി. ഐ.-യുടെ തീരുമാനം മറ്റൊന്നാണ്. ആർ.എസ്. പി.-യുടെ തീരുമാനം ഇനിയൊന്നാണ്. ഏറ്റവും ഒടുവിൽ മദ്യനിരോധനത്തിന്റെ കാര്യം വന്നപ്പോഴും ഇടതുപക്ഷനിരകൾ വിഭിന്നമായ ചേരികളിൽ നിന്നു. ഈ വരാൻപോകുന്ന തെരഞ്ഞെടുപ്പിൽ ഞങ്ങൾ ജനങ്ങളുടെ മുൻപിൽ ഈ കാര്യങ്ങൾ സൂചിപ്പിക്കുമ്പോൾ നിങ്ങൾക്ക് എങ്ങനെ ഒറ്റക്കെട്ടായിനിന്ന് ഒരു പ്രകടനപത്രിക അവതരിപ്പിച്ചുകൊണ്ട് ജനങ്ങളോട് സംസാരിക്കാൻ കഴിയും? ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ഐക്യജനാധിപത്യമുന്നണി വ്യക്തമായ കർമ്മ പരിപാടികളോടുകൂടിയാണ് മുന്നോട്ടുപോകുന്നത്. എന്താണ് ഈ അഞ്ചു കൊല്ലത്തിനിടയിൽ മാർക്സിസ്റ്റ് പാർട്ടി നടത്തിയിട്ടുള്ളത്? ഈ സഭയിൽ ബഹുമാന്യനായ മന്ത്രി ശ്രീ. എം. വി. രാഘവൻ ഇരിക്കുന്നു. ഒൻപതാം നായനാരുടെ അവസാന സമ്മേളനത്തിന്റെ അവസാന ദിവസം ഞങ്ങൾക്കൊക്കെ ഒരു ഗ്രൂപ്പ് ഫോട്ടോയ്ക്ക് ഇരിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. ഞങ്ങളൊക്കെ ആദ്യമായി എം. എൽ. എ.-യായി കടന്നു വന്ന ആളുകളാണ്. ഞങ്ങൾ ഇന്ന് ഗ്രൂപ്പ് ഫോട്ടോ എടുക്കുമെന്നുള്ള സന്തോഷത്തിൽ വന്നവരാണ്. അപ്പോൾ അപ്പുറത്തുള്ള മാർക്സിസ്റ്റു

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടി പറഞ്ഞിരിക്കുന്നു, ശ്രീ. എം. വി. രാഘവൻ ഉണ്ടെങ്കിൽ ഞങ്ങൾ ഗ്രൂപ്പ് ഫോട്ടോയ്ക്ക് ഇല്ലെന്ന്. ഇത് ഈ സഭയോട് കാണിക്കുന്ന ഏറ്റവും വലിയ അവഹേളനമാണ്, ജനാധിപത്യധ്വംസനമാണ്, ജനാധിപത്യത്തിന്റെ കടയ്ക്കൽ കത്തി വയ്ക്കലാണ്. ശ്രീ. എം. വി. രാഘവനും, സഖാവ് ഇ. കെ. നായനാരും, പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദനും എല്ലാവരും ജനങ്ങൾ വോട്ട് ചെയ്തിട്ട് ഈ സ്ഥാനം ലഭിച്ച ആളുകളാണ്. ശ്രീ. എം. വി. രാഘവനുണ്ടെങ്കിൽ ഞങ്ങൾ ഫോട്ടോയ്ക്ക് ഇല്ലെന്ന് പറയുന്നത് ജനാധിപത്യത്തോടുള്ള വെല്ലുവിളിയാണ്. മാർക്സിസ്റ്റ് പാർട്ടി ഉദ്ദേശിക്കുന്ന ജനാധിപത്യമെന്താണ്? ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. സ്ഥിതിസമത്വം, സഞ്ചാരസ്വാതന്ത്ര്യം, സംസാരസ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം എന്നൊക്കെ നിങ്ങൾ വാചാലമായി പ്രസംഗിക്കുന്നില്ലേ? ശ്രീ. എം. വി. രാഘവൻ എന്ന മന്ത്രിക്ക് കേരളത്തിൽ ജനകീയ പരിപാടികളിൽ പങ്കെടുക്കാൻ കഴിയുന്നില്ല. സ്വതന്ത്രമായി സഞ്ചരിച്ചാൽ അദ്ദേഹത്തെ കൊല്ലുമെന്നു പറയുന്നു. ഈ സഭയ്ക്കകത്തെങ്കിലും അദ്ദേഹത്തിന് സംരക്ഷണം കൊടുക്കാൻ കഴിയണം. ശ്രീ. എം. വി. രാഘവൻ ഉണ്ടെങ്കിൽ ഫോട്ടോയ്ക്ക് ഇല്ലെന്ന് പറയുന്നത് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ഇത് എന്ത് കമ്മ്യൂണിസമാണെന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. സഖാവ് ഗൗരിയമ്മയെ ഒരു കാലത്ത് അമ്മ, അമ്മ എന്ന് വിളിച്ചിരുന്ന മാർക്സിസ്റ്റ് പാർട്ടി ഇന്ന് ആ പാവപ്പെട്ട സ്ത്രീയെ തെരുവിലിട്ട് തല്ലുന്ന സ്ഥിതിയാണ്. ഒരു കാലത്ത് അപ്പുറത്തിരിക്കുന്ന ശ്രീ. പിണറായി വിജയൻ അടക്കമുള്ള ആളുകൾ സഖാവ് എന്ന് പൂർണ്ണമായി വിളിക്കാത്ത, അപ്പുറത്തിരിക്കുന്ന യുവനേതാക്കൻമാർക്കൊക്കെ സ്വന്തം ചോരയും നീരും നൽകി കമ്മ്യൂണിസത്തിന്റെ ബാലപാഠം പഠിപ്പിച്ചുകൊടുത്ത സഖാവ് എം. വി. രാഘവനുണ്ടെങ്കിൽ ഞങ്ങൾ ഫോട്ടോയ്ക്ക് ഇല്ലെന്ന് പറഞ്ഞാൽ കാലം നിങ്ങളുടെ കവിളിൽകുത്തി ദ്രോഹിയെന്നു വിളിക്കുമ്പോൾ ആവേശത്താൽ, കേരളത്തിലെ ജനങ്ങൾ സന്തോഷംകൊണ്ട് അതിന്റെ പിന്നിൽ അണിനിരക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. കാലം നിങ്ങളുടെ കവിളിൽ കുത്തി ദ്രോഹിയെന്ന് വിളിക്കുമ്പോൾ കേരളത്തിലെ ജനാധിപത്യ വിശ്വാസികൾ ആവേശത്തോടെ നിങ്ങളുടെ മുഖത്തു നോക്കിക്കൊണ്ട് ജനാധിപത്യ ഘാതകരാണ് നിങ്ങൾ എന്ന് ഒരുമിച്ച് ഗർജ്ജിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. ഇസ്ഹാക്ക് കുരിക്കൾ)

തെറ്റ് തിരുത്താൻ കഴിയാതെ നിങ്ങൾ വീണ്ടും തെറ്റിലേക്കുതന്നെ വീണു കൊണ്ടിരിക്കുന്നു എന്ന സത്യം ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഞങ്ങൾ വ്യക്തമായ പരിപാടികളുമായി ജനങ്ങളുടെ മുമ്പിലേക്കു പോകുമ്പോൾ ഒന്നും പറയാൻ കഴിയാത്ത പ്രതിപക്ഷം ഇരുട്ടിൽ തപ്പി കഷ്ടപ്പെടുന്നതാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇവിടെ പ്രതിപക്ഷത്തിരിക്കുന്ന ആളുകളൊക്കെ പ്രസംഗിച്ചത് എന്താണ്? അഴിമതി അഴിമതി എന്നാണ്. പ്രതിപക്ഷത്തായാലും ഭരണപക്ഷത്തായാലും അഴിമതി നടത്തുന്ന ഏകപാർട്ടി മാർക്സിസ്റ്റ് പാർട്ടിയാണ്. ഞാൻ പ്രതിപക്ഷത്തെ ഒന്നടങ്കം ആക്ഷേപിക്കുകയല്ല. ഇവിടെ അക്രമവും അഴിമതിയും കാണിക്കുന്ന കാര്യത്തിൽ മാർക്സിസ്റ്റ് പാർട്ടിയാണ് മുമ്പിൽ. ഇവിടെ ഒരു പെൺകുട്ടിയെ ബലാൽസംഗം ചെയ്തു, ആ പെൺകുട്ടിയെ മാനഭംഗപ്പെടുത്തി എന്നു പറഞ്ഞുകൊണ്ട് കഴിഞ്ഞ രണ്ടുമൂന്നു ദിവസങ്ങളായി എല്ലാവരും വാചാലമായി പ്രസംഗിക്കുന്നുണ്ടായിരുന്നു. ഈ പ്രശ്നത്തെ സഭ മുഴുവൻ ഗൗരവത്തോടെ കാണുകയാണ്. ഈ സഭ അതിനെ അപലപിച്ചു. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

ഇത്ര ഗുരുതരമായ ഈ പ്രശ്നത്തിൽ മാർക്സിസ്റ്റ് പാർട്ടി രാഷ്ട്രീയം കാണാൻ ശ്രമിച്ചു എന്നുള്ളതാണ് ദുഃഖകരമായ വസ്തുത. കോൺഗ്രസ്സിന്റെ ഒരു ഡി.സി സി. സെക്രട്ടറി എന്നൊക്കെ സത്യം അറിയാതെ സൂചിപ്പിക്കരുത്. ഇവിടെയിരിക്കുന്ന, എസ്.എഫ്.ഐ - യിലൂടെ കടന്നുവന്ന സി.പി.എം.-ന്റെ മെമ്പർമാരോട് ഞാൻ ഒരു കാര്യം ചോദിക്കട്ടെ: ജോർജ്ജ് ചെറിയാൻ എന്ന 1986-ൽ ഗാന്ധിജി സർവ്വകലാശാലാ യൂണിയന്റെ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയെ നിങ്ങൾക്കറിയാമോ? ദേശാഭിമാനി പത്രത്തിന്റെ ഫ്രണ്ട് പേജിൽ 'ഗാന്ധിജി സർവ്വകലാശാലാ യൂണിയൻ എസ്.എഫ്.ഐ. പിടിച്ചടക്കി' എന്ന് കൊടുത്തിരുന്നത് നിങ്ങൾക്ക് ഓർമ്മയുണ്ടോ? ആ ജോർജ്ജ് ചെറിയാൻ, എസ്. എഫ്. ഐ -യുടെ നേതാവ്, എസ്.എഫ്.ഐ.-യുടെ ജില്ലാ സെക്രട്ടറി, സംസ്ഥാന കമ്മിറ്റി അംഗം യൂണിവേഴ്സിറ്റി യൂണിയന്റെ ജനറൽ സെക്രട്ടറിയായിരുന്നു. 1987-ൽ ഇടതുപക്ഷമുന്നണി അധികാരത്തിൽ വന്നപ്പോൾ അന്നത്തെ സർവ്വകലാശാലാ വൈസ് ചാൻസലർ ശ്രീ. അനന്തമൂർത്തിയായിരുന്നു. അന്ന് പുതിയ ഗാന്ധിജി സർവ്വകലാശാലാ നിയമത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥി പ്രാതിനിധ്യമില്ലാതിരുന്നതുകൊണ്ട് ഈ ജോർജ്ജ് ചെറിയാനെ സ്റ്റേറ്റിന്റെ ഡീനാക്കി അന്നത്തെ ഗവൺമെന്റ് പ്രഖ്യാപിച്ചു. ആ ജോർജ്ജ് ചെറിയാൻ എസ്.എഫ്.ഐ -യുടെ പാനലിലാണോ എസ് എഫ്.ഐ. സ്ഥാനാർത്ഥിയായിട്ടാണോ അന്ന് യൂണിവേഴ്സിറ്റി യൂണിയൻ തെരഞ്ഞെടുപ്പിൽ മൽസരിച്ചത് എന്ന് എനിക്കുശേഷം സംസാരിക്കാനിരിക്കുന്ന നേതാക്കൻമാരേ, നിങ്ങൾ പറയണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സംശയമുണ്ടെങ്കിൽ 1986-ലെ സർവ്വകലാശാലാ തെരഞ്ഞെടുപ്പിന്റെ റിസൽറ്റ് ദേശാഭിമാനി പത്രത്തിൽ വന്നത് നിങ്ങൾ വായിച്ചു നോക്കണം. 1987-ൽ സ്റ്റുഡൻസ് ഡീനായി ജോർജ്ജ് ചെറിയാനെ നിങ്ങൾ നിയമിച്ചു. അതിന്റെ പേരിൽ മാർക്സിസ്റ്റ് പാർട്ടിയെ - ഞാൻ കുറ്റപ്പെടുത്തുകയല്ല. ഇതിൽ രാഷ്ട്രീയം കണ്ടുകൊണ്ട് ഈ ആരോപണം കോൺഗ്രസ്സിന്റെ തലയിൽ കെട്ടിവയ്ക്കാൻ ശ്രമിച്ചാൽ യാഥാർത്ഥ്യങ്ങൾ ജനങ്ങളുടെ മുൻപാകെ പറയാനുള്ള ബാദ്ധ്യത ഞങ്ങൾക്ക് ഉണ്ടെന്ന കാര്യത്തിൽ സംശയമില്ല. ഞാൻ അഴിമതിയെക്കുറിച്ചു മാത്രം സൂചിപ്പിക്കുകയാണ്. കയർ ഫെഡ്ഡിന്റെ ബോർഡ് മാർക്സിസ്റ്റ് പാർട്ടിയുടെ നിയന്ത്രണത്തിലുള്ളതാണ്. അതിന്റെ ഇപ്പോഴത്തെ ചെയർമാൻ ഈ സഭയിലെ ഒരു മുൻ അംഗം ശ്രീ. ആനത്തലവട്ടം ആനന്ദനാണ്. 1991-ൽ നടന്ന ലക്ഷക്കണക്കിനു രൂപയുടെ അഴിമതിയുടെ പേരിൽ കയർ ഫെഡ്ഡിൽ ഇപ്പോൾ വിജിലൻസ് അന്വേഷണം നടക്കുകയാണ്. നാല് വിജിലൻസ് അന്വേഷണങ്ങളാണ് കയർ ഫെഡ്ഡിലെ അഴിമതിയെക്കുറിച്ചു വന്നിരിക്കുന്നത്. ആ അന്വേഷണങ്ങൾ എവിടെയെത്തിയിട്ട്. എന്തായി എന്നറിയില്ല. ജനങ്ങൾക്ക് അത് അറിയാനുള്ള ഉൽക്കണ്ഠയുണ്ട്. കയർ ഫെഡ് ഇന്ന് നിരവധി പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്, അവിടെ ആനത്തലവട്ടം ആനന്ദന്റെ നേതൃത്വത്തിൽ വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്ന അഴിമതിയുടെ കഥകൾ പുറത്തു കൊണ്ടുവരേണ്ട ബാദ്ധ്യത ഈ ഗവൺമെന്റിനുണ്ട്. അതുപോലെ കയർ ബോർഡ് കൊടുക്കുന്ന മെക്കനൈസ്ഡ് റാട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പൈസ കൊണ്ട് 12000 മെക്കനൈസ്ഡ് റാട്ട് കയർ ഫെഡ് മുഖാന്തിരമാണ് വിതരണം ചെയ്യുന്നത്. ആ മെക്കനൈസ്ഡ് റാട്ടുകൾ വിതരണം ചെയ്യാൻ കെൽട്രോണിനെ ചുമതലപ്പെടുത്തണമെന്നു പറഞ്ഞു. പക്ഷെ കെൽട്രോൺ 7500 രൂപയ്ക്ക് നല്ല ഈടുള്ള മെക്കനൈസ്ഡ് റാട്ടുകൾ കൊടുക്കു

LIBRARY ARCHIVES Kerala Legislative Assembly

പോലും രണ്ടുമൂന്ന് സ്വകാര്യ വ്യക്തികൾക്കു കൂടി അതിനുള്ള ഓർഡർ കൊടുത്തുകൊണ്ട് 6000 രൂപപോലും വിലയില്ലാത്ത മെക്കനൈസ്ഡ് റാട്ടുകൾ 7500 രൂപ വച്ച് വാങ്ങിക്കാൻ പോകുന്നു. ഒരു റാട്ടിന് 1500 രൂപ വില കുറച്ച് 12000 റാട്ടുകൾ പ്രാഥമിക സഹകരണ സംഘങ്ങളെ കൊണ്ട് സമ്മർദ്ദം ചെലുത്തിച്ച് സ്വകാര്യ വ്യക്തികളെക്കൊണ്ട് വാങ്ങിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ആ മെക്കനൈസ്ഡ് റാട്ടുകൾ കയർ ഫെഡ് സൊസൈറ്റികളെക്കൊണ്ട് വാങ്ങിപ്പിക്കുന്നത് കെൽട്രോൺ മുഖാന്തിരമായിരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കയർ ഫെഡ്ഡിന്റെ അഴിമതികൾ അടക്കം മുഖവിലയ്ക്ക് എടുത്തുകൊണ്ട് ഇതിന്റെ ചുമതല വഹിക്കുന്ന ധനകാര്യമന്ത്രി വളരെ സീരിയസ്സായി ഇതിനെ കാണുകയും കയർ മേഖല ഇന്നു നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ ആവശ്യമായ ക്രിയാത്മകമായ പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ അഭിമാനത്തോടു കൂടിയുള്ള ശ്രീ. കെ. കരുണാകരന്റേയും ശ്രീ. എ. കെ. ആന്റണിയുടേയും നേതൃത്വത്തിലുള്ള ഭരണം കാഴ്ചവച്ച ഐക്യജനാധിപത്യമുന്നണി തെരഞ്ഞെടുപ്പിന്റെ കുരുക്ഷേത്രത്തിലേക്ക് ഇറങ്ങുകയാണ്. കേരളത്തിലെ ജനങ്ങളുടെ അംഗീകാരം ഞങ്ങൾക്ക് കിട്ടുമെന്ന കാര്യത്തിൽ സംശയമില്ല. അതിനുവേണ്ടി കാത്തോർത്തിരിക്കാൻ പ്രതിപക്ഷത്തോട് വിനയപൂർവം അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ജോയി എബ്രഹാം: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുകയാണ്. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ വിടവാങ്ങൽ സമ്മേളനമാണ് ഇപ്പോൾ നടക്കുന്നത് എന്ന് ശ്രീ. പ്രകാശ് ബാബു ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നല്ല കാര്യങ്ങൾ ചെയ്തശേഷം വിടവാങ്ങുന്ന ഒരു ഗവൺമെന്റാണിത്. ഇനിയും അധികാരത്തിൽ തിരിച്ചുവരുമെന്ന ഉറച്ച ആത്മവിശ്വാസത്തോടു കൂടിയാണ് വിട വാങ്ങുന്നത്. കഴിഞ്ഞ നാലര വർഷം ഇവിടെ ഭരിച്ച ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്ക് ജനങ്ങളുടെ മുൻപാകെ പറയാൻ അനവധി നല്ല കാര്യങ്ങളുണ്ട്. നിങ്ങൾ നാലു വർഷം ഭരിച്ച് മുടിച്ച് ഞങ്ങളെ ഏൽപ്പിച്ച ബജനാവ് നന്നാക്കി പൊതുജനങ്ങളുടെ മുൻപിൽ അവതരിപ്പിച്ചശേഷം ഐക്യജനാധിപത്യ മുന്നണി സർക്കാർ അധികാരം വിട്ടുപോകുകയാണ്. ഇടതുപക്ഷജനാധിപത്യ മുന്നണിക്ക് ജനങ്ങളുടെ മുൻപിൽ പറയാൻ എന്താണുള്ളത്? ഈ ഗവൺമെന്റിനെ സ്ഥാനത്തും അസ്ഥാനത്തും വിമർശിക്കുകയും വികസന പ്രവർത്തനങ്ങളെ തടയുകയും ചെയ്യുന്നതൊഴിച്ചാൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള പ്രതിപക്ഷത്തിന് ഉത്തരവാദിത്വമുള്ള പ്രതിപക്ഷമായി ഇവിടെ പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. എ. പത്മകുമാർ: ഈ ഗവൺമെന്റിനെ സ്ഥാനത്തും അസ്ഥാനത്തും വിമർശിച്ചു എന്നു പറഞ്ഞതു ശരിയല്ല. ഈ ഗവൺമെന്റിനു സ്ഥാനമില്ല. അസ്ഥാനമേയുള്ളൂ.

ശ്രീ. ജോയി എബ്രഹാം: ആ പരാമർശത്തിനു ഞാൻ മറുപടി പറയേണ്ട കാര്യമില്ല. ഇവിടെ ശരത്ചന്ദ്ര പ്രസാദ് ശ്രീ. എം. വി. രാഘവനെക്കുറിച്ചു പറഞ്ഞു. 'എം. വി. രാഘവൻ ഹാവോ' എന്ന ഒരു മുദ്രാവാക്യമൊഴിച്ച് കഴിഞ്ഞ നാലരവർഷക്കാലം മറ്റൊരു പരിപാടിയുമില്ലാതിരുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടി ജനങ്ങളോട് എന്തുപറഞ്ഞ് അവരെ അഭിമുഖീകരിക്കും? നിങ്ങൾ എന്തുപറഞ്ഞ് വോട്ടു ചോദിക്കും? നിങ്ങൾക്ക് ഈ ഗവൺമെൻറിനെ വിമർശിക്കാൻ ധാർമ്മികമായ അവകാശമില്ല. ജനങ്ങളുടെ മുമ്പിൽ നിങ്ങൾ ഇന്നു പ്രതിക്കൂട്ടിലാണ്. ജനം നിങ്ങളെ ശിക്ഷിച്ച് വീണ്ടും പ്രതിപക്ഷത്തിരുത്തുമെന്ന കാര്യത്തിൽ സംശയമില്ല.

ശ്രീ. ബി. വിജയകുമാർ: 'എം. വി. രാഘവൻ ഹാവോ' എന്ന മുദ്രാവാക്യം വിളിക്കുന്ന മാർക്സിസ്റ്റ് പാർട്ടി 'വിളനിലം ഹാവോ' എന്ന ഒരു മുദ്രാവാക്യം വിളിച്ചിരുന്നതായി അങ്ങേക്കറിയാമോ? ആ വിളനിലത്തെ എ.കെ.ജി. സെൻറിൽ കൊണ്ടുപോയി സ്റ്റഡി ക്ലാസ് എടുത്തതും ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. ജോയി എബ്രഹാം: അതാണ് മാർക്സിസ്റ്റ് പാർട്ടിയുടെ പൊയ്മുഖം. ഈ ഗവൺമെൻറിൻെറ ഏറ്റവും നല്ലിയ നേട്ടമായി കാണുന്നത് അഴിമതിക്കെതിരായ പോരാട്ടമാണ്. നമ്മുടെ സഹകരണ സംഘങ്ങളിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനു വിട്ടു കൊടുത്ത നടപടിയെ എങ്ങനെ എതിർക്കാനൊക്കും? ജില്ലാ ബാങ്കുകളിലെ നിയമനങ്ങൾ മാത്രം പബ്ലിക് സർവ്വീസ് കമ്മീഷനു വിട്ടതുകൊണ്ടായില്ല. ജില്ലാ ബാങ്കുകളോടൊപ്പം വളർച്ച പ്രാപിച്ചിട്ടുള്ള സഹകരണ സംഘങ്ങളിലെ നിയമനങ്ങൾ കൂടി പി.എസ്.സി.-ക്കു വിടേണ്ട സാഹചര്യമുണ്ട്. എൻെറ നിയോജകമണ്ഡലത്തിലെ മീനച്ചൽ ഈസ്റ്റ് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിലേക്ക് ഒൻപതു നിയമനങ്ങൾ നടന്നു. അവിടെ ഇടതുപക്ഷ ജനാധിപത്യമുന്നണിയിലെ ഘടകകക്ഷി നേതൃത്വം കൊടുക്കുകയാണ്. ആ നിയമനങ്ങളെ സംബന്ധിച്ചുണ്ടായ പരാതിയുടെ അടിസ്ഥാനത്തിൽ കോ-ഓപ്പറേറ്റീവ് രജിസ്ട്രാർ അന്വേഷിച്ചപ്പോൾ അവിടെ നടത്തിയ ടെസ്റ്റിലും ഇൻറർവ്യൂവിലും നിയമനങ്ങളിലും ക്രമക്കേടുകളും അഴിമതിയും സ്വജനപക്ഷപാതവും കണ്ടെത്തിയതിനെ തുടർന്ന് ആ നിയമനങ്ങൾ റദ്ദുചെയ്തു. അതിനെത്തുടർന്ന് എൻെറ നിയോജകമണ്ഡലത്തിലെ രാഷ്ട്രീയ പാർട്ടികളൊക്കെ ആ ബാങ്കിനെ ബഹിഷ്ക്കരിച്ചിരിക്കുകയാണ്. ആ ബാങ്കിൻെറ പരിപാടികൾക്ക് ഞങ്ങളാരും പോകുകയില്ല; ഭരണകക്ഷിയിൽപ്പെട്ടവർ പോകുകയില്ല. അങ്ങനെയിരിക്കെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ സമുന്നതനായ നേതാവെന്നു അവകാശപ്പെടുന്ന ശ്രീ. ടി. കെ. രാമകൃഷ്ണൻ സ്വന്തം പാർട്ടി പറഞ്ഞത് കേൾക്കാതെ, കഴിഞ്ഞ ശനിയാഴ്ച പോയി മീനച്ചൽ ഈസ്റ്റ് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൻെറ ബ്രാഞ്ചിൻെറ ഉദ്ഘാടനം നടത്തി. അഴിമതി നടത്തിയെന്ന് സഹകരണസംഘം രജിസ്ട്രാർ അക്കമിട്ട്, തെളിവുകൾ നിരത്തിക്കൊണ്ട്, നിയമനം റദ്ദാക്കുന്നതിനെച്ചൊല്ലി വലിയ രാഷ്ട്രീയ വിവാദങ്ങൾ നടന്ന ഒരു മേഖലയിൽ ആ ബാങ്കിനെ വെള്ളപൂശാൻ വേണ്ടി, എന്ത് കാര്യലാഭത്തിനു വേണ്ടിയാണ് ഇതെന്ന് ഞാൻ ചോദിക്കുകയാണ്. എന്ത് കാര്യലാഭമുണ്ടായി? അഴിമതിക്കെതിരെ വാതോരാതെ പ്രസംഗിക്കുന്ന മാർക്സിസ്റ്റ് പാർട്ടിക്ക് എന്തുപറയാനുണ്ട്? ശ്രീ. ടി. കെ. രാമകൃഷ്ണൻ ബാങ്കിൻെറ ബ്രാഞ്ചിൻെറ ഉദ്ഘാടനം ചെയ്തത് മാർക്സിസ്റ്റ് പാർട്ടി അറിഞ്ഞോ? അറിഞ്ഞില്ലെങ്കിൽ ഞാൻ ഇപ്പോൾ പറയുന്നു, നിങ്ങൾ അറിയണം.

ശ്രീ. പി. രാജു: സർ, അങ്ങ് സഹകരണ ബാങ്കിലെ അഴിമതിയെക്കുറിച്ച് വളരെ വാശിയിൽ സംസാരിക്കുന്നു; വളരെ സന്തോഷമുണ്ട്. പക്ഷേ അങ്ങയുടെ പാർട്ടിയുടെ നേതാവ് പ്രസിദ്ധനായിട്ടുള്ള കോട്ടയം

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ ബാങ്കിന്റെ നിയമനത്തിൽ അഴിമതി നടക്കുന്നുവെന്നു പറഞ്ഞുകൊണ്ട് എം. എ. ജോണിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ നിയമസഭാ കമ്മിറ്റി പോകുകയും അന്വേഷിക്കുകയും അതിൽ അഴിമതിയുണ്ടെന്ന് വ്യക്തമായി നിയമസഭാ കമ്മിറ്റി ശുപാർശ നടത്തുകയും ചെയ്തിട്ടും ആ ശുപാർശയെ ലംഘിച്ചുകൊണ്ടാണ് കോട്ടയം ജില്ലാ ബാങ്കിൽ നിയമനം നടത്തിയതെന്ന വിവരം അങ്ങ് മറച്ചുപിടിക്കുകയല്ലേ? എന്നിട്ടല്ലേ അങ്ങ് അഴിമതിയെക്കുറിച്ച് പ്രസംഗിക്കുന്നത്? അതിനെപ്പറ്റി നിങ്ങൾക്ക് എന്ത് ന്യായീകരണം പറയാനുണ്ട്?

ശ്രീ. ജോയി എബ്രഹാം: സർ, എനിക്കും അതു തന്നെയാണ് പറയാനുള്ളത്. അഴിമതിയെ സംബന്ധിച്ച് ഞങ്ങൾക്ക് ഇരട്ടത്താപ്പില്ല. അഴിമതി കോട്ടയം ജില്ലാ സഹകരണ ബാങ്കിൽ നടന്നാലും മീനച്ചിൽ ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നടന്നാലും കാസർകോഡ് ബാങ്കിൽ നടന്നാലും തിരുവനന്തപുരം ബാങ്കിൽ നടന്നാലും അഴിമതിയെ അഴിമതിയായിക്കാണുന്ന സമീപനമാണ് ഞങ്ങൾക്കുള്ളത്. എന്താണ് മാർക്സിസ്റ്റ് പാർട്ടിയുടെ സമീപനം? 1989-ലെ തെരഞ്ഞെടുപ്പിൽ സഖാവ് ഇ. എം. എസ്. കേരളാ കോൺഗ്രസ് ജോസഫ് ഗ്രൂപ്പുകാരോട് പള്ളിയെ തള്ളിപ്പറഞ്ഞിട്ട്, വരാൻ പറഞ്ഞു. ജോസഫ് പള്ളിയെ തള്ളി പറഞ്ഞുകൊണ്ടാണോയെന്നറിഞ്ഞുകൂടാ, ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ ഘടകകക്ഷിയായി ജോസഫ് ഗ്രൂപ്പിനെ അംഗീകരിച്ചിട്ടുണ്ട്. ജോസഫ് ഗ്രൂപ്പ് ആ കാളിഫിക്കേഷൻ നേടി ഇന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണിയിലെ ഘടകകക്ഷിയാണ്. അഴിമതിക്കെതിരെ വിരൽ ചൂണ്ടുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയോട് ഞാൻ ചോദിക്കട്ടെ, അടുത്ത് വരുന്ന തെരഞ്ഞെടുപ്പിൽ പൊതു പ്രവർത്തക അഴിമതി നിരോധന കമ്മീഷൻ കുറ്റക്കാരനെന്ന് വിധിച്ച ഒരു സ്ഥാനാർത്ഥിക്ക് നിങ്ങൾ പിന്തുണ കൊടുക്കുമോ? ഞാൻ വെല്ലുവിളിച്ച് ചോദിക്കുകയാണ്. പൊതു പ്രവർത്തക അഴിമതി നിരോധന കമ്മീഷൻ ഈ സംസ്ഥാനത്ത് കുറ്റക്കാരനെന്ന് വിധിച്ച ഒരു വ്യക്തി സ്ഥാനാർത്ഥിയായി വന്നാൽ ഘടകകക്ഷിയിലെ സ്ഥാനാർത്ഥിയാണെന്നുവച്ച് അവർക്ക് പിന്തുണ കൊടുക്കാൻ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ബാദ്ധ്യസ്ഥമല്ലേ? എത്രയോ ലജ്ജാകരമാണ്! അഴിമതിക്കെതിരെയുള്ള മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പൊയ്മുഖം വലിച്ചു ചീന്താൻ പോകുകയാണ്. യാതൊരു സംശയവുമില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ക്രിസ്ത്യൻ സ്ത്രീകളുടെ പിന്തുടർച്ചാവകാശം സംബന്ധിച്ചുള്ള ബിൽ ബഹുമാനപ്പെട്ട മാണി ഈ സഭയിൽ അവതരിപ്പിക്കാതിരുന്നത് എന്തു കൊണ്ടാണെന്നു പറയാമോ?

ശ്രീ. ജോയി എബ്രഹാം: സർ, ഇന്ന് ഉച്ച കഴിഞ്ഞുള്ള ബിസിനസിൽ അത് ലിസ്റ്റ് ചെയ്തിട്ടുണ്ടെന്നാണ് തോന്നുന്നത്. ഏതായാലും അത് സംബന്ധിച്ച് ഈ രാജ്യത്തിലെ മഹിളാ സംഘടനകൾ പ്രക്ഷോഭമുണ്ടാക്കിയിരുന്നു. പക്ഷേ ക്രൈസ്തവ സഭകളെ സംബന്ധിച്ചിടത്തോളം ആ നിയമനിർമ്മാണം ആവശ്യമാണെന്നുള്ള സ്റ്റാൻറാണ് എടുത്തിരുന്നത്. നിയമസഭാസമ്മേളനം വെട്ടിച്ചുരുക്കിയത് കൊണ്ടാണോ എന്ന് എനിക്കറിയില്ല; ഏതായാലും അതല്ല എന്റെ വിഷയം. ഞാൻ ഇപ്പോൾ പറഞ്ഞുവന്നത് അഴിമതിക്കെതിരെയുള്ള പോരാട്ടം മാർക്സിസ്റ്റ് പാർട്ടി ആത്മാർത്ഥതയോടു കൂടിയാണ് നടത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly

തെങ്കിൽ, അഴിമതി നിരോധന കമ്മീഷൻ പൊതു പ്രവർത്തക അഴിമതി നിരോധന നിയമമനുസരിച്ച് കുറ്റക്കാരനാണെന്ന് കണ്ട ആ വ്യക്തിക്കു വേണ്ടി വോട്ടുപിടിക്കാൻ സഖാവ് അച്യുതാനന്ദൻ തയ്യാറാകുമായിരുന്നോ എന്നാണ്. സഖാവ് നായനാർ തയ്യാറാകുമോ? സഖാവ് ടി. കെ. രാമകൃഷ്ണൻ തയ്യാറാകുമോ? ഐക്യജനാധിപത്യ മുന്നണി അടുത്ത അഞ്ചു വർഷത്തേക്കുകൂടി ജനവിധി തേടിക്കൊണ്ട് വന്നിച്ച ഭൂരിപക്ഷത്തോടുകൂടി മടങ്ങിവരുമെന്നുള്ള ആത്മവിശ്വാസത്തോടുകൂടി ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിൻതാങ്ങുകയാണ്. കഴിഞ്ഞ നാലേ മുക്കാൽ വർഷക്കാലം കേരളത്തിലെ സമസ്ത ജനവിഭാഗങ്ങൾക്കും ആശ്വാസമരുളിക്കൊണ്ട് ഒട്ടേറെ ജനക്ഷേമ പരിപാടികൾ ഏറ്റെടുത്തുകൊണ്ട് കാര്യമാത്ര പ്രസക്തമായ ഒരു ഭരണം കാഴ്ചവച്ച ഒരു ഗവൺമെൻറ് ഈ വരുന്ന നാലു മാസക്കാലത്തേക്ക് ഭരണകാര്യങ്ങൾക്ക് പണം ചെലവഴിക്കുവാൻ അനുമതി തേടിക്കൊണ്ടുള്ള വോട്ട് ഓൺ അക്കൗണ്ടിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് എന്റെ പ്രതിപക്ഷ സ്നേഹിതൻമാർ സംസാരിക്കുന്നത് ഞാൻ കേൾക്കുകയായിരുന്നു. സാധാരണ യാത്രയയപ്പ് സമ്മേളനങ്ങളിൽ പോകുന്നവരാണ് നമ്മളൊക്കെ. പക്ഷേ അവിടെയൊക്കെ പോകുമ്പോൾ നമ്മൾപോയി മറെറാരാളുടെ യാത്ര അയപ്പിൽ യാത്രാ മംഗളം നേർന്നുകൊണ്ട് പ്രസംഗിക്കുകയാണ് പതിവ്. ഇന്ന് ഇവിടെ എന്റെ സുഹൃത്ത് ശ്രീ. പ്രകാശ് ബാബു ഒരു പ്രസംഗം നടത്തുകയുണ്ടായി. അങ്ങ് അത് കേട്ടുകാണുമെന്നാണ് ഞാൻ കരുതുന്നത്. അദ്ദേഹം യാത്ര അയപ്പ് സമ്മേളനമാണ് ഇതെന്നുപറഞ്ഞുകൊണ്ട്, അദ്ദേഹത്തിനും അദ്ദേഹത്തിന്റെ പാർട്ടിയിലെ മുൻനിര നേതാക്കൾക്കും യാത്ര അയപ്പ് കൊടുക്കുന്ന ഒരു പ്രസംഗമാണ് ഇവിടെ നടത്തിയത്. ഐക്യജനാധിപത്യ മുന്നണി കഴിഞ്ഞ നാലേമുക്കാൽ വർഷക്കാലം ചെയ്ത കാര്യങ്ങൾ കണ്ടില്ലെന്ന് നടിക്കുവാൻ പ്രതിപക്ഷത്തുള്ള ആർക്കും കഴിയുകയില്ല. ഇടതുപക്ഷ പ്രസ്ഥാനങ്ങളിൽ വിശ്വസിക്കുന്ന ആളുകൾപോലും അക്കമിട്ട് അക്കമിട്ട് സമ്മതിക്കുന്ന ഒട്ടേറെ നിർമ്മാണ പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടന്നിട്ടുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഐക്യ ജനാധിപത്യ മുന്നണി ഗവൺമെൻറിന് നേതൃത്വം കൊടുക്കുന്ന മുന്നണി കഴിഞ്ഞ തെരഞ്ഞെടുപ്പ് വേളയിൽ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ ഒന്നാകെ പാലിച്ചുകൊണ്ട് ഇന്ന് അടുത്ത തെരഞ്ഞെടുപ്പിലേക്ക് പോവുകയാണ്. ഇവിടെ ക്രമസമാധാന രംഗത്ത്, അതുപോലെ വ്യാവസായിക മേഖലയിൽ, വിദ്യാഭ്യാസ മേഖലയിൽ എന്നു വേണ്ട ഏതു മേഖലയെടുത്ത് പരിശോധിച്ചാലും വലിയ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇവിടെ അഴിമതി നിരോധന കമ്മീഷനെക്കുറിച്ചും അഴിമതിയെക്കുറിച്ചുമൊക്കെ പ്രതിപക്ഷത്തുള്ളവർ സംസാരിക്കുകയുണ്ടായി. എന്റെ സ്നേഹിതൻ ജോയി എബ്രഹാം ഇതിൽ ആവേശത്തോടുകൂടി ചോദിച്ച ഒരു ചോദ്യം, ഞാൻ ആവർത്തിക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽപ്പോലും പ്രതിപക്ഷത്തുള്ള ബഹുമാനപ്പെട്ട വി. എസ്. അച്യുതാനന്ദൻ ഉൾപ്പെടെയുള്ള ആളുകൾ അതിനെതിരെ പ്രതികരിക്കുമെന്ന് ഞാൻ കരുതുകയാണ്.

ശ്രീ. പി. രാജു: സർ, ബഹുമാനപ്പെട്ട ജോയി എബ്രഹാമിന്റെ അഴിമതിക്കെതിരായ പ്രസംഗം കേട്ടപ്പോൾ അങ്ങ് അതിനെ പ്രോൽസാഹിപ്പിച്ചല്ലോ. കോട്ടയം ജില്ലാ ബാങ്കിന്റെ അഴിമതിയെക്കുറിച്ച് അങ്ങയുടെ

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടിയാണ് പരാതിപ്പെട്ടത്. പരാതിയുമായി ആദ്യം വന്നത് കേരള കോൺഗ്രസ്സ് ജേക്കബ് ഗ്രൂപ്പാണ്. അതിനെപ്പറ്റി എന്താണ് പറയാനുള്ളത്?

ശ്രീ. ജോണി നെല്ലൂർ: സർ, കോട്ടയം ജില്ലാ ബാങ്കിൽ മാത്രമല്ല, കേരളത്തിലെ ഏതെങ്കിലുമൊരു ബാങ്കിലോ, ഏതെങ്കിലുമൊരു പൊതു മേഖലാ സ്ഥാപനത്തിലോ അഴിമതി നടന്നിട്ടുണ്ടെങ്കിൽ അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് ജേക്കബ് ഗ്രൂപ്പിന്റെ അഭിപ്രായം. ഞങ്ങളുടെ പാർട്ടിയുടെ അഭിപ്രായവും അതാണ്. ഞങ്ങൾ പരാതി കൊടുത്തിട്ടുണ്ടെങ്കിൽ അതിൽ ഉറച്ചുനിൽക്കും. അതിൽ നിന്ന് പിൻമാറുന്ന പ്രശ്നമില്ല. ആരാണ് എതിർകക്ഷിയെന്നു നോക്കിയല്ല ഞങ്ങൾ പരാതി കൊടുക്കുന്നത്. എന്റെ മാന്യ സ്നേഹിതൻ രാജു അത് മനസ്സിലാക്കണം. കോട്ടയം ജില്ലാ ബാങ്കിൽ ആണെങ്കിലും ഏത് ജില്ലാ ബാങ്കിലാണെങ്കിലും അതാണ് ഞങ്ങളുടെ സമീപനം.

ശ്രീ. പി. എം. മാത്യു: സർ, കോട്ടയം ജില്ലാ ബാങ്കിൽ അഴിമതി നടന്നിട്ടുണ്ടെങ്കിൽ അതിൽ ആർക്കെങ്കിലും പങ്കുണ്ടെങ്കിൽ അവരുടെപേരിൽ നടപടിവേണം എന്ന് സ്വന്തം പാർട്ടി കമ്മിറ്റി അംഗം ശ്രീ. ജോയി എബ്രഹാം ആവശ്യപ്പെട്ട കാര്യം ബഹുമാനപ്പെട്ട രാജുവിനറിയാമോ?

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, അപ്പോൾ അഴിമതി വിരുദ്ധ കുരിശുയുദ്ധത്തിന്റെ കൊടികൂടം നിങ്ങളും പേറിക്കൊണ്ടിരിക്കുന്നുവെന്നാണോ മനസ്സിലാക്കേണ്ടത്?

ശ്രീ. ജോണി നെല്ലൂർ: സർ, അഴിമതിക്കെതിരെയുള്ള പോരാട്ടത്തിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് ഞങ്ങൾ കൈക്കൊണ്ടിരിക്കുന്നത്; യാതൊരു സംശയവും വേണ്ട.

ശ്രീ. ബി. വിജയകുമാർ: സർ, തിരുവനന്തപുരത്ത് വട്ടിയൂർക്കാവ് സഹകരണബാങ്കിൽ അഴിമതി നടക്കുന്നുവെന്നും ഇടതുപക്ഷ മുന്നണിയിലെ ബോർഡ്നിലവിലിരിക്കുന്ന ബാങ്കിൽ സി. പി. ഐ. അതിൽനിന്ന് മാറി നിൽക്കുന്നുവെന്നുമുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. ജോണി നെല്ലൂർ: സർ, അത് വട്ടിയൂർക്കാവിൽ മാത്രമല്ല കേരളത്തിൽ പല സ്ഥലത്തും സി. പി. ഐ.-ഉം സി. പി. എം.-ഉം ഒരുമിച്ചുനിൽക്കാൻ പാടില്ലാത്ത സാഹചര്യമുണ്ടെന്നുള്ള വസ്തുത ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ഇവിടെ എല്ലാവർക്കുമറിയാവുന്ന കാര്യവുമാണ് അത്.

ശ്രീ. പി. രാജു: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. വട്ടിയൂർക്കാവ് സർവീസ് സഹകരണബാങ്ക് നിയമന കാര്യത്തിലെ തർക്കത്തിലല്ല ഞങ്ങൾ മാറി നിൽക്കുന്നത്. ഞങ്ങൾ അവിടെ മൽസരിക്കേണ്ടെന്ന് തീരുമാനിച്ച് മാറി നിൽക്കുകയാണ്. ഒരു അവാസ്തവ പ്രസ്താവനയാണ് ബഹുമാനപ്പെട്ട വിജയകുമാർ നടത്തിയിട്ടുള്ളത്. അത് തിരുത്തണം.

ശ്രീ. ജോണി നെല്ലൂർ: ഈ വോട്ട് ഓൺ അക്കൗണ്ട്സ് പാസ്സാക്കിത്തരണമെന്ന് ഇപ്പുറത്തിരുന്നുകൊണ്ട് പറയുമ്പോൾ സ്വാഭാവികമായും അതിനെ എതിർക്കാനുള്ള ബാദ്ധ്യത പ്രതിപക്ഷത്തിനുണ്ട്. പക്ഷെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന ഈ അവസരത്തിൽ ഒട്ടനവധി നല്ല കാര്യങ്ങൾ ചെയ്തുതീർത്ത ഒരു ഗവൺമെൻറാണ് ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറ് എന്നു പറഞ്ഞുകൊണ്ട് ജനങ്ങളെ ആത്മാഭിമാനത്തോടുകൂടി സമീപിക്കാൻ ഞങ്ങൾക്കു കഴിയും. ഓരോ രംഗത്തും കൈവരിച്ച നേട്ടങ്ങൾ ഈ സംസ്ഥാനത്തിലെ ജനങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ അപ്പുറത്തിരിക്കുന്ന ആളുകൾ ജനങ്ങളെ സമീപിക്കുമ്പോൾ അവർക്ക് ഒന്നും പറയാനില്ലാതെ ആശയദാരിദ്ര്യത്തിൽ ഉഴലുകയാണ്. ആശയദാരിദ്ര്യത്തിൽ ഉഴലുന്ന മാർക്സിസ്റ്റ് പാർട്ടിയ്ക്കും കൂട്ടാളികൾക്കും ഇന്ന് ആകെ പറയാനുള്ളത് എം. വി. രാഘവൻറെ കാര്യം മാത്രമാണ്. ഗവൺമെൻറ് ചെയ്യുന്ന കാര്യങ്ങളെ നല്ല രീതിയിൽ കാണാതെ അതിനെയെല്ലാം എതിർക്കുന്ന രീതിയാണ് മാർക്സിസ്റ്റ് പാർട്ടി സ്വീകരിച്ചിരിക്കുന്നത്. ഇവിടെ സൂചിപ്പിച്ചപോലെ തിന്നുകയുമില്ല തീറ്റിക്കുകയുമില്ല—ആ ഒരു സമീപനമാണ് ഇടതുപക്ഷപാർട്ടികൾ സ്വീകരിച്ചിരിക്കുന്നത്. നിങ്ങൾ ഇവിടെ കോൺഗ്രസ്സിനകത്തും കേരളാ കോൺഗ്രസ്സിനകത്തുമുള്ള ഗ്രൂപ്പുകളെക്കുറിച്ചു പറഞ്ഞു. പക്ഷേ ഒരു കാര്യം പ്രതിപക്ഷത്തുള്ളവരോട് പറയട്ടെ; ഞങ്ങളുടെ ജനാധിപത്യ പാർട്ടികളിൽ ഗ്രൂപ്പുകളുണ്ടാകും; പക്ഷേ തെരഞ്ഞെടുപ്പു ഗോദയിൽ ഞങ്ങൾ ഇറങ്ങുമ്പോൾ ഗ്രൂപ്പുകളോ വഴക്കുകളോ ഇല്ലാതെ ഒരേ മനസ്സോടുകൂടി ജനങ്ങളെ സമീപിക്കാനുള്ള ശക്തിയോടുകൂടിയാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത്. നിങ്ങൾക്ക് അതിന് കഴിയുമോ? ഒരിക്കലും കഴിയുകയില്ല. ഐക്യജനാധിപത്യമുന്നണി ഈ വരുന്ന ഏപ്രിൽ ഒന്നാം തീയതി മുതൽ ചാരായ നിരോധനം നടപ്പിലാക്കാൻ പോകുന്നുവെന്നു പറഞ്ഞപ്പോൾ അതിനെതിരെപോലും പ്രതിപക്ഷത്തിന് ഒരുമിച്ചു നിൽക്കാൻ കഴിയുന്നില്ല. കേരളത്തിൽ ചാരായ നിരോധനം നടപ്പിൽ വരുന്നതോടുകൂടി കേരളത്തിലെ ജനങ്ങൾ മുഴുവൻ ഐക്യജനാധിപത്യമുന്നണിയുടെ നയപരിപാടികളോട് അനുകൂലമായ ഒരു സമീപനമെടുക്കുമെന്ന് ഉറപ്പായപ്പോൾ നിങ്ങൾ ഇന്ന് മറ്റു ചില കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഈ ഗവൺമെൻറിനെ നഖശിഖാന്തം എതിർക്കുന്ന ചിത്രമാണ് കാണുന്നത്. നിങ്ങൾക്ക് ഒരുമിച്ചു നിൽക്കാൻ കഴിയുന്നില്ല. മാർക്സിസ്റ്റ് പാർട്ടിയും കമ്മ്യൂണിസ്റ്റ് പാർട്ടിയും രണ്ട് തട്ടിൽ നിന്നുകൊണ്ട് ഈ ചാരായ നിരോധനത്തിൻറെ കാര്യത്തിൽ പരസ്പരം ഏറ്റുമുട്ടുന്നു. അപ്പുറത്തിരിക്കുന്ന ജോസഫ് ഗ്രൂപ്പ് സമ്പൂർണ്ണ മദ്യനിരോധനം വേണമെന്നു പറയുന്നു. അതിനോട് സി. പി. ഐ. യോജിക്കുന്നുണ്ടോ? പ്രതിപക്ഷത്തുള്ള ആളുകൾക്ക് ഏതെങ്കിലും കാര്യത്തിൽ ഒരുമിച്ച് നിന്ന് ജനങ്ങളെ സമീപിക്കാൻ കഴിയുമോ? അതിന് കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. ചാരായ നിരോധനം പോലെ ജനങ്ങളെ ഏറ്റവും കൂടുതൽ ആകർഷിക്കുന്ന നല്ല കാര്യങ്ങൾ ചെയ്തുകൊണ്ട് മുന്നോട്ടു പോകുന്ന ഒരു ഗവൺമെൻറാണിത്. ഈ കഴിഞ്ഞ കാലങ്ങളിൽ ഇത്രയും നല്ല ഒരു ധനകാര്യമാനേജ്മെൻറിലൂടെ കേരളത്തെ ഐക്യപൂർവമായ സ്ഥിതിയിലേക്കെത്തിച്ച ധനകാര്യമന്ത്രിയ്ക്ക് അഭിനന്ദനങ്ങൾ നേരാൻ ഞാൻ ആഗ്രഹിക്കുന്നു. മിച്ചമുള്ള ഒരു ബജറ്റാവ് അടുത്തു വരുന്ന ഗവൺമെൻറിനെ ഏൽപ്പിച്ചുകൊടുത്തശേഷം ഇറങ്ങിപോകുന്നതിലുള്ള സന്തോഷം ഐക്യജനാധിപത്യമുന്നണിയ്ക്കും ധനകാര്യമന്ത്രിയ്ക്കുമുണ്ടെന്നുള്ള കാര്യം അഭിമാനത്തോടുകൂടി ഞങ്ങൾക്കു പറയാൻ കഴിയും. അതുകൊണ്ട് എനിക്ക് പ്രതിപക്ഷത്തുള്ള സ്നേഹിതരോട് ഒന്നേ പറയാനുള്ളൂ: ഇത് 9-ാം കേരള നിയമസഭയുടെ അവസാന സമ്മേളനമാണ്. ഈ സമ്മേളനത്തെ അപ്പുറത്തിരിക്കുന്ന ആളുകൾ ഒരു യാത്രയയപ്പ് സമ്മേളനമായി വിശേഷിപ്പിച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പറയുമ്പോഴും ഒരു കാര്യം മാത്രം പറയട്ടെ: ഐക്യജനാധിപത്യമുന്നണി കൂടുതൽ ആവേശത്തോടും വർദ്ധിച്ച വീര്യത്തോടുംകൂടി വീണ്ടും തിരിച്ചു വരുമ്പോഴും എന്നോ സ്നേഹിതൻമാരിൽ പലരും അപ്പുറത്ത് ഉണ്ടാകുകയില്ലല്ലോയെന്നുള്ള ദുഃഖം മനസ്സിൽ വച്ചുകൊണ്ട്, ഇവിടെ നിന്നും പിരിഞ്ഞുപോകുന്ന സ്നേഹിതൻമാർക്ക് വിലാപയാത്ര നേർന്നുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടു വച്ചിട്ടുള്ള ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ ഒരിക്കൽകൂടി പിൻതുണച്ചുകൊണ്ട് ഉപസംഹരിക്കുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ ശക്തിയായിട്ട് എതിർക്കുകയാണ്. അഴിമതിയിൽ മുങ്ങിക്കുളിച്ച ഒരു സർക്കാരാണിത്. * * * * * * കേരളം ഭരിക്കുന്നത്. കോൺഗ്രസ് അധികാരത്തിൽ വരുമ്പോഴെല്ലാം സംസ്ഥാനത്ത് സാർവത്രികമായി വർഗ്ഗീയ കലാപങ്ങളും കൂട്ടക്കൊലകളും കൂട്ടബലാൽസംഗങ്ങളും ലാത്തിച്ചാർജ്ജുകളും വെടിവയ്പുകളും നടക്കുന്നുണ്ട്. തങ്കമണി മുതൽ മൂന്നാർ വരെയുള്ള സംഭവങ്ങളുടെ ഉത്തരവാദികളും കോൺഗ്രസ്സുകാരാണ്. 'തന്തൂരി സംസ്കാര'മാണ് അവരുടേത്. ഈ സർക്കാർ മതസൗഹാർദ്ദവും ക്രമസമാധാനവും തകർത്തു; വിലക്കയറ്റവും തൊഴിലില്ലായ്മയും അതിരൂക്ഷമാക്കി. ഇത്രമാത്രം മോഷണങ്ങളും പിടിച്ചുപറിയും നടന്ന കാലഘട്ടം കേരളത്തിലുണ്ടായിട്ടില്ല. സ്ത്രീപീഡനങ്ങളും ആത്മഹത്യകളും പെരുകി. കൊലപാതകങ്ങളെല്ലാം ആത്മഹത്യകളാക്കി മാറിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളും മതന്യൂനപക്ഷങ്ങളെ നിരന്തരമായി വഞ്ചിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഭരണം ഭിന്ദ്രൻവാല, നാഗർവാല, ഹവാല തുടങ്ങിയ വാലകളുടെ വലയിൽപ്പെട്ടിരിക്കുകയാണ്. മൻമോഹൻസിംഹത്തിന്റെയും നരസിംഹത്തിന്റെയും വായിൽനിന്നും ഇൻഡ്യയിലെ ജനങ്ങളെ രക്ഷിക്കണമെങ്കിൽ അടുത്ത തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെ തറപറ്റിക്കണം. ഇൻഡ്യാരാജ്യത്തെ, വിദേശികൾക്ക് ഒറ്റുകൊടുക്കുന്ന ചാരൻമാരാണിവർ; ഇവർ രാജ്യദ്രോഹികളാണ്. കേന്ദ്ര-സംസ്ഥാന കോൺഗ്രസ്സ് സർക്കാരുകളുടെ ദുർഭരണത്തിൽ കോൺഗ്രസ്സുകാരുടെ പീഡനങ്ങളേറ്റ് മരണപ്പെട്ട തന്റെ പുത്രനെ നോക്കി ഭാരതമാതാവ് വിലപിക്കുന്നത് അർണ്ണോസ് പാതിരിയുടെ പുത്തൻപാനയിൽ പന്ത്രണ്ടാം പാദത്തിലുണ്ട്.

ഒത്തപോലെ ഒറ്റികളളൻ മുത്തിനിന്നെ കാട്ടിയപ്പോൾ
ഉത്തമനാം നിന്നെനീചർ പിടിച്ചോപുത്ര.
എത്രനാളായ് നീയവനെ, വളർത്തുപാലിച്ച നീചൻ
ശത്രുകയ്യിൽ വിറ്റുനിന്നെ കൊടുത്തോപുത്ര
നീചനിത്ര കാശിനാശയറിഞ്ഞെങ്കിലിരന്നിട്ടും
കാശ് നൽകായിരുന്നല്ലയോ ചതിച്ചോപുത്ര
ചോരനെപ്പോലെ പിടിച്ചു, ക്രൂരമോടെ കരംകെട്ടി
ധീരതയോടവർ നിന്നെയടിച്ചോപുത്ര
തല്ലി, നുള്ളി, യടിച്ചുന്തി, തൊഴിച്ചു, വീഴിച്ചിഴച്ചു
അല്ലലോറം വരുത്തിനീ വലഞ്ഞോപുത്ര
ചത്തുപോയ മൃഗംശ്വക്കളെത്തിയങ്ങുപറിക്കുംപോൽ
കുത്തിനിന്റെ പുണ്ണിലും, പുണ്ണാക്കിയോ പുത്ര
ദുഷ്ടരെന്നാകിലും കണ്ടാൽ മനംപൊട്ടും മാനുഷർക്ക്
ഒട്ടുമേയില്ലാനുഗ്രഹമിവർക്കുപുത്ര

***സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ഈ മഹാപാപികളം ചെയ്ത ഈ മഹാനിഷ്ഠൂര കൃത്യം
നീ മഹാകാരുണ്യമോടു ക്ഷമിച്ചോപ്പുത്ര,
വൈരികൾക്കു മാനസത്തിലെൻ മകനെക്കുറിച്ചയ്യോ
ഒരുദയ ഒരിക്കലുമില്ലയോ പുത്ര
സർവ്വലോക നാഥനായനിൻമരണം കണ്ടനേരം
സർവ്വ ദുഃഖം മഹാദുഃഖം—സർവ്വതും ദുഃഖം

അടുത്ത തെരഞ്ഞെടുപ്പോടുകൂടി ഇൻഡ്യാരാജ്യം ഉയർത്തെഴുന്നേൽക്കും. യൂദാസിന്റെ സന്തതികളം തനിച്ചാകും; പെൺവാണിഭകേസിൽ കോൺഗ്രസ് നേതാക്കളം കുടുങ്ങും. തമ്പാനൂർ ജംഗ്ഷനിൽ ഇലക്ട്രിക്കൽ പോസ്റ്റിൽ ഇന്നലെ രാത്രി ഒരാളെ തല്ലിക്കൊന്ന് കെട്ടിത്തൂക്കി. മുഖ്യമന്ത്രിയുടെ മൂക്കിനു താഴെയാണീ സംഭവം നടന്നത്. നാളെ മുഖ്യമന്ത്രിക്കും ഇതേ അനുഭവം ഉണ്ടായാൽ ഇവിടെ ചോദിക്കാനാളില്ല. കഴിഞ്ഞ 5 വർഷക്കാലം കോൺഗ്രസ് കാപാലികർ ചെയ്ത മഹാപാപങ്ങൾക്ക് ദൈവം പോലും മാപ്പ് തരില്ല. വൃദ്ധനായ ബി. ജെ. പി. സുപ്പിയുടെ ജൽപ്പനങ്ങൾക്ക് ഇവിടെ മറുപടി പറയുന്നില്ല. അദ്ദേഹത്തിന് സുഖമില്ലാത്തതുകൊണ്ട് ഈ സഭയുടെ സഹതാപം അർഹിക്കുന്നുണ്ട്. മന്ത്രി പത്മരാജന്റെ മനസ്സ് മാറാൻ സെക്രട്ടേറിയറ്റ് നടയിൽ ഇന്ന് ഗണപതിഹോമം നടത്തിയിരിക്കുന്നു. വലതുപക്ഷ സർക്കാരിന്റെ ശവമഞ്ചം സംസ്കരിക്കുന്നതിന് മുമ്പുള്ള വിലാപഗാനം കൂടി ആലപിച്ചുകൊണ്ട് നമുക്ക് പിരിയാം.

എന്റെ ഭവനമേ നിന്നോട്
ഞാൻ യാത്ര പറയുന്നു:—
''വിടവാങ്ങുന്നേൻ നശ്വരമുലകിൽ
വിടുതിയെനിയ്ക്കായ് നൽകിയവസതി
സഹജൻമാരെ സ്നേഹിതഗണമെ
യാത്രയിതാ ഞാൻ ചോദിക്കുന്നു
നിങ്ങളെനിയ്ക്കായ് ചെയ്തതിനെല്ലാം
മിശിഹാരാജൻ പ്രതിഫലമേകും''.

ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ ഒരിക്കൽകൂടി എതിർക്കുന്നു.

മി. സ്പീക്കർ: അങ്ങയുടെ പ്രസംഗത്തിലെ ആദ്യ ഭാഗങ്ങം രേഖയിലുണ്ടാകുകയില്ല. * * *
ഈ ഭരണം നടത്തുന്നതെന്ന പരാമർശം രേഖയിലുണ്ടാവില്ല.

ശ്രീമതി റോസമ്മ ചാക്കോ: സർ, ശ്രീ. നമ്പാടൻ മാസ്റ്റർ ഇടതു പക്ഷമുന്നണിയുടെ ആളായിട്ടു നിന്നുകൊണ്ട് ഈ ശവസംസ്കാര രംഗത്ത് അവസാനം ശവം എടുത്തുകൊണ്ട് പോകുമ്പോം പാടുന്ന പാട്ടാണിത്. ഇടതുമുന്നണിയെ ഇങ്ങനെ കൊണ്ടുപോകാൻ നമ്പാടൻ മാസ്റ്റർ എന്തിനാണ് ഇങ്ങനെയൊക്കെ ചെയ്യുന്നത്?

ശ്രീ. സി. പി. നാരായണൻ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. അഴിമതിയും ധൂർത്തുംകൊണ്ട് കേരളം മുടിച്ച ഒരു സർക്കാരാണ് വോട്ട് ഓൺ അക്കൗണ്ടുമായി സഭയിൽ വന്നിട്ടുള്ളത്.

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ: സഭയിൽ അന്തസ്സോടുകൂടി പ്രസംഗം നടത്തണം. ഗവൺമെന്റിനെ മുഴുവനും, സഭയെ മുഴുവനും അപമാനിക്കാൻ എങ്ങാണ്ടു നിന്നോ ഒരു കഥയുണ്ടാക്കി ഇവിടെ പാസ്സാക്കിയത് സഭയുടെ രേഖയിലുണ്ടാകാൻ പാടില്ല.

ശ്രീ. സി. പി. നാരായണൻ: ചെലവു ചുരുക്കലും അഴിമതി നിർമ്മാർജ്ജനവും സംശുദ്ധമായ ഭരണവും ഒക്കെയാണല്ലോ ഈ സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. നമ്മുടെ മന്ത്രിമാരുടെ യാത്രാച്ചെലവും ഫോൺ വിളിയും സൽക്കാരവുംകൊണ്ട് ഖജനാവ് കാലിയാക്കിയിരിക്കുകയാണ്. മന്ത്രിമാർ ഓരോരുത്തരുടേയും യാത്രാച്ചെലവ് ലക്ഷങ്ങളാണ്. ഒരു മന്ത്രിയുടെ യാത്രാച്ചെലവുമാത്രം 12 ലക്ഷം രൂപയാണ്. എന്തിനാണ് ഇത്രയും വലിയ യാത്രാച്ചെലവെന്ന് മനസ്സിലാകുന്നില്ല. നമ്മുടെ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്കുവേണ്ടി ലക്ഷങ്ങളാണ് ചെലവഴിച്ചത്. എന്നിട്ട് എന്താണ് കാര്യം? ഫയലുകൾ തീർന്നോ? 98000 ഫയലുകൾ സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുകയാണ്. ജനങ്ങളെ കബളിപ്പിക്കാൻ എന്തെല്ലാം ജാഡകളാണ് ഈ സർക്കാർ കാട്ടിക്കൂട്ടുന്നത്? നികുതി വെട്ടിപ്പുകാരെ സഹായിക്കുന്ന ഒരു സർക്കാരാണിത്. നികുതി വെട്ടിപ്പുകാരായ കട ഉടമകളെ ഒന്നും ചെയ്യില്ലെന്നു മന്ത്രിതന്നെ ഉറപ്പ് നൽകിയിരിക്കുകയാണ്. ആത്മാർത്ഥതയുള്ള നികുതി വകുപ്പിലെ ഉദ്യോഗസ്ഥൻമാർ കടകൾ പരിശോധിച്ചപ്പോൾ ആ ഉദ്യോഗസ്ഥൻമാർ ആക്രമിക്കപ്പെട്ട നിരവധി സംഭവങ്ങൾ നാട്ടിലുണ്ടായി. അന്ന് മന്ത്രിയും കച്ചവടക്കാരും തമ്മിൽ വെല്ലുവിളി നടത്തി. എന്നിട്ടോ? ആക്രമിക്കപ്പെട്ട സംഭവങ്ങളിൽ കേസുകൾ വേണ്ടെന്നാണ് മന്ത്രി പറയുന്നത്. ക്രമസമാധാന നില ഭദ്രമാണെന്നാണ് സർക്കാർ അവകാശപ്പെടുന്നത്.

ശ്രീ. കെ. പി. മമ്മുമാസ്റ്റർ: പോയിൻറ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട റോസമ്മ ചാക്കോ ഇപ്പോൾ ഒരു ചോദ്യം ചോദിച്ചു. ബഹുമാനപ്പെട്ട മെമ്പറുടെ സീറ്റ് അതുതന്നെയാണോ? സീറ്റിൽ ഇരുന്നല്ലേ ചോദ്യം ചോദിക്കേണ്ടത്? സ്വന്തം സീറ്റിൽ ഇരുന്നാണോ ചോദ്യം ചോദിച്ചത്?

ശ്രീമതി റോസമ്മ ചാക്കോ: നിങ്ങൾ വിഷമിക്കേണ്ട. കോൺഗ്രസ് പാർട്ടിയുടെ സീറ്റ് ഞങ്ങളൊക്കെ തീരുമാനിച്ചുകൊള്ളാം.

ശ്രീ. കെ. പി. മമ്മുമാസ്റ്റർ: ബഹുമാനപ്പെട്ട മെമ്പറുടെ സീറ്റാണോ അത്?..... ബഹളം ..... സ്വന്തം സീറ്റിലിരുന്ന് ചോദിക്കണം.

ശ്രീ. എ. പത്മകുമാർ: പോയിൻറ് ഓഫ് ഓർഡർ..... .....ബഹളം.....

മി. ചെയർമാൻ: ഇവിടെ ശ്രീ. മമ്മുമാസ്റ്റർ ചോദ്യം ചോദിച്ചിട്ടുണ്ട്. അവരുടെ സീറ്റിലിരുന്നുകൊണ്ടാണോ ചോദ്യം ചോദിച്ചത്, അത് ഓർഡറിലാണോ എന്ന് ചോദിച്ചിട്ടുണ്ട്. അതു തന്നെയാണ് നിങ്ങൾക്കെല്ലാവർക്കും ചോദിക്കാനുള്ളത്. അവർ മറ്റാരുടെയെങ്കിലും സീറ്റിലിരുന്ന് ചോദിച്ചതാണെങ്കിൽ ആ ചോദ്യം രേഖയിലുണ്ടാകുന്നതല്ല. അത് ശരിയുമല്ല. അത് കീഴ്വഴക്കലംഘനവുമാണ്..... .....ബഹളം.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പത്മകുമാർ: മൈക്ക് ആര് കൊടുത്തു?

മി. ചെയർമാൻ: മൈക്ക് ആര് എന്നീറ്റാലും ചിലപ്പോൾ കൊടുക്കും. മൈക്ക് കൊടുത്തതല്ല . തെറ്റ്. മെമ്പർ അങ്ങനെ സംസാരിക്കാൻ പാടില്ല. ..... ബഹളം ..... മൈക്കുകാരുടെ മേൽ വെറുതെ കുറ്റം ചാരുന്നത് എന്തിനാണ്? മൈക്ക് കൊടുത്തതാണോ തെറ്റ്? മി. പത്മകുമാർ, ഒരു മെമ്പർ അങ്ങനെ എണീറ്റ് നിൽക്കാൻ പാടില്ല. ഒരു മെമ്പർ ചെയ്ത തെറ്റിന് മൈക്ക് ഓപ്പറേറ്റർമാരോടല്ല അരിശം കൊള്ളേണ്ടത്. .... ബഹളം .....

ശ്രീ. എ. പത്മകുമാർ: അവർ ധിക്കാരത്തോടു കൂടിയാണ് സംസാരിച്ചത്. സഭയിൽ അവർ മാപ്പു പറയണം. .. .. ബഹളം ....

ശ്രീ. സി. പി. നാരായണൻ: ക്രമസമാധാന നില ഭദ്രമാണെന്നാണ് സർക്കാർ അവകാശപ്പെടുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 7504 പേരെ കാണാതായിട്ടുണ്ട്. ഇതിൽ രണ്ടായിരത്തിലധികവും സ്ത്രീകളാണ്. സ്ത്രീകളെ തൊഴിൽ തരാമെന്ന് പറഞ്ഞ് വ്യാമോഹിപ്പിച്ച് കൂട്ടിക്കൊണ്ടുപോയി നീലച്ചിത്രനിർമ്മാണം നടത്തുകയാണ്. ഇങ്ങനെ കാണാതായ സ്ത്രീകൾ പിന്നീട് ഒരിക്കലും വീടുകളിലേക്ക് തിരിച്ചെത്താറില്ല. ഈ പാവം സ്ത്രീകളുടെ കണ്ണീരിൽ നിന്ന് രേണസ്വാധീനമുള്ളവർ കോടികൾ സമ്പാദിക്കുകയാണ്. അടിമാലിയിലെ സംഭവം ഈ സഭയിൽ ചർച്ചചെയ്തില്ലേ? വിലക്കയറ്റം തടയുമെന്നല്ല, വില കുറയ്ക്കുമെന്നാണ് ഇവർ അധികാരത്തിൽ വരുമ്പോൾ പറഞ്ഞത്. എന്നിട്ടോ ഇതുവരെ ഉണ്ടായിട്ടില്ലാത്ത വിലക്കയറ്റമല്ലേ ഇവിടെ ഉണ്ടായത്? കഴിഞ്ഞ വർഷത്തേക്കാൾ 13 ശതമാനം വില കൂടിയെന്ന് പ്ലാനിംഗ് ബോർഡിന്റെ ഇക്കണോമിക് റിവ്യൂവിൽ പറയുന്നുണ്ട്. അതുപോലെ തന്നെ ഉൽപ്പാദന രംഗത്ത് വൻപിച്ച തകർച്ചയാണുണ്ടായത്. നെല്ലുൽപ്പാദനം കുറഞ്ഞു. മൽസ്യത്തിന്റെ ഉൽപ്പാദനംപോലും കുറഞ്ഞിരിക്കുകയാണ്. ഇടതുപക്ഷമുന്നണി സർക്കാർ ഭരിച്ചപ്പോൾ 6·85 ലക്ഷം ടൺ മത്സ്യസമ്പത്തുണ്ടായിരുന്നു. ഇന്നത് അഞ്ചുലക്ഷം ടണ്ണായി കുറഞ്ഞു. നമ്മുടെ കടലിൽ വിദേശട്രോളറുകൾ ഇഷ്ടം പോലെ മൽസ്യം പിടിക്കാൻ അനുവാദം കൊടുത്തവരാണ് ഈ സർക്കാർ. ബഹുരാഷ്ട്ര കുത്തകകളുടെ ബോട്ടുകൾ കടലിലിറങ്ങി മത്സ്യം പിടിക്കുക മാത്രമല്ല, മത്സ്യക്കുഞ്ഞുങ്ങളെയും പിടിച്ച് കൊണ്ടുപോവുകയാണ് ചെയ്യുന്നത്. അങ്ങനെ നമ്മുടെ മൽസ്യ സമ്പത്ത് നശിപ്പിക്കുന്ന നയമാണ് ഇവിടെ നടപ്പിൽ വരുത്തിയത്. ഇവർ നമ്മുടെ രാജ്യത്തെ എവിടെയാണ് എത്തിക്കുക? നമ്മുടെ വനങ്ങളെല്ലാം വെട്ടിമാറ്റുകയാണ്. കഴിഞ്ഞ കൊല്ലം വനവിഭവങ്ങളിൽനിന്ന് 136 കോടി രൂപ വരുമാനമുണ്ടായതായി സർക്കാർ അവകാശപ്പെടുന്നു. ചന്ദനം, ഈട്ടി, തേക്ക് തുടങ്ങിയ മരങ്ങൾ വിറ്റിട്ടാണ് കാശ് ഉണ്ടാക്കിയത്. ഇത് നല്ല ലക്ഷണമാണോ? കാര്യക്ഷമമായി ഭരിക്കുന്നുവെന്നാണല്ലോ നമ്മുടെ മുഖ്യമന്ത്രി പറയാറുള്ളത്. എന്താണ് നമ്മുടെ സംസ്ഥാനത്തെ ജയിലുകളുടെ സ്ഥിതി? ജീവപര്യന്ത തടവുകാരെ എട്ടു വർഷം കഴിഞ്ഞാൽ അവരുടെ കേസ് പരിശോധിച്ച് അർഹരായവരെ വിട്ടയയ്ക്കണമെന്നാണ് ജയിൽ പരിഷ്ക്കരണ കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളത്. എന്നാൽ ജീവപര്യന്തം ശിക്ഷിക്കപ്പെട്ട 13-ം 14-ം കൊല്ലം തടവു ശിക്ഷകഴിഞ്ഞ 200-ഓളം പേർ നമ്മുടെ ജയിലുകളിൽ കിടന്ന് നരകിക്കുകയാണ്. ജീവപര്യന്തം ശിക്ഷിക്കപ്പെട്ടവർ ജയിലിൽ

LIBRARY ARCHIVES Kerala Legislative Assembly

കിടന്ന് മരിക്കുന്ന സ്ഥിതിയാണ് ഉണ്ടായിരിക്കുന്നത്. അങ്ങനെ മരിക്കുന്ന വാർത്ത നമുക്ക് പത്രത്തിൽ വായിക്കാൻ കഴിഞ്ഞു. അടുത്ത കാലത്ത് മാധവൻ എന്ന ഒരു തടവുകാരൻ മരണപ്പെട്ടു. ബ്രിട്ടീഷുകാർ ഈ രാജ്യം ഭരിക്കുമ്പോഴും ജീവപര്യന്തം ശിക്ഷിക്കപ്പെട്ടവർ എട്ടോ, ഒൻപതോ കൊല്ലം ശിക്ഷ അനുഭവിച്ചാൽ മതിയായിരുന്നു. ശ്രീ. എ. കെ. ആൻറണിയുടെ കാലത്ത് ജീവപര്യന്തം ജയിലിൽ കിടന്ന് മരിക്കണമെന്ന സ്ഥിതിയാണ്. ഈ കാര്യത്തെപ്പറ്റി പരിശോധിക്കണമെന്ന് എത്രയോ തവണ ആവശ്യപ്പെട്ടതാണ്. 'കള്ളച്ചി പ്രസവിച്ചിട്ടല്ല കള്ളനാകുന്നത്; തെമ്മാടിച്ചി പ്രസവിച്ചിട്ടല്ല തെമ്മാടിയാകുന്നത്'. പരിതഃസ്ഥിതിയാണ് മനുഷ്യനെ കള്ളനും കൊള്ളക്കാരനും കൊലയാളിയുമൊക്കെ ആക്കുന്നത്. ആ പരിതഃസ്ഥിതി മാറ്റുന്നതിനുവേണ്ടിയാണ് നാം ശ്രമിക്കേണ്ടത്. അങ്ങനെ മനുഷ്യനു അപകടം വന്നുകഴിഞ്ഞാൽ അത് പരിശോധിക്കാനുള്ള സംവിധാനമുണ്ടാക്കണം. അതുകൊണ്ട് ജീവപര്യന്തം ശിക്ഷിക്കപ്പെട്ടവരെ പരിശോധിച്ച്, അവരെ വിടുന്നതിനുവേണ്ടി ഗവൺമെൻറ് ആവശ്യമായ നടപടി സ്വീകരിക്കണം. ഇതുപോലെയാണ് ജയിലിൽ കിടക്കുന്ന മറ്റുള്ളവരുടെയും സ്ഥിതി. ജയിലിൽ കിടക്കുന്ന തടവുകാർക്ക് പരോൾ അനുവദിക്കുന്നതിനു വളരെ കർക്കശമായ നടപടികളാണ് ഗവൺമെൻറ് നിർദ്ദേശിച്ചിട്ടുള്ളത്. അതിൻറെ ഫലമായി പരോൾ കിട്ടുന്നത് വളരെ ചുരുക്കം ആളുകൾക്ക് മാത്രമേയുള്ളൂ. മൂന്നും നാലും കൊല്ലം കഴിഞ്ഞവർക്ക് പരോൾ കൊടുക്കാത്ത സ്ഥിതിയുണ്ട്. ബന്ധുക്കൾക്ക് ആർക്കെങ്കിലും രോഗം പിടിപെട്ടാൽ അവരെ കാണാനോ അല്ലെങ്കിൽ അവരുടെ സ്വന്തക്കാർക്ക് എന്തെങ്കിലും സഹായം ചെയ്യാനോ അവരെ പുറത്തേക്ക് വിടാനുള്ള സംവിധാനമില്ല. അതിന് പോലീസിൻറെ റിപ്പോർട്ട് വേണം. ഇതാണ് വ്യവസ്ഥ. ഇന്നത്തെ ഈ വ്യവസ്ഥ കർക്കശമാക്കിയതിൻറെ ഫലമായി പല തടവുകാർക്കും പരോൾ കിട്ടുന്നില്ല. ജയിലുകളിൽനിന്ന് തടവുകാരെ വിടുന്നതിനെ സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് നിർദ്ദേശിക്കുന്ന വ്യവസ്ഥകളാണ് പാലിക്കുന്നത്. കൊലക്കേസിന് ശിക്ഷിക്കപ്പെട്ടവർ കൊലപാതകം ചെയ്യാൻ ഗൂഢാലോചന നടത്തിയതായി വിധിന്യായത്തിൽ പറഞ്ഞിട്ടുണ്ടെങ്കിൽ അവരെ വിടാൻ പാടില്ലെന്നാണ് വ്യവസ്ഥ. നമ്മുടെ രാജ്യത്ത് കൊലക്കേസുകൾ ഏറ്റവുമധികം ഉണ്ടായിട്ടുള്ളത് ഗൂഢാലോചന നടത്തിയിട്ടാണ് എന്നാണ് പോലീസ് റിപ്പോർട്ടിൽ കാണുക. ഗൂഢാലോചനകൾ ചേർത്ത് കേസുകൾ രജിസ്റ്റർ ചെയ്താൽ മാത്രമേ അത് ഗുരുതരമാവുകയുള്ളൂ എന്നുള്ള നിലയ്ക്കാണ് ഇവിടെ പോലീസ് കേസ് ചാർജ്ജ് ചെയ്തിരിക്കുന്നത്. അവിടെ ഗവൺമെൻറ് നിർദ്ദേശിക്കുന്നത് ആ കേസിൻറെ വിധിന്യായത്തിൽ ഗൂഢാലോചനയുണ്ടെങ്കിൽ അവരെ വിടാൻ പാടില്ല എന്ന വ്യവസ്ഥയാണ്. അതുപോലെതന്നെ ശിക്ഷിക്കപ്പെട്ടവരെ സംബന്ധിച്ചിടത്തോളം എത്ര മാസമായാലും ശരി, അവരെ പരോളിൽ അയയ്ക്കണമെങ്കിൽ എസ് പി.യുടെ റിപ്പോർട്ട് വേണമെന്നാണ് പറയുന്നത്. അങ്ങനെ റിപ്പോർട്ട് കിട്ടണമെങ്കിലും പ്രയാസമായിട്ടുള്ള സ്ഥിതിയാണുള്ളത്. ഒരാൾ രോഗിയായി മരിക്കാറാകുന്ന അവസരത്തിൽ, തടവുകാരൻറെ സ്വന്തം മാതാവായാലും സ്വന്തം ഭാര്യയായാലും സ്വന്തം കുട്ടിയായാലും, അടിയന്തിരമായി അവിടെ എത്തേണ്ട ആ തടവുകാരനു യാതൊരു പരിരക്ഷയും കൊടുക്കുന്നില്ല. അപ്പോഴും പോലീസ് റിപ്പോർട്ട് വേണമെന്ന സ്ഥിതിയാണ് വരുന്നത്. ഇത്തരം സ്ഥിതിഗതികളാണ് ജയിലുകളിൽ കിടക്കുന്ന തടവുകാരെ ബാധിച്ചിട്ടുള്ളത്. ഇത് മാറ്റാൻ തയ്യാറാകണം. എൻറെ മണ്ഡലത്തിൽ വോൾട്ടേജ് പ്രശ്നം

LIBRARY ARCHIVES Kerala Legislative Assembly

അതിരൂക്ഷമാണ്. 80 ചതുരശ്ര കിലോമീറ്ററിനുള്ളിൽ ഒരൊറ്റ 110 കെ. വി. സ്റ്റേഷനാണുള്ളത്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് 110 കെ. വി. സ്റ്റേഷന് തറക്കല്ല് ഇട്ടിരുന്നു. ഈ ഗവൺമെന്റ് വന്നപ്പോൾ 1994-ൽ അത് കമ്മീഷൻ ചെയ്യുമെന്ന് പറഞ്ഞു. അത് ഇതുവരെ കമ്മീഷൻ ചെയ്തിട്ടില്ല. ചെറുപുഴയിൽ ഒരു പ്രോജക്ടിന് തറക്കല്ലിട്ടു. ബഹുമാനപ്പെട്ട മുന്നി ശ്രീ. പത്മരാജനാണ് തറക്കല്ലിട്ടത്, ഒരു കൊല്ലത്തിനുള്ളിൽ അത് കമ്മീഷൻ ചെയ്യുമെന്ന് നാട്ടുകാരോട് പറഞ്ഞു. എന്നാൽ അത് പൂർത്തിയായിട്ടില്ല. നമ്മുടെ സംസ്ഥാനത്തിൽ താലൂക്ക് രൂപീകരണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. തിരൂരങ്ങാടി താലൂക്ക് രൂപീകരിച്ചു. കേരളം രൂപീകരിക്കുന്ന അവസരത്തിൽ കേരളത്തിലെ ജില്ല-താലൂക്ക് വികസനത്തിനെ സംബന്ധിച്ചിടത്തോളം കമ്മീഷനെ നിശ്ചയിച്ചിരുന്നു. ആ കമ്മീഷൻ റിപ്പോർട്ടും സമർപ്പിച്ചു. അങ്ങനെ ഒരു താലൂക്ക് വരികയാണെങ്കിൽ അത് പുഴ്ന്നൂർ താലൂക്കായിരിക്കണമെന്നു റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുപോലെ ആർ. ടി. ഒ. ഓഫീസ് പുഴ്ന്നൂരിൽ വേണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതിനു ശേഷവും ജില്ലകളും രൂപീകരിച്ചു. അതുപോലെ താലൂക്കുകളും പുനർവിഭജനം ചെയ്തു. പുഴ്ന്നൂർ താലൂക്ക് ഇപ്പോഴും വന്നിട്ടില്ല. ഇപ്പോഴും വീണ്ടും കമ്മിറ്റിയെ നിശ്ചയിച്ചിരിക്കുകയാണ്. പക്ഷേ ഈ ഗവൺമെന്റിന് താത്പര്യമുള്ള താലൂക്ക് രൂപീകരിക്കുന്നതിന് ഒരു കമ്മിറ്റിയും വേണ്ടയെന്നുള്ള സ്ഥിതിയാണ്, കമ്മിറ്റിയില്ലാതെ തിരൂരങ്ങാടി താലൂക്ക് രൂപീകരിച്ചു, കമ്മിറ്റികളും ഇല്ലാതെ താലൂക്കുകളും രൂപീകരിച്ചു. ഈ ഗവൺമെന്റ് എന്തു ചെയ്യുന്നതിനും മടിയില്ലാത്ത ഒരു ഗവൺമെന്റാണ്. ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള വോട്ട് ഓൺ അക്കൗണ്ട്സിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണയ്ക്കുന്നു. മണിക്കൂറുകൾ കഴിയുമ്പോൾ ചരിത്ര പ്രധാനമായ നമ്മുടെ ഈ 9-ാം കേരള നിയമസഭയുടെ സമ്മേളനം തീരുകയാണ്. ഇവിടെ ഈ സമ്മേളനം തീരുന്നതോടുകൂടി നമ്മുടെ ഈ കാലഘട്ടത്തിൽ ഒരു ചരിത്രനിർവ്വഹണം നടത്തി അതിന്റെ തിരശ്ശീല വീഴാൻ പോകുന്നു. ഈ ഗവൺമെന്റ് ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ അതിന്റെ അക്കൗണ്ട്സ് ബുക്കും ലഡ്ജറും ഈ രാജ്യത്തെ ജനകീയ കോടതിയുടെ മുൻപിൽ സമർപ്പിച്ചുകൊണ്ട് നമ്മൾ ഇവിടെനിന്നും പിരിയാൻ പോകുകയാണ്. 11-ാം ലോകസഭയുടെ തെരഞ്ഞെടുപ്പാണ് വരാൻ പോകുന്നത്. കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒരു ചരിത്രത്തിന്റെ തിരശ്ശീല വീഴുകയും ഒരു പുത്തൻ ചരിത്രത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള നിമിഷങ്ങൾ എണ്ണുകയും ചെയ്യുന്ന സന്ദർഭത്തിലാണ് നമ്മൾ നില്ക്കുന്നത്. 11-ാം ലോകസഭയിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ കേളികൊട്ട് ആരംഭിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ 9-ാം ലോകസഭയിലേക്കുള്ള തെരഞ്ഞെടുപ്പാണ് കാലാവധിയുടെ കണക്കനുസരിച്ച് നമ്മുടെ രാജ്യത്ത് നടക്കേണ്ടിയിരുന്നത്. രണ്ട് ഗവൺമെന്റുകൾക്ക് കാലാവധി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. 1977-ൽ അധികാരത്തിൽ വന്ന ശ്രീ. മൊറാർജി ദേശായിയുടെ ഗവൺമെന്റും 1980-ൽ കാലാവധി പൂർത്തിയാക്കുന്നതിന് രണ്ടാം പ്രധാനമന്ത്രിയെ തെരഞ്ഞെടുത്തിട്ടും അവസാനം ഒരു ഗവൺമെന്റിനും നില്ക്കാൻ കഴിയാതെ ആ ഗവൺമെന്റ് മൂക്കുകുത്തി വീഴുകയുണ്ടായി. 1989-ൽ അധികാരത്തിൽ വന്ന ശ്രീ. വി. പി. സിംഗിന്റെ നേതൃത്വത്തിൽ ആദ്യം ആരംഭിച്ചതും

LIBRARY ARCHIVES Kerala Legislative Assembly

പിന്നീട് ശ്രീ. ചന്ദ്രശേഖർ പ്രധാനമന്ത്രിയായി അവസാനിപ്പിച്ചതുമായ ഗവൺമെൻറിന് അഞ്ച് കൊല്ലക്കാലം പൂർത്തിയാക്കാൻ കഴിയാതെ ആ ഗവൺമെൻറ് പരാജയം സമ്മതിച്ച് പുറത്ത് പോകേണ്ടിവന്നു. ഒരു രാജ്യത്ത്, അല്ലെങ്കിൽ സംസ്ഥാനത്ത് സാമ്പത്തിക ശക്തി വളരണമെന്നു വരികിൽ രാഷ്ട്രീയമായ ശക്തിയുള്ള ഒരു ഗവൺമെൻറ് ഉണ്ടാകണം. രാഷ്ട്രീയമായ പിൻബലവും ശക്തിയുമുള്ള ഒരു ഗവൺമെൻറ് ഉണ്ടായെങ്കിൽ മാത്രമേ സാമ്പത്തികമായ ഉന്നമനം സാദ്ധ്യമാവുകയുള്ളൂ. ഇന്ത്യയെ സംബന്ധിച്ചിടത്തോളം രണ്ട് കോൺഗ്രസേതര ഗവൺമെൻറുകളും അധികാരത്തിൽ വന്നിട്ട് ആ ഗവൺമെൻറുകൾക്ക് പിടിച്ചുനിൽക്കാൻ കഴിയാതെ വന്ന അവസരത്തിലാണ് ന്യൂനപക്ഷ ഗവൺമെൻറായി ആരംഭിക്കുകയും ഭൂരിപക്ഷ ഗവൺമെൻറായി പര്യവസാനിക്കുകയും ചെയ്ത, നമ്മുടെ പ്രഗൽഭനായ പ്രധാനമന്ത്രി ശ്രീ. നരസിംഹറാവുവിൻെറ നേതൃത്വത്തിലുള്ള ഗവൺമെൻറ് അതിൻെറ കാലാവധി പൂർത്തിയാക്കി ജനങ്ങളുടെ മുൻപിലേക്ക് വിധിതേടി പോകുന്നത്. ഈ ഗവൺമെൻറ് നല്ല കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്. ഈ ഗവൺമെൻറ് ഉറച്ച ഗവൺമെൻറാണെന്നുള്ള പ്രശസ്തി നേടിക്കൊണ്ട് മുന്നോട്ട് പോകുകയാണ്. ശ്രീ. കൃഷ്ണൻകുട്ടി എൻെറ ഏറ്റവും അടുത്ത സുഹൃത്താണ്. അങ്ങ് ചോദിച്ച ചോദ്യം ഞാൻ കേട്ടില്ലയെന്നില്ല. ഞാൻ ആ ചോദ്യത്തിലേക്ക് പിന്നീട് വന്നുകൊള്ളാം. ഇപ്പോൾ ഞാൻ ദേശീയ രാഷ്ട്രീയത്തെക്കുറിച്ച് സ്മരിക്കുന്നതുകൊണ്ട് അതിൻെറ ചുറ്റുവട്ടത്തിൽനിന്നും കാലുമാറാൻ കഴിയാതെ അവിടെ നില്ക്കുന്നുവെന്നുമാത്രം. ഒരു ന്യൂനപക്ഷ ഗവൺമെൻറിനെ ഭൂരിപക്ഷ ഗവൺമെൻറാക്കി ഉറച്ച ഒരു ഗവൺമെൻറ് നമ്മുടെ രാജ്യത്തുണ്ടാക്കിയ പ്രശസ്തനായ ഭരണാധികാരി എന്ന ഖ്യാതി നേടിക്കൊണ്ട് ശ്രീ. നരസിംഹറാവു രണ്ടാമതും ജനവിധി തേടുന്നതിനുവേണ്ടി ജനമദ്ധ്യത്തിലേക്ക് വരികയാണ്. ഈ ഗവൺമെൻറ് എടുത്ത ചില നിലപാടുകളും നിങ്ങളും ശക്തിയുക്തം വിമർശിക്കുകയുണ്ടായി. പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം ഭരണപക്ഷത്തുള്ള ആളുകളെ വിമർശിക്കുന്നത് തെറ്റാണെന്ന് പറയുന്നത് ശരിയല്ലയെന്നുള്ളതുകൊണ്ട് നിങ്ങളുടെ വിമർശനബുദ്ധിയേയും വിമർശന ജാഗ്രതയേയും ഞാൻ വില കുറച്ചു കാണുവാൻ ആഗ്രഹിക്കുന്നതേയില്ല. നിങ്ങൾക്ക് വിമർശിക്കുവാനുള്ള അധികാരമുണ്ട്.

ശ്രീ. വി. സി. കബീർ: ബഹുമാനപ്പെട്ട സ്പീക്കറിൽനിന്നും ഞങ്ങൾക്കൊക്കെ ഓരോ ക്ഷണക്കത്ത് കിട്ടിയിട്ടുണ്ട്. എല്ലാപേരും പങ്കെടുക്കണമെന്നുള്ള ക്ഷണക്കത്താണ്. ഞങ്ങൾ പോകണമോ ഇവിടെ ഇരിക്കണമോ?

മി. ചെയർമാൻ: അതിന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും സ്പീക്കറും മുഖ്യമന്ത്രിയും പോയിട്ടുണ്ട്. അങ്ങ് ഇവിടെയിരുന്ന് പ്രസംഗം കേട്ടാൽ മതി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: മാത്രവുമല്ല അദ്ദേഹം പോയാലും ഇരുന്നാലും ഒരു കാര്യവുമില്ല; അത് വേറെ പ്രശ്നം. പ്രതിപക്ഷത്തുനിന്നും ഉയർത്തിക്കൊണ്ടുവന്ന അഴിമതിയെക്കുറിച്ചുള്ള ചില കഥകളുണ്ട്. ഇന്ത്യൻ രാഷ്ട്രീയത്തെ പിടിച്ചുകുലുക്കിക്കൊണ്ടിരിക്കുന്ന ഹവാല തുടങ്ങി കേരള രാഷ്ട്രീയത്തിലും അപ്പുറത്തുമിപ്പുറത്തുമുള്ളവരെ സംബന്ധിച്ച് അഴിമതിയുടെ ഒരു കുരുക്ക് ഉണ്ടാക്കുവാൻ ശ്രമിക്കുന്നുണ്ട്. എനിക്ക് പ്രതിപക്ഷത്തോട്, പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ മാർക്സിസ്റ്റിൻെറ നേതൃത്വ

LIBRARY ARCHIVES Kerala Legislative Assembly

ത്തോട് വിനയപൂർവ്വം ഒരു ചോദ്യം ചോദിക്കുവാനുണ്ട്. ആ ചോദ്യത്തിന് നിങ്ങൾ ശരിയായി ഉത്തരം നൽകുമെന്ന് പ്രതീക്ഷിക്കുകയാണ്. അഴിമതിയുടെ കാര്യത്തിൽ—അങ്ങാടിയിൽ—രണ്ട് തൂക്കമാണ് കാണിക്കുന്നത്, അത് ശരിയല്ലയെന്നുള്ളതാണ് എന്റെ അഭിപ്രായം. ഹവാല കേസായാലും ഇന്ത്യൻ രാഷ്ട്രീയത്തിലുള്ള ഏത് അഴിമതി സംബന്ധമായ കേസായാലും ആ കേസിനെ സംബന്ധിച്ച് പ്രതിപക്ഷം ഇരട്ടത്താപ്പ് നയം എടുക്കുന്നത് ശരിയാണോ? ഡൽഹി കേന്ദ്രീകരിച്ചുണ്ടാകുന്ന അഴിമതി കേസിൽ നടപടിയെടുക്കണമെന്ന് ശക്തമായി ആവശ്യപ്പെടുകയും പാറ്റ്ന പട്ടണത്തിൽ എപ്പോഴും ചീഞ്ഞ് നാറിക്കൊണ്ടിരിക്കുന്ന ഒരു കേസ് സി.ബി.ഐ.-യ്ക്ക് വിട്ടുകൊടുക്കരുതെന്ന് പറയുകയും ചെയ്യുന്ന ഒരു മുഖ്യമന്ത്രിയെ പിന്തുണക്കുവാൻ മുന്നോട്ട് വരികയും ചെയ്യുന്നത് എന്ത് അഴിമതി വിരുദ്ധമാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. മൂന്നാം മുന്നണിയുടെ നേതൃത്വത്തിലേയ്ക്ക് നിങ്ങൾ കൊണ്ടുവന്ന ലല്ലൂ പ്രസാദ് യാദവിനെയാണ് ഇൻഡ്യയുടെ പ്രധാനമന്ത്രി കസേരയിലേക്ക് അവരോധിക്കാൻ പോകുന്ന വ്യക്തിയായി നിങ്ങൾ കണ്ടെത്തിയിട്ടുള്ളത്. ഈ അടുത്ത കാലത്താണ് അദ്ദേഹത്തെ ദേശീയ നേതൃത്വത്തിലേക്ക് ഉയർത്തുവാൻ നിങ്ങളെല്ലാം ഒരുമിച്ച് കൈയുയർത്തിയത്. എങ്കിൽ അദ്ദേഹത്തിന്റെ ഇടതും വലതും കൈകൾ ചെന്ന് പെട്ടിട്ടുള്ള അഴിമതിക്കൂമ്പാരത്തെക്കുറിച്ച് സി ബി.ഐ. അന്വേഷണം നടത്തണമെന്ന് കോടതി പറഞ്ഞിട്ടുപോലും അതിനെക്കുറിച്ച് ഒരക്ഷരം നിയമസഭ പിരിയുന്ന അവസാനത്തെ ഈ സന്ദർഭത്തിൽപോലും ഉരിയാടാൻ നിങ്ങൾ തയ്യാറാകാത്തതും നിങ്ങളുടെ വായിൽ നാവില്ലാതെ പോകുന്നത് അഴിമതിയെ നിങ്ങൾ രണ്ട് രൂപത്തിൽ കാണുന്നുവെന്നുള്ളതുകൊണ്ടാണ്. 600 കോടി രൂപയുടെ കുംഭകോണം നടന്നുവെന്നാണ് കോടതി തന്നെ പറഞ്ഞിട്ടുള്ളത്. മൃഗീയമായ കുംഭകോണം. മൃഗങ്ങളുടെ കാലിത്തീറ്റയുടെ പേരിൽ നടത്തിയിട്ടുള്ള ഈ കുംഭകോണം സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് കോടതി പറഞ്ഞിട്ടുപോലും അത് വിട്ടുകൊടുക്കാൻ കഴിയാത്തതും അതിനെ പിന്തുണച്ചുകൊണ്ട് മൗനികളായി ഇരിക്കുന്നതുമായ പ്രതിപക്ഷം പ്രത്യേകിച്ച് മാർക്സിസ്റ്റ് പാർട്ടി സ്വീകരിച്ചിട്ടുള്ള സമീപനം രണ്ട് രൂപത്തിലുള്ളതാണെന്ന് പറയാതിരിക്കാൻ കഴിയുകയില്ല.

പാറ്റ്നാ പട്ടണത്തിൽനിന്ന് ഈ വണ്ടി വിട്ടാൽ പശ്ചിമബംഗാളിൽ ലാന്റ് ചെയ്യും. പശ്ചിമബംഗാളിൽ ഈ അടുത്ത കാലത്ത്
4 p. m.] ഉണ്ടായിക്കൊണ്ടിരിക്കുന്ന അഴിമതിയുടെ നീണ്ടകഥ ആർക്ക് തടുത്തുനിർത്താൻ കഴിയും? റഷീദ് ഖാൻ എന്ന ടാഡ കേസിലെ പ്രതി ഇപ്പോൾ കോടതിയിലാണ്. അദ്ദേഹത്തിന്റെ ഡയറിയ്ക്കകത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യയുടെ സമുന്നതരായ ചില ആളുകളുടെ പേരുകൾ വന്നിരിക്കുന്നു. ആ കേസ് അന്വേഷണം ആരാണ് നടത്തുന്നത്? ആ കേസന്വേഷണം സി.ബി.ഐ.-ക്ക് വിട്ടുകൊടുത്തിട്ടുണ്ടോ? ആ കേസന്വേഷണം പശ്ചിമ ബംഗാളിലെ മുഖ്യമന്ത്രി നേതൃത്വം കൊടുക്കുന്ന ഒരു ലൈം ബ്രാഞ്ചിനെ എങ്കിലും ഏൽപ്പിക്കാൻ തയ്യാറുണ്ടോ? ടാഡാ കേസിൽ പോലീസിനെക്കൊണ്ട് ആ അന്വേഷണം അവസാനിപ്പിക്കാൻ നിങ്ങൾ തയ്യാറെടുത്തുകൊണ്ടിരിക്കുകയാണ്. നിങ്ങൾ ഇവിടെ ഒരു കേസിനെക്കുറിച്ച് പറയുമ്പോൾ, ഈ അഴിമതിയെ കുറിച്ച് ശക്തമായ നടപടിയെടുത്തുകൊണ്ട് ഇൻഡ്യാ ഗവൺമെന്റും കോടതിയും മുന്നോട്ട് പോകുമ്പോൾ ഈ അഴിമതിയെപോലും കടത്തിവെട്ടുന്ന രൂപത്തിൽ റഷീദ് ഖാന്റെ ഡയറിയ്ക്കകത്തു വന്നിട്ടുള്ള ചീഞ്ഞുനാറിയ സംഭവം സംബന്ധിച്ച അന്വേഷണം

LIBRARY ARCHIVES Kerala Legislative Assembly

സി.ബി.ഐ.-ക്ക് വിടില്ല എന്നാണ് പശ്ചിമബംഗാൾ മുഖ്യമന്ത്രി പറഞ്ഞത്. പ്രതിപക്ഷത്തുള്ള എന്റെ സ്നേഹിതന്മാർ മറക്കുന്നത് സന്ദർഭോചിതമാണ് എങ്കിൽപ്പോലും ഇൻഡ്യയിലെ ജനങ്ങൾ അത് മറക്കുകയില്ല എന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. എം. എം. ഹസ്സൻ: പശ്ചിമബംഗാളിൽ അഴിമതി ആരോപണം ഉന്നയിച്ച ബിനോയ് ചൗധരിക്ക് അടുത്ത തെരഞ്ഞെടുപ്പിൽ മാർക്സിസ്റ്റ് പാർട്ടി സീറ്റ് നിഷേധിച്ചിരിക്കുകയാണ് എന്നുള്ള കാര്യംകൂടി അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട അംഗം ഹസ്സൻ പറഞ്ഞിടത്തേയ്ക്ക് ഞാൻ സാവകാശം വന്നുകൊണ്ടിരിക്കുകയായിരുന്നു. നിങ്ങൾക്ക് അഴിമതിയെ കുറിച്ചുള്ള സമീപനം എന്താണ്? അഴിമതിയെ കുറിച്ചുള്ള നിങ്ങളുടെ സമീപനം ബഹുജനങ്ങളെ ബോധിപ്പിക്കത്തക്കവിധത്തിൽ ഉള്ള സമീപനമാണോ? അഴിമതിയ്ക്കെതിരായി ശബ്ദിച്ച ബിനോയ് ചൗധരി ഇൻഡ്യയിലെ മാർക്സിസ്റ്റ് പ്രസ്ഥാനത്തിന്റെ ആചാര്യനും, അതിവിദഗ്ദ്ധനും, ആദർശ നേതാവുമാണ് എന്നുള്ള സത്യം ആർക്കെങ്കിലും കണ്ടില്ലെന്ന് നടിക്കാൻ കഴിയുമോ? ആ ക്യാബിനറ്റിലെ രണ്ടാം സ്ഥാനക്കാരനായ ശ്രീ. ബിനോയ് ചൗധരിക്ക് അടുത്ത തെരഞ്ഞെടുപ്പിൽ സീറ്റ് കൊടുക്കണ്ട എന്ന് തീരുമാനിച്ച് കാലിൻമേൽ കാൽ കയറ്റിവച്ച് ഈ മുൻസീറ്റിലിരുന്ന് അഴിമതിവിരുദ്ധ പ്രസംഗം നടത്താൻ, ഞാൻ ബഹുമാനിക്കുന്ന ശ്രീ. ശിവദാസമേനോൻ ആണെങ്കിൽപോലും പ്രേരിതനാകുന്നതിൽ അങ്ങയുടെ പരിതാപകരമായ സ്ഥിതി കാണുമ്പോഴും എനിക്കുതന്നെ ദുഃഖം തോന്നുകയാണ്. അഴിമതിയെക്കുറിച്ചുള്ള രണ്ട് കാഴ്ചപ്പാടോടുകൂടിയാണ് നിങ്ങൾ മുന്നോട്ട് പോകുന്നത്. പ്രശാന്ത് സൂർ എന്ന ഒരു വ്യക്തിയെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ? മാർക്സിസ്റ്റ് പാർട്ടിയുടെ എം.എൽ.എ.-യാണ്. പശ്ചിമ ബംഗാളിലെ ഒരു പ്രധാനപ്പെട്ട നേതാവ് കേരളത്തിൽ എത്തിയിരുന്നു. അദ്ദേഹം പറയുന്നു, പ്രശാന്ത് സൂറും അദ്ദേഹത്തിന്റെ മകൻ രഞ്ജിത്തും അഴിമതിയുടെ കൂത്തരങ്ങാക്കി പശ്ചിമബംഗാളിനെ മാറ്റുന്നത് ജനങ്ങൾ പോലും സഹിക്കാത്ത രൂപത്തിലുള്ളതാണെന്ന്. വൻകിട കെട്ടിട നിർമ്മാതാവിനെ കൊല ചെയ്തതിലെ പ്രതി പ്രശാന്തിന്റെ മകൻ രഞ്ജിത്ത് ആണെന്നുള്ള സത്യം നിങ്ങൾക്ക് മറക്കുവാൻ കഴിയുമോ? ടാഡ കേസിലെ പ്രതി റഷീദ് ഖാനെ കുറിച്ച് ഞാൻ പറഞ്ഞല്ലോ. അദ്ദേഹം ചെയ്ത തെറ്റ് എന്താണെന്നറിയുമോ? അദ്ദേഹത്തിന്റെ നേതൃത്വത്തിൽ, അദ്ദേഹം പ്രതിയായി നടന്ന സ്ഫോടനത്തിൽ 70 ആളുകളാണ് കൊല്ലപ്പെട്ടത്. പശ്ചിമബംഗാളിലെ പോലീസ് ഹെഡ്കാർട്ടേഴ്സിന്റെ 100 അടി മാത്രം അകലെയാണ് സ്ഫോടനം നടത്തിയത്. ആ കേസ് ഫ്രൈംബ്രാഞ്ചിനു വിടാൻപോലും തയ്യാറാകാത്ത നിങ്ങൾക്ക് ഇൻഡ്യൻ രാഷ്ട്രീയത്തിലെ അഴിമതിയെക്കുറിച്ച് ശബ്ദിക്കാൻ എന്തവകാശം? ആ സ്ഫോടനത്തിനുത്തരവാദിയായ റഷീദ്ഖാന്റെ ഏറ്റവും ഉത്തമസുഹൃത്തായ ലക്ഷ്മി ഡേ എന്ന വ്യക്തി മാർക്സിസ്റ്റ് പാർട്ടിയുടെ നേതാവാണ്. ടാഡ കേസിലെ പ്രതികൾക്ക് അഴിമതിയെക്കുറിച്ച് ഒരു നിലപാടുണ്ട്. കോൺഗ്രസിനകത്തുള്ള 100 ശതമാനം ആളുകളും ഒരു തെറ്റും ചെയ്യാത്തവരാണെന്നുള്ള വാദം ഞങ്ങൾക്കില്ല. ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ തലപ്പത്തിരുന്നുകൊണ്ട് ടാഡ കേസിലെ പ്രതിക്ക് സംരക്ഷണം കൊടുക്കുന്നതിന് നേതൃത്വം കൊടുത്ത കൽപ്പനാഥ് റായിയെ തിഹാർ ജയിലിലെ അഴികൾ

LIBRARY ARCHIVES Kerala Legislative Assembly

എണ്ണുന്നതിനുവേണ്ടി ഞങ്ങൾ പറഞ്ഞുവിട്ടപ്പോൾ, ലക്ഷ്മി ഡേയ്ക്ക് നിങ്ങൾ, നിങ്ങളുടെ അന്തഃപുരത്തിൽ സംരക്ഷണം കൊടുത്തിരുത്തി എന്നുള്ള യാഥാർത്ഥ്യം മറക്കുവാൻ കഴിയുമോ?

ശ്രീ. പി. ബാലൻ: പുരുളിയ സംഭവത്തിൽ ആദ്യം അന്വേഷിച്ച് പിടിച്ച എല്ലാ പ്രതികളേയും പശ്ചിമ ബംഗാളിലെ ആഭ്യന്തര വകുപ്പ് വിട്ടയച്ചു എന്നത് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ പറഞ്ഞുവരുന്നത് ഇവിടെയിരിക്കുന്ന മാർക്സിസ്റ്റ് പാർട്ടിയിലെ സ്നേഹിതൻമാർ എന്റെ വളരെ അടുത്ത സുഹൃത്തുക്കളാണ്. ശ്രീ. ശിവദാസമേനോനെ എനിക്ക് വളരെ ബഹുമാനമാണ്. വളരെ ശുദ്ധനായ നേതാവാണ് അദ്ദേഹം. പക്ഷേ അങ്ങ് വാദിക്കുന്നത് ഒരു പൊളിഞ്ഞ കേസു കെട്ടാണ്.

ശ്രീ. ടി. ശിവദാസമേനോൻ: ബഹുമാനപ്പെട്ട മെമ്പർ തിരുവഞ്ചൂർ..

.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: പ്രസംഗം എനിക്കും, ചോദ്യം അങ്ങേയ്ക്കും. അല്ലെങ്കിൽ എനിക്ക് സമയം വേറെ തരണം..

ശ്രീ. ടി. ശിവദാസമേനോൻ: ചോദ്യം തന്നെയാണ് ചോദിക്കുന്നത്. അല്ലെങ്കിൽ ചോദിക്കുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: എനിക്കു മനസ്സിലായി. അങ്ങയെപ്പോലെ ശുദ്ധനായ ഒരാൾക്ക് ഇതുപോലുള്ള കാര്യങ്ങളിൽ ഒരു ചോദ്യം ചോദിക്കാനുള്ള ധാർമ്മികമായ ധൈര്യംപോലും ഇല്ലെന്നുള്ളത് വ്യക്തമല്ലേ? അതുകൊണ്ട്, വെറുതെ എന്തിനാണ് എന്റെ സമയം കളയുന്നത്?

ശ്രീ. ടി. ശിവദാസമേനോൻ: കൽപ്പനാഥ്റായിയെ അറസ്റ്റ് ചെയ്ത് തിഹാർ ജയിലിലാണെന്നു പറഞ്ഞു. ഇതു കേട്ടാൽ, ശ്രീ. നരസിംഹറാവു കത്തു കൊടുത്താണ് ജയിലിലേയ്ക്ക് അയച്ചത് എന്നാണ് തോന്നുന്നത്. കോടതി ഇടപെട്ടാണ് ഇന്ദിരാഗാന്ധി ചെയ്തത്. നരസിംഹറാവു വെറുതെ ഇരിക്കുകയായിരുന്നു. കോടതി അയച്ചാൽ പോകാതിരിക്കാൻ എന്താണ് മാർഗ്ഗം?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): കോടതിക്ക് അങ്ങനെ ഒരു നിലയിലേക്ക് കാര്യങ്ങൾ കൊണ്ടുവരാനുള്ള സാഹചര്യമുണ്ടാക്കുന്നത് ഭരണസംവിധാനമല്ലേ? കോടതിക്ക് അത്തരം നടപടിക്രമങ്ങളിലേക്ക് പോകുന്നതിനുള്ള സാഹചര്യം ഉണ്ടാക്കിയത് ശ്രീ. നരസിംഹറാവുവിന്റെ കീഴിലുള്ള പോലീസ് സംവിധാനവും അന്വേഷണ സംവിധാനവുമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: എന്റെ കേസ് അങ്ങ് തെളിയിച്ചുതന്നു. അങ്ങ് എനിക്കുവേണ്ടി വാദിച്ചു. എനിക്കതിൽ നന്ദിയുണ്ട്. ടാഡ കേസിലെ പ്രതി കൽപ്പനാഥ്റായിയെ കോടതിയിലേക്ക് വിടുന്ന ഒരു സാഹചര്യമുണ്ടായപ്പോൾ സംരക്ഷിക്കാൻ നിൽക്കാത്ത നരസിംഹറാവുവും, ഇപ്പുറത്ത് ടാഡ കേസിലെ പ്രതികളെ സംരക്ഷിച്ച ആളുകൾക്കെതിരെ സി.ബി.ഐ. അന്വേഷണം പോലും

LIBRARY ARCHIVES Kerala Legislative Assembly

നടത്താൻ വിമുഖത കാണിക്കുന്ന പശ്ചിമബംഗാൾ മുഖ്യമന്ത്രിയും തമ്മിൽ ഉള്ള അന്തരത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. അതു പറയാൻ അവസരം തന്നതിൽ നന്ദിയുണ്ട്.

ശ്രീ. പി. ബാലൻ: അങ്ങ് ഈ ശിവദാസമേനോനെ 'ശുദ്ധൻ' എന്നു പറയുന്നതെന്തിനാണ്? മുഖ്യമന്ത്രി സ്ഥാനത്തേയ്ക്ക് പരിഗണിക്കപെടുന്ന പേരാണ്. അത് തട്ടിപ്പോകുമോ എന്നാണ് എന്റെ സംശയം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട ശിവദാസമേനോൻ മുഖ്യമന്ത്രിയാകുന്നതിൽ എനിക്ക് സന്തോഷമേയുള്ളൂ. പക്ഷെ അങ്ങ് മുഖ്യമന്ത്രിയാകണമെങ്കിൽ കേരളത്തിലെ ഐക്യജനാധിപത്യ മുന്നണിയുടെകൂടെ ഇരിക്കേണ്ടിവരും. അല്ലാതെ മുഖ്യമന്ത്രിയാകുന്ന പ്രശ്നമേയില്ല. എനിക്ക് അങ്ങയുടെ സ്വഭാവവും പെരുമാറ്റവുമൊക്കെ വളരെ ഇഷ്ടമാണ്. അതുകൊണ്ട് അങ്ങ് മുഖ്യമന്ത്രിയാകുന്നതിൽ വിരോധമില്ല. പക്ഷെ അടുത്ത തിരഞ്ഞെടുപ്പിൽ അവിടിരുന്ന് മുഖ്യമന്ത്രിയാകാൻ വളരെ വിഷമിക്കും.

ശ്രീ. എം. എം. ഹസ്സൻ: ബാലേട്ടനു് അബദ്ധം പറ്റിയതാണ്. ശ്രീ. ശിവദാസമേനോനെപോലെയുള്ള ആളെ മാർക്സിസ്റ്റ് പാർട്ടിയെ പോലുള്ള ഒരു പാർട്ടി മുഖ്യമന്ത്രിയാക്കുമെന്ന് ബാലേട്ടനല്ലാതെ വേറെ ആരെങ്കിലും പറയുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: എനിക്ക് ഒരു കാര്യം വ്യക്തമാണ്. പാലക്കാടു നിന്നുവരുന്ന ഒട്ടുമുക്കാൽ നേതാക്കൻമാരും പരമശുദ്ധൻമാർ തന്നെയാണ്. ഞാൻ പറഞ്ഞത് അഴിമതിയുടെ ചെളിവാരി എറിഞ്ഞ് ഈ തെരഞ്ഞെടുപ്പിനു മുൻപ് രംഗം കലക്കുന്നതിന് അവസാനത്തെ അടികൂടി അടിക്കാൻ നിങ്ങളെ ഇങ്ങനെ തയ്യാറെടുത്തു നിൽക്കുകയാണ് എന്നാണ്. ആർക്കെതിരെ ചെളി വാരിയെറിയണം എന്ന് നോക്കിയിരിക്കുന്നു. കുസൃതിക്കുട്ടികൾ കുളം കലക്കിയിട്ട് ചെളിവാരി കൈയിൽ പിടിച്ചിരിക്കുന്നതുപോലെ നിങ്ങളും തക്കം പാർത്തിരിക്കുകയാണ്. ഇവിടെ ചാരായ കച്ചവടം അവസാനിപ്പിച്ചപ്പോൾ വിദേശമദ്യലോബിക്കുവേണ്ടി 150 കോടി രൂപയുടെ അഴിമതി നടത്തിക്കൊണ്ട് ആ ചാരായക്കച്ചവടം അവസാനിപ്പിച്ചതാണെന്ന് ഒരിക്കൽ പറഞ്ഞ പ്രതിപക്ഷനേതാവ് ഈ സഭയിൽ ആ ആക്ഷേപം ആവർത്തിക്കാൻ തയ്യാറായിട്ടില്ല എന്നുള്ളത് നിങ്ങൾ ചെയ്ത പാപം നിങ്ങൾതന്നെ തിരുത്തുന്നു എന്നുള്ളതിന്റെ സൂചനയായി ഞാൻ കാണുകയാണ്. അതുകൊണ്ട് തെരഞ്ഞെടുപ്പിനു മുൻപ് നിങ്ങൾ ആളുകൾക്കെതിരെ ചെളി വാരിയെറിഞ്ഞ് ആളുകളെയെല്ലാം ആക്ഷേപിക്കുന്നതിനുവേണ്ടി മനഃപൂർവമായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഞാനിവിടെ ഒരു കാര്യം പറയാം. ഞാൻ പറഞ്ഞുവന്നത് നിങ്ങൾക്ക് ശ്രീ. എ. കെ. ആൻറണിയെ അറിയില്ല. ശ്രീ. എ. കെ. ആൻറണിയെ നിങ്ങൾക്കറിയാം; കേരള ജനതയ്ക്കറിയാം. ഇൻഡ്യൻ ജനതയ്ക്കും ഇൻഡ്യൻ രാഷ്ട്രപതിക്കും അറിയാം. ഇൻഡ്യൻ രാഷ്ട്രപതി പറഞ്ഞിരിക്കുന്നു ഇൻഡ്യൻ രാഷ്ട്രീയത്തിലെ മൃത്താണ് ശ്രീ. എ. കെ. ആൻറണിയെന്ന്. ആ വിവരം അങ്ങെങ്കിലും മറക്കരുത്. നിങ്ങൾക്ക് അദ്ദേഹത്തെ രാഷ്ട്രീയ കാര്യങ്ങൾ കൊണ്ട് സഹായിക്കാൻ കഴിയുകയില്ല. പക്ഷെ അപമാനിക്കാതിരിക്കരുതോ? ദയവായി ആ ഒരു മാനുഷികമായ പരിഗണ പ്രതിപക്ഷത്തുനിന്നുള്ള ആളുകൾ കാണിക്കണമെന്നുള്ള വിനയപൂർവമായ അപേക്ഷയാണ് എനിക്കുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ നിയമസഭ പിരിയാൻ പോകുകയാണല്ലോ. ഈ നിയമസഭയിൽ നിന്നും ഞങ്ങൾ പിരിയുന്നത് വീണ്ടും ഇതേ രൂപത്തിൽ വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി കേരളത്തിലെ മൂന്നു കോടി ജനതയുടെ മനഃസാക്ഷിയുടെ അംഗീകാരത്തോടുകൂടി മടങ്ങി വരുന്നതിനു വേണ്ടിയാണ്. ഈ സഭ പിരിയുന്നതിനുള്ള അവസാനത്തെ നിമിഷവും കാത്ത് ഞങ്ങളിരിക്കുകയാണ്. ഒരു ഇടിമുഴക്കത്തോടുകൂടി ശ്രീ. എ. കെ. ആൻറണി മടങ്ങിവരുമെന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല. ഈ ഗവൺമെൻറ് വീണ്ടും അധികാരത്തിലേയ്ക്കു വരാൻ പോകുകയാണ്. ഇവിടെ തെരഞ്ഞെടുപ്പിനെ മീനച്ചൂടാണ്. ആ മീനച്ചൂടിനകത്ത് പ്രതിപക്ഷം കത്തിയുരുകി ഭാവകമായിപ്പോകുമെന്നുള്ള കാര്യത്തിൽ എന്തെങ്കിലും തർക്കമുണ്ടോ? ഈ മീനച്ചൂടിനെ നേരിടുവാൻ ഈ കേരളത്തിലെ പ്രതിപക്ഷത്തിന് സാധ്യമല്ല. ഒരിറ്റു വെള്ളംപോലും കിട്ടാതെ നമ്മുടെ ഇപ്പോഴത്തെ പ്രതിപക്ഷം ഇതിനെക്കാൾ ദയനീയമായ രൂപത്തിൽ ഈ സഭയിൽ വന്നെത്തേണ്ടി വരുമെന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല. ഇവിടെ ജനങ്ങളിൽ നിന്നു വളരെ അകന്നു പ്രക്ഷോഭണങ്ങൾ നടത്തിയ അങ്ങയുടെ പാർട്ടി ഈ രാജ്യത്ത്, ഈ സംസ്ഥാനത്ത് കുറെ ആചാരവെടികൾ പോലെയുള്ള പ്രക്ഷോഭണങ്ങൾ നടത്തി. അമ്പലങ്ങളിലെ ആചാരവെടികൾ കേട്ടിട്ടില്ലേ? അതുപോലെ അപ്പപ്പോൾ ആയി ആചാരവെടിപോലെയുള്ള ചില സമരങ്ങൾ മാത്രമേ ഇവിടെ നടന്നിട്ടുള്ളൂ.

ശ്രീ. ടി. ശിവദാസമേനോൻ: സർ, കുരുക്ഷേത്ര യുദ്ധം കഴിഞ്ഞ് ഇനിയും തങ്ങൾ ശക്തമായി മടങ്ങിവരുമെന്ന് അങ്ങ് പറഞ്ഞു. ഒറ്റപ്പാലം പാർലമെൻറ് ബൈ ഇലക്ഷനു മുൻപും ജില്ലാപഞ്ചായത്ത്, ത്രിതല പഞ്ചായത്ത് ഇലക്ഷനു മുൻപും പറഞ്ഞത് അവിടെ വച്ചു കാണാമെന്നാണ്. കണ്ടിട്ടാണ് നമ്മൾ മടങ്ങിവന്നത്. ഇനിയും നമുക്ക് കാണാം. അത് മെമ്പർക്ക് അറിയാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: പിരിയുമ്പോൾ നമുക്കു കാണാം. അങ്ങയെപ്പോലെയുള്ള അദ്ധ്യാപക ശ്രേഷ്ഠനെ വെല്ലുവിളിക്കുന്നത് ശരിയല്ലായെന്ന് എനിക്കറിയാം. പക്ഷേ അങ്ങയുടെ പാർട്ടിയെ ഞാൻ വെല്ലുവിളിക്കുന്നു. വൻപിച്ച ഭൂരിപക്ഷത്തോടുകൂടി ഇടിമുഴക്കത്തോടുകൂടി ഈ കേരളാ നിയമസഭയിൽ ഐക്യജനാധിപത്യ മുന്നണി മടങ്ങി വരുമെന്നുള്ളത് സത്യം സത്യം സത്യം. അതു യാഥാർത്ഥ്യമായിത്തീരുവാൻ പോകുന്നു. ഞാൻ എൻറെ പ്രസംഗം ഇവിടെ അവസാനിപ്പിക്കുന്നു.

ശ്രീ. പി. രാജു: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻറെ പ്രസംഗം കേട്ടപ്പോൾ തോന്നിയത് ''പെരുംകള്ളൻ, കള്ളൻ കള്ളൻ'' എന്നു പറഞ്ഞ് ആൾക്കൂട്ടത്തിനിടയിൽ കയറി ഓടുന്നതുപോലെയാണ്, ഹവാലക്കേസിൽ കോൺഗ്രസിനെ, ഇൻഡ്യൻ പ്രധാനമന്ത്രി തൊട്ട് ഇങ്ങോട്ടുള്ള കോൺഗ്രസ് നേതാക്കൻമാരെ വെറുതെ കള്ളക്കേസിൽ പ്രതിയാക്കി എന്ന മട്ടിൽ ആണ് ശ്രീ. തിരുവഞ്ചൂരിൻറെ വാക്കുകൾ കേട്ടപ്പോൾ തോന്നിയത്. നമ്മുടെ രാജ്യത്ത് രാഷ്ട്രീയ പ്രസ്ഥാനത്തിലും രണ്ടുകൂടത്തിലും അഴിമതി ഏറ്റവും കൂടുതൽ നടത്തിയിട്ടുള്ളത് കോൺഗ്രസ് എന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻറെ രാഷ്ട്രീയ പാർട്ടിയാണ്. ശ്രീ. രാധാകൃഷ്ണനേറെയും ശ്രീ. ആൻറണിയുടേയും ധാരണ, മഹാത്മാഗാന്ധിക്കുശേഷം ഇൻഡ്യ കണ്ടിട്ടുള്ള രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly

നേതാക്കൻമാരിൽ അഴിമതിയില്ലാത്തത് ശ്രീ. രാധാകൃഷ്ണനും ശ്രീ. ആൻറണിയുമാണെന്നാണ്. ഞാൻ അപ്പുറത്തിരിക്കുന്ന കോൺഗ്രസ് (ഐ)-ക്കാരെ വിടുന്നു. അവർ കള്ളൻമാരാണെന്നാണ് വയ്പ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. ഹസ്സനുമടക്കമുള്ള ആളുകളും അവരുടെ കഴിഞ്ഞ 15 വർഷക്കാലത്തെ സ്വത്ത് പ്രഖ്യാപിക്കണം. അതിന് തയ്യാറുണ്ടോ?

ശ്രീ. എ.. എം. ഹസ്സൻ: എം. എൽ. എ.-മാരുടെ സ്വത്തുവിവരം ഞങ്ങളും കൃത്യമായി ഗവർണ്ണറെ ഏൽപ്പിച്ചിട്ടുണ്ട്. എന്തെങ്കിലും സംശയമുണ്ടെങ്കിൽ പൊതു പ്രവർത്തക അഴിമതി അന്വേഷണ കമ്മീഷനെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ ഞാൻ വെല്ലുവിളിക്കുന്നു. രാജുവിൻറെയും എൻറെയും തിരുവഞ്ചൂരിൻറെയും ഒരുമിച്ച് അന്വേഷിക്കണം.

ശ്രീ. പി. രാജു: എൻറെയും ശ്രീ. ഹസ്സൻറേയും തിരുവഞ്ചൂരിൻറെയും സ്വത്തുക്കളുടെ വിവരം നിങ്ങൾക്ക് ഭൂരിപക്ഷമുള്ള ഒരു കമ്മിറ്റി അന്വേഷിക്കട്ടെ. അപ്പോൾ അറിയാം കോൺഗ്രസ് (ഐ) ക്കാരുടെ അഴിമതി എവിടെയാണെന്ന്. നിങ്ങളുടെ ഭാഷയും ഭാവവും കണ്ടാൽ തോന്നും നിങ്ങളാണ് ഈ രാജ്യത്ത് അഴിമതിക്ക് എതിരായി കുരിശുയുദ്ധം നടത്തുന്നവരെന്ന്.....(ബഹളം).....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ദയവായി അന്വേഷണം നടത്താൻ രാജു നേതൃത്വം കൊടുക്കണം. നമ്മുടെ മൂന്നുപേരുടേയും ഒരുമിച്ച് അന്വേഷണം നടത്തട്ടെ. ചില കുടുംബ ജീവിതങ്ങൾക്കുപോലും നിങ്ങൾ അന്വേഷണം നടത്തണം. നമുക്ക് ഒരുമിച്ച് നോക്കാം

ശ്രീ. പി. രാജു: അന്വേഷിക്കട്ടെ, പരസ്യമായി. ആരെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നല്ല; അതു പറയുമ്പോൾ ചിലർക്ക് പുളിക്കും. നിങ്ങൾ ആദർശം പ്രസംഗിക്കുകയും ആദർശ വിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിൻറെ ഉടമകളാണ്. അതുകൊണ്ടാണ് ഹവാലക്കേസിൽ കോൺഗ്രസ്സിനെ നിരവധി തവണ ന്യായീകരിക്കുന്ന വിധത്തിൽ നിങ്ങൾക്ക് പറയേണ്ടിവന്നിട്ടുള്ളത്. ഇവിടെ ധനകാര്യവകുപ്പുമന്ത്രി ശ്രീ. സി. വി. പത്മരാജൻ വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിച്ചപ്പോൾ എനിക്ക് പറയാൻ തോന്നിയത് പഴയ നായർ തറവാട്ടിലെ കാരണവർ മരിക്കാൻ കിടക്കുമ്പോൾ ആ കാരണവരുടെ താക്കോൽ ആരുടെയെങ്കിലും കൈയിൽ ഏൽപ്പിക്കുമ്പോൾ ആ താക്കോലും കൊണ്ട് നടക്കുന്നതുപോലെയാണ് എന്നാണ്.

ശ്രീ. പി. ബാലൻ: ശ്രീ. തിരുവഞ്ചൂർ വ്യക്തിപരമായി അഴിമതി നടത്തി എന്നു പറഞ്ഞു. അങ്ങനെ ഒരാൾ വ്യക്തിപരമായി അഴിമതി ആരോപണം ഉന്നയിക്കണമെങ്കിൽ അത് മുൻകൂട്ടി എഴുതിത്തരണം.

മി. ചെയർമാൻ: അദ്ദേഹം വ്യക്തിപരമായി അഴിമതി നടത്തിയെന്ന് ശ്രീ. രാജു പറഞ്ഞിട്ടില്ല.

ശ്രീ. പി. രാജു: ഞാൻ പറഞ്ഞത് ശ്രീ. രാധാകൃഷ്ണൻറെ പ്രസംഗം കേട്ടാൽ തോന്നുന്നത് അങ്ങനെയാണ് എന്നാണ്. അതിനെക്കുറിച്ച് അന്വേഷിക്കണമെന്നാണ്. ഈ രാജ്യത്തെ കോൺഗ്രസ്സ് രാഷ്ട്രീയ പ്രസ്ഥാനം നിരവധി അഴിമതികളും അനീതികളും നടത്തിയിട്ടുണ്ട്. അതിനെക്കുറിച്ച് അന്വേഷിക്കുന്ന കൂട്ടത്തിൽ എൻറെയും തിരുവഞ്ചൂരിൻറെയും ഹസ്സൻറേയും രാഷ്ട്രീയ ജീവിതത്തെക്കുറിച്ചും സ്വത്തുക്കളെ

LIBRARY ARCHIVES Kerala Legislative Assembly

കുറിച്ചും അന്വേഷിക്കാൻ തയ്യാറുണ്ടെങ്കിൽ ഞാനും തയ്യാറാണ്. അന്വേഷിക്കട്ടെ, അപ്പോൾ അറിയാം ആരൊക്കെയാണ് അഴിമതിക്കാരെന്ന്. നിങ്ങൾ പറയും. ഞങ്ങൾ അഴിമതിയെ എതിർക്കുന്നു എന്ന്; നിങ്ങൾക്ക് ഹവാലക്കേസിൽ അഴിമതിയെ എതിർക്കാൻ കഴിയാഞ്ഞത് എന്തുകൊണ്ടാണ്?

ശ്രീ. എം. എം. ഹസ്സൻ: വെല്ലു വിളിക്കേണ്ട കാര്യമൊന്നുമില്ല. ഞങ്ങൾ എല്ലാ രേഖകളും അദ്ദേഹത്തിന്റെ കൈയിൽ കൊണ്ടുകൊടുക്കാം. അദ്ദേഹം തന്നെ അന്വേഷിക്കട്ടെ.

ശ്രീ. പി. രാജു: ഐക്യജനാധിപത്യ മുന്നണി വീണ്ടും ജയിച്ച് അധികാരത്തിൽ വരാൻ പോകുന്നുവെന്ന് ശ്രീ. രാധാകൃഷ്ണൻ വെല്ലുവിളി നടത്തി ഇവിടെ. എന്തിനാണ് ജയിക്കുമെന്നുമാത്രം സ്വപ്നം കാണുന്നത്? മുഖ്യമന്ത്രിയായിട്ടോ പ്രധാനമന്ത്രിയായിട്ടോ ഒക്കെ സ്വപ്നം കാണണം, അല്ലെങ്കിൽ ബ്രിട്ടീഷ് രാജ്ഞിയായിട്ട് സ്വപ്നം കണ്ടുകൂടേ?

ശ്രീ. എ. പത്മകുമാർ: സ്വപ്നം കാണുന്നതിന് ടാക്സ് കൊടുക്കേണ്ട എന്നു അങ്ങേയ്ക്കറിഞ്ഞുകൂടെ?

ശ്രീ. പി. രാജു: സ്വപ്നം കാണുന്നതിനു ടാക്സ് കൊടുക്കണ്ട, സ്വപ്നം കാണാം. ഇന്ത്യാ രാജ്യത്തെ കോൺഗ്രസ്സിന്റെ പ്രധാനമന്ത്രി എന്ന നിലയിൽ കോൺഗ്രസ്സിന്റെ അവസാനത്തെ ഭരണമാണ് ശ്രീ. നരസിംഹറാവു നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിൽ ഐക്യജനാധിപത്യമുന്നണിക്ക് ഈ തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ കേരള നിയമസഭയിൽ ഇപ്പുറത്തിരിക്കുന്ന ഞങ്ങളേക്കാൾ മോശമായ രീതിയിൽ ഇരിക്കേണ്ടിവരും. ആ അവസ്ഥ നിങ്ങൾക്കു വന്നുചേരാൻ പോകുകയാണ്. കേരളത്തിലെ ജനങ്ങൾ രാഷ്ട്രീയമായി വിവേചനമുള്ളവരാണ്. അഴിമതിയിൽ മുങ്ങിക്കുളിച്ച് ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയാകെ നിങ്ങൾ തകർത്തു. കേന്ദ്രത്തിലെ അഴിമതിയെക്കുറിച്ചും സംസ്ഥാനത്തിലെ അഴിമതിയെക്കുറിച്ചും ഇവിടെ പറഞ്ഞു. ഞങ്ങൾ പറയുന്നതിനെക്കുറിച്ചാണ് ഇപ്പോൾ ആക്ഷേപം. ഇലക്ട്രിസിറ്റി വകുപ്പിലെ അഴിമതിയെക്കുറിച്ച്, ശുദ്ധജലവിതരണരംഗത്തെ അഴിമതിയെക്കുറിച്ച് എന്താണ് പറയാനുള്ളത്? ഈ കേരളത്തെ ഇരുട്ടിലാക്കി, പച്ചവെള്ളംപോലും നിങ്ങൾ തരുന്നില്ല. അരിയില്ല, പലവ്യഞ്ജനമില്ല, അതു വാങ്ങിക്കാനുള്ള ശേഷിയുമില്ല. കുടിവെള്ളംപോലും കേരളത്തിൽ 5 വർഷക്കാലംകൊണ്ട് ഇല്ലാതാക്കിയ ഗവൺമെന്റാണ് ഇപ്പോൾ പറയുന്നത്, ഞങ്ങൾ വീണ്ടും ജയിച്ച് കുടിവെള്ളം കൊടുക്കാൻ തയ്യാറായി മുന്നോട്ടു വരുമെന്ന്. ഈ കേരളത്തെ ഇരുട്ടിലേയ്ക്കു നയിച്ച ഭരണമാണ് ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റേത്. അതുകൊണ്ട് ഈ ഗവൺമെന്റിന് കേരളത്തിൽ വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം കിട്ടാൻ പോകുന്നില്ല. ശ്രീ. തിരുവഞ്ചൂർ പറഞ്ഞു അദ്ദേഹം അടൂരിൽ നിന്ന് വീണ്ടും ജയിച്ചുവരുമെന്ന്. അദ്ദേഹം എം. എൽ. എ. ആയിട്ടല്ല മുഖ്യമന്ത്രിയായിട്ട് ജയിച്ചുവരണമെന്നാണ് എന്റെ ആഗ്രഹം.

ശ്രീ. എ. പത്മകുമാർ: അടൂരിൽ ശ്രീ. തിരുവഞ്ചൂരിന്റെ അവസ്ഥയും ഏനാത്തു പാലത്തിന്റെ അവസ്ഥയും ഒരുപോലെയാണെന്നു അങ്ങേയ്ക്ക് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഏനാത്തു പാലത്തിന്റെ അവസ്ഥ മാത്രമല്ല പത്മകുമാറിന്റെ അവസ്ഥയും ഇതിനേക്കാൾ കുറച്ചുകൂടി താഴെയാണ്.

ശ്രീ. പി. രാജു: ഏനാത്തു പാലം തിരുവഞ്ചൂരിനേക്കാൾ ഭേദമാണ്. ബീഹാറിൽ ശ്രീ. ലല്ലുപ്രസാദ് യാദവിന്റെ മൃഗസംരക്ഷണ വകുപ്പിലെ അഴിമതിയെക്കുറിച്ച് അന്വേഷിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് അതി ശക്തമായ പ്രക്ഷോഭണമാണ് ഞങ്ങൾ നടത്തുന്നത്. ഞങ്ങൾ നിങ്ങളെ പോലെയല്ല.

ശ്രീ. പി. രാഘവൻ: ബീഹാറിൽ അഴിമതിക്കേസിൽ പ്രതിയായത് ശ്രീ. ജഗന്നാഥമിശ്രയുടെ അളിയനാണെന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. പി. രാജു: വളരെ വ്യക്തമാണ്. അതുകൊണ്ടാണ് സി. ബി. ഐ. ആ കേസ് തേച്ചുമാച്ചുകളഞ്ഞത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ ഒരു ഘടകകക്ഷിയായ ജനതാദളിന്റെ പ്രസിഡന്റിനെക്കുറിച്ച് ഹവാലകേസുമായി ബന്ധപ്പെട്ടു അഴിമതി ആരോപണം ഉയർന്നു വന്നപ്പോൾ ശ്രീ. ബൊമ്മൈ രാജി വയ്ക്കണമെന്നു ഞങ്ങൾ ആവശ്യപ്പെട്ടു. ശ്രീ. നരസിംഹറാവു ഉൾപ്പെടെ കോൺഗ്രസിലെ നേതാക്കൻമാർ പലരും അഴിമതിക്കേസിൽ പ്രതികളായിട്ട്, അവരോട് രാജിവയ്ക്കണമെന്നു പറയാനുള്ള ആത്മധൈര്യം സർവ്വശ്രീ തിരുവഞ്ചൂർ, ഹസ്സൻ, ആൻറണി തുടങ്ങിയ കോൺഗ്രസുകാർക്കില്ല. ശ്രീ. ലല്ലുപ്രസാദ് യാദവ് ഞങ്ങളുടെ ഘടകകക്ഷിയിൽപ്പെട്ട, ഞങ്ങളെ പിൻതുണച്ചിട്ടുള്ള ആളാണ്. പക്ഷെ അഴിമതിക്ക് എതിരെ നടപടി എടുക്കുന്ന കാര്യത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടികളും ഇടതുപക്ഷവും വിട്ടുവീഴ്ചയില്ലാത്ത പ്രസ്ഥാനങ്ങളായതുകൊണ്ടാണ് ബീഹാറിൽ ലല്ലുപ്രസാദ് യാദവിന്റെ അഴിമതിയെക്കുറിച്ച് അന്വേഷിക്കണം, നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അവിടെ കമ്മ്യൂണിസ്റ്റ് പാർട്ടികളും ഇടതുപക്ഷവും പ്രക്ഷോഭണത്തിൽ ഏർപ്പെട്ടിരിക്കുന്നത്. ആ കാര്യം ശ്രീ. തിരുവഞ്ചൂരിന് അറിയാമെങ്കിലും അദ്ദേഹം ഹവാലക്കേസ് തേച്ചുമാച്ചു കളയുന്നതിനും മറച്ചുവയ്ക്കുന്നതിനും വേണ്ടി അത് ന്യായീകരിക്കുകയാണ് ചെയ്യുന്നത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: അഴിമതിയിലൂടെ സ്വത്ത് സമ്പാദിച്ചവരുടെ സ്വത്ത് കണ്ടുകെട്ടാനുള്ള നിയമം കൊണ്ടുവന്നത് ബീഹാർ ഗവൺമെൻറാണെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. പി. രാജു: അഴിമതി നടത്തിയവരുടെ സ്വത്ത് കണ്ടുകെട്ടിയാൽ ഇൻഡ്യാ രാജ്യത്തെ മുഴുവൻ കമ്മിയും തീരും. പ്രധാനമായും കോൺഗ്രസ് നേതാക്കൻമാരുടെ കയ്യിലുള്ള. അഴിമതിയിലൂടെ നേടിയ സ്വത്ത് കണ്ടെടുക്കാൻ തീരുമാനിച്ചാൽ, ഇൻഡ്യാ രാജ്യത്തെ സാമ്പത്തിക പ്രതിസന്ധി തന്നെ അവസാനിക്കും.

ശ്രീ. എൻ. രാമകൃഷ്ണൻ: സർ, സഭയിൽ പഠയുന്നതിനെക്കുറിച്ച് ഒരു സങ്കൽപ്പമുണ്ട്. ശരിയായ കാര്യങ്ങൾ യാഥാർത്ഥ്യ ബോധത്തോടുകൂടി പറയണം, അത് പ്രതിഫലിപ്പിക്കണം. പ്രചരണത്തിനുവേണ്ടി മാത്രം പറയരുത്. 1971-ൽ ഞാൻ എം. എൽ. എ. ആയിട്ട് വന്നു. അന്ന് ശ്രീ. രാജു ഇല്ല. ശ്രീ. എം. എൻ. ഗോവിന്ദൻ നായരെക്കുറിച്ചും

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസിനെക്കുറിച്ചും ഈ സഭയിൽ അഴിമതി ആരോപണം ഉണ്ടായി. അത് യാഥാർത്ഥ്യമായിരുന്നോ? നിങ്ങളുടെ പാർട്ടി പറയട്ടെ. സഭയുടെ അന്തസ്സിന് ചേരാത്ത നടപടികളും ശരിയല്ല.

ശ്രീ. പി. രാജു: ഇത് അപ്പുറത്തുനിന്നു പറയുമ്പോൾ ചോദിക്കാമായിരുന്നു. ഞാൻ അങ്ങയുടെ ആത്മാർത്ഥതയെ മാനിക്കുന്നു. പക്ഷെ അപ്പുറത്തുനിന്നു പറഞ്ഞപ്പോൾ, തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിച്ചപ്പോൾ, പറയാമായിരുന്നു. ഞങ്ങൾ പറയുമ്പോൾ മാത്രം ഇങ്ങിനെ പറയുന്നത് ശരിയല്ല. 1990-91-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഇവിടെ 5 വർഷക്കാലംകൊണ്ട് ഉണ്ടാക്കാൻ പോകുന്ന വികസനപ്രവർത്തനങ്ങളെ കുറിച്ച് പറയുകയുണ്ടായി. 1990-91-ൽ 62.57 ശതമാനമാണ് ഡവലപ്പ്മെന്റ് എക്സ്പെൻഡീച്ചർ 1994-95-ൽ വികസനപ്രവർത്തനങ്ങൾക്ക് നീക്കിവച്ച പണം കുറച്ചു. ഇതാണോ കേരളത്തിലെ വികസനം? വ്യവസായങ്ങളുടെ സ്ഥിതി പരിശോധിച്ചാൽ, കേരളത്തിൽ 23 വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലാണ്. അതിൽ 75 കോടിരൂപ്പിക ലാഭമുണ്ടാക്കി എന്നാണ് പറയുന്നത്, പക്ഷെ 63 വ്യവസായ സ്ഥാപനങ്ങൾ നഷ്ടത്തിലാണ്. ആ നഷ്ടം 80 കോടി രൂപ്പിക ആണ്. ഈ കഴിഞ്ഞ വർഷം ഉണ്ടായിട്ടുള്ളതാണ് അത്. കേരളത്തിൽ വികസനം എന്നു പറയുമ്പോൾ വ്യവസായം ഉണ്ടാകണം. ഇവിടെ പുതിയ വ്യവസായം കൊണ്ടുവന്നിട്ടുണ്ടോ? ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ കാലത്തും അതിനുമുൻപും പുതിയ വ്യവസായങ്ങൾ ഉണ്ടായതൊഴിച്ചാൽ പുതിയ വ്യവസായങ്ങൾ ഈ 5 വർഷത്തിനിടയിൽ ഉണ്ടായിട്ടില്ല. എന്നിട്ടാണ് വ്യവസായം ലാഭത്തിൽ എത്തിച്ചെന്ന് പറയുന്നത്. കേരളത്തിൽ 23 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാണ്, 75 കോടി രൂപ ലാഭമുണ്ടാക്കി എന്നാണ് പറയുന്നത്. 80 കോടി രൂപ്പിക നഷ്ടത്തിലാണ്. ചില വ്യവസായ സ്ഥാപനങ്ങൾ ഉൽപ്പാദനം നിർത്തിവയ്ക്കുന്നു. ഈ സ്ഥിതി കേരളത്തിന്റെ വികസനത്തിന് ഉതകുന്നതല്ല. ഈ സംസ്ഥാനത്തെ ഇരുട്ടിലാഴ്ത്തുന്ന, ഈ സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നയിക്കുന്ന, ഈ സംസ്ഥാനത്തെ ഭരണകൂടം ഉപയോഗപ്പെടുത്തി അഴിമതി നടത്തുകമാത്രം ലക്ഷ്യമാക്കിയിട്ടുള്ള ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നയത്തെ അനുകൂലിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ഈ നിയമസഭയുടെ സമ്മേളനത്തിന്റെ അവസാനദിവസമാണിന്ന്. തെരഞ്ഞെടുപ്പിലേക്ക്, കുരുക്ഷേത്രത്തിലേക്ക് ഇറങ്ങുകയാണ്. ഇതിനുമുമ്പ് വെല്ലുവിളിച്ചതാണ്. ഒറപ്പാലം തെരഞ്ഞെടുപ്പിൽ കാണാമെന്ന് ശ്രീ. കരുണാകരൻ പറഞ്ഞു. കണ്ടു; കോൺഗ്രസ് ജയിച്ച പല നിയോജകമണ്ഡലങ്ങളിലും. കിട്ടിയ വോട്ട് കുറഞ്ഞു. 'നാണമില്ലാത്തവന്റെ ആസനത്തിൽ ആൽ മുളച്ചാൽ അതൊരു തണൽ' എന്നു പറയുന്നമാതിരി, നാണമുണ്ടായിരുന്നെങ്കിൽ അന്ന് ഒഴിയുമായിരുന്നു. ജില്ലാപഞ്ചായത്ത് തെരഞ്ഞെടുപ്പ്, ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുപ്പ്—ഇവ വന്നപ്പോൾ വെല്ലുവിളിച്ചു. അവിടെ കാണാമെന്നു പറഞ്ഞു; അവിടെ കണ്ടു. കേരളത്തിലെ ഭൂരിപക്ഷം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും ജില്ലാപഞ്ചായത്തുകളിലും. ഇടതുപക്ഷമുന്നണി ജയിച്ചപ്പോൾ അധികാരം കൈമാറാൻ മടിച്ചു നിന്നു. ഈ തെരഞ്ഞെടുപ്പിലും കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ അധികാരത്തിലേറ്റുമെന്നു ഞങ്ങൾ പറയുന്നു. ഒറപ്പാലം മുതൽ ഇങ്ങോട്ടുണ്ടായത് ആവർത്തിച്ചു അരങ്ങേറും. വരാൻപോകുന്ന തെരഞ്ഞെടുപ്പിൽ കേരളത്തിൽ ഐക്യജനാധിപത്യ

LIBRARY ARCHIVES Kerala Legislative Assembly

മുന്നണിയുടെ അടിത്തറ ഇളക്കുന്ന, ആണിക്കല്ല് പറിച്ചെറിയുന്ന തെരഞ്ഞെടുപ്പായി മാറുമെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. തച്ചടി പ്രഭാകരൻ: സർ, വോട്ട് ഓൺ അക്കൗണ്ടിനെ പിൻതാങ്ങുന്നു. അഞ്ചുവർഷം പൂർത്തിയാക്കിയ ഒരു ഗവൺമെൻറിൻെറ പ്രവർത്തനങ്ങളെക്കുറിച്ച് യാതൊന്നും പറയാത്ത നിഷ്ക്രിയമായൊരു പ്രതിപക്ഷം കേരളത്തിൻെറ ചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ല. ഗവൺമെൻറിൻെറ വൈകല്യങ്ങളെക്കുറിച്ച് പ്രതിപാദിക്കാനുള്ള അവകാശം ഗവൺമെൻറിനുണ്ട്. ജനാധിപത്യത്തിൽ പ്രതിപക്ഷമെന്നു പറഞ്ഞാൽ പ്രാണവായുവാണ്. പ്രതിപക്ഷത്തിൻെറ ഉത്തരവാദിത്വം എന്തെന്നറിയാൻ കഴിയാത്ത ഇവരെ മോശക്കാരായി അപലപിക്കുന്നതു ശരിയല്ല. കാരണം പലരും നമ്മുടെ സുഹൃത്തുക്കളാണ്. അതുകൊണ്ട് മൊത്തത്തിൽ അവരെ അപലപിക്കുന്നില്ല. അഞ്ചു വർഷത്തെ ഐക്യജനാധിപത്യമുന്നണിയുടെ ഭരണത്തിനിടയിൽ എന്തെങ്കിലും ഒരു സംഭാവന ഞങ്ങൾ ചെയ്തുവെന്നു നിങ്ങൾക്കു പറയാൻ കഴിയുമോ? എന്തു നല്ല കാര്യം കൊണ്ടുവന്നാലും അതിനെ എതിർക്കുകയാണ് പ്രതിപക്ഷത്തിൻെറ നയം. ഞങ്ങൾ പറയുന്ന നൂറു കാര്യങ്ങളിൽ ഒരു നല്ല കാര്യമെങ്കിലും അംഗീകരിക്കാൻ തയ്യാറായിട്ടുണ്ടോ? അവസാനം കൊണ്ടുവന്ന ചാരായ നിരോധനത്തിനെതിരായി പ്പോലും സെക്രട്ടേറിയറിനു മുൻപിൽപോയി സമരം നടത്താൻ ശ്രീ. ടി. കെ. രാമകൃഷ്ണൻ ഉൾപ്പെടെയുള്ള നേതാക്കൻമാർ ഉണ്ടായിരുന്നു. സംസ്ഥാനത്തെ ജനങ്ങളെ നന്നാക്കാൻവേണ്ടി എന്തെല്ലാം കാര്യങ്ങൾ മുന്നോട്ടുവച്ചാലും അതിനെയെല്ലാം നഖശിഖാന്തമെതിർക്കുന്ന നിഷേധാത്മകമായൊരു നയമാണ് പ്രതിപക്ഷം സ്വീകരിച്ചിരിക്കുന്നത്. ജനങ്ങളുടെ മുന്നിൽ ചെല്ലുമ്പോൾ ഇവർക്ക് തിരിച്ചടി കിട്ടുമെന്നതിൽ യാതൊരു സംശയവുമില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ ഞങ്ങൾ വൻപിച്ച ഭൂരിപക്ഷത്തോടുകൂടി .....

ശ്രീ. എ. പത്മകുമാർ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻെറ നാടാണല്ലോ കോട്ടയം. അവിടെ സന്ധ്യ കഴിഞ്ഞാൽ രണ്ടു കോൺഗ്രസുകാരുടെ തലമാത്രമേ നേരെ നിൽക്കുകയുള്ളുവെന്നാണ് പറയുന്നത്. ഒന്നു പി. ടി. ചാക്കോയുടെ പ്രതിമയുടേയും. മറെറാന്ന് മഹാത്മാഗാന്ധിയുടെ പ്രതിമയുടേയും. അല്ലാതെയുള്ള മുഴുവൻ ആളുകളുടെയും തല നേരെ നിൽക്കില്ലെന്നുള്ളത് അങ്ങേയ്ക്ക് അറിയാമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. പി. പി. തങ്കച്ചൻ): ശ്രീ. ടി. കെ. രാമകൃഷ്ണനെക്കൂടി കൂട്ടിയാണോ പത്മകുമാർ പറഞ്ഞത്?

ശ്രീ. എ. പത്മകുമാർ: ശ്രീ. ടി. കെ. രാമകൃഷ്ണനെ സംബന്ധിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻപോലും ഒന്നും പറയില്ല. ഞാൻ കോൺഗ്രസുകാരുടെ കാര്യമാണ് പറഞ്ഞത്.

ശ്രീ. തച്ചടി പ്രഭാകരൻ: ഞങ്ങൾ മഹാത്മജിയുടെയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിൻെറയും അനുയായികളാണ്. അനിഷേധ്യൻമാരായ പല നേതാക്കൻമാരുടെയും അനുയായികളാണ് ഞങ്ങൾ. അവരിലെ അനുയായികളിലൊരാളാണ് നമ്മുടെ പ്രധാനമന്ത്രി ശ്രീ. നരസിംഹറാവു. നിങ്ങളുടെകൂടെ ആരെങ്കിലുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. വി. രാഘവൻ: സർ, ശ്രീമാൻ എ. കെ. ആൻറണി കെ. പി. സി. സി. പ്രസിഡൻറ് ആയിരിക്കുമ്പോഴാ ഒരു സർക്കുലർ ഇറക്കി: കെ. പി. സി. സി. യോഗത്തിനു വരുമ്പോഴാ ആരും മദ്യപിച്ചു വരാൻ പാടില്ലെന്നതാണു് സർക്കുലർ. അതിനെത്തുടർന്നു കെ. പി. സി. സി. അംഗങ്ങളിൽ 75 ശതമാനവും അടുത്ത യോഗത്തിൽ ഉണ്ടായിരുന്നില്ലെന്നു കേൾക്കുന്നതു ശരിയാണോ?

ശ്രീ. തച്ചടി പ്രഭാകരൻ: സി. പി. ഐ.-ക്കാരെപ്പോലെ മദ്യപിക്കുന്നവർ ആരും ഈ രാജ്യത്തില്ല. കോൺഗ്രസുകാർ ഭരണഘടനയിൽ എഴുതി വച്ചിട്ടുണ്ടു്; യാതൊരു കാരണവശാലും മദ്യപിക്കാൻ പാടില്ലെന്നു്. ശ്രീ. വി. വി. രാഘവൻ മദ്യപിക്കുമോയെന്നു് എനിക്കറിയില്ല. തെരഞ്ഞെടുപ്പു് ആയതുകൊണ്ടു് സി. പി. ഐ.-ക്കാരും, മാർക്സിസ്റ്റുകാരും തമ്മിലടിക്കരുതു് എന്നേ പറയാനുള്ളൂ.

ശ്രീ. പി. എം. മാത്യു: വിവരമുള്ളവർ അൽപ്പം മദ്യപിച്ചാലും കുഴപ്പമില്ല; വിവരമില്ലാത്തവർ മദ്യപിച്ചാലുള്ള സ്ഥിതിയെന്താണു്?

ശ്രീ. തച്ചടി പ്രഭാകരൻ: ശ്രീ. പി. എം. മാത്യു പുതിയ കേരള കോൺഗ്രസു് ഉണ്ടാക്കിയ ആളാണു്. ശ്രീ. ടി. എം. ജേക്കബു് ഞങ്ങളുടെ കൂടെയാണു്. ഞങ്ങളൊന്നിക്കും, ഞങ്ങളൊരുമിച്ചും നിൽക്കും. 1964 സെപ്റ്റംബർ മാസം 6-ാം തീയതിയാണു് കമ്മ്യൂണിസ്റ്റു് പ്രസ്ഥാനം രണ്ടായി പിളർന്നതു്. ദേശീയാടിസ്ഥാനത്തിൽ ഇവർക്കു രക്ഷയില്ലാത്തതുകൊണ്ടു് കേരളത്തിൽ നിൽക്കണമെങ്കിൽ യോജിക്കാതെ പറ്റില്ലെന്നുള്ളതുകൊണ്ടാണു് യോജിക്കുന്നതു്. യാതൊരു യോജിപ്പുമില്ലാത്ത ഒരു പ്രതിപക്ഷമാണിതു്. ശ്രീ. ടി. എം. ജേക്കബിൻറെ പാർട്ടിയും ശ്രീ. കെ. എം. മാണിയുടെ പാർട്ടിയുമെല്ലാം ചേർന്നാണു് ഞങ്ങളെ അടുത്ത തെരഞ്ഞെടുപ്പിനെ നേരിടാൻ പോകുന്നതു്. കോൺഗ്രസ്സിനകത്തു് രണ്ടു ഗ്രൂപ്പുണ്ടു്. അതെല്ലാം യോജിച്ചു്. തൃശ്ശൂരുവച്ചു് ശ്രീ. കരുണാകരനും ശ്രീ. എ. കെ. ആൻറണിയുമെല്ലാം ഒത്തൊരുമിച്ചു് ബ്രേക്ക്ഫാസ്റ്റു് കഴിച്ചു പിരിഞ്ഞു. അതേയുള്ളൂ ഞങ്ങളുടെ അഭിപ്രായവ്യത്യാസം. നിങ്ങൾക്കു് അങ്ങനെ യോജിക്കാൻ കഴിയുമോ?

ശ്രീ. എ. പത്മകുമാർ: വെള്ളപ്പൊക്കം ഉണ്ടാകുമ്പോൾ കല്ലു്, കരടു്, കാഞ്ഞിരക്കുറ്റി; മണ്ണാളൻ, മുരടു്, മൂർഖൻപാമ്പു് എന്നിവയെല്ലാംകൂടി ഒത്തൊരുമിച്ചു് നിൽക്കുമെന്നു പറയുംപോലെയാണു് പി.ഡി.പി. മുതൽ ബി.ജെ.പി. വരെയുള്ളവരെയെല്ലാം കൂട്ടിക്കൊണ്ടാണു് നിങ്ങൾ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു നിൽക്കുന്നതെന്നു മനസ്സിലായി.

ശ്രീ. തച്ചടി പ്രഭാകരൻ: യാതൊരു സംശയവും വേണ്ട; ബി.ജെ.പി.-യുമായി നിങ്ങൾ മാത്രമെ യോജിക്കുകയുള്ളൂവെന്നതു് വ്യക്തമായി അറിയാവുന്ന കാര്യമാണു്. ശ്രീ. ടി. കെ. ഹംസ ബി.ജെ.പി.-യുമായി യോജിച്ചതുകൊണ്ടാണു് നിയമസഭയിൽ വന്നതു്. ബി.ജെ.പി.-യുമായി യാതൊരു കാരണവശാലും യോജിപ്പുണ്ടാകില്ല, എന്നുള്ളതു് അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കാൻ ഞാനീയവസരം വിനിയോഗിക്കുന്നു. നിങ്ങൾ ബി.ജെ.പി.-യുമായി രഹസ്യമായി ധാരണയുണ്ടാക്കിയിരിക്കുമെന്നു് എനിക്കറിയാം. കാരണം ബി.ജെ.പി. ഇല്ലെങ്കിൽ നിങ്ങൾക്കു രക്ഷയില്ല. ഹിന്ദുവോട്ടു് പിടിയ്ക്കാൻ ഏറ്റവും വലിയ വിദഗ്ദ്ധനാണു് ഇളംകുളത്തു മനയ്ക്കൽ ശങ്കരൻ നമ്പൂതിരിപ്പാടു്. ബി.ജെ.പി.-യുടെ സുഹൃത്താണദ്ദേഹം. എല്ലാ ആഴ്ചയും അവസാനം ദേശാഭിമാനിയിൽ കാണുന്നതു് ഹിന്ദു

LIBRARY ARCHIVES Kerala Legislative Assembly

വർഗ്ഗീയതയെക്കുറിച്ചാണ്. ഒരക്ഷരം മിണ്ടാൻ ഇന്നുവരെ ഇ.എം.എസിനു കഴിഞ്ഞിട്ടില്ല. ബി.ജെ.പി.-യുടെ ഗുരുനാഥനാണ് ശ്രീ. ഇ.എം.എസ്., അതു നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? നമ്പൂതിരി എന്നുള്ള നിലയിൽ ബ്രാഹ്മണ മേധാവിത്വം ഈ രാജ്യത്തുണ്ടാകണമെന്നു ആഗ്രഹിക്കുന്ന ആളാണല്ലോ നിങ്ങളുടെ നേതാവ് ശ്രീ. ഇ. എം. എസ്. ശ്രീ. ഇ. എം. എസ്. പറഞ്ഞു കഴിഞ്ഞാൽ ശ്രീ. വി. എസ്. അച്യുതാനന്ദനു എതിർക്കാൻ കഴിയുമോ? വലിയ വിപ്ലവം പറയുന്ന ശ്രീ. ശിവദാസമേനോനു എതിർക്കാൻ കഴിയുമോ? അവരുടെ അനിഷേധ്യനായ നേതാവാണ് ശ്രീ. ഇ.എം.എസ്. പല ലേഖനങ്ങളിലൂടെയും ബി.ജെ.പി.-യുടെ വക്താവാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. നിങ്ങൾക്കു നിഷേധിക്കാൻ കഴിയുമോ? ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒന്നാമത്തെ ശത്രു ബി.ജെ.പി.-യും രണ്ടാമത്തെ ശത്രു മാർക്സിസ്റ്റു പാർട്ടിയുമാണ്. ഒന്നാം നമ്പർ ശത്രുവായ ബി.ജെ.പി. ഇൻഡ്യയുടെ ദേശീയതാത്പര്യത്തിനെതിരായാണ് പ്രവർത്തിക്കുന്നത്. ബി.ജെ.പി.-ക്കെതിരായി ശക്തമായ നിലപാടു ഞങ്ങൾ സ്വീകരിക്കും. ശ്രീ. എൽ. കെ. അദ്വാനി ഒരു രഥയാത്ര നടത്തി. ഒരു മനുഷ്യരുമില്ലാത്തതുകൊണ്ട് വഴിയിൽ വച്ച് നിർത്തേണ്ടി വന്നു. ആന്ധ്രയിൽ ചെന്നപ്പോൾ കമ്മ്യൂണിസ്റ്റുകാരുടെയോ, മറ്റു ജനങ്ങളുടെയോ സപ്പോർട്ട് ഉണ്ടായില്ല. തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ട് ശ്രീ. അദ്വാനി നടത്തിയ രഥയാത്ര ഇടയ്ക്കുവച്ചു അവസാനിപ്പിച്ചു പിൻതിരിയേണ്ട ഒരു സ്ഥിതിയാണുണ്ടായത്. ഇൻഡ്യയിലെ പ്രധാന പ്രതിപക്ഷമാണ് ബി.ജെ.പി. അവർ വീണ്ടും അധികാരത്തിൽ വരുമെന്നും പ്രധാനമന്ത്രി ശ്രീ. വാജ്പേയിയായിരിക്കുമെന്നുമാണ് പറഞ്ഞത്. കേരളത്തിലും അതുപോലെതന്നെ ഇൻഡ്യയിലും ഐക്യജനാധിപത്യമുന്നണിയുടെ നേതൃത്വത്തിൽ ശ്രീ. നരസിംഹറാവു വീണ്ടും അധികാരത്തിൽ വരും. പല സുഹൃത്തുക്കൾക്കും തിരിച്ചു നിയമസഭയിൽ വരാൻ സാധിക്കാത്തതുകൊണ്ട് ഒരു യാത്രയയപ്പു നൽകണമെന്നു സ്പീക്കർ തീരുമാനിച്ചു. എന്തുകൊണ്ടോ അവർ തയ്യാറാകുന്നില്ല. കുട്ടനാട് കൃഷിക്കാരുടെ കേന്ദ്രമാണ്. കോൺഗ്രസ്സിന്റെ ശക്തികേന്ദ്രമാണ്. ഡോ. കെ. സി. ജോസഫ് മരിക്കുകയാണ്; ആലപ്പുഴ ജില്ലയിൽ പത്തിരുപത്തിയേഴു വർഷക്കാലം രഷ്ട്രീയ പ്രവർത്തനം നടത്തിയ തച്ചടി പറയുന്നു; അടുത്ത പ്രാവശ്യം ഡോ. കെ. സി. ജോസഫ് നിയമസഭയിൽ വരില്ല.

മി. ചെയർമാൻ: അങ്ങ് ഒരു സീനിയർ മെമ്പറല്ലേ? ദയവായി പ്രസംഗം അവസാനിപ്പിക്കണം.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി. കെ. ചന്ദ്രപ്പൻ)

ശ്രീ. തച്ചടി പ്രഭാകരൻ: അങ്ങ് വയലാർ സിംഹമെന്നറിയപ്പെടുന്ന കുമാരപ്പണിക്കരുടെ മകനല്ലേ? അങ്ങയുടെ അച്ഛൻ അവിടത്തെ ഏറ്റവും വലിയ സമരസേനാനിയായിരുന്നു. അവിടെയെന്താണ് സംഭവിച്ചതെന്നറിയാമോ? വയലാറിലും പുന്നപ്രയിലും കോൺഗ്രസാണ് ഭരിക്കുന്നത്. അങ്ങയുടെ സാഹചര്യവുമവിടെ മോശമാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): സർ, ബഹുമാനപ്പെട്ട തച്ചടി വേറൊരു തരത്തിൽ പറഞ്ഞതല്ല. സഭ അതിന്റെ സ്പിരിറ്റിൽ എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ: ആറു മിനിറ്റുള്ളവർക്ക് പതിനേഴു മിനിറ്റുവരെ സഭയിൽ കൊടുത്തിട്ടുണ്ട്. എനിക്ക് പന്ത്രണ്ടു മിനിറ്റ് എങ്കിലും ഉണ്ട്.

ശ്രീ. ഒ. ഭരതൻ: സർ, ബഹുമാനപ്പെട്ട തച്ചടി സംസാരിച്ചതോടുകൂടി എല്ലാ സംശയങ്ങളും ദൂരീകരിക്കപ്പെട്ട സ്ഥിതിക്ക് ഇനി പ്രസംഗിക്കുന്നത് ഓർഡറിലാണോ?

ശ്രീ. തച്ചടി പ്രഭാകരൻ: സുപ്രീം കോടതിയുടെ ഔദാര്യം കൊണ്ടാണ് ശ്രീ. ഭരതൻ സഭയിൽ വന്നത്. ഇന്നലെവരെ ഹൈക്കോടതിയെയും സുപ്രീം കോടതിയെയും എതിർത്ത ആളുകൾ പ്രസ്താവനതന്നെ ഇറക്കിയിരിക്കുകയാണ്. കോടതി എക്സിക്യൂട്ടീവിൽനിന്നും വളരെ വ്യത്യസ്തവും നിഷ്പക്ഷവുമാണെന്നാണ് പറഞ്ഞിട്ടുള്ളത്. ഇന്നലെവരെ കോടതിയെ എതിർത്ത അദ്ദേഹത്തിന് നിയമസഭാംഗത്വം കിട്ടിയതുകൊണ്ടാണ് ഇങ്ങനെ പറയുന്നത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു.

ശ്രീ. തച്ചടി പ്രഭാകരൻ: പത്തു മിനിറ്റേ ആയുള്ളൂ; ഇനിയും രണ്ടു മിനിറ്റുകൂടിയുണ്ട്. ഞാൻ തമാശ പറയുന്നതാണ്. അങ്ങ് തെറ്റിദ്ധരിക്കരുത്. സാമ്പത്തിക ദാരിദ്ര്യമുള്ള ഒരു സംസ്ഥാനത്ത് അഞ്ചു വർഷക്കാലംകൊണ്ട് ട്രഷറി അടയ്ക്കാതെ എല്ലാ ജീവനക്കാർക്കും ശമ്പളം കൊടുത്ത ഒരു ഗവൺമെൻറാണിത്. ഇപ്രകാരം സാമ്പത്തിക സംവിധാനത്തിൽ അഭിമാനകരമായ നേട്ടമുണ്ടാക്കാൻ ഈ ഗവൺമെൻറിനു കഴിഞ്ഞു. വളരെയധികം സാമ്പത്തിക ബുദ്ധിമുട്ടുണ്ടായിരുന്ന സംസ്ഥാനമാണ് കേരളം. സാമ്പത്തിക ബുദ്ധിമുട്ട് ദൂരീകരിച്ചുകൊണ്ട് കേന്ദ്രഗവൺമെൻറിൻെറ മുന്നിലും, പ്ലാനിംഗ് കമ്മീഷൻെറ മുന്നിലും അഞ്ചു വർഷക്കാലംകൊണ്ട് യാതൊരു വിധമായ നഷ്ടപരിഹാരവുമുണ്ടാക്കാതെ സംസ്ഥാനത്തിൻെറ വിവിധ പരിപാടികളും നടത്താൻ വേണ്ടിയുള്ള ശ്രമങ്ങളും ശ്രീ. എ. കെ. ആൻറണിയുടെ നേതൃത്വത്തിലുള്ള ഗവൺമെൻറ് നടത്തി. സാമ്പത്തിക സംവിധാനത്തിൽ അഭിമാനകരമായ നേട്ടങ്ങളും കൈവരിച്ചു കഴിഞ്ഞതിനുശേഷമാണ് അടുത്ത തെരഞ്ഞെടുപ്പിനെ നേരിടാൻ പോകുന്നത്. കോട്ടങ്ങളും പറയാനുള്ള അവകാശം പ്രതിപക്ഷത്തിനുള്ളതാണ്. അവർ പറയട്ടെ. അഭിമാനകരമായ നേട്ടങ്ങളോടുകൂടിയാണ് ഈ ഗവൺമെൻറ് മുന്നോട്ടു പോകുന്നത്. അതുകൊണ്ട് ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽ കൂടി പിൻതാങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ബി. രാഘവൻ: സർ, അഴിമതിയും കൊലയും കൊള്ളിവയ്പും പിടിച്ചുപറിയും ബലാൽസംഗങ്ങളും പോലീസ് തേർവാഴ്ചയും നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഈ ജനവിരുദ്ധ ഗവൺമെൻറ്, കാലാവധി തീരാൻ പോകുന്ന ഈ സന്ദർഭത്തിൽ അവതരിപ്പിച്ചിരിക്കുന്ന ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ ശക്തിയായി എതിർക്കുന്നു. ഗവൺമെൻറിൻെറ പ്രവർത്തനങ്ങളെ പ്രകീർത്തിച്ചുകൊണ്ട് ഭരണകക്ഷി അംഗങ്ങൾ ഇവിടെ സംസാരിച്ചു. സഭയിൽ തന്നിട്ടുള്ള കണക്കുകൾ പ്രകാരംതന്നെ 494 വർഗീയസംഘട്ടനങ്ങൾ സാംസ്കാരികമായും രാഷ്ട്രീയമായും പ്രബുദ്ധത ഉണ്ടെന്നു അവകാശപ്പെടുന്ന കേരളത്തിൽ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ സംഭവിച്ചിരിക്കുന്നു. 35 പേർ വർഗ്ഗീയസംഘട്ടനങ്ങളിൽ മരണപ്പെട്ടു. അതുപോലെ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ 7504 പേർ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

കാണാതായിട്ടുണ്ട്. അതിൽ 2267 പേർ സ്ത്രീകളാണ്. ഇവിടെ കൂലിത്തല്ല്, അധോലോക സംഘങ്ങളും വളർന്നുവരുന്നു. കൂലിത്തല്ലുനേതാക്കളുടെ പ്രവൃത്തികൾക്ക് ഭരണകക്ഷി എം.എൽ.എ.-മാർ നേതൃത്വം കൊടുക്കുന്നു. അവരുടെ ആഘോഷച്ചടങ്ങുകളിൽ സംസ്ഥാനത്തെ മന്ത്രിമാർ അടക്കം പങ്കെടുക്കുന്നു. ബഡ്ജറ്റ് പ്രസംഗത്തിൽ, വർഗ്ഗീയ സംഘട്ടനങ്ങൾ കുറഞ്ഞുവരുന്നു, ക്രമസമാധാനനില ഭദ്രം എന്ന് യാതൊരു ഉളുപ്പുമില്ലാതെ എഴുതിവച്ചിരിക്കുകയാണ്. കടലുണ്ടി പുഴയിൽ പൈപ്പു ബോംബ് കണ്ടെത്തിയിട്ട് പ്രതികളെ പിടിക്കുന്നില്ല എന്നുമാത്രമല്ല, അന്വേഷണം പോലും നടക്കുന്നില്ല. കേരളത്തിലെ ജനജീവിതത്തിന് ഭീഷണിയാകുംവിധത്തിൽ, സമുദായമൈത്രി തകർക്കുംവിധത്തിൽ അധോലോകസംഘങ്ങൾ വളർന്നുവരുന്നു. 267 പാകിസ്ഥാനികൾ പാസ്പോർട്ട് പോലുമില്ലാതെ കേരളത്തിൽ അനധികൃതമായി താമസിച്ചുവരുന്നു. വിണ്ടുകീറി വിറങ്ങലിക്കുന്ന ഭാരതത്തിന്റെ ഹൃദയത്തിലേക്ക് പാകിസ്ഥാൻ ശത്രുവിനെപ്പോലെ തോക്കുചൂണ്ടിനിൽക്കുന്ന സന്ദർഭത്തിലാണ് 267 പാകിസ്ഥാനികൾ അനധികൃതമായി ഇവിടെ കഴിയുന്നത്. അതിൽ മഹാഭൂരിപക്ഷവും മലപ്പുറത്താണ്. യാതൊരു അന്വേഷണവും നടക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട നിരവധി പത്രവാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. ഇവിടെ എം. പി.-മാർ ചാരപ്രവർത്തനത്തിന് കൂട്ടുനിൽക്കുന്നു. കൊച്ചി തുറമുഖം ഇൻഡ്യയ്ക്ക് തന്ത്രപ്രധാനമായ ഒരു മേഖലയാണ്. വിമാനത്താവളം, തുറമുഖം, റെയിൽവേ സ്റ്റേഷൻ, വ്യവസായനഗരം എല്ലാംകൂടി ഒത്തുചേർന്നിട്ടുള്ള കേന്ദ്രമാണ് കൊച്ചി. അവിടെ ഒരു എം. പി.-യുടെ നേതൃത്വത്തിൽ ചാരപ്രവർത്തനം നടത്തുന്നു. ആ എം. പി.-യെ സംരക്ഷിക്കാൻ കെ. പി. സി. സി. (ഐ) പ്രസിഡൻറ് രംഗത്തുവന്നിരിക്കുന്നു. അത് മനസ്സിലാക്കിക്കൊണ്ട് മുഖ്യമന്ത്രി പറയുന്നു പിൻസീറ്റ് ഡ്രൈവിംഗ് വേണ്ട എന്ന്. ആ ചാരപ്രവർത്തനം സംബന്ധിച്ച് അന്വേഷണം നടത്തിയ പോലീസ് ഉദ്യോഗസ്ഥൻ രാഷ്ട്രീയമായ നിറംകൊടുത്തുകൊണ്ട് ആ അന്വേഷണത്തെപ്പോലും മരവിപ്പിച്ചു നിർത്തിയിരിക്കുകയാണ്. എന്റെ കൈയിൽ കഴിഞ്ഞ അഞ്ചുകൊല്ലക്കാലത്തെയും ബഡ്ജറ്റ് പ്രസംഗം ഉണ്ട്. ഐക്യജനാധിപത്യമുന്നണി 1991-ലെ തെരഞ്ഞെടുപ്പിൽ ഇറക്കിയ പ്രകടനപത്രികയും എന്റെ കൈയിലുണ്ട്. ഇന്ന് പി.ഡബ്ലിയു.ഡി. കോൺട്രാക്ടർമാർ പണിമുടക്കിന് നോട്ടീസ് കൊടുത്തിരിക്കുകയാണ്. കൊല്ലം ജില്ലയിലെ മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ പുറപ്പെടുവിച്ചിട്ടുള്ള ടെൻഡറുകൾക്ക് കമ്മീഷൻ കൊടുക്കാൻ കോൺട്രാക്ടർമാർ മുന്നോട്ട് വന്നിട്ടില്ല. അവർ ടെൻഡർ ബഹിഷ്ക്കരിക്കുന്നു. അവർ പണിമുടക്കുമായി മുമ്പോട്ടു പോകുന്നു. കരാറുകാർക്ക് ഗവൺമെൻറ് കാശു കൊടുക്കുന്നില്ല. ഈ മേഖലയിലെ സ്ഥിതിയിതാണെങ്കിലും ഇവിടെ ധനകാര്യസ്ഥിതി മെച്ചമാണെന്നാണ് ധനകാര്യമന്ത്രി പറയുന്നത്. കോൺട്രാക്ടർമാരുടെ സംഘടനയുടെ പ്രസിഡൻറാണ് ശ്രീ. ഹസ്സൻ. ആ രംഗത്തെ പരിതാപകരമായ അവസ്ഥ ഹസ്സനറിയാം. ഐക്യജനാധിപത്യമുന്നണിയുടെ തെരഞ്ഞെടുപ്പ് പ്രഖ്യാപനരേഖയിലെ ചില വാഗ്ദാനങ്ങൾ ഞാൻ വായിക്കാം. 'അഞ്ചു കൊല്ലക്കാലംകൊണ്ട് എല്ലാ ഗ്രാമങ്ങളിലും കുടിവെള്ളം എത്തിക്കും.' കുടിവെള്ള പ്രശ്നം മുൻനിർത്തി ഇന്ന് ഭരണകക്ഷി എം. എൽ. എ.-മാർ കൊണ്ടുവന്നിട്ടുള്ള സബ്മിഷനുകൾ മാത്രം പരിശോധിച്ചാൽ മതി അതിന്റെ വ്യാപ്തി എത്രയുണ്ടെന്ന് ബോദ്ധ്യമാകും. ഒരു സ്ഥലത്തും കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞിട്ടില്ല. ജലനയം പ്രഖ്യാപിച്ചത് ജലരേഖയായി മാറി. വരൾച്ച അങ്ങേയറ്റമായ ഈ സന്ദർഭത്തിൽ പോലും കുടിവെള്ളം എത്തിക്കാൻ ഗവൺമെൻറ് ഒരു നടപടിയും സ്വീക

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്നില്ല. ജലക്ഷാമം ഉണ്ടാകുന്ന അവസരത്തിൽ കുടിവെള്ളം എത്തിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികളും സ്വീകരിക്കുമെന്ന് പറഞ്ഞിട്ട് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. 'കശുമാവ് കർഷകർക്ക് വർദ്ധിച്ച വില ലഭ്യമാക്കുന്നതിനായി കശുവണ്ടിയുടെ സംഭരണവില വർദ്ധിപ്പിക്കും' എന്നു പറഞ്ഞിരുന്നു. ഇപ്പോൾ കശുവണ്ടിയുടെ വിളവെടുപ്പ് കാലമാണ്. ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. കേര കൃഷിക്ക് കുത്തകപ്പാട്ടം പുതുക്കിക്കൊടുക്കുകയും തുടർന്ന് കൈവശ ഭൂമിക്ക് പട്ടയം കൊടുക്കുകയും ചെയ്യുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുമെന്നു പറഞ്ഞിരുന്നു. അതുപോലെ കൂടുതൽ പൊതുമേഖലാ വ്യവസായങ്ങളും ആരംഭിക്കും, സ്വകാര്യവ്യവസായസംരംഭകർക്ക് കൂടുതൽ സഹായം ചെയ്തുകൊടുക്കും, കൂടുതൽ തൊഴിലവസരങ്ങളും ലഭ്യമാക്കും, ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും അഭ്യസ്ത വിദ്യരായ തൊഴിൽരഹിതരെ സംഘടിപ്പിച്ച് അവർക്ക് തൊഴിൽ ലഭ്യമാകുന്ന വിധത്തിൽ വ്യവസായങ്ങളും ആരംഭിക്കും, അതിനാവശ്യമായ സമഗ്ര പദ്ധതികളും ആവിഷ്ക്കരിക്കും, ഓരോ പഞ്ചായത്തിലും നൂറു പേർക്ക് എങ്കിലും തൊഴിൽ കൊടുക്കും തുടങ്ങിയ വാഗ്ദാനങ്ങളും നൽകിയിരുന്നു എങ്കിലും അവയൊന്നും നടപ്പിലാക്കിയിട്ടില്ല. കശുവണ്ടി വ്യവസായം കേരളത്തിൽത്തന്നെ നിലനിലനിർത്താനും ആ രംഗത്തു കർഷകരുടെയും തൊഴിലാളികളുടേയും പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഒരു വിദഗ്ദ്ധ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുമെന്നും പറഞ്ഞിരുന്നു. കശുവണ്ടി തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങളും ഉണ്ടാക്കുന്നതിനായി വർദ്ധിച്ച തോതിൽ തോട്ടണ്ടി ലഭ്യമാക്കും. തൊഴിലാളികളുടെ അവകാശങ്ങളും സംരക്ഷിക്കുന്നതിനും വ്യവസായങ്ങളുടെ നടത്തിപ്പ് സുഗമമാക്കുവാനും ഒരു പുതിയ വ്യവസായബന്ധ നിയമം നടപ്പിലാക്കും—അങ്ങനെ പറഞ്ഞു പോവുകയാണ്. എല്ലാ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കും നിശ്ചയിച്ച കാലയളവിനുള്ളിൽ വീടുകളും കംപ്ലീറ്റ് ചെയ്തുകൊടുക്കുവാനുള്ള സമഗ്ര പദ്ധതി നടപ്പിലാക്കും, എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങളിലും വീട് കൊടുക്കും, അടുത്ത അഞ്ച് വർഷങ്ങൾക്കുള്ളിൽ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളിലെ ഓരോ ആളിനുവീതം തൊഴിൽ കൊടുക്കും; വയനാട്, കാസർഗോഡ് എന്നീ പിന്നോക്ക ജില്ലകളിലെ കാർഷിക വികസനത്തിനായി പ്രത്യേക പരിപാടികളും ആവിഷ്ക്കരിച്ചു നടപ്പിലാക്കും; കശുമാവ് കർഷകർക്ക് വർദ്ധിച്ച വില ലഭ്യമാക്കുന്നതിന് നിലവിലുള്ള കശുവണ്ടി സംഭരണവില പ്രഖ്യാപിക്കും; ആയിരം കോടി രൂപയുടെ സമഗ്ര തൊഴിൽദാന പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കും; പഞ്ചായത്തുതലം മുതൽ സംസ്ഥാന തലംവരെ വിവിധ വകുപ്പുകളിൽ ആയി ബൃഹത്തായ ഒരു തൊഴിൽദാന പദ്ധതി ശൃംഖല കെട്ടിപ്പടുക്കും; തൊഴിലില്ലായ്മ വേതനം വർദ്ധിപ്പിക്കും; ഞങ്ങൾ 5 കൊല്ലക്കാലംകൊണ്ട് കർഷകത്തൊഴിലാളി പെൻഷൻ 100 രൂപ വർദ്ധിപ്പിക്കും എന്നെല്ലാം പറഞ്ഞിട്ടുണ്ട്. എന്നാൽ വാഗ്ദാനലംഘനങ്ങളുടെ ഘോഷയാത്ര തുടരുകയാണ്. വാഗ്ദാനലംഘനം തുടരുന്ന ഈ ഗവൺമെന്റ് ജനവിധി തേടാൻ പോവുകയാണ്. ഞങ്ങൾ തിരിച്ചു വരുമെന്നാണ് അപ്പുറത്തിരിക്കുന്നവർ പറയുന്നത്. ബാലഗോപാലനെ മാത്രം എണ്ണ തേയ്പ്പിച്ചാൽ പോരാ എന്നാണ് അപ്പുറത്തെ ശ്രീ. പി. റ്റി. തോമസ് പറഞ്ഞത്. ഈ സംസ്ഥാനത്തിലെ 19 മന്ത്രിമാർ അവരുടെ അഴിമതിയുടെ ഒരോഹരി കേരളത്തിന്റെ വികസനത്തിനുവേണ്ടി നീക്കിവച്ചാൽ കേരളത്തിന്റെ സാമ്പത്തിക പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ കഴിയുമെന്ന് അപ്പുറത്തിരിക്കുന്ന മന്ത്രി ശ്രീ. വി. എം. സുധീരൻ പറഞ്ഞു. ഞങ്ങൾ പറഞ്ഞതല്ല. എന്തൊരു പെരുമ്പറ മുഴക്കലും

LIBRARY ARCHIVES Kerala Legislative Assembly

വീമ്പിളക്കലുമായിരുന്നു അന്ന്. 1994-ൽ കല്പട പദ്ധതി ഇടതുകരയൊൽ കമ്മീഷൻ ചെയ്യാമെന്ന് നമ്മുടെ ജലമന്ത്രി പറഞ്ഞു. അത് കാണുന്നില്ല. ധനകാര്യമന്ത്രി ശ്രീ. സി. വി. പത്മരാജനും, കൊല്ലത്തെ കേന്ദ്രമന്ത്രി ശ്രീ. എസ്. കൃഷ്ണകുമാറും, നമ്മുടെ മുൻമുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനും അന്നത്തെ കെ. പി. സി. സി. പ്രസിഡൻറ് ശ്രീമാൻ എ. കെ. ആൻറണിയും കൊല്ലത്ത് പ്രസംഗിച്ചു, ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് അധികാരത്തിൽ വന്നാൽ വർഷത്തിൽ ശരാശരി 300 ദിവസം കശുവണ്ടി തൊഴിലാളികൾക്ക് ജോലി നൽകും എന്ന്. പത്മരാജൻ വക്കീൽ എങ്ങനെയാണ്, ഇപ്പോൾ ചാത്തന്നൂരിൽ പോകുമോ? എനിക്കറിയില്ല. കല്ലുവാതുക്കൽ ഒരു കെ. എസ്. സി. ഡി. സി. ഫാക്ടറി ഉണ്ട്, ചാത്തന്നൂരിൽ ഒരു കെ. എസ്. സി. ഡി. സി. ഫാക്ടറിയുണ്ട്. കഴിഞ്ഞ വർഷം തൊഴിലാളികൾക്ക് കിട്ടിയത് 12 ദിവസത്തെ ജോലിയാണ്. അതിനുമുമ്പുള്ള വർഷം 13 ദിവസത്തെ ജോലി കിട്ടി; അതിനുമുമ്പിലത്തെ വർഷം 35 ദിവസത്തെ ജോലി കിട്ടി. എത്രയാണ് പറഞ്ഞിരുന്നത്? 300 ദിവസത്തെ ജോലിയാണ് ഐക്യജനാധിപത്യമുന്നണിയുടെ തെരഞ്ഞെടുപ്പു പ്രഖ്യാപന രേഖയിൽ പറഞ്ഞത്. അതുപോലെ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് അധികാരത്തിൽ വന്നാൽ 3 മാസത്തിനുള്ളിൽ പുനലൂർ പേപ്പർമിൽ ഫാക്ടറി തുറക്കുമെന്ന് ശ്രീ. പുനലൂർ മധു പ്രസംഗിച്ചു. പുനലൂർ എം. എൽ. എ.-യെ കാണാനില്ല. ഡിമാൻറ് ചർച്ചകളിൽ ഞാൻ ഈ പ്രശ്നം ഉന്നയിച്ചപ്പോൾ അന്നത്തെ പുനലൂർ എം. എൽ. എ. പറഞ്ഞതെന്താണ്? 3 മാസത്തിനുള്ളിൽ പുനലൂർ പേപ്പർമിൽ ഫാക്ടറി തുറക്കുമെന്ന്. അവിടെ 12 തൊഴിലാളികൾ ആത്മഹത്യ ചെയ്തു. പുനലൂർ പേപ്പർമിൽ ഫാക്ടറിയിലെ മഹാഭൂരിപക്ഷം വരുന്നവർ ഭാഗ്യക്കുറി ടിക്കറ്റ് കച്ചവടക്കാരാണ്. എങ്ങനെ അവർ ഇനി തിരിച്ചുവരുമെന്ന് എനിക്കറിയില്ല. അപ്പുറത്തുള്ള ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ സത്യം ചെയ്ത് പ്രസംഗിച്ചു. അവർ എന്താണ് പറഞ്ഞത്? ഏനാത്ത് പാലം പട്ടാളത്തെക്കൊണ്ടുവന്ന് പുനരുദ്ധരിക്കും എന്നാണ് പറഞ്ഞത്. ഒരു പട്ടാളവും അവിടെ വന്നില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ കാണാനില്ല. കൊല്ലത്തെ ഒന്നരലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികൾ അർദ്ധ പട്ടിണിയിലാണ്. അവരെ തിരിഞ്ഞുനോക്കാൻ ഈ ഗവൺമെൻറിനു കഴിയുന്നില്ല. കുടിലുമുതൽ കൊട്ടാരംവരെ മെച്ചപ്പെട്ട സമ്പത്തുല്പാദിപ്പിച്ച പാവപ്പെട്ട കാർഷിക തൊഴിലാളികളോട് അവർ പറഞ്ഞു ശ്രീ. ഇ. കെ. നായനാർ 60 രൂപയല്ലേ പെൻഷൻ ഇനത്തിൽ തന്നുള്ളൂ; ഞങ്ങൾ അധികാരത്തിൽ വന്നാൽ 100 രൂപ വീതം തരും എന്ന്. എന്നിട്ട് കൊടുത്തോ? കൊടുത്തില്ല. ഇതിൻെറ പേര് വഞ്ചനയെന്നല്ലേ? വഞ്ചനയും ചതിയും കൈമുതലാക്കിയ ഈ ഗവൺമെൻറ്, നിങ്ങൾ വരാൻ പോകുന്ന തെരഞ്ഞെടുപ്പിനെ എന്തു പറഞ്ഞുകൊണ്ട് നേരിടുമെന്നാണ്? ഈ സഭ ഇന്ന് പിരിയാൻ പോകുന്നു. ഈ ഗവൺമെൻറിൻെറ 5 വർഷക്കാലത്തെ ഭരണനേട്ടത്തെ മുൻനിർത്തിക്കൊണ്ട് ഒരു തെരഞ്ഞെടുപ്പ് നടത്താനാകുമോ? ആവില്ലെന്നു കണ്ടുകൊണ്ടുതന്നെ ഇന്നലെവരെ മുസ്ളീംലീഗിൻെറ അന്യവൽക്കരിക്കപ്പെട്ട പി. ഡി. പി.-യെ കൂടെ കൂട്ടിയിരിക്കുന്നു. ഐ. എൻ. എൽ.-നെ അവർ ക്ഷണിച്ചു വരുത്തുന്നു. തൃശ്ശൂരിൽ ശ്രീമതി ഗൗരിയമ്മ ഞങ്ങളോട് പയറ്റി നോക്കിയതാണ്. ആയിരം വോട്ടു നേടിയ ശ്രീമതി ഗൗരിയമ്മയെ അവരുടെ മുന്നണിയിൽ ചേർക്കാൻ പോകുന്നു. വരാൻപോകുന്ന തെരഞ്ഞെടുപ്പിനെ നേരിടുന്നതിനു വേണ്ടി ഈ കേരളത്തിലെ മുഴുവൻ ജാതിമത വർഗ്ഗീയ പിന്തിരിപ്പൻ ശക്തികളേയും അണിനിരത്തിക്കൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക്

LIBRARY ARCHIVES Kerala Legislative Assembly

എതിരായി വിശാലമായ ഒരു മുന്നണി കെട്ടിപ്പടുക്കാൻ അവർ ശ്രമിക്കുന്നു. നമുക്കവിടെവച്ച് കാണാം. ശ്രീ. ജി. കാർത്തികേയനാണോ ശ്രീ. ആര്യാടൻ മുഹമ്മദാണോ പ്രസംഗിക്കുന്നതെന്ന് നമുക്ക് അവിടെ ചെന്നുനോക്കാം. ശ്രീ. നരസിംഹറാവുവിനെ മുൻനിർത്തിക്കൊണ്ട് ഒരു തെരഞ്ഞെടുപ്പിനെ നേരിടാനാവില്ല, അതുകൊണ്ട് സോണിയാഗാന്ധി കോൺഗ്രസ്സിന്റെ ദേശീയ നേതൃത്വം ഏറ്റെടുക്കണമെന്ന് അപ്പുറത്തുള്ള 'എ' ഗ്രൂപ്പുകാരും 'ഐ' ഗ്രൂപ്പുകാരും പറയുന്നുണ്ടല്ലോ. ശ്രീമതി സോണിയാഗാന്ധി പറഞ്ഞു ഈ റാവുഗവൺമെന്റും കേരളത്തിലെ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റും രാജീവ്ഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ സംഭാവനയാണ് എന്ന്. ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ? ഇല്ല. രാജീവ്ഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ സംഭാവനയാണ് ഈ ഗവൺമെന്റ്. ഞങ്ങളം പറഞ്ഞതല്ല, സോണിയാഗാന്ധി അമേഠിയിൽ പറഞ്ഞു, എന്റെ ഭർത്താവ്, രണ്ടു മക്കളുടെ പിതാവ്, അരുംകൊല ചെയ്യപ്പെട്ടു. ആ കൊലപാതകവുമായി ബന്ധപ്പെട്ട നിഗൂഢ ശക്തികളെ പുറത്തുകൊണ്ടുവരുന്ന കാര്യത്തിൽ ഈ റാവു ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു എന്ന്. ഇടനെഞ്ചുപൊട്ടി കൊണ്ട് ശ്രീമതി സോണിയാഗാന്ധി അത് പറഞ്ഞു. അന്വേഷണം നടന്നോ, ഇല്ല. രാജീവ്ഗാന്ധിവധം അന്വേഷിക്കുന്ന ജെയിൻ കമ്മീഷൻ മുൻപാകെ വിചാരണ നേരിടുന്ന ഒരു സന്യാസിയുണ്ട്, ചന്ദ്രസ്വാമി. ശാന്തിയുടെ കൊടുമുടിയിൽനിന്നും അശാന്തിയുടെ കൊടുമുടിയിലെത്തി നിൽക്കുന്ന സന്യാസിയായ ചന്ദ്രസ്വാമിക്ക് ആരുമായിട്ടാണ് ബന്ധം? കഷോഗിയുമായിട്ട്. ആരാണ് കഷോഗി? അന്താരാഷ്ട്ര ആയുധ കച്ചവടക്കാരൻ. അന്താരാഷ്ട്ര ആയുധ കച്ചവടക്കാരനുമായിട്ടും, ഈ ഹവാല ഇടപാടുമായും ചന്ദ്രസ്വാമിക്ക് ബന്ധമുണ്ട്. ആ ചന്ദ്രസ്വാമി ആണ് പ്രധാനമന്ത്രിയുടെ രാഷ്ട്രീയ ഗുരു. രാജീവ്ഗാന്ധിയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് കാനഡയിൽവച്ച് അതിനിഗൂഢ രഹസ്യങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ ഈ സ്വാമിക്ക് ബന്ധമുണ്ടെന്നാണ് ലോറസ്റ്റ് വാർത്തകൾ. അവരാണ് പറയുന്നത് ശ്രീമതി സോണിയാഗാന്ധി ദേശീയ നേതൃത്വം ഏറ്റെടുക്കണമെന്ന്. എന്തുകൊണ്ട്? ശ്രീ. പി. വി. നരസിംഹറാവുവിനെ മുൻനിർത്തി തെരഞ്ഞെടുപ്പിനെ നേരിടാൻ ആവില്ല എന്നതാണ് കാരണം. ബോംബെ കലാപത്തിനു പിന്നിൽ പ്രവർത്തിച്ച ദാവൂദ് ഇബ്രാഹിമിന്റെ വാടകക്കൊലയാളി ശ്രീവാസ്തവയ്ക്ക് കോൺഗ്രസ് എം. പി -മാരും കോൺഗ്രസ്സിന്റെ മന്ത്രിമാരും അഭയം കൊടുത്തു. അങ്ങനെ രാഷ്ട്രീയത്തിലെ ക്രിമിനൽ വൽക്കരണം വർദ്ധിച്ചുവരുന്നു. ക്രിമിനൽ രാഷ്ട്രീയത്തിന്റെ തടവറയിലാണ് ഇന്ന് കോൺഗ്രസ്. ഒരുകാലത്ത് ദേശീയ പ്രസ്ഥാനത്തിൽ ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി നിലനിന്ന കോൺഗ്രസ് ഇന്ന് ക്രിമിനലുകളുടേയും കൊള്ളക്കാരുടേയും കൊലയാളികളുടേയും താവളമായി, സങ്കേതമായി മാറിക്കൊണ്ടിരിക്കുന്നു. അതാണ് ഏറ്റവുമൊടുവിൽ ഇടുക്കിയിലെ ഒരു പെൺകുട്ടിയുടെ മാനഭംഗവുമായി ബന്ധപ്പെട്ട് കണ്ട കാഴ്ച. ഒരു ഡി.സി.സി. ഭാരവാഹി ആ മാനഭംഗക്കേസിൽ പ്രതിയാണ്, പോലീസ് അറസ്റ്റു ചെയ്യുന്നില്ല. പത്തുപതിനാറുവയസ്സ് പ്രായമുള്ള ഒരു പെൺകുട്ടിയെ പ്രേമിച്ച് കൊണ്ടുനടന്ന്, അവളെ മുഴുവനും ഉപയോഗിച്ച്, അവസാനം തന്തൂരി ചിക്കൻപോലെ ചുട്ടുകൊന്നു. അങ്ങനെ നയനാസാഹ്നിയിൽ നിന്നും തുടങ്ങി ഇപ്പോൾ ഇടുക്കിയിലെത്തിയിരിക്കുന്ന ക്രിമിനൽ രാഷ്ട്രീയം വളരുകയാണ്. അവരാണ് ഇപ്പോൾ മൂല്യാധിഷ്ഠിത രാഷ്ട്രീയത്തെക്കുറിച്ചും അഴിമതിക്കെതിരായും വർത്തമാനം പറയുന്നത്. ഈ അഴിമതിയുമായി ബന്ധപ്പെട്ട എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

5 p.m.]

രഹസ്യങ്ങളും പുറത്തുകൊണ്ടുവരുന്നതിൽ പ്രധാനമന്ത്രി പങ്കുവഹിച്ചിരുന്നു എന്നാണ് അവകാശപ്പെടുന്നത്. ഈ അഴിമതിയുമായി ബന്ധപ്പെട്ട എല്ലാ രഹസ്യങ്ങളും പുറത്തുകൊണ്ടുവരുന്നതിന് പ്രധാനമന്ത്രി പങ്കുവഹിച്ചിട്ടുണ്ടെന്നാണ് അവകാശപ്പെടുന്നത്. ഈ അഴിമതിയുടെ എല്ലാ രഹസ്യങ്ങളും പുറത്തുകൊണ്ടുവരുന്ന കാര്യത്തിൽ ഇന്ത്യാരാജ്യത്തെ നീതിപീഠവും അതുപോലെ പാർലമെന്റും വഹിച്ച പങ്ക് ചെറുതല്ല. നിവൃത്തിയില്ലാതെവന്നപ്പോഴാണ് നരസിംഹറാവു ഇതുമായി ബന്ധപ്പെടുന്നത്. പ്രധാനമന്ത്രി അഴിമതിയുടെ കൊടുമുടിയിൽ നിൽക്കുകയാണ്. ഹവാല ഇടപാടിൽ, പൊതുമേഖലാ സ്ഥാപനങ്ങളുടെ വിൽപന സംബന്ധിച്ച്, ഏറ്റവും ഒടുവിൽ ഇരുപതിനായിരംകോടി രൂപയുടെ ടെലഫോൺ സംബന്ധിച്ച അഴിമതി, പഞ്ചസാര ഇറക്കുമതിയുമായി ബന്ധപ്പെട്ട അഴിമതി ഇവയെല്ലാം അതിൽപെടും. അഴിമതിവീരനായ പ്രധാനമന്ത്രിയുടെ തണലിൽ ഐക്യജനാധിപത്യമുന്നണിയിലെ മന്ത്രിമാരെല്ലാം അഴിമതിയുടെ അങ്ങേയറത്തെ ചെളിക്കുണ്ടിൽ നിൽക്കുകയാണ്. കേരളത്തിലെ ഐക്യ ജനാധിപത്യമുന്നണിക്കും അതുപോലെ കേന്ദ്രത്തിലെ കോൺഗ്രസ് മന്ത്രിസഭയ്ക്കും ഇനി വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ മറുപടി നൽകും. കോൺഗ്രസിന് ഇനി അധികാരത്തിൽ തിരിച്ചുവരാനാകുമോ? 1991-ലെ തെരഞ്ഞെടുപ്പിനു ശേഷം വന്ന മുഴുവൻ തെരഞ്ഞെടുപ്പുകളിലും കോൺഗ്രസ് ദയനീയമായി പരാജയപ്പെട്ടു. ആന്ധ്രയിൽ, കർണ്ണാടകത്തിൽ, ഇക്കഴിഞ്ഞകാലംവരെയും കോൺഗ്രസിനു പ്രധാനമന്ത്രിമാരെ സംഭാവന ചെയ്തിട്ടുള്ള യു. പി.-യിലും നിന്നു കോൺഗ്രസ് പുറത്തായി; മദ്ധ്യപ്രദേശിലും രാജസ്ഥാനിലും, മഹാരാഷ്ട്രയിലും കോൺഗ്രസ് പുറത്തായി. ഇവിടെ കോൺഗ്രസ് നിൽക്കുന്നത് മുസ്ളീംലീഗിന്റെ തണലിലാണ്. ശ്രീ. കുഞ്ഞാലിക്കുട്ടിയെ ഇവിടെ കാണുന്നില്ല. അദ്ദേഹം എന്താണ് പറഞ്ഞത്? 1992 ഡിസംബർ മാസം 6-ാം തീയതി അയോദ്ധ്യയിൽ പള്ളി പൊളിക്കപ്പെട്ടു. ലാ ഇല്ലാഹ ഇല്ലല്ല എന്നുവിളിക്കുന്ന മുസൽമാൻമാർ. ഏഴുകോടി മുസൽമാൻമാർ ഇന്ത്യയിലുണ്ട്. അവരുടെ ആരാധനാലയം ഹിന്ദു ഫാസിസ്റ്റ് ശക്തികൾ കമ്പിപ്പാരകൊണ്ടു തട്ടിപ്പൊളിച്ചു. അന്ന് ശ്രീ. കരുണാകരൻ പറഞ്ഞു, പള്ളിയുടെ അറ്റമെങ്കിലും പൊളിച്ചാൽ ഞാൻ കോൺഗ്രസ് വിടും എന്ന്. ആ പള്ളി മുഴുവൻ പൊളിച്ചു. അപ്പോഴും കുഞ്ഞാലിക്കുട്ടി പറഞ്ഞത്, ആ പള്ളി പൊളിച്ചാൽ പുതിയ പള്ളി പണിതുതരുമെന്ന് കോൺഗ്രസ് ഉറപ്പ് നൽകിയിട്ടുണ്ടെന്നാണ്. ഇതുവരെ പള്ളി പണിതിട്ടില്ല. ഇന്ത്യയിൽ ദേശീയ പ്രസ്ഥാനത്തിന് വിലപ്പെട്ട സംഭാവന നൽകിയ ഇന്ത്യയിലെ മുസ്ളീം സമുദായത്തിന്റെ വികാരങ്ങളേയും വിശ്വാസ പ്രമാണങ്ങളേയും കൂരുതികഴിക്കുകയാണ് ചെയ്തത്. അതുമായി ബന്ധപ്പെട്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഉയർത്തിക്കൊണ്ടുവന്ന ജനകീയ പ്രക്ഷോഭണങ്ങളുണ്ട്. ആ ജനകീയ പ്രക്ഷോഭണങ്ങളിൽ ഊതിക്കാച്ചിയ പൊന്നുപോലെ പത്തര മാറ്റ് തങ്കമായി എൽ. ഡി. എഫ്. ഇനി അധികാരത്തിൽ വരും. അങ്ങനെ കേരളത്തിൽ ജനകീയവിരുദ്ധ നിലപാടു സ്വീകരിച്ച ഐക്യ ജനാധിപത്യ മുന്നണിയോട് ജനങ്ങൾ കണക്കുപറയും. ഈ അഞ്ചു വർഷക്കാലം കേരളത്തിന്റെ കാർഷിക, വ്യാവസായിക, ക്ഷേമരംഗങ്ങളിൽ സർവ്വനാശത്തിന്റെ വിത്തുവിതച്ച ഐക്യജനാധിപത്യമുന്നണിയുടെ നെറികെട്ട ഭരണമായിരുന്നു. അവർ കൊണ്ടുവന്ന വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

XI. വ്യക്തിപരമായ വിശദീകരണം

ശ്രീ. എ. കെ. മണി: സർ, ഈ സഭയിലെ ബഹുമാനപ്പെട്ട അംഗം ശ്രീ. സി. പി. ബാലൻവൈദ്യർ എനിക്ക് എതിരായി ചില പരാമർശങ്ങം നടത്തിയതായി അറിഞ്ഞു. അത് ഞാൻ സഭയിൽ ഇല്ലാതിരുന്നപ്പോഴാണ്. മൂന്നാറിലുണ്ടായ സംഭവം ഈ സംസ്ഥാനത്തെ എല്ലാവരേയും വേദനിപ്പിച്ച ഒരു സംഭവമാണ്. കഴിഞ്ഞ 16-ാം തീയതി മുതൽ ഇന്ന് (19-3-1996) വരെ ഇതിനുവേണ്ടി പോലീസ് ഉദ്യോഗസ്ഥൻമാരോട് ബന്ധപ്പെട്ട് ഈ കുട്ടിക്കുവേണ്ടി ഞാൻ സഹായം ചെയ്തിട്ടുള്ളതാണ്. ഇവിടെ സത്യം മറച്ചുവച്ചുകൊണ്ട് ശ്രീ. ബാലൻവൈദ്യർ എനിക്ക് എതിരായി നടത്തിയ പ്രസംഗം ശരിയായില്ല. ഇതുമായി ബന്ധപ്പെട്ട് എം. ജി. യൂണിവേഴ്സിറ്റി മുൻ ചെയർമാനായിരുന്ന ശ്രീ. ചെറിയാന്റെ കാര്യവും പറഞ്ഞു. എനിക്ക് പറയാനുള്ളത് വ്യക്തികളെ തേജോവധം ചെയ്യുന്നത് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ലെന്നാണ്. അതുകൊണ്ട് എന്റെ പേരിലുള്ള പരാമർശം രേഖയിൽ കാണാൻ പാടില്ല. അതുപോലെ വ്യക്തികളുടെ പേരിൽ ഇത്തരം കാര്യങ്ങം ഉന്നയിക്കുന്ന പ്രവണത ഇനി മേലിൽ എങ്കിലും തുടരാതിരിക്കണം. ഇന്ന് സഭ പിരിയാൻ പോകുകയാണ്. മറ്റുള്ള ആളുകളെ വേദനിപ്പിക്കുന്ന പരാമർശങ്ങം നടത്താതിരിക്കണമെന്ന നിർദ്ദേശം ചെയറിൽനിന്ന് ഉണ്ടാകണം.

വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും—(തുടർച്ച)

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): സർ, ആവർത്തനവിരസമാണ് എന്നതിനാൽ ചെയർ സദയം ക്ഷമിക്കണം. ഇവിടെ പറയാൻ പോകുന്നത് ഈ നിയമസഭയുടെ കാലയളവിൽത്തന്നെ മറുപടി പറഞ്ഞ കാര്യങ്ങളാണ്. എങ്കിലും എന്റെ സുഹൃത്ത് ശ്രീ. പ്രകാശ് ബാബു പറഞ്ഞതിനു ഞാൻ മറുപടി പറയുകയാണ്. ഇലക്ട്രിസിറ്റി ബോർഡ് 9 മീറ്റർ പോംസ് (Poles) സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ കൊടുത്ത കാര്യത്തിൽ ഭീമമായ അഴിമതി നടന്നതായി ആരോപണം വന്നു. അതിനെക്കുറിച്ച് വസ്തുനിഷ്ഠമായി ഞാൻ മറുപടി പറഞ്ഞതാണ്. വീണ്ടും ആരോപണം വന്നതുകൊണ്ട് പറയുകയാണ്. വാസുദേവൻ നായർ എന്ന കോൺട്രാക്ടർ 840 രൂപയ്ക്ക് 9 മീറ്റർ പോം കാസ്റ്റ് ചെയ്യാൻ തയ്യാറാണെന്നു പറഞ്ഞത് ശരിയാണ്. അഞ്ചു വർഷത്തേയ്ക്ക് 12,000 പോം കാസ്റ്റ് ചെയ്യുന്നതിനാണ് 840 രൂപയ്ക്ക് ഈ കോൺട്രാക്ടർ തയ്യാറായത്. ഒരു മാസം 200 എണ്ണം മാത്രമേ തരികയുള്ളൂ; അങ്ങനെ അഞ്ചു വർഷത്തേയ്ക്ക് 12,000 എണ്ണം. അഞ്ചു വർഷക്കാലം നീണ്ടുനിൽക്കുന്ന ദീർഘകാല കരാറാണ്. മൂലധന നിക്ഷേപം ഇതിൽ ആവശ്യമില്ല. കാരണം സ്ഥലം, യന്ത്രസാമഗ്രികം തുടങ്ങി പോം കാസ്റ്റിംഗിന് ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും ബോർഡ് നൽകുന്നു. സിമന്റും, സ്റ്റീലും ബോർഡ് സൗജന്യ നിരക്കിൽ നൽകുന്നു. അതും തൃശ്ശൂരിലെ യാർഡിൽത്തന്നെ. ഒരു തൂണിന് 840 രൂപയുള്ളതാണ്. പി.ഡബ്ല്യു.ഡി. ഷെഡ്യൂം റേറ്റ് മാറുന്നതനുസരിച്ച് വിലയിലും മാറ്റം വരുന്നു. കോൺട്രാക്ടർ ദീർഘ കാലാടിസ്ഥാനത്തിലുള്ളതായതുകൊണ്ട് ജോലിക്കാരെ സ്ഥിരമായി കിട്ടുന്നു. ഓവർടൈം ആവശ്യമില്ല, 1400 രൂപയ്ക്ക് പോം കൊടുക്കാൻ തീരുമാനിച്ചത് 5 മാസത്തേയ്ക്കാണ്. ഇത് വാർക്കുന്നതിനുവേണ്ട മൂലധനം കോൺട്രാക്ടർ കൊണ്ടുവരണം; അയാൾക്ക് ഇലക്ട്രിസിറ്റി

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിന്റെ യാർഡ് കൊടുക്കുകയില്ല. ഇലക്ട്രിസിറ്റി ബോർഡിന്റെ മോഡൽ കൊടുക്കുകയില്ല, സ്റ്റീലും മറ്റും സൗജന്യമായി കൊടുക്കുകയില്ല. സിമന്റും സ്റ്റീലും ഉൾപ്പെടെ എല്ലാ അസംസ്കൃത സാധനങ്ങളും കോൺട്രാക്ടർ സ്വന്തം ചെലവിൽ യാർഡിൽ കൊണ്ടു വരണം. മറ്റൊന്ന് പ്രസ്തുത കാലാടിസ്ഥാനത്തിലായതുകൊണ്ട് കോൺട്രാക്ടർ ഓവർടൈം കൊടുക്കേണ്ടിവരും. എസ്കലേഷൻ വ്യവസ്ഥയിൽ അല്ല. 15 ഇന പരിപാടിയിൽ 1,500 ട്രാൻസ്ഫോർമറുകൾ മലബാറിലും 500 ട്രാൻസ്ഫോർമറുകൾ തെക്കൻ മേഖലയിലും സ്ഥാപിക്കേണ്ടിവരുന്നു. അതിന് അധികമായി വേണ്ടിവരുന്ന തൂണുകൾക്കുവേണ്ടിയാണ് 40,000 എണ്ണത്തിന് ടെണ്ടർ ക്ഷണിച്ചത്. ടെണ്ടർ ക്ഷണിച്ചപ്പോൾ ഏഴു കമ്പനികൾ കോട്ട് ചെയ്തതിൽ ഏറ്റവും കൂടിയ നിരക്ക് 1640 രൂപയും ഏറ്റവും കുറഞ്ഞ നിരക്ക് 1495 രൂപയുമായിരുന്നു. അത് പിന്നെ നെഗോഷ്യേറ് ചെയ്താണ് 1400 രൂപയ്ക്ക് തരാൻ തയ്യാറായത്. 1400 രൂപയ്ക്ക് ഇവരും ആയി ചർച്ച നടത്തി നിശ്ചയിക്കുകയായിരുന്നു. ബോർഡുമായി വർഷങ്ങളുടെ ബന്ധമുള്ള ഒരു സൊസൈറ്റിയോട് ഇലക്ട്രിസിറ്റി ബോർഡ് ആവശ്യപ്പെട്ടപ്പോൾ അവർക്ക് ഒരു പോസ്റ്റിന് 1500 രൂപ നിരക്കിൽ വേണമെന്ന് രേഖാമൂലം അറിയിച്ചു. നെഗോഷ്യേഷന്റെ അടിസ്ഥാനത്തിലാണ് 1400 രൂപയ്ക്ക് കൊടുത്തത്. കേൾക്കുമ്പോൾ വ്യത്യാസം തോന്നും. 840 രൂപയും 1400 രൂപയും തമ്മിൽ വളരെ വ്യത്യാസമുണ്ട്. 1400 രൂപയ്ക്ക് ഉള്ളത് അഞ്ചു മാസത്തേയ്ക്കാണ്. 840 രൂപയ്ക്ക് കൊടുത്തത് അഞ്ചു വർഷത്തേയ്ക്ക് ഉള്ളതാണ്. 840 രൂപയ്ക്ക് പോൾ കാസ്റ്റ് ചെയ്യുന്ന ആളിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള ആനുകൂല്യങ്ങളും സൗജന്യ നിരക്കിലുള്ള കമ്പിയും സിമന്റും നൽകുന്നുണ്ട്. 1400 രൂപയ്ക്ക് ടെണ്ടർ നൽകിയതിൽ യാതൊരു ക്രമക്കേടും ഇല്ല. 1400–നേറെയും 840–നേറെയും കണക്ക് കേൾക്കുമ്പോൾ ഭീമമായ അഴിമതി ഉണ്ടെന്ന് തോന്നും. അഞ്ചു വർഷത്തേയ്ക്ക് നീണ്ടുനിൽക്കുന്നതും സൗജന്യ നിരക്കിൽ എല്ലാ മെറ്റീരിയൽസും നൽകി ബോർഡിന്റെ സ്വന്തം യാർഡിൽ ചെയ്യുന്ന പോളും സ്വന്തം യാർഡിൽ മോഡൽ ഉണ്ടാക്കി സ്വന്തമായി സാധനസാമഗ്രികൾ വാങ്ങി അഞ്ചു മാസംകൊണ്ട് തീർക്കുന്ന പോളും തമ്മിൽ വിലയിൽ വ്യത്യാസം ഉണ്ടാകുന്നത് സ്വാഭാവികമാണ്. കേരളത്തിലുള്ള കോൺട്രാക്ടർമാരെ വിളിച്ച് ചർച്ച നടത്തി അവർ കോട്ട് ചെയ്ത റേറിനേക്കാൾ താഴെയുള്ള റേറിന് നെഗോഷ്യേറ് ചെയ്ത് ടെണ്ടർ കൊടുക്കുകയാണ് ചെയ്തത്. കേരളത്തിൽ പ്രവർത്തിക്കുന്ന ഏക സൊസൈറ്റിയോട് ചോദിച്ചപ്പോൾ 1500 രൂപ വേണമെന്ന് അവർ ആവശ്യപ്പെട്ടു. അതുകൊണ്ടാണ് 1400 രൂപയ്ക്ക് കൊടുക്കാൻ തീരുമാനിച്ചത്. ഇതിൽ അഴിമതി ഇല്ല. മറ്റൊന്ന് കക്കാടിന്റെ കാര്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം.....

ശ്രീ. കെ. പ്രകാശ് ബാബു: ഞാൻ ഈ വിഷയമൊന്നും ഇന്ന് പറഞ്ഞില്ല. ടെണ്ടർ ചെയ്തത് 1400 രൂപയ്ക്കാണ് എന്നതിനെക്കുറിച്ച് പറഞ്ഞില്ല. ഞാൻ ഇന്ന് റെയിസ് ചെയ്തത്, എന്തിനാണ് 1400 രൂപയ്ക്ക് കൊടുത്ത പോസ്റ്റിന്റെ നിർമ്മാണം നിറുത്തിവച്ചത് അതിൽ അന്വേഷണം നടന്നോ എന്നിവയാണ്.

ശ്രീ. ജി. കാർത്തികേയൻ: സർ, സ്വാഭാവികമായിട്ടും ഇത്തരം കാര്യങ്ങൾ നിയമസഭയിൽ വരുമ്പോൾ ധാർമ്മികമായ സമീപനത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷിക്കുമെന്ന് പറഞ്ഞു. അതിന്റെ ബാക്ക് ഗ്രൗണ്ടിനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. കക്കാട് പ്രോജക്ടിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് കഴിഞ്ഞ നിയമസഭയിൽ ഞാൻ മറുപടി പറഞ്ഞതാണ്. അതു സംബന്ധിച്ച് ആഡിറ്റർ റിപ്പോർട്ട് വന്നിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ സംവിധാനമനുസരിച്ച് പരിശോധിച്ചുകൊള്ളട്ടെ. എസ്കലേഷൻ ഉണ്ടായിട്ടുണ്ടെന്നുള്ളത് ശരിയാണ്. 1979-ൽ തുടങ്ങിയ പണിയാണിത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഇതിനു വേണ്ടി ധാരാളം രൂപ ചെലവായതാണ്, യഥാർത്ഥത്തിൽ 50 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി ആവശ്യമായി വരുന്നതിനെക്കാൾ കൂടുതൽ പണം ഈ പദ്ധതിക്ക് ഇലക്ട്രിസിറ്റി ബോർഡിന് ചെലവായിയെന്നുള്ളത് സത്യമാണ്. കേരള ഗവൺമെൻറിനെയും ജനങ്ങളേയും ഇലക്ട്രിസിറ്റി ബോർഡിനെയും സംബന്ധിച്ചിടത്തോളം കക്കാട് പ്രോജക്ടിന്റെ പണിയിൽ വന്ന കാലതാമസവും അതിനുവേണ്ടി വന്ന പണച്ചെലവും തീർച്ചയായിട്ടും നമുക്ക് അഭിമാനകരമായ ഒന്നല്ല. ആ നിലയിൽ ഈ ഗവൺമെൻറിന്റെയും ബോർഡിന്റെയും മന്ത്രിയെന്നുള്ള നിലയിൽ എന്റെയും നിലപാട് തീർച്ചയായിട്ടും ഇത്തരത്തിലൊരു അവസ്ഥ ഉണ്ടാകാതിരിക്കാനുള്ള സജീവമായ നടപടികളുമായി ഈ ഗവൺമെൻറ് മുന്നോട്ട് നീങ്ങുമെന്നുള്ളതുതന്നെയാണ്.

മറ്റൊരു കാര്യം പറഞ്ഞത് എഫ്.എ. ആൻറ് സി.എ.ജി.-യെ അക്കൗണ്ട്സ് മെമ്പർ ആക്കിയതു സംബന്ധിച്ചാണ്. ബോർഡിൽ വരുന്ന എല്ലാ ഫയലുകളും അക്കൗണ്ട്സ് മെമ്പറെന്നുള്ള നിലയിൽ എഫ്.എ. ആൻറ് സി.എ ജി. ഒപ്പിടണമെന്നാണ്. അല്ലാതെ ഇതിന് മാത്രമായിട്ട് അദ്ദേഹം ഒപ്പിട്ടതല്ല. അതിനകത്ത് യാതൊരു ക്രമക്കേടോ, ദുരുദ്ദേശമോ ഒന്നും നടന്നിട്ടില്ലെന്നുള്ളത് നിയമസഭ തീരുന്ന ഈ ദിവസം ആവർത്തിച്ച് പറഞ്ഞു എന്നേയുള്ളൂ. കേരളത്തിലെ ജനങ്ങൾക്ക് ആവശ്യമായ വൈദ്യുതി എത്തിച്ചുകൊടുക്കുന്നതിനുവേണ്ടി, ജനങ്ങളുടെ ഉത്തമ താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ഈ ഗവൺമെൻറ് മുന്നോട്ട് നീങ്ങുന്നു. ജനങ്ങളുടെ ഉത്തമമായ താൽപ്പര്യങ്ങൾ വിസ്മരിച്ചുകൊണ്ടുള്ള ഒരു സമീപനവും ഇലക്ട്രിസിറ്റി ബോർഡോ, ഡിപ്പാർട്ടുമെൻറോ എടുക്കില്ലെന്ന് കേരളത്തിലെ ജനങ്ങൾക്കും നിയമസഭയ്ക്കും ഒരിക്കൽ കൂടി, ഉത്തരവാദിത്വബോധത്തോടുകൂടി, ഞാൻ ഉറപ്പ് നൽകുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, 1996-97 സാമ്പത്തിക വർഷത്തെ ആദ്യത്തെ നാലു മാസത്തേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുള്ള അനുവാദത്തിനുവേണ്ടിയുള്ള ഒരു ഉപക്ഷേപമാണ് ഞാൻ ഇവിടെ അവതരിപ്പിച്ചത്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട 15 അംഗങ്ങൾ സംസാരിച്ചു. ബഹുഭൂരിപക്ഷം അംഗങ്ങളും രാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ചും വരാൻ പോകുന്ന തെരഞ്ഞെടുപ്പിനെക്കുറിച്ചും വെല്ലുവിളികളൊക്കെ നടത്തി. പ്രതിപക്ഷത്തുനിന്നും ശക്തമായിട്ട് പറഞ്ഞു, അവയ്ക്ക്, ഭരണപക്ഷത്തുനിന്നും മറുപടിയും പറഞ്ഞു. എന്നാൽ വോട്ട് ഓൺ അക്കൗണ്ടിനെക്കുറിച്ച് കാര്യമായ പരാമർശനങ്ങളൊന്നുംതന്നെ ഉണ്ടായില്ല. ഉണ്ടായ പരാമർശനങ്ങളെക്കുറിച്ച് ശ്രീ. കാർത്തികേയൻ മറുപടിയും പറഞ്ഞു. അതുകൊണ്ട് ഞാൻ കൂടുതലായി പ്രസംഗിക്കുന്നില്ല, ഈ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിതരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പിണറായി വിജയൻ അവതരിപ്പിച്ച 17, 29, 49, 73, 125 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ അവതരിപ്പിച്ച 37, 101, 14 എന്നീ ഭേദഗതികളും സഭ നിരാകരിച്ചു.

ശ്രീ. സി. പി. ബാലൻ വൈദ്യർ അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മി. സ്പീക്കർ: 1996-97 സാമ്പത്തിക വർഷത്തെ ആദ്യത്തെ നാലു മാസത്തേയ്ക്കുള്ള ചെലവുകളും നിർവ്വഹിക്കുന്നതിനുള്ള അനുവാദത്തിനു വേണ്ടി ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഉപക്ഷേപം പാസ്സാക്കണമെന്ന പ്രമേയത്തെ സംബന്ധിച്ച്

ശ്രീ. ടി. ശിവദാസമേനോൻ: സർ, ഞാൻ പോളിംഗ് ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി:

അനുകൂലിക്കുന്നവർ—67

1. ശ്രീ. എ. കെ. ആൻറണി
2. ,, കെ. പി. എ. മജീദ്
3. ,, എ. വി. അബ്ദുറഹിമാൻ ഹാജി
4. ,, ഇ. എം. അഗസ്തി
5. ,, സി. ടി. അഹമ്മദാലി
6. ശ്രീമതി അൽഫോൺസാ ജോൺ
7. ശ്രീ. കെ. ബാബു
8. ,, പി. ബാലൻ
9. ,, പി. കെ. കെ. ബാവ
10. ,, ടി. വി. ചന്ദ്രമോഹൻ
11. ,, ഡൊമിനിക് പ്രസന്റേഷൻ
12. ,, പി. പി. ജോർജ്
13. ,, ജോർജ് ഈഡൻ
14. ,, ജോർജ് ജെ. മാത്യൂ
15. ,, ജോർജ് മസ്ക്രീൻ
16. ,, എം. എം. ഹസ്സൻ
17. ,, ടി. എം. ജേക്കബ്
18. ,, ജോണി നെല്ലൂർ
19. ,, കെ. സി. ജോസഫ്
20. ,, പി. ജെ. ജോയി
21. ,, ജോയി എബ്രഹാം
22. ,, ജി. കാർത്തികേയൻ
23. ,, പി. കെ. കുഞ്ഞാലിക്കുട്ടി
24. ,, പുനലൂർ മധു
25. ,, മാമ്മൻ മത്തായി
26. ,, എ. കെ. മണി
27. ,, കെ. എം. മാണി
28. ,, പി. എം. മാത്യൂ
29. ,, മാത്യൂ സ്റ്റീഫൻ
30. ,, ആര്യാടൻ മുഹമ്മദ്
31. ,, കല്ലടി മുഹമ്മദ്
32. ,, കെ. മുഹമ്മദാലി
33. ,, ഇ. ടി. മുഹമ്മദ് ബഷീർ

LIBRARY ARCHIVES Kerala Legislative Assembly

34. ശ്രീ. പി. പി. തങ്കച്ചൻ
35. ,, പി. വി. മുഹമ്മദ്
36. ,, എം. കെ. മുനീർ
37. ,, എം. മുരളി
38. ,, കെ. നാരായണക്കുറുപ്പ്
39. ,, കെ. എസ്. നാരായണൻ നമ്പൂതിരി
40. ,, കെ. പി. നൂറുദ്ദീൻ
41. ,, ഉമ്മൻ ചാണ്ടി
42. ശ്രീമതി എം. ടി. പദ്മ
43. ശ്രീ. സി. വി. പത്മരാജൻ
44. ,, തച്ചടി പ്രഭാകരൻ
45. ,, വി. ജെ. പൗലോസ്
46. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
47. ,, എം. വി. രാഘവൻ
48. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
49. ,, ആർ. രാമചന്ദ്രൻ നായർ
50. ,, എൻ. രാമകൃഷ്ണൻ
51. ,, പാലോട് രവി
52. ,, തമ്പാനൂർ രവി
53. ശ്രീമതി കെ. സി. റോസക്കുട്ടി
54. ,, റോസമ്മ ചാക്കോ
55. ശ്രീ. കടവൂർ ശിവദാസൻ
56. ശ്രീമതി ശോഭനാ ജോർജ്
57. ശ്രീ. കെ. എം. സൂപ്പി
58. ,, നാലകത്ത് സൂപ്പി
59. ,, പന്തളം സുധാകരൻ
60. ,, വി. എം. സുധീരൻ
61. ,, എ. സുജനപാൽ
62. ,, സി. എം. സുന്ദരം
63. ,, എം. പി. താമി
64. ,, സി. എഫ്. തോമസ്
65. ,, കെ. കെ. തോമസ്
66. ,, എ. യൂനസ് കുഞ്ഞ്
67. ,, എം. ജെ. സക്കറിയ

പ്രതികൂലിക്കുന്നവർ—34

1. ശ്രീ. വി. എസ്. അച്യുതാനന്ദൻ
2. ,, ബേബി ജോൺ
3. ,, വി. കെ. ബാബു
4. ,, സി. പി. ബാലൻ വൈദ്യർ
5. ,, സി. കെ. ചന്ദ്രപ്പൻ
6. ,, കെ. ചന്ദ്രശേഖരൻ
7. ,, ടി. ചാത്തു
8. ,, ടി. കെ. ഹംസ
9. ,, ഇ. പി. ജയരാജൻ
10. ഡോക്ടർ കെ. സി. ജോസഫ്
11. ശ്രീ. വി. സി. കബീർ

LIBRARY ARCHIVES Kerala Legislative Assembly

12. ശ്രീ. എ. കണാരൻ
13. ,, പാച്ചേനി കുഞ്ഞിരാമൻ
14. ,, ലോനപ്പൻ നമ്പാടൻ
15. ,, കെ. പി. മമ്മു മാസ്റ്റർ
16. ,, ടി. നാണു മാസ്റ്റർ
17. ,, പി. ടി. കുഞ്ഞിമുഹമ്മദ്
18. ,, സി. പി. നാരായണൻ
19. ,, എം. നാരായണൻ (ഹോസ്ദുർഗ്)
20. ,, എം. നാരായണൻ (കുഴൽമന്ദം)
21. ,, എ. പത്മകുമാർ
22. ,, കെ. പ്രകാശ് ബാബു
23. ശ്രീമതി എൻ. കെ. രാധ
24. ശ്രീ. വർക്കല രാധാകൃഷ്ണൻ
25. ,, ബി. രാഘവൻ
26. ,, പി. രാഘവൻ
27. ,, വി. വി. രാഘവൻ
28. ,, എൻ. രാജൻ
29. ,, ഇ. ശങ്കരൻ
30. ,, എ. സി. ഷൺമുഖദാസ്
31. ,, ടി. ശിവദാസമേനോൻ
32. ,, വി. ജെ. തങ്കപ്പൻ
33. ,, എം. വിജയകുമാർ
34. ,, പിണറായി വിജയൻ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

മി. സ്പീക്കർ: അനുകൂലിക്കുന്നവർ .. 67
പ്രതികൂലിക്കുന്നവർ .. 34
നിഷ്പക്ഷത പാലിക്കുന്നവർ .. ആരുമില്ല.

1996–97 സാമ്പത്തിക വർഷത്തെ ആദ്യത്തെ നാലു മാസക്കാലത്തേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുള്ള അനുവാദത്തിനു വേണ്ടി ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഉപക്ഷേപം സഭ അംഗീകരിച്ചു. ഗ്രാൻറ് അനുവദിച്ചു.

XII. തിരുത്ത്

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി): സർ, 13–3–1996-ലെ നക്ഷത്ര ചിഹ്നമിടാത്ത 1141-ാം നമ്പർ ചോദ്യത്തിൻെറ ഉത്തരത്തിൽ പിശകു വന്നിരിക്കുന്നു. തിരുത്തിയ ഉത്തരം ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

റിപ്പോർട്ട് സമർപ്പണം—(തുടർച്ച)

സബ്ജക്ട് കമ്മറിറികളുടെ പ്രീഡിഗ്രി റിപ്പോർട്ട്

ജലസേചനവും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ജലസേചനവും വൈദ്യുതിയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ൻെറ 31–3–1994 വരെയുള്ള പ്രീഡിഗ്രി റിപ്പോർട്ടും 31–3–1995 വരെയുള്ള പ്രീഡിഗ്രി റിപ്പോർട്ടും ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly